അത് അങ്ങേക്കറിയാമല്ലോ. 502 മുതൽ 527 വരെയുള്ള അൺസ്റ്റാർഡ് ചോദ്യങ്ങൾ ആരോഗ്യവകുപ്പിൽ ചോദിച്ചു. ഒരൊററ ചോദ്യത്തിനും മുഖ്യമന്ത്രി മറുപടി തന്നിട്ടില്ല. മുഖ്യമന്ത്രിക്ക് ജോലിഭാരം കൂടുതലാണെങ്കിൽ വേറെ മാർഗ്ഗം നോക്കണം. ഇവിടെ ധനാഭ്യർത്ഥനയുടെ ചർച്ച നടക്കുന്നു. ചർച്ച നടക്കുന്നതിന് പ്രത്യേകതയുണ്ട്. ഇവിടെ ചോദ്യങ്ങൾ ചോദിച്ചിട്ടുപോലും ഒരൊററ ചോദ്യത്തിനും മറുപടിയില്ല. ഇവിടെ ഡോക്ടർമാർ ഇല്ലാത്ത കാര്യം പറയേണ്ടേ? തിരുവനന്തപുരം മെഡിക്കൽ കോളേജ് വലിയ പേരുള്ള ഒരു മെഡിക്കൽ കോളേജാണ്. പക്ഷേ അത് അനാഥമായി കിടക്കുകയാണ്. പത്തിരുപത് വർഷമായിട്ട് അതിന് അർഹിക്കുന്ന യാതൊരു പരിഗണനയും നൽകിയിട്ടില്ല. മെഡിക്കൽ കോളേജിന്റെ വികസനത്തിൽ ഏററവും പ്രധാനപ്പെട്ടത് അവിടെ സൂപ്പർ സ്പെഷ്യാലിററി ബ്ലോക്ക് നിർമ്മിക്കുക എന്നതാണ്. പത്തു വർഷമായി അതിന്റെ പ്രൊപ്പോസൽ കിടക്കുകയാണ്. ഏഴു നിലയുള്ള ഒരു കെട്ടിടം കെട്ടാൻ 1989-90-ൽ പ്രൊപ്പോസൽ വന്നതാണ്. ഇന്നേവരെ അതിന് ഒരു പൈസപോലും മാററി വച്ചിട്ടില്ല. ആ പ്രൊപ്പോസൽ തന്നെ ഇല്ലാതാക്കുകയാണ്. ഇവിടെ ആരോഗ്യരംഗത്ത് എന്താണ് നടക്കുന്നത്? ഇന്ന് ആരോഗ്യവകുപ്പിന്റെ ചർച്ച നടക്കുമ്പോൾ രണ്ടു മൂന്നു പത്രങ്ങളിൽ ചില വാർത്തകൾ വന്നു. മെഡിക്കൽ കോളേജാശുപത്രിയിൽ പാമ്പു കടിയേററ് ചികിൽസ നൽകാതെ ആറ് പേർ മരിച്ചു. ഇത് ശ്രീ. പാലോട്ടു രവി 1994 ജനുവരിയിൽ ഉന്നയിച്ചതാണ്. എന്നിട്ട് എന്താണുണ്ടായത്? ഒരു എൻക്വയറി നടത്തി. ആ റിപ്പോർട്ടിൽ പറഞ്ഞത് criminal negligene എന്നാണ്. ആ ഡോക്ടറുടെ പേരിൽ ഒരു നടപടിയും എടുത്തിട്ടില്ലെന്നു മാത്രമല്ല, ആ ഡോക്ടർക്ക് പ്രൊമോഷൻ കൊടുത്തിരിക്കുകയാണ്. ഇവിടെ എന്താണ് നടക്കുന്നത്? ഞാൻ ഒരൊററ കാര്യം കൂടി പറഞ്ഞു കൊണ്ട് അവസാനിപ്പിക്കാം. ആരോഗ്യവകുപ്പിലെ മരുന്നിടപാടിനെക്കുറിച്ച് ആധികാരികമായിട്ട് ഒരു റിപ്പോർട്ടു വന്നു. 1991-1993-ലെ എസ്ററിമേററ്സ് കമ്മിററിയുടെ റിപ്പോർട്ടാണ്. ആ റിപ്പോർട്ട് എവിടെ പോയി? ആ റിപ്പോർട്ട് പരിശോധിക്കാൻ തയ്യാറുണ്ടോ? ആ റിപ്പോർട്ടിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്, 36 കോടി രൂപയുടെ മരുന്നു വാങ്ങിയതിൽ കോടിക്കണക്കിനു രൂപയുടെ നഷ്ടമുണ്ടായി എന്ന്. അതിനെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ? ഞങ്ങൾ മാത്രമല്ല ഈ സഭയിൽ ഉന്നയിച്ചത്. രോഗികൾക്ക് നൽകേണ്ട മരുന്നുകൾ മറിച്ചു വിൽക്കുകയും കോടികൾ കമ്മീഷൻ ഇനത്തിൽ കീശയിലാക്കുകയും ചെയ്ത സംഘത്തിനെതിരെ അന്വേഷണം നടത്തിയില്ലെങ്കിൽ ശക്തമായ ബഹുജനപ്രക്ഷോഭമുണ്ടാകുമെന്ന് കോൺഗ്രസ് (ഐ) യുടെ പാർലമെൻററി പാർട്ടി സെക്രട്ടറി ശ്രീ. എം. എം. ഹസ്സൻ പ്രസ്താവിച്ചു. ഈ വിഷയം നിയമസഭയിൽത്തന്നെ ഉന്നയിച്ചതാണ്. മന്ത്രിസഭായോഗം തീരുമാനം എടുത്തു. ആ യോഗത്തിന്റെ റിപ്പോർട്ട് എന്റെ കയ്യിൽ ഇരിപ്പുണ്ട്. ഈ നിയമസഭയിൽ സബ്മിഷനായും ചോദ്യമായിട്ടും ഒക്കെ ഉന്നയിച്ചതാണ്. ആരോഗ്യമന്ത്രിയായിരുന്ന ശ്രീ. ആർ. രാമചന്ദ്രൻനായർ പറഞ്ഞത് അന്വേഷിക്കാമെന്നാണ്. എന്നിട്ട് ഇതേവരെ അന്വേഷിച്ചിട്ടില്ല. എസ്ററിമേററ്സ് കമ്മിററിയുടെ റെക്കമെന്റേഷൻ എന്താണ്? ഇതിനെ സംബന്ധിച്ച് ജുഡീഷ്യൽ എൻക്വയറി നടത്തണമെന്നാണ്. ഭരണകക്ഷിക്ക് ഭൂരിപക്ഷമുള്ള ഒരു എസ്ററിമേററ്സ് കമ്മിററി ഇതിനെ സംബന്ധിച്ച് ജുഡീഷ്യൽ എൻക്വയറി നടത്തണമെന്ന് പറഞ്ഞിട്ട് എന്തുകൊണ്ട് നടത്തിയിട്ടില്ല? അത്രയും ഗൗരവമുള്ള ഒരു പ്രശ്നമാണ്. അതുകൊണ്ട് യാതൊരു കാരണവശാലും ഇത് അംഗീകരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് ഞാൻ ഇതിനെ ശക്തിയുക്തം എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: സർ, ഇന്ന് അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. ഈ ഗവൺമെൻറ് വന്നതിനുശേഷം കാർഷികരംഗത്ത് വികസനത്തിനുവേണ്ടി
11 a.m.] പല പദ്ധതികളുമായി മുന്നോട്ടുപോകുകയാണ്.

1993–94 വർഷത്തിൽ 110 കോടി രൂപയാണ് ഈ രംഗത്ത് ചെലവഴിച്ചതെങ്കിൽ 1994-95–ൽ 140 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. കാർഷിക വിഭാഗത്തിൽപ്പെട്ട രംഗങ്ങളെ അംഗീകരിക്കാനും പ്രോൽസാഹിപ്പിക്കാനും ഒരു ഉന്നത നിലയിൽ ഉയർത്താനും വേണ്ടിയുള്ള ഒരു കാർഷികനയം ഈ ഗവൺമെൻറ് പ്രഖ്യാപിക്കുകയുണ്ടായി. ഏററവും നല്ല കൃഷിക്കാരന് അവാർഡ് നല്കുന്ന പ്രവർത്തനം മുതൽ മററ് തുറകളിലുള്ളവർക്ക് അംഗീകാരം നല്കുന്ന സംവിധാനം വരെ ഏർപ്പെത്തുകയുണ്ടായി. എന്നാൽ കാർഷിക രംഗത്ത് ഏററവും അധികം വിഷമത അനുഭവിക്കുന്ന വിഭാഗം നെൽക്കൃഷിക്കാരാണ്. മററ് കൃഷികളെ അപേക്ഷിച്ച് എന്നും നഷ്ടത്തിൽനിന്നും നഷ്ടത്തിലേയ്ക്ക് പോകുന്ന ഒരു കൃഷിയാണ് നെൽക്കൃഷി. അതിൻെറ ഉന്നതിക്കുവേണ്ടി പുതുതായി പല പദ്ധതികളും ആവിഷ്ക്കരിച്ച് മുന്നോട്ടു കൊണ്ടുപോകുന്നത് സന്തോഷാവഹമാണ്. കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് ശ്രീ. വി. വി. രാഘവൻ മന്ത്രിയായിരുന്നപ്പോൾ തുടങ്ങിയ ഗ്രൂപ്പ് ഫാമിംഗ് നല്ലൊരു സംവിധാനമെന്നുള്ള നിലയിൽ ഏററവും കൂടുതൽ പ്രോൽസാഹിപ്പിച്ച് വലുതാക്കുന്ന പ്രവർത്തനങ്ങളിലേയ്ക്ക് ഈ ഗവൺമെൻറ് മുന്നോട്ടു വന്നതിനെ ഞാൻ അഭിനന്ദിക്കുകയാണ്. 1993-ൽ 8 കോടി രൂപ ചെലവഴിച്ച സ്ഥാനത്ത് ഇപ്പോൾ പതിനാലര കോടി രൂപ ചെലവഴിച്ച് ഈ രംഗത്തെ പ്രോൽസാഹിപ്പിക്കാനുള്ള നീക്കം നടക്കുകയാണ്. നെൽകൃഷിക്ക് വളം സബ്സിഡിയായി കഴിഞ്ഞ വർഷം 3·5 കോടി രൂപ നല്കുകയുണ്ടായി. യുവാക്കളെ കാർഷികരംഗത്തേക്ക് ആകർഷിക്കുന്നതിനുവേണ്ടി പുതിയ പദ്ധതി ആവിഷ്ക്കരിച്ചു. അതിന് 10 കോടി രൂപ ഈ കൊല്ലത്തേക്ക് നീക്കിവച്ചിരിക്കുകയാണ്. ഇടത്തരം ചെറുകിട കൃഷിക്കാർക്ക് 60 വയസ്സ് തികയുമ്പോൾ പെൻഷൻ നൽകാനുള്ള പദ്ധതിയും ഈ ഗവൺമെൻറ് വന്നതിനുശേഷം അംഗീകരിച്ച് മുന്നോട്ടുകൊണ്ടുപോവുകയാണ്. പുഞ്ച–കോൾ നിലങ്ങളെ സംബന്ധിച്ചിടത്തോളം തീരശോപമായി നില്ക്കുന്ന ഒരു ഏർപ്പാടാണ് പുറംകോൾ ബണ്ട്. ഈ ബണ്ട് നിർമ്മാണത്തിന് സ്ഥിരം ബണ്ടില്ലാത്തതുകൊണ്ട് അനവധി സ്ഥലങ്ങളിൽ പണി നടക്കാതെ വെറുതെയിട്ടിരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. പുറംകോൾ ബണ്ട് നിർമ്മാണത്തിനുവേണ്ടി പുതിയ സംവിധാനമുണ്ടാക്കുകയും അതിന് കോൾ വികസന ഏജൻസി രൂപവൽക്കരിക്കുകയും അത് മുഖാന്തരം ഇന്ന് പുറംകോൾ ബണ്ടുകളുടെ പണി ദ്രുതഗതിയിൽ മുന്നോട്ടു പോവുകയുമാണ്. പൊന്നാനി കോൾ നിലങ്ങളിലും അടുത്ത ഒന്നുരണ്ടാഴ്ചക്കുള്ളിൽ പണി കഴിഞ്ഞ വലിയ ബണ്ടുകളുടെ ഉദ്ഘാടനം നടക്കാൻ പോവുകയാണ്. കാർഷിക രംഗത്ത് ഏററവും ചെലവേറിയ ഐററമാണ് നിലം ഒരുക്കൽ സംവിധാനം. പഴയകാലത്തുള്ളതുപോലെ കന്നുകാലിയെ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ മുതലാവാത്ത സ്ഥിതി വന്നതിൻെറ അടിസ്ഥാനത്തിൽ കൃഷിക്കാർക്ക് ട്രാക്ടറുകളും ടില്ലറുകളും എഞ്ചിനുകളും വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. കഴിഞ്ഞ കൊല്ലം 1050 പവർ ടില്ലറുകളും 1000 മെതിയന്ത്രങ്ങളും 5,000 പമ്പ് സെററുകളും സബ്സിഡി നല്കിക്കൊണ്ട് വിതരണം നല്കുകയുണ്ടായി. ഈ വർഷം മുതൽ സബ്സിഡി നല്കാൻ

LIBRARY ARCHIVES Kerala Legislative Assembly

Page 27 of 124

225 ലക്ഷം രൂപ നീക്കിവച്ചിരിക്കുകയാണ്. നെൽക്കൃഷിക്കാരുടെ പരിപൂർണ്ണ രക്ഷയ്ക്കായി ഉടനടി ഒരു പാഡി ബോർഡ് രൂപവൽക്കരിച്ച് അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുള്ള സംവിധാനങ്ങളുണ്ടാക്കും. വിളവെടുപ്പു സമയത്ത് കുത്തനെ നെല്ലിന്റെ വില താഴ്ന്നുപോകുന്നത് പിടിച്ചുനിറുത്തി സൊസൈറ്റികൾ വഴി നെല്ല് സംഭരിക്കുന്ന ഏർപ്പാടും ഈ വർഷം കാര്യമായി നടക്കുകയുണ്ടായി. കുട്ടനാട് കോൾ നിലങ്ങൾക്ക് ഒരു കോൾ വികസന ഏജൻസി രൂപവൽക്കരിക്കാൻ പോകുകയുമാണ്. നെൽക്കൃഷിയെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ പ്രവർത്തന രീതിയിലുള്ള നഷ്ടംകൊണ്ട് 15 വർഷമായി കൃഷിസ്ഥലം കുറഞ്ഞുവരുന്നതായിട്ടാണ് നമുക്ക് അറിയാൻ കഴിഞ്ഞിട്ടുള്ളത്, 8·4 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽക്കൃഷിയുണ്ടായിരുന്നത് 1991 ആയപ്പോഴേയ്ക്കും 5·4 ലക്ഷം ഹെക്ടറായി കുറഞ്ഞുവെന്നാണ് അറിയാൻ കഴിയുന്നത്. ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നത് നെൽക്കൃഷിയെ കൂടുതൽ ഉന്നതിയിലേയ്ക്ക് എത്തിക്കുവാൻ വളരെ അധികം സഹായപദ്ധതികൾ ആവശ്യമാണെന്നാണ്.

കേരളത്തിലെ ഏററവും പ്രധാനപ്പെട്ട കൃഷിയായ തെങ്ങുകൃഷിക്ക് ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻവേണ്ടി വർഷംതോറും 15 ലക്ഷത്തോളം നല്ല തെങ്ങിൻതൈകളും, 1,00,000-ത്തോളം സങ്കരയിനം തൈകളും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന ഏർപ്പാട് പുരോഗതിയിലേയ്ക്ക് നീങ്ങുകയാണ്. കേര കർഷകരുടെ സമഗ്രമായ വികസനത്തിനുവേണ്ടി 60 കോടി രൂപയുടെ ഒരു അടങ്കൽ പദ്ധതി കേരളത്തിൽ മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുകയാണ്. തീവ്ര വികസന പദ്ധതിയനുസരിച്ച് 400 ലക്ഷം രൂപയുടെ മറെറാരു പദ്ധതിയും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. നാളികേരത്തിന്റെ വില താഴ്ന്നുപോയപ്പോൾ താങ്ങുവില നല്കി കൊപ്ര സൊസൈററികൾ മുഖേന വാങ്ങിച്ച് വിലനിലവാരം ഉയർത്തുവാൻവേണ്ടി ഈ വർഷം നടപ്പിലാക്കിയ സംവിധാനം വളരെ സഹായകരമായിരുന്നുവെന്നുള്ളതിന് യാതൊരു സംശയവുമില്ല. കേരകൃഷിക്ക് ജലസേചനത്തിനുവേണ്ടി 20,000 കിണറുകളും 7,000 പമ്പ് സെററുകളും സ്ഥാപിക്കുന്നതിനുവേണ്ടി കഴിഞ്ഞ വർഷം ധനസഹായം നൽകുകയുണ്ടായി.

മറെറാരു പ്രധാനപ്പെട്ട കൃഷിയാണ് കുരുമുളക് കൃഷി. ഇതിനുണ്ടാകുന്ന ദ്രുതവാട്ടരോഗം നശിപ്പിക്കുന്നതിനും പുതിയ കൃഷികൾ ഉണ്ടാക്കുന്നതിനുമായി പുതുതായി 16 കോടിയിലധികം രൂപ ചെലവു വരുന്ന ഒരു ബൃഹത് പദ്ധതി ഈ വർഷം നടപ്പിലാക്കാനുദ്ദേശിച്ചിരിക്കുകയാണ്. കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് 165 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കവുങ്ങ് കൃഷി കുറെ പ്രദേശങ്ങളിലെ പ്രധാന കൃഷിയാണ്. ആ പ്രദേശങ്ങളിൽ വളരെ കാര്യമായി അതിനെ പ്രോൽസാഹിപ്പിക്കുന്ന രംഗം ഇല്ലാത്ത കാലഘട്ടത്തിൽ കുറയുകയുണ്ടായി. ഒരു കാലഘട്ടത്തിൽ ഗവൺമെൻറ് ഇതിനെ പുരോഗതിയില്ലാത്ത കൃഷിയാണെന്ന് പ്രഖ്യാപിച്ചുവെങ്കിലും സാമാന്യം വില കിട്ടുന്ന സാഹചര്യത്തിൽ അതിന്റെ പുരോഗതിയിലേയ്ക്കുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ജലസേചനത്തിനും, മററ് വികസന കാര്യങ്ങൾക്കുംവേണ്ടി 50 ലക്ഷം രൂപ ഈ വർഷം നീക്കിവച്ചിട്ടുണ്ട്. രാസവളത്തിന്റെ വില വർദ്ധനവും, പച്ചിലവളത്തിന്റെ ദൗർലഭ്യവും കണക്കിലെടുത്ത് പ്രതിവർഷം 2,000 ടൺ ശേഷിയുള്ള ഒരു ജൈവവള ഫാക്ടറി പത്തനംതിട്ട ജില്ലയിലും ഒരു ബയോ ഫെർട്ടിലൈസർ

LIBRARY ARCHIVES Kerala Legislative Assembly

ഫാക്ടറി പാലക്കാട് ജില്ലയിലും ഈ വർഷം ആരംഭിക്കാൻ പോകുകയാണ്. പ്രകൃതിക്ഷോഭംകൊണ്ടും രോഗംകൊണ്ടും കൃഷിയെ നാശത്തിൽ നിന്നും രക്ഷിക്കാൻ ഒരു വിള ഇൻഷ്വറൻസ് സ്കീം ഈ വർഷം നടപ്പിലാക്കാൻ പോകുന്നത് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം സഹായകരമാണ്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം മൃഗസംരക്ഷണം ഒരു ഉപതൊഴിലാണ്. സർ, കേരളത്തിൽ പശുക്കളെ 60 ശതമാനം സങ്കരയിനം വർഗ്ഗത്തിലാക്കാൻ സാധിച്ചതിന്റെ അടിസ്ഥാനത്തിൽ അത് 75 ശതമാനം ആക്കി വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു പോവുകയാണ്. അതുപോലെതന്നെ 500 ടൺ ശേഷിയുള്ളതും 60 കോടി രൂപ മുതൽമുടക്കുള്ളതുമായ ഒരു കാലിത്തീററ ഫാക്ടറി തൃശൂർ ജില്ലയിൽ ആരംഭിച്ചു കഴിഞ്ഞു. ഉല്പാദനശേഷി കൂടിയതും, വളരെ കൂടുതൽ പാൽ നൽകുന്നതുമായ പശുക്കളെ ലഭ്യമാക്കുന്നതിനുവേണ്ടി വിദേശ സ്ഥാപനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന ബീജങ്ങൾ ഉപയോഗിച്ച് ബീജാധാനം നടത്തുന്നതിന് 60 കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ പോവുകയാണ്. അതിനാൽ ദുർബലവിഭാഗത്തിൽപ്പെട്ടവർക്ക് സങ്കരയിനം കന്നുക്കുട്ടികളെ വളർത്തുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ചെയ്യുന്നതിന് ഈ കൊല്ലം 300 ലക്ഷം രൂപ നീക്കിവയ്ക്കുകയുണ്ടായി. ഇത്രയും നല്ല ഒരുപാടുകാര്യങ്ങൾ ഓരോന്നായി മുന്നോട്ടു കൊണ്ടുപോകുന്ന സമയത്ത് ഇവിടെ പ്രതിപക്ഷത്തുനിന്ന് ആദ്യമായി പ്രസംഗിച്ച ശ്രീ. എം. വിജയകുമാർ—എനിക്ക് ഏററവും അടുത്ത ഒരു സ്നേഹിതനാണ്, അദ്ദേഹം പഠിച്ച് സംസാരിക്കുന്ന ഒരാളാണ്—നടത്തിയ പ്രസംഗം നല്ല ഒരു പ്രസംഗം ആയിരുന്നോ അതോ രാഷ്ട്രീയ കണ്ണട വച്ചായിരുന്നോ എന്നു സംശയിക്കേണ്ട ഒരു ഘട്ടമാണ്. ഈ ഗവൺമെൻറ് രാജിവച്ചു പോകാൻ അദ്ദേഹം പറഞ്ഞു. അവർക്കാണ് ഇതിനുമുമ്പ് ഈ അനുഭവം ഉണ്ടായത്. 1969-ൽ അഴിമതിയിൽ മുങ്ങിക്കുളിച്ച് രാജിവച്ചു പോയതവരാണ്. 1991-ൽ കാലാവധി തീർക്കാതെ രാജിവച്ചുപോയതവരാണ്. അതൊക്കെ ഉള്ളിൽ വച്ചുകൊണ്ട് ആ കണ്ണിൽ കൂടി നോക്കുമ്പോൾ കണ്ടതുകൊണ്ടാണ് ഇതൊക്കെ പറഞ്ഞതെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. വി. വി. രാഘവൻ: സർ, നമ്മുടെ കേന്ദ്ര കൃഷികാര്യമന്ത്രി ശ്രീ. ബൽറാംഭാക്കർ ഇന്നലെ നടത്തിയ പ്രസ്താവന കൃഷിയെ ഒരു വ്യവസായമാക്കി വളർത്താനുള്ള ഒരു ബില്ല് അടുത്ത പാർലമെൻറ് സെഷനിൽ അവതരിപ്പിക്കും എന്നുള്ളതാണ്. നല്ല കാര്യമാണ്. നമ്മുടെ കൃഷിമന്ത്രി ശ്രീ. ജോർജ്മാഷ് ഒരു ബില്ലും നിയമവും ഇല്ലാതെ കൃഷിയെ അഴിമതി വ്യവസായമാക്കി മാററിയിരിക്കുകയാണ്. അതിന് ഒരു ബില്ലും വേണ്ടി വന്നില്ല. ഞാൻ അതിന് അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. അദ്ദേഹം ബില്ലിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ ഇവിടെ അതിന് ഒരു ബില്ലും വേണ്ടിവന്നില്ലല്ലോ. പിന്നെ ഈ പഞ്ചസാര പ്രശ്നം എടുത്തിട്ടതിന് അദ്ദേഹത്തെ ഞാൻ വിനയപൂർവ്വം അഭിനന്ദിക്കുകയാണ്. അപ്പുറത്തുള്ള പലർക്കും കാണാത്ത ചങ്കൂററം എന്റെ ജില്ലക്കാരനായ ജോർജ്മാഷിന് ഉണ്ടായല്ലോ എന്നുള്ളതിൽ അങ്ങേയററം ഞാൻ ഊററം കൊള്ളുകയാണ്. ഈ പഞ്ചസാര പ്രശ്നം ഇന്നും ഇന്നലെയും ഒന്നും തുടങ്ങിയതല്ല. പ്രായപൂർത്തി വോട്ടവകാശം തുടങ്ങിയ നാൾമുതൽ ഏത് പ്രധാനപ്പെട്ട തെരഞ്ഞെടുപ്പ് വരുമ്പോഴും പഞ്ചസാരയുടെ വില കുത്തനെ ഉയരും. ആ ഉയരുന്ന

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചസാര വിലയുടെ ഏതാണ്ടു പകുതി എ. ഐ. സി. സി. ഖജനാവിലേയ്ക്ക് എത്തുകയും ചെയ്യും. ഇതൊരു പതിവാണ്. മഹാരാഷ്ട്രയിലേയും, ഉത്തർപ്രദേശിലേയും കുത്തക മിൽ ഉടമകൾ കൃത്രിമമായി ഈ തെരഞ്ഞെടുപ്പ് ഫണ്ടിലേക്ക് പണം ഉണ്ടാക്കുന്നതിനുവേണ്ടി കലർപ്പിച്ചുകൂട്ടി നടത്താറുള്ള ഒരു വിക്രിയയാണ് ഇത്. ഇത്തവണയും അതുണ്ടായി. പത്തു സ്റ്റേറ്റിൽ നിയമസഭാ തെരഞ്ഞെടുപ്പ് വരാൻ പോവുകയാണ്. ആ തുകയിൽനിന്ന് ഒരു വിഹിതം എ.ഐ.സി.സി.-ക്ക് എത്തും. ആ പ്രശ്നം വളരെ സമർത്ഥമായി ആർക്കും പിടികൊടുക്കാത്ത മട്ടിൽ ജോർജ്മാഷ് പൊട്ടിച്ചു. ആ ചങ്കൂറ്റത്തിന് ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. വാക്കു മാറാനൊന്നും പറയുകയില്ല. അദ്ദേഹം പരസ്യമായി നൽകിയ വിശദീകരണം മാത്രം മതിയല്ലോ. അദ്ദേഹത്തിന് പിൻതുണ നൽകിക്കൊണ്ട് ശ്രീ. കെ. മുരളീധരൻ, എം. പി. മംഗളത്തിന് ഒരു അഭിമുഖം കൊടുത്തിട്ടുണ്ട്. അതിലും അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഇത്രമതി. ഈ പഞ്ചസാരപ്രശ്നവും, തെരഞ്ഞെടുപ്പും തമ്മിൽ ബന്ധമുള്ള കാര്യമാണ്. എ. ഐ. സി. സി. യുടെ ഖജാൻജി പദത്തിൽ എത്തിയ ശ്രീ. എ. കെ. ആൻറണി എത്ര കൈകഴുകാൻ ശ്രമിച്ചാലും അദ്ദേഹം ഖജാൻജി ആയിരിക്കുന്നിടത്തോളം ഈ പഞ്ചസാര മില്ലുടമകളും എ. ഐ. സി. സി. യും തമ്മിലുള്ള ബന്ധം ആർക്കും നിഷേധിക്കാൻ ആവില്ല. അതിന് അവിടെ ഒരു പ്രത്യേക സെൽ ഉണ്ട്. അതിൻെറ ചുമതലകൂടി അദ്ദേഹത്തിന് ഉണ്ട്. ആ കാര്യത്തെപ്പററി പറയുന്നില്ല. എന്നിക്കറിയാം, എന്തായാലും അക്കാര്യത്തിൽ എൻെറ നാട്ടുകാരനായ ജോർജ്മാഷിനെ അങ്ങേയററം ആവർത്തിച്ച് പ്രശംസിക്കാൻ ആഗ്രഹിക്കുന്നു.

സർ, ഇവിടെ കൃഷിവകുപ്പിൻെറ തീവ്ര വികസനത്തിൻെറ സമയമാണല്ലോ. കൊല്ലം മെമ്പർ അപ്പുറത്തിരുപ്പുണ്ട്. അദ്ദേഹം കഴിഞ്ഞ ദിവസം 'മുന്നേററത്തിൻെറ 3 വർഷം' എന്ന ഒരു ലഘുലേഖ എടുത്ത് ഉയർത്തിക്കാട്ടുകയുണ്ടായി. ഒരു മധുരപ്പതിനേഴുകാരിയുടെ മുഖചിത്രം, അതിനു മുകളിൽ നമ്മുടെ ചീഫ് മിനിസ്ററരുടെ ചെറിയ ചിത്രം. നല്ലതരം മേനി കടലാസ്. പി. ആർ. ഡി. ക്കാരെ ഞാൻ അഭിനന്ദിക്കുകയാണ്. അതു മുഴുവൻ പരിഹാസമാണ്. ആ തലക്കെട്ടുതന്നെ നോക്കുക. മുന്നേററത്തിൻെറ മൂന്നുവർഷം എന്നാണ്. നമ്മുടെ ഹാസ്യ സാഹിത്യ ശാഖയിലേയ്ക്ക് ഒന്നാംതരം മുതൽക്കൂട്ടാണ് അത്. എവിടുന്നാണ് തുടക്കം? മുന്നേററം ശ്രീമാൻ വി. എം. സുധീരൻെറ നേർക്ക്. എവിടെയാണ് എത്തി നിൽക്കുന്നത്? ശ്രീ. എ. കെ. ആൻറണിയുടെ മെക്കിട്ടുകേററത്തിലേക്ക്. ഈ മുന്നേററമല്ലേ ഇവിടെ നടന്നിരിക്കുന്നത്. ഇപ്പോൾ തീവ്ര വികസനത്തിൻെറ 100 ദിവസമാണ്. അതു സംബന്ധിച്ച ചർച്ച നാലെണ്ണം കഴിഞ്ഞു. അഞ്ചാമത്തെ ചർച്ച നാളെ നടക്കാനിരിക്കുകയാണ്. അവിടെ നടക്കുന്ന തീവ്ര വികസനം എന്താണ് എന്ന് ഞാൻ പറയണോ? തീവ്രവികസനത്തിൻെറ കഥ അപ്പുറത്ത് ഇരിക്കുന്നവർക്ക് എല്ലാവർക്കും അറിയാം. മുഖ്യമന്ത്രി അവിടെ ഇരുന്ന് കേൾക്കുന്നുണ്ടാകും. ഒരു അഭ്യർത്ഥനയേയുള്ളു. ഈ തീവ്രവികസനം സംബന്ധിച്ച് ചർച്ച രാത്രി എന്നുള്ളത് ഒന്നു പകൽ ആക്കുക. അത് ക്ലിഫ് ഹൗസിൽനിന്നു മാററി വേറെ ഏതെങ്കിലും സ്ഥലത്ത് ആക്കുക. അങ്ങ് വയനാട് മുതൽ പാറശ്ശാലവരെ 3 വർഷത്തെ നാററത്തിൻെറ മുന്നേററമാണ് നടക്കുന്നത്. ഞാൻ അതൊന്നും പറയുന്നില്ല, എൻെറ സംസ്കാരം അതിന് അനുവദിക്കുന്നില്ല. ഞാൻ ബഹുമാനപ്പെട്ട ജോർജ് മാഷിനോട് ചോദിക്കട്ടെ, വളരെ നേട്ടങ്ങൾ ഒക്കെ ഉണ്ടാക്കി എന്ന്

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം പറയുന്നുണ്ടല്ലോ. ഞാൻ നിർഭാഗ്യത്തിന് പഴയ കൃഷിമന്ത്രി ആയിപ്പോയി. എത്ര കൃഷിക്കാരാണ് കണ്ണീർ ചൊരിയുന്ന കത്തുകൾ എനിക്ക് അയയ്ക്കുന്നത്? അതെല്ലാം കൊണ്ടുവന്ന് ഞാൻ മാഷിനെ കാണിക്കാം. ഡിപ്പാർട്ടുമെൻറിലെ മുന്നേററത്തിൻെറ കഥ. രണ്ടെണ്ണമേ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളു. ഒന്ന്. ജനറൽ സെക്രട്ടറി കേരള പ്രദേശ് കർഷക കോൺഗ്രസ് (ഐ), കെ. പി. സി. സി. മെമ്പർ. അദ്ദേഹം കൃഷി മന്ത്രിക്ക് 29-6-1994-ൽ കൊടുത്ത മെമ്മോറാണ്ടത്തിൻെറ ഒരു കോപ്പിയാണ് ഇത്. അതിൽ പറയുന്നതു മുഴുവൻ വായിക്കുന്നില്ല. സമയം നീണ്ടുപോകും. ഇതിൽ പറഞ്ഞിരിക്കുന്നത് അദ്ദേഹത്തിൻെറ കോൾപടവുകളിൽ 113 ലക്ഷം രൂപ പമ്പിംഗ് സബ്സിഡി കുടിശ്ശിക യാണ്. കൊടുത്തിട്ടില്ല. പമ്പിംഗിന് സബ്സിഡി കിട്ടാതെ കൃഷിക്കാർ എങ്ങിനെയാണ് കൃഷി ഇറക്കുക. ഒരു വർഷം അവിടെ മുടക്കിട്ടില്ലേ? മുന്നേററത്തിൻെറ 3 വർഷത്തിൽ കൃഷി ഉൽപ്പാദനം വർദ്ധിച്ചു എന്ന് പറയുന്നുണ്ട്. കൃഷിഭൂമി അവിടെ വെറുതെയിട്ടിരിക്കുകയാണ്. തൃശ്ശൂർ ജില്ലയിൽ ഉൽപാദനം വർദ്ധിച്ചിട്ടില്ല. പാലക്കാട് ഉണ്ടായിട്ടില്ല എന്നാണ് ശ്രീ. കൃഷ്ണൻകുട്ടി പറയുന്നത്. പിന്നെ പ്രധാനമായും നെൽകൃഷി ആലപ്പുഴയിലാണ്. എവിടെ നിന്നാണ് ഈ കണക്കുകൾ ശേഖരിക്കുന്നതെന്നറിയില്ല. അവിടെ ഈ പമ്പിംഗ് സബ്സിഡി 113 ലക്ഷം രൂപ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടു എന്നാണ് അങ്ങയുടെ കണക്ക്. ആ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടപ്പോൾ കൃഷിക്കാർ ചെലവാക്കിയ 113 ലക്ഷം രൂപ കുടിശ്ശിക. ഇത് കർഷക കോൺഗ്രസ്-ഐ. ജനറൽ സെക്രട്ടറിയുടെ മെമ്മോറാണ്ഡത്തിലാണ് പറയുന്നത്. വളം സബ്സിഡിയിൽ കുടിശ്ശികയാണ്, അതാണ് മറെറ കത്ത്. വളം സബ്സിഡി 100 രൂപ ഞങ്ങൾ കൊടുത്തിരുന്നത് 250 രൂപ ആക്കുമെന്ന് ഒരു പ്രഖ്യാപനം. പ്രഖ്യാപനം കൊണ്ട് എന്താ ഗുണം? ആ വളം സബ്സിഡിയിൽ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. എന്നിട്ട് കഴിഞ്ഞ 2 വർഷത്തെ വളം സബ്സിഡി കുടിശ്ശിക കൊടുക്കേണ്ടതില്ല എന്ന് ക്യാബിനററ് തീരുമാനിച്ചിരിക്കുന്നു. എന്ത് വികസനം ആണ്? ഇതൊക്കെ ഞാൻ സാക്ഷ്യപ്പെടുത്തുന്നത് ഡി. ഡി. സി. യിൽ ഞങ്ങൾ ഉന്നയിച്ചതുകൊണ്ടാണ്. ശ്രീമാൻ ടി. വി. ചന്ദ്രമോഹൻ അപ്പുറത്ത് ഉണ്ട്. അദ്ദേഹം ഇതിന് ദൃക്സാക്ഷിയാണ്. അവിടെ പുഞ്ച സ്പെഷ്യൽ ഓഫീസറും കൃഷി ജോയിൻറ് ഡയറക്ററും പറയുന്നത്, ''കിട്ടിയിട്ടില്ല, ഞങ്ങൾ എന്തു ചെയ്യാനാണ്'' എന്നാണ്. കിട്ടിയ പണം, കൊടുത്ത പണം ട്രഷറിയിലേക്ക് തിരിച്ച് അടക്കാൻ ജി. ഒ. പോയി. ആ ജി. ഒ. നമ്പർ ഇതിൽ ജനറൽ സെക്രട്ടറി കാട്ട് ചെയ്തിട്ടുണ്ട്. അങ്ങിനെ വളം സബ്സിഡി കുടിശ്ശിക, പമ്പിംഗ് സബ്സിഡി കുടിശ്ശിക ഈ തരത്തിൽ, ഈ കാലഘട്ടത്തിൽ കൃഷിക്കാർക്ക് അർഹതപ്പെട്ട പലതും കിട്ടാതെ അവരെ കണ്ണീർ കുടിപ്പിച്ചു കൊണ്ടിരിക്കു കയാണ്, എന്നിട്ട് ഉൽപ്പാദന വർദ്ധനവിൻെറ കഥ പറയുകയാണ്. കേട്ടാൽ തോന്നും എന്തോ വലിയ കാര്യം നേടിയിരിക്കുന്നു എന്ന്. ഞാൻ ചോദിക്കട്ടെ. 1987-വരെ സ്ററാഗ്നേഷൻ ആയിരുന്ന, സ്തംഭിത മായിരുന്ന, നിന്നിടത്തു നിന്നിരുന്ന കാർഷിക മേഖലയിൽ എങ്ങനെയാണ് ചലനം ഉണ്ടാക്കിയത്? 10 ലക്ഷം ടണ്ണിൽ നമ്മുടെ അരിയുൽപ്പാദനം തറച്ചു നിന്നതല്ലേ? അത് 11.4 ലക്ഷം ടൺ വരെ ഉയർത്തിയത് ആരാണ്? ഒരു വർഷം 350 കോടി നാളികേരത്തിൽ നമ്മൾ ഒതുങ്ങി നിന്നതല്ലേ? അത് 420 കോടിയിലേക്ക് എങ്ങിനെയാണ് ഉയർന്നത്? ഇപ്പോൾ ആ

LIBRARY ARCHIVES Kerala Legislative Assembly

Page 31 of 124

അന്തരീക്ഷത്തിൽനിന്ന് പുറകോട്ടു പോയി. പുറകോട്ടു പോയതിൽ പിന്നെ ഒരു നേട്ടം ഉണ്ടായി. അതിനെ പൊക്കിപ്പിടിച്ചുകൊണ്ടാണ് ഈ കഥകളെല്ലാം പറയുന്നത്. കൃഷിമന്ത്രിയും കഴിഞ്ഞ രണ്ടു വർഷത്തെ ബഡ്ജററിലും അധികമൊന്നും പറയാൻ ആഗ്രഹിച്ചില്ല. 3 വർഷവും തികഞ്ഞപ്പോൾ നിരാശപ്പെടുത്തിയിരിക്കുന്നു. നിരാശപ്പെടുത്തി എന്നു മാത്രം പറഞ്ഞാൽ പോരാ, ഞാൻ ഒരു അല്പത്വത്തിന്റെ കഥ പറയട്ടെ. നമ്മൾ അല്പത്വമുള്ള ആളുകളെ കണ്ടുമുട്ടാറുണ്ട്. പക്ഷേ മന്ത്രിമാർ അല്പത്വം കാണിച്ചാൽ ഉള്ള സ്ഥിതി എന്താണ്? 1992-ലും, 1993-ലും ആവർത്തിച്ചു മന്ത്രി പ്രഖ്യാപിച്ചു. താന്നിയം പഞ്ചായത്ത് കൃഷി പ്രധാനമായ ഒരു പഞ്ചായത്ത് ആണ്. അവിടെ ഒരു മൃഗാശുപത്രി അനുവദിക്കും എന്ന് പരസ്യമായിട്ട് പറയുക മാത്രമല്ല പൊതുയോഗത്തിൽ പോയി പ്രസംഗിച്ചു. നോട്ടിഫിക്കേഷനും വന്നു. പക്ഷെ അല്പത്തരം കാണിച്ചുകൊണ്ട് ഈ മന്ത്രി, താന്നിയം വി. വി. രാഘവന്റെ മണ്ഡലം എന്നു കണ്ട് അത് വെട്ടിക്കളഞ്ഞു. എന്നിട്ട് അദ്ദേഹത്തിന്റെ സ്വന്തം മണ്ഡലത്തിൽപെട്ട പുത്തൂരിൽ ബുദ്ധിപൂർവം കൊടുത്തു. സ്വന്തം മണ്ഡലത്തിൽ കൊടുക്കട്ടെ, എല്ലാ പഞ്ചായത്തിലും കൊടുക്കട്ടെ.

പക്ഷെ രണ്ടു വർഷം ആവർത്തിച്ച് പ്രഖ്യാപിക്കുകയും കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റിനെ മുൻപിലിരിത്തിക്കൊണ്ട് പരസ്യമായി പ്രസംഗിക്കുകയും നോട്ടിഫിക്കേഷൻ വന്നതിനുശേഷം അതിൽനിന്നും ഈ മണ്ഡലത്തെ വെട്ടിക്കളയുകയും ചെയ്യുക എന്ന അല്പത്തരം ശ്രീ. പി. പി. ജോർജ് മാഷിൽ മാത്രമേ ഞാൻ കാണുന്നുള്ളൂ. അങ്ങനെ ആണ് ഇവരുടെ വികസനത്തിന്റെ പോക്ക്. ഇപ്പോൾ തീവ്ര വികസനത്തിന്റെ 100 ദിവസം എന്നുപറഞ്ഞ് ഒരുപാട് വാഗ്ദാനങ്ങൾ, ഒരു പാട് കല്ലിടൽ ഒക്കെ നടക്കുന്നുണ്ട്. താപനിലയത്തിനുവരെ ആ വെള്ളത്തിൽ പോയി കല്ലിടാൻ പോകുകയാണ്. ഇവിടെ വികസനം നടക്കുന്നില്ലെന്നു മാത്രമല്ല, നമ്മുടെ കാർഷിക മേഖലയ്ക്ക് തീരാക്കളങ്കം വരുത്തിവച്ചിരിക്കുകയാണ് ബഹുമാനപ്പെട്ട ജോർജ്മാഷ്. വാസ്തവത്തിൽ ഈ സ്ഥിതിവിശേഷം നമ്മുടെ കാർഷിക മേഖലയെ ഒരു കമ്മീഷൻ മേഖല ആക്കി മാററിയിരിക്കുകയാണ്. അതുകൊണ്ട് ഞാൻ കൃഷി വകുപ്പിനെപ്പററി സമയം പരിമിതമായതുകൊണ്ട് കൂടുതൽ പറയാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ ഈ സഭ മുഴുവൻ സാക്ഷിയാണല്ലോ. ഇത്തവണ കൊപ്രയ്ക്ക് താങ്ങുവില 2350 രൂപയായി പ്രഖ്യാപിച്ചു. എന്നാൽ കേന്ദ്ര ഗവൺമെൻറിന്റെ ഉത്തരവ് വന്നപ്പോൾ അദ്ദേഹം പറഞ്ഞത് ഇതു വളരെ അപര്യാപ്തമാണ്. ഇത് വർദ്ധിപ്പിച്ചു കിട്ടാൻ ഞാനും മുഖ്യമന്ത്രിയും ശ്രമങ്ങൾ നടത്തി വരുകയാണ് എന്നല്ലേ. ആ ശ്രമത്തിന്റെ ഫലമെന്തായി? എന്തു ശ്രമമാണ് നിങ്ങൾ നടത്തിയത്? ഈ സഭയിൽ ഉറപ്പു നൽകിയതാണ്, അഖിലകക്ഷി നിവേദകസംഘം ഒന്നും വേണ്ടാ ഞാനും മുഖ്യമന്ത്രിയും പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്, ഈ വില വളരെ വളരെ പരിമിതമാണ്, ഇതു വർദ്ധിപ്പിക്കാൻ നടപടിയെടുക്കും എന്ന്, ഇത് നമ്മുടെ നിയമസഭാ രേഖകളിൽ തെളിഞ്ഞു കിടക്കുകയല്ലേ. ഞാൻ പോയി നോക്കി. പ്രഖ്യാപനം അതാണ്. പക്ഷെ എന്തു നടപടിയെടുത്തു? മിണ്ടുന്നില്ല. ഇപ്പോൾ അത് കൂടുതലാണ് എന്ന പ്രചാരവേല നടത്തുന്നു. ഇതിലും വലിയ ഒരു ചതി കേരളത്തിലെ 30 ലക്ഷം കേര കർഷകരോട് കാണിക്കാനുണ്ടോ? ഇപ്പോൾ അത് വലിയ നേട്ടമാണെന്ന് അവകാശപ്പെട്ടുകൊണ്ട് നടക്കുകയാണ്. പക്ഷെ നിങ്ങൾ ഒന്നും മറക്കണ്ടാ. ഗുരുവായൂരിൽ 92,000 വോട്ടർമാർ വോട്ട് രേഖപ്പെടുത്തിയതിൽ 62,000 പേരും നിങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

എതിരായിട്ടാണ് രേഖപ്പെടുത്തിയത്. ഇതൊരു ചരിത്ര സംഭവമാണ്. നിങ്ങൾക്ക് എതിരായിട്ട്, ഭൂനമുന്നണിക്ക് എതിരായിട്ട് ആണ് വോട്ട് രേഖപ്പെടുത്തിയത്. അങ്ങനെ വോട്ട് രേഖപ്പെടുത്തിയവർ അവരുടെ രോഷം പ്രകടിപ്പിക്കാൻവേണ്ടി ലീഗ് കാണിച്ച നിലപാടിന് എതിരായിട്ടു പെരുമാറിയിട്ടുണ്ടാകും. അവർ ചിലപ്പോൾ പി. ഡി. പി. യ്ക്കടിപ്പെട്ടിട്ടുണ്ടാകും. അത് സമർത്ഥമായിട്ട് തന്റെ ദയനീയതകൂടി കാണിച്ച് ശ്രീമാൻ മ്അദനി അവിടെ ചെന്നപ്പോൾ അവർ വോട്ട് രേഖപ്പെടുത്തിയിട്ടുണ്ടാകും. പക്ഷെ നിങ്ങൾ ചെയ്ത ഈ കൊടുംപാതകത്തിനെതിരായിട്ടാണ് അവർ വോട്ട് രേഖപ്പെടുത്തിയത്. 62,000 വോട്ടർമാർ നിങ്ങൾക്ക് എതിരായിട്ട് വോട്ട് രേഖപ്പെടുത്തുക എന്ന് പറയുന്നത് ഒരു ചെറിയ കാര്യമാണോ? അവരിൽ നല്ലൊരു പങ്ക് കേര കർഷകരാണ് എന്ന കാര്യം ശ്രീ. പി. പി. ജോർജ് അറിയണം. ഇത് രാജ്യത്തുടനീളം ആവർത്തിക്കാൻ പോകുകയാണ്. 30 ലക്ഷം കേരകർഷകർ എന്നു പറഞ്ഞാൽ അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാർക്കറിയാം. മലപ്പുറത്തുള്ള കൃഷിക്കാരുടെ ഇന്നത്തെ അവസ്ഥ എന്താണ്? എന്നിട്ട് അത് ഒരു വലിയ നേട്ടമായി ചിത്രീകരിച്ചുകൊണ്ട് നടക്കുന്നു എന്നുള്ളതാണ് ഏറെ ദുഃഖകരം. അതുപോലെതന്നെ ഇപ്പോൾ മാഷ് ഒരു പ്രഖ്യാപനം നടത്തിയിട്ടുണ്ട്. എല്ലാ കാർഷിക ഉൽപ്പന്നങ്ങൾക്കും തറവില പ്രഖ്യാപിക്കാൻ പോകുന്നു, അതിന് ഒരു കമ്മീഷനെ ഏർപ്പെടുത്തുമെന്ന്. കമ്മീഷൻ ഏജൻറുമാർക്ക് തൊഴിൽ കിട്ടിയേക്കാം. പക്ഷെ തറവില പ്രഖ്യാപിക്കുമോ? തറവില പ്രഖ്യാപിച്ച് അത് നടപ്പിലാക്കുമോ? ശ്രീ. ഉമ്മൻചാണ്ടി ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ അദ്ദേഹം പറയേണ്ടതായിരുന്നു. ഇപ്പോൾ ധനകാര്യ മന്ത്രിയുടെ ചുമതല ഏറ്റെടുത്തിരിക്കുന്ന അദ്ദേഹം അതിന് ഉത്തരം പറയട്ടെ, പ്രഖ്യാപിച്ചത് നടപ്പിലാക്കുമോ? എന്തിനാണ് മാഷേ ഈ തറവേല. തറവില പ്രഖ്യാപിക്കാനും നടപ്പിലാക്കാനും കഴിയില്ല എന്ന് നിങ്ങൾക്ക് അസ്സലായിട്ടറിയാം. എന്നിട്ട് ഒരു കമ്മീഷൻ. കമ്മീഷൻ ഏർപ്പെടുത്തുകയാണെങ്കിൽ കേന്ദ്രഗവൺമെൻറ് പ്രഖ്യാപിച്ച തറവില അപര്യാപ്തമാണ് എന്ന് സമ്മതിച്ചുകൊണ്ട് മാററം വരുത്തേണ്ടേ? ഈ തറവേലയുംകൊണ്ട് നടന്നാൽ കേരളത്തിലെ കർഷകരെ ചതിക്കാൻ പററുകയില്ല, പററിക്കാൻ പററുകയില്ല എന്നുള്ളത് നാട്ടുകാർ ഇതാ അവർക്ക് കിട്ടിയ അവസരത്തിലൂടെ രേഖപ്പെടുത്തിയിരിക്കുന്നു. ഒക്ടോബറിൽ തെരഞ്ഞെടുപ്പ് നടക്കുമെങ്കിൽ, എപ്പോൾ നടത്തിയാലും നിങ്ങളുടെ മുഖത്തടിച്ചതുപോലെ കൃഷിക്കാർ മറുപടി പറയാൻ പോകുകയാണ്. ശ്രീ. ജോർജ് മാഷ് ഇവിടെ ഒരു കണക്ക് പറയുകയുണ്ടായി. മാഷിന് എവിടെ നിന്നാണ് ഈ കണക്ക് കിട്ടിയത് എന്നറിയില്ല. അതായത് 4000 ഹെക്ടർ നെൽവയലുകളെ നികന്നു പോയിട്ടുള്ളു എന്നാണ് പറയുന്നത്. തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ പാടത്ത് നിങ്ങൾ ഒന്ന് കണ്ണോടിച്ച് നോക്കിയാൽ നിങ്ങൾ അധികാരത്തിൽ വന്ന മൂന്നു കൊല്ലത്തിനുശേഷം എത്ര പാടങ്ങൾ നികന്നുപോയിട്ടുണ്ട് എന്ന് കാണാൻ കഴിയും. ഇവിടെയുള്ള എല്ലാ മെമ്പർമാരും ചിലപ്പോൾ ഗുരുവായൂരിൽ പോയിക്കാണും. തൃശ്ശൂരിലും ഗുരുവായൂരിലും പോകുമ്പോൾ റോഡിന്റെ രണ്ടുവശത്തുമായി പുഴയ്ക്കൽ പാടം എന്നു പറയുന്ന വിസ്തൃതമായ, ആയിരക്കണക്കിന് ഏക്കർ പാടം ഉണ്ടായിരുന്നു. അത് ടി. യു. ഡി. എ 1972ൽ മാസ്ററർ പ്ലാൻ ആവിഷ്ക്കരിച്ചപ്പോൾ ആ പാടങ്ങളെല്ലാം വയലുകളായി നിലനിർത്തണമെന്ന് തീരുമാനിച്ചിരുന്നതാണ്. ഇപ്പോൾ ആ വയലുകൾ അവിടെയുണ്ടോ? മാഷ് ഒന്ന് കണ്ണ് തുറന്നു നോക്കൂ. രണ്ടു വശത്തും കെട്ടിടങ്ങളല്ലേ? വർക്ക് ഷോപ്പുകളല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

പാടങ്ങൾ നികന്നു പോകുകയല്ലേ ചെയ്തത്? അപ്പുറത്തെ വശത്ത് കൃഷി ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക്പോലും പുഴയ്ക്കൽ പാടത്തെ തോട് മുറിച്ചതോടുകൂടി വെള്ളം കിട്ടുന്നില്ല. അവിടമെല്ലാം ഉണങ്ങി കിടക്കുകയല്ലേ? ഇത് ഏത് കണ്ണുപൊട്ടനും കാണാവുന്ന കാഴ്ചയല്ലേ? ഈ മൂന്നു കൊല്ലത്തിനിടയ്ക്ക് തൃശ്ശൂർ ജില്ലയിൽ മാത്രം 10,000 ഹെക്ടർ നെൽവയലുകൾ നെൽവയലുകൾ അല്ലാതായിട്ടുണ്ട്. അത് സത്യമല്ലേ? ഈ സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇന്ന് ഇത് ഒരു യാഥാർത്ഥ്യമല്ലേ? വയലുകളെല്ലാം നികന്നു പോകുകയല്ലേ ചെയ്തത്. പാലക്കാട് നിങ്ങൾ ഒന്നു പോയി നോക്കൂ, നാഷണൽ ഹൈവേയുടെ രണ്ടു ഭാഗത്തും ഒന്നാംതരം വയലുകൾ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ കോൺക്രീററ് കെട്ടിടങ്ങളും വനങ്ങളുമല്ലേ നിൽക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കണക്ക് ശരിയല്ല. ആര് തന്ന കണക്കാണ് എന്ന് എനിക്കറിയില്ല. എങ്ങനെയൊക്കെയാണ് ഈ കണക്കുകൾ ഉണ്ടാക്കുന്നത് എന്നും എനിക്കറിയില്ല. ഏത് സ്ററാററിസ്ററിക്സ് വിഭാഗത്തിന്റെ തന്ത്രമാണ് എന്നും അറിയില്ല. അഞ്ചുലക്ഷം ഹെക്ടർ ഭൂമി ഉണ്ടെന്നാണ് വയ്പ്. ഇപ്പോൾ നിങ്ങൾ കണക്കെടുത്തുകൊള്ളൂ ഒരു ലക്ഷം ഹെക്ടർ ഭൂമിയെങ്കിലും കുറഞ്ഞു കാണും. കണ്ടമാനം നികത്തപ്പെടുകയാണ് ചെയ്യുന്നത്. അതിന്റെ ആഘാതം മനസ്സിലാക്കുന്നില്ല. പരിസ്ഥിതി വാദികളെ എനിക്ക് വലിയ ബഹുമാനമാണ്. ഞാനും ആ കൂട്ടത്തിൽപ്പെടുന്ന ഒരാളാണ്. കാരണം അത് ഇന്നത്തെ ലോകത്തിന് അത്യാവശ്യമായ ഒരു ശാസ്ത്രമാണ്. എന്നാൽ ഇന്ന് നമ്മുടെ പരിസ്ഥിതി വാദികൾ വനത്തിൽ മാത്രമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അതാണ് എന്റെ ആക്ഷേപം. നെൽവയലുകൾ എട്ടേമുക്കാൽ ലക്ഷം ഹെക്ടറുണ്ടായിരുന്നു. പിന്നീട് അത് 5 ലക്ഷം ഹെക്ടറായി. ഇപ്പോൾ അത് നാല് ലക്ഷം ഹെക്ടറായി ചുരുങ്ങിവരുന്നു. ഇങ്ങനെ കണ്ടമാനം വയലുകൾ നികത്തിപ്പോയാൽ എന്തായിരിക്കും കേരളത്തിന്റെ ഭാവി? ഇതൊരു മരുഭൂമിയായി മാറുകയില്ലേ? കൃഷിഭൂമി കൈവശമുള്ളവർക്ക് കൃഷിചെയ്യാൻ സാധിക്കുമോ? കണ്ടമാനം തോട് മുറിച്ചാൽ, നീരൊഴുക്ക് തടഞ്ഞാൽ, കോൺക്രീററ് കെട്ടിടങ്ങൾ വന്നാൽ, നമ്മുടെ ഈ വയലുകൾ നികന്നു പോയാൽ, ആ വയലുകളിൽ ശേഖരിക്കുന്ന വെള്ളം നിന്നുപോയാൽ, ഭൂഗർഭ ജലസമ്പത്ത് കുറയും എന്നുള്ളതിനെപ്പററി ആരോടെങ്കിലും ചോദിക്കണമോ? വളരെ ആപൽക്കരമായ അളവിൽ, കേരളത്തിന്റെ പരിസ്ഥിതിയെ ആകെ തകിടം മറിക്കുന്ന അളവിൽ ഭൂമി നികത്തപ്പെട്ടു പോകുകയാണ്. എന്നിട്ടും നികത്തപ്പെട്ടു പോകുന്നില്ല എന്ന ആശ്വാസത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇരിക്കുന്നു എന്നുള്ളതാണ് ഏററവും ആപൽക്കരം. ഇത് ഒരു ചെറിയ കാര്യമൊന്നുമല്ല. കണ്ടമാനം നികത്തുകയാണ്. അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി ഞങ്ങൾ അത് നികത്തുകയില്ല എന്ന്. എന്നാൽ ഇപ്പോഴുള്ള ഭൂമിയിൽ ഭൂവിനിയോഗ ഉത്തരവുപ്രകാരം ചെയ്യേണ്ട നടപടികൾ എടുക്കുന്നില്ല. നിയമനിർമ്മാണം ഉണ്ടാകുമെന്ന് പറയുന്നു. ഉണ്ടാക്കിയിട്ടില്ല. ഇന്നത്തെ സ്ഥിതിയാണെങ്കിൽ ആരും ചോദിക്കാനില്ല, ആർ. ഡി. ഒ. ഇടപെടുകയില്ല, ആർ. ഡി. ഒ.-ക്ക് പരാതി കൊടുത്താൽ വർഷങ്ങളോളം അതിന് തീർപ്പുണ്ടാകുകയില്ല. ഇതെല്ലാം പ്രയോജനപ്പെടുത്തിക്കൊണ്ട് കണ്ടമാനം നികത്തപ്പെടുകയാണ് ചെയ്യുന്നത്. അങ്ങ് ഗുരുവായൂരിൽ പോയി നോക്കുകയാണെങ്കിൽ ഞാൻ ഈ പറയുന്ന കാര്യങ്ങളെല്ലാം അക്ഷരംപ്രതി സത്യമാണ് എന്ന് ബോദ്ധ്യപ്പെടും. അപ്പുറത്തിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

എന്റെ മാന്യസ്നേഹിതൻമാർക്ക് ആർക്കും ഇതിനെ നിഷേധിക്കാൻ ആകുകയില്ല. കൃഷിയെപ്പററി ഇനിയും ഒരുപാട് പറയാനുണ്ട്. പക്ഷെ സമയം കഴിഞ്ഞതുകൊണ്ട് പറയുന്നില്ല.

ആരോഗ്യരംഗത്തെപ്പററി രണ്ട്വാക്ക് കൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്താം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ചേംബറിൽ ഇരുന്നുകൊണ്ട് എന്റെ ഈ സംസാരം കേൾക്കുന്നുണ്ടാകും എന്നുള്ള പ്രതീക്ഷയോടുകൂടി പറയുകയാണ്. ഇല്ലെങ്കിൽ അദ്ദേഹത്തിന്റെ സ്വന്തം ആത്മാവായിട്ടുള്ള ശ്രീ. ജോർജ്മാഷ് ഇവിടെയുണ്ടല്ലോ. അദ്ദേഹം ഇത് കുറിച്ചെടുത്ത് പറയണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇന്നത്തെ സ്ഥിതിയെന്താണ്? എത്രയാണ് മരുന്നിന്റെ വില? സ്ലിപ്പ് എഴുതിക്കൊടുക്കുകയല്ലേ ചെയ്യുന്നത്? മരുന്നിന്റെ വില കണ്ടമാനം ഉയർന്നുപോയില്ലേ? ഇനി യാതൊരു വളയവുമില്ലാതെ ചാടാൻവേണ്ടി പേററൻറ് നിയമം മാററുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇൻഡ്യാ ഗവൺമെൻറിന്റെ നയ രൂപീകരണ രംഗത്ത് മുഖ്യ പങ്ക് വഹിക്കുന്ന ഒരാൾ എന്ന നിലയിൽ മുഖ്യമന്ത്രിയോട് ഞാൻ പറയട്ടെ രാഷ്ട്രാന്തരീയ വ്യാപാരബന്ധങ്ങളിൽ, അതിനുള്ള കരാറുകളിൽ കച്ചവടത്തിനുള്ളചട്ടങ്ങൾ നിങ്ങൾ തയ്യാറാക്കൂ. രാഷ്ട്രങ്ങൾ തമ്മിലുള്ള ഇറക്കുമതി ചുങ്കത്തിനെയും കയററുമതി ചുങ്കത്തിനെയുംപററി പരസ്പര ധാരണയുണ്ടാക്കൂ. ജനറൽ എഗ്രീമെൻറ് ഓൺ ട്രേഡ് ആൻറ് താരിഫ് എന്നു പറഞ്ഞാൽ അതല്ലേ അർത്ഥം? ആ ഒരു കരാറിൽ എന്തിനാണ് ഇൻഡ്യാരാജ്യത്ത് നമുക്ക് ഏററവുമധികം ആവശ്യമുള്ള നിയമങ്ങൾ മാററുമെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചിരിക്കുന്നത്. അതിന് മുഖ്യമന്ത്രി മറുപടി പറയണം. നമ്മുടെ പേററൻറ് നിയമം മരുന്ന് ഉൽപ്പാദനത്തിലും വിതരണത്തിലും ഒക്കെതന്നെ കാര്യമായിട്ടുള്ള, ജനോപകാരപ്രദമായിട്ടുള്ള വ്യവസ്ഥകളുള്ള ഒരു നിയമമാണ്. ആ നിയമം മാററണമെന്ന് അമേരിക്കയും സാമ്രാജ്യത്വശക്തികളും ബഹുരാഷ്ട്ര കുത്തകകളും ആജ്ഞാപിക്കുന്നു. മാററിക്കൊള്ളാമെന്ന് അംഗീകരിച്ച് പോകുന്നു. ത്യജിക്കേണ്ടിയിട്ടുള്ളത് മാററാനുള്ള നടപടിയാണ്. ഇന്ന് ഗാട്ട് കരാറിൽ പറയുന്നതുപോലെ ഈ നിയമം മാററിയെഴുതിയാൽ, ബഹുരാഷ്ട്ര കുത്തക കമ്പനികളും ഇൻഡ്യൻ കുത്തക കമ്പനികളും യാതൊരുവിധ നിയന്ത്രണവുമില്ലാതെ 220-ഉം 300-ഉം ശതമാനം വില ഉയർത്തും.

(അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ)

സർ, നാട്ടുകാരുടെ ജീവരക്ഷാ മരുന്നുകൾക്ക് പിടിച്ചാൽ പിടികിട്ടാത്ത തരത്തിൽ വില ഉയർന്നു പോകും. എന്ത് ഉൽപ്പാദിപ്പിക്കണം, എങ്ങനെ ഉൽപ്പാദിപ്പിക്കണം, വിതരണം നടത്തണം എന്ന് ഇത്യാദി കാര്യങ്ങളിൽ പേററൻറ് നിയത്തിന്റെ സംരക്ഷണം ഇല്ലാതെ പോകും. ഗാട്ട് കാരാർ ഉണ്ടാക്കുമ്പോൾ ഇൻഡ്യാ രാജ്യം അംഗീകരിച്ച പാർലമെൻറ് അംഗീകരിച്ച നിയമം മാററും എന്നുള്ള വ്യവസ്ഥ എന്തിനാണ്, ഇതിനാണ് ഉത്തരം പറയേണ്ടത്. ഗാട്ടിനെപ്പററി നമ്മുടെ ഇലക്ട്രോണിക് മാദ്ധ്യമങ്ങളായാലും ശരി, മററ് മാദ്ധ്യമങ്ങളായാലും ശരി പാടിപ്പുകഴ്ത്തുകയാണിപ്പോൾ. ഞാൻ ലളിതമായിട്ടുള്ള ഒരു ചോദ്യം ചോദിക്കുന്നു. എന്തിനാണ് ജനറൽ എഗ്രിമെൻറ് ഓൺ ട്രേഡ് ആൻറ് താരിഫിൽ നമ്മൾ അംഗീകരിച്ച നിയമം മാററും എന്നു പറയുന്നത്. വിത്തുല്പാദന നിയമം, വിത്തു നിയമം, ബൗദ്ധിക

LIBRARY ARCHIVES Kerala Legislative Assembly

സ്വത്തവകാശ നിയമം, പകർപ്പവകാശ നിയമം, എന്നീ പാർലമെന്റിനു മാത്രം അവകാശപ്പെട്ട നിയമങ്ങളെ ആകെ മാററി എഴുതും എന്ന് അംഗീകരിച്ച് വന്നിരിക്കുന്നു. വേൾഡ് ട്രേഡ് ഓർഗനൈസേഷന്റെ ചട്ടങ്ങൾ കൂടി വന്നാൽ അറിയാം. നമ്മുടെ സാമ്പത്തിക പരമാധികാരം അടിയറ വയ്ക്കുകയാണ്. ആ സത്യം നിഷേധിക്കാൻ വേണ്ടി പ്രചണ്ഡമായ ഒരു പ്രചരണം അഴിച്ചുവിട്ടിരിക്കുകയാണ്. ഞാൻ അതിന്റെ ഉള്ളടക്കത്തിലേക്ക് സമയമില്ലാത്തതുകൊണ്ട് കടക്കുന്നില്ല. പക്ഷെ ലളിതമായൊരു ചോദ്യം ഞാൻ മുഖ്യമന്ത്രിയോട് ചോദിക്കുന്നു. നയരൂപീകരണത്തിന് ചുക്കാൻ പിടിക്കുന്ന മുഖ്യമന്ത്രിയോട് ചോദിക്കുന്നു. രാഷ്ട്രാന്തര വ്യാപാര ചട്ടക്കൂട്ടിൽ എന്തിന് ഒരു രാഷ്ട്രത്തിന് അകത്ത് നടപ്പാക്കുന്ന നിയമങ്ങൾ മാററും എന്ന വ്യവസ്ഥ ഉൾക്കൊള്ളിക്കുന്നു? നിയമസഭയ്ക്കും പാർലമെന്റിനും അവകാശമുള്ള നിയമനിർമ്മാണം അടിയറ വയ്ക്കുന്നത് എന്തിനാണ്. അങ്ങനെ അടിയറ വച്ചുകൊണ്ട് നമ്മുടെ രാജ്യത്തിന് അത്യന്തം ആപൽക്കരമായ ഒരവസ്ഥ വരുത്തി വയ്ക്കുകയാണ്. അത് ഏററവും അധികം അനുഭവപ്പെടാൻ പോകുന്നതു മരുന്നുല്പാദനത്തിലും, മരുന്ന് വിതരണത്തിലും ആണെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ കാര്യം ചൂണ്ടിക്കാണിക്കുന്നത്. അതെല്ലാം ഗാട്ടിന്റെ ഭാഗമാണോ? നമ്മുടെ ആരോഗ്യ രംഗത്ത് ഇന്ന് ധർമ്മാശുപത്രികളിൽ മരുന്നില്ല. മരുന്ന് എഴുതിക്കൊടുക്കുകയാണ്. തുണ്ടും കൊണ്ട് ഓടുന്ന ആളുകൾ കയ്യിലുള്ള പണം പോരാഞ്ഞിട്ട് ഞങ്ങളുടെ ഓഫീസിൽ എത്രപേരാണ് വരുന്നതെന്നറിയാമോ? ഇത്ര വലിയ വില മരുന്നിന് വരും എന്ന് ഞങ്ങൾ വിചാരിച്ചില്ല എന്നാണവരുടെ പരാതി. വില കയറുന്നതിനും വേണ്ടേ എന്തെങ്കിലും ഒരു മാനദണ്ഡം. അത് ഇഷ്ടംപോലെ കയററി കൊണ്ടുപോയാൽ എങ്ങനെയാണ് ഒരു ധർമ്മസ്ഥാപനം നടത്തുക? നമ്മുടെ ആരോഗ്യരംഗത്ത് മരുന്നിന് ഈ അമിതമായ വില ഈടാക്കുന്നതുകൊണ്ട് ആരോഗ്യം സംരക്ഷിക്കാൻ സാധിക്കാത്ത ഒരവസ്ഥ സംജാതമായിട്ടുണ്ട്. ഇനിയും വില വർദ്ധിപ്പിക്കാനുള്ള നയപരിപാടികൾ ആവിഷ്ക്കരിച്ച് ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. നമ്മുടെ ആരോഗ്യവകുപ്പ് മന്ത്രിയായിരുന്ന ശ്രീ. ആർ. രാമചന്ദ്രൻ നായരെക്കുറിച്ച് ഇവിടെ ഒരു ആരോപണം വന്നപ്പോൾ മുഖ്യമന്ത്രി ഈ സഭയ്ക്ക് ഒരു ഉറപ്പ് നൽകിയിരുന്നു. ആ ഉറപ്പെവിടെ? അതെന്താണ് പാലിക്കാത്തത്? എന്നിട്ട് പി.ആർ.ഡി.-ക്കാരെകൊണ്ട് ഇങ്ങനെ പുസ്തകങ്ങൾ അച്ചടിപ്പിച്ച് ഇറക്കി അതിന്റെ ഗമയിൽ ഇരിക്കുകയാണ്. ഇപ്പോൾ പത്രക്കാർക്ക് കുറച്ച് ആശ്വാസമായി. നല്ലവണ്ണം പരസ്യം കൊടുക്കുന്നുണ്ട്. മുസ്തഫ സാഹിബിന്റെ വലിയ ഒരു പടം, നേടിയ നേട്ടങ്ങൾ, പിന്നെ മന്ത്രി പത്മയുടെ പടം, അങ്ങനെ എല്ലാവരുടേയും, പോരാത്തതിന് എം. എൽ. എ.-മാരുടേയും, ഇപ്പോൾ ശരത്ചന്ദ്രപ്രസാദിനെ ഏതാണ്ട് ഫിലിം സ്ററാർ പോലെ ആക്കി മുഖചിത്രം കൊടുത്തുകൊണ്ടുള്ള ഒരു പുസ്തകം ഇറക്കിയിട്ടുണ്ട്. ഈ അവകാശ വാദങ്ങളൊക്കെ ഉള്ള ഒരു പുസ്തകം. ഞാൻ പറയുന്നു പി. ആർ. ഡി.-യിലെ ഏതോ, വളരെ രസികൻമാരായ മാന്യൻമാർ പരിഹാസത്തിന്റെ കൂരമ്പുകൾ എയ്തുകൊണ്ട് അതിശയോക്തി പരമായ കണക്കുകൾ നിരത്തിക്കൊണ്ട് 'മുന്നേററത്തിന്റെ മൂന്നുവർഷം' എന്ന ആ പുസ്തകത്തിലൂടെ നിങ്ങളെ അപഹസിച്ചിരിക്കുകയാണ്. ഈ മന്ത്രിമാർ ഇതറിയുന്നില്ല. നമ്മുടെ പല മെമ്പർമാർക്കും ഇത് പിടികിട്ടുന്നില്ല. അതിൽ പറയുന്നതൊന്നും യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തതാണ്. അതുകൊണ്ട് ഇന്ന് ഇവിടെ കൃഷി

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിനുവേണ്ടിയും, ആരോഗ്യ വകുപ്പിനുവേണ്ടിയും അവതരിപ്പിച്ചിരിക്കുന്ന എല്ലാ ധനാഭ്യർത്ഥനകളെയും എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ. അബ്ദു: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. ഒരു കാർഷിക രാജ്യത്തിന്റെ ഭാഗമായ നമ്മുടെ ഈ കൊച്ചു സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥിതിയുടെ പുരോഗതിക്ക് ഭൂരിഭാഗവും സംഭാവന ചെയ്യുന്നത് കാർഷികമേഖലയാണ്. കേരളത്തിലെ കൃഷിക്കാരന്റെ സംഭാവനയാണ്, നമ്മുടെ സാമ്പത്തിക വ്യവസ്ഥിതിയുടെ നട്ടെല്ല്. നാളികേരവും, നെല്ലും, റബ്ബറും, കാപ്പിയും, കുരുമുളകും പോലുള്ള കാർഷിക വിഭവങ്ങളാണ്. എന്നാൽ കേരളീയന്റെ ജീവിതത്തിന്റെ തന്നെ ഭാഗമായ നെൽകൃഷി കുറഞ്ഞ കുറെ വർഷങ്ങളായി ലാഭകരമല്ലാത്ത അവസ്ഥയിലാണ്. ഇതിന്റെ ഫലമായി നെൽപ്പാടങ്ങളുടെ വിസ്തൃതി കുറഞ്ഞു വരുന്ന ആപൽക്കരമായ ഘട്ടത്തിലേക്കാണ് നീങ്ങുന്നത്. വനഭൂമി നശീകരണത്തേക്കാൾ വേഗത്തിലാണ് നെൽപ്പാടശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്നത്. അരി വാങ്ങാൻ പ്രതിവർഷം ആയിരം കോടി രൂപ കേരളം ചെലവാക്കുന്നതായാണ് കണക്കാക്കുന്നത്. നമുക്ക് വേണ്ട നെല്ല് ഇവിടെ തന്നെ ഉൽപ്പാദിപ്പിച്ചാൽ ഈ വരുമാന ചോർച്ച തടയാം. ഇതിനായി നമ്മുടെ കർഷകരെ പാകപ്പെടുത്തി എടുക്കണം. നെൽകൃഷി ആദായകരമാക്കാനുള്ള ശാസ്ത്രീയ രീതികൾ കർഷകരിൽ എത്തിച്ചു കൊടുക്കേണ്ട ബാദ്ധ്യത ഗവൺമെന്റിനാണ്. നെൽപ്പാടങ്ങൾ മററ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന്റെ പ്രധാന കാരണം സാമ്പത്തികമാണ്. കേരളത്തിലെ നെൽപ്പാടങ്ങൾ 1974–75 കാലത്ത് 8·75 ലക്ഷം ഹെക്ടറായിരുന്നു. എന്നാൽ സർക്കാരിന്റെ കണക്ക് അനുസരിച്ച് ഇപ്പോൾ അഞ്ചു ലക്ഷം ഹെക്ടറാണുള്ളത് നെൽപ്പാടങ്ങളുടെ ഈ കുറവുമൂലം കേരളത്തിൽ പ്രതിവർഷം അഞ്ചു ലക്ഷം ടൺ അരിയും നാലു ലക്ഷം ടൺ വൈക്കോലും നഷ്ടപ്പെടുന്നു. കൂട്ടത്തിൽ 47 ദശലക്ഷം തൊഴിൽദിനങ്ങളും നഷ്ടപ്പെടുന്നതായി കണക്കാക്കുന്നു. നമ്മുടെ ഗവൺമെന്റ് മുക്കിലും മൂലയിലും സെമിനാറുകളും മററ് ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ടെങ്കിലും അത് വേണ്ട രീതിയിൽ ഫലവത്താകുന്നില്ല. പകുതി കർഷകരേ ഇങ്ങനെയുള്ള പരിപാടികളിൽ പങ്കെടുക്കുന്നുള്ളൂ. അതിൽ പകുതിയേ ശ്രദ്ധിക്കുന്നുള്ളൂ. വളരെ ചുരുക്കം പേർ മാത്രമേ ഇങ്ങനെയുള്ള സെമിനാറുകളിൽനിന്നും മററും കിട്ടുന്ന അറിവുകൾ പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നുള്ളൂ. നമ്മുടെ ഗവൺമെന്റ് കൃഷിക്കാരുടെ പുരോഗതിക്കായി ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. നെല്ലുൽപ്പാദനംവർദ്ധിപ്പിക്കുവാൻ ഈ ഗവൺമെന്റ് നിരവധി ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചു പ്രാവർത്തികമാക്കി. കർഷകർക്കുള്ള 20 കോടി രൂപയുടെ കടബാദ്ധ്യത എഴുതിത്തള്ളി. കാർഷിക വികസനനയം രൂപീകരിച്ചു. അതിൽ നെൽക്കൃഷിക്കാർക്ക് പ്രാധാന്യം നൽകി. കരിനില–കോൾനില വികസന ഏജൻസികൾ രൂപീകരിച്ചു. പ്രകൃതിക്ഷോഭ ദുരിതാശ്വാസ തുക വർദ്ധിപ്പിച്ചു. 1993 നെൽകൃഷി വികസന വർഷമായി ആചരിച്ചു. കേരളത്തിന്റെ നെല്ലറയെന്ന് വിശേഷിപ്പിക്കുന്ന കുട്ടനാടിന്റെ അഭിവൃദ്ധിക്കായി കുട്ടനാട് വികസന അതോറിററി രൂപീകരിച്ചു. നെൽപ്പാടങ്ങളുടെ ശോഷണം ഫലപ്രദമായി നിയന്ത്രിക്കാൻ കഴിഞ്ഞു. അതുപോലെ തന്നെ നാളികേരകൃഷി വർദ്ധിപ്പിക്കുവാൻ നൂതന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കിയതിന്റെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly

Page 37 of 124

നാളികേരോൽപ്പാദനം വർദ്ധിച്ചു എന്ന സത്യം ആരും അംഗീകരിക്കും. ഉൽപ്പാദന വർദ്ധനവിനനുസരിച്ച് വിപണി സജീവമാകുമ്പോൾ മാത്രമേ ഉൽപ്പന്നത്തിന് ന്യായവില കിട്ടുകയുള്ളു. ഇതിനായി സംഘടിത ശ്രമം നടത്തുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ കൊപ്രാ ഉൽപ്പാദനം വർദ്ധിച്ചതും മററ് ഭക്ഷ്യ എണ്ണകൾക്ക് കേരളത്തിലെ വിപണിയിൽ പ്രിയമേറിയതും നാളികേരത്തിന്റെ വിലയിടിച്ചിലിന് കാരണമായി. ഇത് തടയാൻ 1994 സീസണിൽ കൊപ്രയുടെ താങ്ങുവില ക്വിന്റലിന് 2350 രൂപയായി വർദ്ധിപ്പിച്ചു. നാളികേര കൃഷിമേഖലയിൽ നൂതന സാങ്കേതിക വിദ്യകളും ധനസഹായവും കർഷകരിൽ എത്തിക്കുന്നതിനും വികസന പദ്ധതികൾക്കായി കൂടുതൽ തുക നീക്കിവയ്ക്കുന്നതിനും ഈ സർക്കാരിന് കഴിഞ്ഞു. നാളികേരം ഉപയോഗിച്ചുകൊണ്ടുള്ള പുതിയതരം വ്യവസായങ്ങൾ നമ്മൾ വികസിപ്പിച്ചെടുക്കണം, കരിക്കിൻ വെള്ളവും തേങ്ങാ വെള്ളവും ശാസ്ത്രീയമായി പാക്ക് ചെയ്ത് വിൽക്കാനുള്ള വിപണി കണ്ടെത്തണം. ഇതിന്റെ ഉപയോഗങ്ങൾ വിലയിരുത്താൻ ശാസ്ത്രീയ രീതികൾ അവലംബിക്കണം. അതിന്റെ അടിസ്ഥാനത്തിൽ വ്യവസായങ്ങൾ വികസിപ്പിക്കണം. നമ്മൾ വെറുതെ കളയുന്ന തേങ്ങാവെള്ളം മേൽപ്പറഞ്ഞ രീതിയിൽ പ്രയോജനപ്പെടുത്താൻ ശ്രമിക്കണം. അതുപോലെ ചകിരി ഉപയോഗിച്ചുകൊണ്ടുള്ള ഫൈബർ വ്യവസായങ്ങൾ അധികം ഇവിടെ തുടങ്ങണം. ചിരട്ട ഉപയോഗിച്ച് ചില വ്യവസായങ്ങൾ തുടങ്ങാൻ ശ്രമിക്കണം. ചിരട്ട എന്തിനെല്ലാം ഉപയോഗിക്കാം എന്നതിനെക്കുറിച്ച് ഒരു ബൃഹത്തായ പഠനവും ആവശ്യമാണ്. കാർഷിക മേഖലയിൽ ലക്ഷം യുവാക്കൾക്ക് തൊഴിലവസരവും, പെൻഷനും, ഗ്രാററുവിററിയും അവരുടെ മരണശേഷം നോമിനികൾക്ക് ഒരു ലക്ഷം രൂപയും നൽകുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് സംസ്ഥാന ഗവൺമെൻറ് രൂപം നൽകിയിരിക്കുന്ന സമഗ്രമായ പദ്ധതി നാടിന്റെ നട്ടെല്ലായ കർഷകന് ലഭിക്കേണ്ട അർഹമായ പരിഗണനയുടെ ഭാഗമായി കരുതാം. ഈ സുപ്രധാനമായ പദ്ധതി താമസം വിനാ നടപ്പിലാക്കാനുള്ള ജാഗ്രതയും കർമ്മോൽസുകതയും ബഹുമാനപ്പെട്ട മന്ത്രി പ്രകടിപ്പിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അദ്ദേഹം മുൻകൈ എടുത്ത് രൂപം നൽകിയിട്ടുള്ള കാർഷിക നയത്തിന്റെ ഭാഗമാണ് ഈ പദ്ധതി. ഇതിന്റെ ഭാഗമായുള്ള പെൻഷൻ പദ്ധതി അത്യാകർഷകമാണ്. ഗുണഭോക്താക്കൾ ഒരുമിച്ച് ആയിരം രൂപയോ 60 വയസ്സു വരെ വർഷം തോറും നൂറു രൂപയോ നൽകിയാൽ 60 വയസ്സു മുതൽ മരിക്കുന്നതുവരെ പ്രതിമാസം ആയിരം രൂപ പെൻഷനും 60,000 രൂപയ്ക്കുള്ള ഗ്രാററുവിററിയും ഗുണഭോക്താവിന്റെ മരണാനന്തരം നോമിനിക്ക് ഒരു ലക്ഷം രൂപയും ലഭിക്കും. ഈ പദ്ധതി കർഷകർക്ക് വളരെ ഗുണകരമാവുക തന്നെ ചെയ്യും. ഈ ഗവൺമെൻറിന് ആരോഗ്യരംഗത്തും ഒട്ടേറെ നല്ല കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരത്ത് പി. എം. ആൻറ് ആർ. യൂണിററ് കെട്ടിടം നിർമ്മിക്കാൻ ഭരണാനുമതി നൽകിയതും കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ പവലിയൻ ടൈപ്പ് വാർഡ് നിർമ്മിക്കാൻ 130 ലക്ഷം രൂപയുടെ പദ്ധതി, തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഹോസ്പിററൽ കോംപ്ലക്സ് നിർമ്മാണത്തിന് 19.25 കോടി രൂപയുടെ പദ്ധതി, കാസർകോട് താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം, നാല് മെഡിക്കൽ കോളേജ് ആശുപത്രികളിലും ആറ് ജില്ലാ ആശുപത്രികളിലും ഡയേറിയ ട്രെയിനിംഗ് യൂണിററുകൾ തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ആരോഗ്യരംഗത്ത് ഈ ഗവൺമെൻറിന് ചെയ്യാൻ സാധിച്ചിട്ടുണ്ട്. ആശുപത്രികളുടെ വികസനത്തിനായി ചെറിയ ഫീസ് ഈടാക്കുമ്പോൾ, സാധുക്കളെ

LIBRARY ARCHIVES Kerala Legislative Assembly

Page 38 of 124

പൂർണ്ണമായി ഒഴിവാക്കണം. ഈ പ്രശ്നം രാഷ്ട്രീയ നേട്ടങ്ങൾക്ക് ഉപയോഗിക്കരുത്. ആത്മാർത്ഥമായ സമീപനമാണ് ഈ പ്രശ്നത്തോട് എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ഉണ്ടാകേണ്ടത്. ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പിൻതാങ്ങിക്കൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ഡോ. കെ. സി. ജോസഫ്: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ബഹുമാന്യനായ വി. വി. രാഘവൻ കൃഷി മേഖലയുടെ ഇന്നത്തെ സ്ഥിതിയെ സംബന്ധിച്ചിടത്തോളമുള്ള ഒരു ഏകദേശരൂപം നൽകുകയുണ്ടായി. വളരെ കാര്യങ്ങൾ ചെയ്തു എന്ന് അഭിമാനത്തോടുകൂടി കൃഷി മന്ത്രി പറയാറുണ്ട്. മൂന്നു വർഷത്തെ മുന്നേററത്തിന്റെ ചരിത്രം പി. ആർ. ഡി..യിലൂടെ എല്ലാം പേർക്കും നൽകിയിട്ടുമുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ ആ പി. ആർ. ഡി. പ്രസിദ്ധീകരണം എടുത്തുകൊണ്ട് ചില മെമ്പർമാർ അതിൽ ഏതെങ്കിലും ഒരു കാര്യം നിഷേധിക്കാൻ കഴിയുമോ എന്ന് പ്രതിപക്ഷത്തോട് വെല്ലുവിളിച്ചുകൊണ്ട് ചോദിക്കുകയുണ്ടായി. അതിൽ പറഞ്ഞിട്ടുള്ള ഓരോ കാര്യങ്ങളെടുത്തു പരിശോധിച്ചാലും പ്രായോഗിക തലത്തിൽ അതിൽ ഒന്നും തന്നെ കാര്യമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് കാണുവാൻ കഴിയും. കഴിഞ്ഞ സാമ്പത്തിക വർഷം നെൽകൃഷി വികസന വർഷമായി പ്രഖ്യാപിച്ച ഒരു വർഷമാണ്. നെൽകൃഷിയുടെ നിലനിൽപ്പിനുവേണ്ടി കാര്യമായ പ്രവർത്തനങ്ങൾ നടത്താൻവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. പല പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്; പക്ഷേ ആത്യന്തികമായി നെല്ലുൽപ്പാദന രംഗത്തെ സ്ഥിതി എന്താണ് എന്നുള്ളതൊക്കെ നാം കാണേണ്ടതായിട്ടുണ്ട്. ഗവൺമെൻറ് പല കാര്യങ്ങൾ ചെയ്തതായി പറയുന്നുണ്ട്. അതിൽ നമ്മുടെ റിസൾട്ട് എന്താണ്? 1989–90-ൽ 11·41 ലക്ഷം ടൺ അരി ഉൽപ്പാദിപ്പിച്ചിരുന്ന നമ്മുടെ രാജ്യത്ത് 1992–93 ആയപ്പോൾ അത് 10·85 ലക്ഷം ടൺ ആയി കുറഞ്ഞു. 1993–94 വർഷത്തെ കണക്ക് ഇപ്പോൾ ആയിട്ടില്ലെങ്കിൽപോലും വീണ്ടും അത് കുറയുവാനാണ് സാദ്ധ്യത. ഞാൻ പ്രതിനിധാനം ചെയ്യുന്ന കുട്ടനാടൻ മേഖലയിൽ കഴിഞ്ഞ വർഷം ഉൽപ്പാദനം കുറവായിരുന്നു. ഏററവും കൂടുതൽ ഉൽപ്പാദനശേഷിയുള്ള കുട്ടനാടൻ മേഖലയിൽ ഉൽപ്പാദനം കുറഞ്ഞ സാഹചര്യത്തിൽ 1993–94-ലെ അന്തിമമായ കണക്ക് എടുക്കുമ്പോൾ 10·85 ലക്ഷം ടണ്ണിൽ കുറവായിരിക്കും എന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. കൃഷിയുടെ വികസനത്തിനു വേണ്ടി ഒട്ടേറെ കാര്യങ്ങൾ ചെയ്യുന്നു എന്നു പറയുമ്പോൾ പോലും നമുക്ക് എത്തിച്ചേരാൻ കഴിയുന്ന നേട്ടം ഉൽപ്പാദനക്കുറവാണെങ്കിൽ ആ രംഗത്തുള്ള കുഴപ്പം എന്താണെന്ന് കണ്ടെത്തുവാനും നാം ഉദ്ദേശിക്കുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്ന് വിലയിരുത്തുവാനുമുള്ള സ്വയം വിമർശനപരമായിട്ടുള്ള ഒരു നീക്കം ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. കാർഷിക മേഖലയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് പറയുമ്പോൾ ഈ വർഷത്തെ ബഡ്ജററിൽ നീക്കിവച്ചിട്ടുള്ള തുക എത്രയാണ്? 1992–93-ൽ ആകെ ചെലവഴിച്ചതിന്റെ 17·13 ശതമാനം കാർഷിക മേഖലയ്ക്കുവേണ്ടി ചെലവഴിച്ചപ്പോൾ, അത് കഴിഞ്ഞ വർഷം 1993–94-ലെ പുതുക്കിയ ബഡ്ജററ് പ്രകാരം 13·65 ശതമാനമായി. 1994–95 വർഷത്തെ ബഡ്ജററിൽ അത് 11·27 ശതമാനമായി വീണ്ടും കുറഞ്ഞു. കാർഷിക മേഖലയോട് അതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

Page 39 of 124

എന്നു പറഞ്ഞാൽ പ്രവൃത്തിയിൽ കാണുന്നത് ഇതാണ്. ഈ മുന്നേററത്തിൻെറ ചരിത്രത്തിൽ ശ്രീ. വി. വി. രാഘവൻ പറഞ്ഞതുപോലെ മുൻകാലത്ത് നെല്ല് ഉൽപ്പാദനരംഗത്തുണ്ടായ കുതിച്ചുചാട്ടത്തിന് ഒരു പരിധിവരെ സഹായിച്ചത് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായമായിരുന്നു. ആ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഇപ്പോൾ നമ്മുടെ മുന്നേററത്തിൻെറ ചരിത്രത്തിൽ പറയുന്നത് കൂടുതൽ വിപുലമായി നടപ്പാക്കുന്നു എന്നാണ്. അതു യാഥാർത്ഥ്യമാണോ? കഴിഞ്ഞ രണ്ട് വർഷമായി ഗ്രൂപ്പ് ഫാമിംഗിൻെറ പദ്ധതിയിൽപ്പെടുത്തി കൃഷിക്കാർക്ക് നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള ഇത്തരത്തിലുള്ള യാതൊരാനുകൂല്യവും നൽകിയിട്ടില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് മററിനങ്ങളിലേക്ക് ഡൈവർട്ട് ചെയ്യുന്നു. കഴിഞ്ഞതിൻെറ മുൻപത്തെ വർഷം ശ്രീ. നരസിംഹറാവു ഗവൺമെൻറ് അധികാരത്തിൽ വന്നതിനെത്തുടർന്ന് വളത്തിനുണ്ടായ ഭീമമായ വില വർദ്ധനവുകൊണ്ട് കാർഷിക മേഖലയ്ക്ക് ഉണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി 'വൺടൈം സ്കീം' എന്നുള്ള നിലയിൽ 50 കോടി രൂപ കൃഷിമേഖലയ്ക്ക്—പ്രത്യേകിച്ച് നെൽകൃഷി ഉൽപ്പാദനത്തിന്—വേണ്ടി നൽകുമെന്ന് പ്രഖ്യാപിച്ചു. അതിൻെറ അടിസ്ഥാനത്തിൽ പ്രധാനമന്ത്രിയുടെ സ്കീം നടപ്പാക്കി. നല്ല പദ്ധതി. പക്ഷേ നിയമസഭയ്ക്ക് പുറത്തെല്ലാം ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. പി. ജോർജ് പറഞ്ഞത് 50 കോടി രൂപ പ്രധാനമന്ത്രി പ്രത്യേക ധനസഹായമായി കേരളത്തിന് നൽകുന്നു എന്നാണ്. അതിൻെറ അടിസ്ഥാനത്തിൽ 50 കോടി രൂപയുടെ അനുവാദം കിട്ടുമെന്നുള്ള പ്രതീക്ഷയിൽ 82 കോടി രൂപയുടെ പദ്ധതികൾ നാം ഏറെറടുത്തു. കേന്ദ്ര ഗവൺമെൻറിൽ നിന്ന് ഇപ്പോൾ ആകെ എത്രയാണ് ലഭിച്ചിട്ടുള്ളത്? ആകെ 20 കോടിയിൽ ചില്ലാനം രൂപ മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളു. ബാക്കി ഏറെറടുത്ത പ്രവർത്തനങ്ങൾക്ക് പണം കൊടുക്കുവാൻവേണ്ടി, ഗ്രൂപ്പ് ഫാമിംഗിനുവേണ്ടി നീക്കിവച്ച മുഴുവൻ തുകയും ഡൈവർട്ട് ചെയ്ത് പ്രധാനമന്ത്രിയുടെ പദ്ധതി നടപ്പാക്കുന്ന പാടശേഖരങ്ങൾക്കു വേണ്ടി മാത്രമായി മാററി വയ്ക്കുകയാണ്. അതിൻെറ ഫലമായി കേന്ദ്ര ഗവൺമെൻറ് നമുക്ക് നൽകിയ ഒരു വാഗ്ദാനത്തിൽ നിന്ന് പുറകോട്ട് പോയതിൻെറ ഫലമായി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഇവിടെ ഇല്ലായ്മ ചെയ്തിരിക്കുന്നു എന്നുള്ളതാണ് യഥാർത്ഥത്തിൽ വന്ന സ്ഥിതി. അത് നടപ്പിലാക്കാത്തതിൻെറ ഫലമായി ഇവിടെ മുരടിപ്പ് ഉണ്ടായിരിക്കുന്നു. കോൾ നിലങ്ങളിലെ പമ്പിംഗ് സബ്സിഡിയുടെ കുടിശ്ശികയെ സംബന്ധിച്ച് ബഹുമാനപ്പെട്ട വി. വി. രാഘവൻ പറഞ്ഞു. അവിടെ മാത്രമുള്ളതാണോ? ആലപ്പുഴ ജില്ലയിലെ പുഞ്ച സ്പെഷ്യൽ ആഫീസിൻെറ കീഴിൽ രണ്ടു കോടിയിലേറെ രൂപ കുടിശ്ശിക ഉണ്ട്. കോട്ടയം ജില്ലയിലെ പുഞ്ച സ്പെഷ്യൽ ആഫീസിൻെറ കീഴിലും കുടിശ്ശിക ഉണ്ട്. മൂന്ന് സീസണിലെ കൃഷിയുടെ പമ്പിംഗ് സബ്സിഡി ഇനിയും കുടിശ്ശികയായി കൊടുക്കുവാനുള്ളപ്പോൾ, ആ മൂന്ന് സീസൺ കഴിഞ്ഞു പുഞ്ച സ്പെഷ്യൽ ആഫീസർ പൈസ കൊടുക്കുമ്പോൾ പിനൽ ഇൻററസ്ററ് സഹിതം ഇലക്ട്രിസിററി ബോർഡ് ഇലക്ട്രിസിററി ചാർജ്ജ് ഈടാക്കുന്നു. ഗവൺമെൻറ് മൂന്ന് സീസൺ കഴിഞ്ഞ് പണം കൊടുക്കുന്നു. ഇലക്ട്രിസിററി ബോർഡ് പൂർവ്വകാല പ്രാബല്യത്തോടുകൂടി പിഴപലിശ സഹിതം കൃഷിക്കാരനിൽനിന്ന് ഈടാക്കുകയും ചെയ്യുന്നു. അതാണ് സ്ഥിതി. കാർഷിക നയത്തിൽ പറഞ്ഞു ഇലക്ട്രിസിററി ചാർജ് നേരിട്ട് അടയ്ക്കുന്ന സിസ്ററം ഉണ്ടാക്കുമെന്ന്. ഇതുവരെ നടപ്പാക്കിയോ?

LIBRARY ARCHIVES Kerala Legislative Assembly

Page 40 of 124

പ്രഖ്യാപനം നടത്തി, എന്തു? ചെറിയ ആനുകൂല്യങ്ങളെല്ലാം നിർത്തി. പ്രൊഡക്ഷൻ ഇൻസെൻറീവ് ആയി ഏക്കറിന് 100 രൂപ വീതവും, ഹെക്ടറിന് 250 രൂപ വീതവും നൽകുമെന്ന് പ്രഖ്യാപിച്ചു. ഇത് 1992–93-ൽ പറഞ്ഞതാണ്. എന്നാൽ ആ വർഷം 100 രൂപ വച്ചുള്ള വളം സബ്സിഡിപോലും കൊടുത്തിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിൽ 250 രൂപ പ്രകാരം ഇരുപ്പൂ കൃഷി ചെയ്ത പാടശേഖരങ്ങൾക്ക് പ്രൊഡക്ഷൻ ഇൻസെൻറീവ് കൊടുക്കാൻ 1,66,00,000 രൂപ വേണ്ട സ്ഥാനത്ത് ആകെ നൽകിയത് 34 ലക്ഷം രൂപയാണ്. അധീഷണൽ ക്രോപ്പിന് മാത്രമായി ആ തുക വിനിയോഗിച്ചിരുന്നു. അതുകൊണ്ട് മൂപ്പു കൃഷിക്കാർക്ക് വളം സബ്സിഡി ഇനിയും കുടിശ്ശികയായി നിൽക്കുന്നു. ഇപ്പോൾ നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഈ ബഡ്ജററിൽ പ്രൊഡക്ഷൻ ഇൻസെൻറീവ് എന്നുള്ള നിലയിൽ ഫെർട്ടിലൈസേഴ്സ് സബ്സിഡിക്ക് വേണ്ടിയിട്ടുള്ള ഹെഡ് ഓഫ് അക്കൗണ്ടുപോലും ഇല്ലാതായിരിക്കുന്നു. കഴിഞ്ഞ വർഷം വരെ നാമമാത്രമായിട്ടെങ്കിലും ബഡ്ജററിൽ വളം സബ്സിഡിക്കു വേണ്ടി തുക നീക്കിവയ്ക്കാൻ കഴിഞ്ഞു. എന്നാൽ ഇപ്പോൾ അതിനുവേണ്ടി ഒരു നയാപൈസപോലും ഇല്ലെന്ന് ഹെഡ് ഓഫ് അക്കൗണ്ട് തന്നെ പറയുന്ന ഒരു സ്ഥിതിയിൽ എങ്ങനെ പ്രൊഡക്ഷൻ ഇൻസെൻറീവ് കൊടുക്കാൻ കഴിയും? ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയെക്കുറിച്ച് ശ്രീ. പി. പി. ജോർജ് സബ്ജക്ട് കമ്മിററിയിൽ എന്താണ് പറഞ്ഞത്. കൃഷി വകുപ്പ് പ്രൊഡക്ഷൻ ഇൻസെൻറീവിനുവേണ്ടി തുക നീക്കിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ധനകാര്യവകുപ്പിലേക്ക് എഴുതിയെങ്കിലും ധനകാര്യവകുപ്പ് അത് ഉൾക്കൊള്ളിച്ചില്ല എന്നാണ്. അപ്പോൾ ബഡ്ജററ് രൂപീകരണത്തിൽപോലും ഗ്രൂപ്പടിസ്ഥാനത്തിലാണ് കാര്യങ്ങൾ എന്നു മനസ്സിലാകും. അതിൻെറ ഫലമെന്താണ് സർ? ആനുകൂല്യം 250 രൂപയായി വർദ്ധിപ്പിച്ചതുമില്ല, കിട്ടിക്കൊണ്ടിരുന്ന 100 രൂപപോലും ഇല്ലായ്മ ചെയ്യുന്ന ഒരു സ്ഥിതിയിലേക്ക് പോയിരിക്കുകയാണ്. കൃഷിവകുപ്പ് കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ നൽകാം എന്നു പറഞ്ഞതല്ലാതെ ഒന്നും നൽകുന്നില്ല. പണ്ട് ഒരു കല്യാണ ആലോചനയെക്കുറിച്ച് പറയാറുണ്ടല്ലോ. ആ കഥ പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. പണ്ട് ഞങ്ങളുടെ നാട്ടിൽ ഒരാൾ കല്യാണ ആലോചനയ്ക്ക് വന്നപ്പോൾ, പെണ്ണിൻെറ അപ്പൻ പറഞ്ഞു ഒരു ലക്ഷം രൂപയും 25 പവൻെറ ആഭരണവും നൽകാമെന്ന്. അതിനുശേഷം അദ്ദേഹം ഒന്നു കൂടെ പറഞ്ഞു, ഈ പറഞ്ഞതല്ലാതെ ഒന്നും തരുകയില്ലാ എന്ന്. ശുദ്ധഗതിക്കാരനായ ചെറുക്കൻെറ അപ്പൻ വിചാരിച്ചു, ഈ പറഞ്ഞതു ലക്ഷം രൂപയും 25 പവനും മാത്രമേ കൊടുക്കുകയുള്ളൂ, കൂടുതൽ ഒന്നും തരില്ലായിരിക്കുമെന്ന്. കല്യാണം കഴിഞ്ഞ് വധുവിനെ വരൻെറ വീട്ടിൽ കൊണ്ടാക്കി, എന്നിട്ട് വധുവിൻെറ അമ്മ പോകാൻ നേരത്ത് വധുവിൻെറ കയ്യിലിട്ടിരുന്ന വളയും മററ് ആഭരണങ്ങളുമെല്ലാം ഊരിക്കൊണ്ടുപോയി. എന്താ ഇതെന്ന് ചോദിച്ചപ്പോൾ വധുവിൻെറ അപ്പൻ പറഞ്ഞു, അന്നേ ഞങ്ങൾ പറഞ്ഞില്ലേ ഈ പറഞ്ഞതല്ലാതെ ഒന്നും തരില്ലായെന്ന്. അങ്ങനെ പററിച്ച ആ പണിയാണ് ശ്രീ. പി. പി. ജോർജ് കേരളത്തിലെ കൃഷിക്കാരോട് ചെയ്യുന്നത്. കേരളത്തിലെ കൃഷി മേഖല സംപുഷ്ടമാക്കുവാൻ നിരവധി കാര്യങ്ങൾ ചെയ്യാമെന്ന് പറഞ്ഞതല്ലാതെ ഒന്നും ഇല്ലാ എന്നുള്ള നിലപാട് എടുത്തിരിക്കുന്ന ഈ വകുപ്പിലെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ചാഴികാടൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കേരളത്തിലെ കാർഷിക മേഖലയുടെ അടിസ്ഥാന പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് അതിന് പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കുകയാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെയ്തിട്ടുള്ളത്. ഇതിന്റെ ആദ്യ നടപടി എന്നുള്ള നിലയിലാണ് കാർഷിക നയം പ്രഖ്യാപിച്ചത്. കാർഷിക മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങളെക്കുറിച്ച് ഇത്രമാത്രം ഗൗരവമായി പഠിക്കുന്നതിന് തയ്യാറായിട്ടുള്ള മറ്റൊരു ജനകീയ സർക്കാരും ഈ സംസ്ഥാനത്ത് ഇതിനുമുൻപ് അധികാരത്തിൽ വന്നിട്ടില്ല. ഇന്ന് കേരളത്തിലെ കാർഷിക മേഖലയിലെ ജനപ്പെരുപ്പംകൊണ്ട് കൃഷിഭൂമി കൈവശം വയ്ക്കുന്ന കൃഷിക്കാരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 1981-ൽ കേരളത്തിലെ കൃഷിഭൂമി കൈവശം വയ്ക്കുന്നവരുടെ എണ്ണം ഏതാണ്ട് 46 ലക്ഷം മാത്രമായിരുന്നു. അതിനുശേഷം 1991-ലെ സെൻസസ് എടുക്കുമ്പോൾ കൃഷിഭൂമി കൈവശം വയ്ക്കുന്നവരുടെ എണ്ണം 54 ലക്ഷം ആയിരിക്കുകയാണ്. അതേസമയം ഇത്രമാത്രം, അതായത് 54 ലക്ഷത്തോളം വരുന്ന ഹോൾഡിംഗ്സിൽ ആറ് ലക്ഷത്തോളം വരുന്നവരുടെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം വെറും 5 സെൻറാണ്. 40 ലക്ഷത്തോളം വരുന്നവരുടെ കൈവശഭൂമിയുടെ വിസ്തീർണ്ണം ഏതാണ്ട് അര ഹെക്ടറിൽ താഴെയാണ്. ഇതിൽനിന്ന് നമുക്ക് കാണുവാൻ കഴിയുന്നത് കാർഷികവൃത്തി ന്യായമായി, ശാസ്ത്രീയമായി നടത്തുവാൻ കഴിയുന്ന ഒരു സാഹചര്യം കേരളത്തിലില്ല എന്നുള്ളതാണ്. അവിടെയാണ് പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി അനുസരിച്ച് കഴിഞ്ഞ വർഷം ഈ സർക്കാർ നടപ്പാക്കിയ ഊർജ്ജിത നെല്ലുൽപ്പാദന പദ്ധതിയും അതിനോടനുബന്ധിച്ച് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടി ചെലവാക്കിയ തുകയും നാം കാണേണ്ടത്. 60 കോടി രൂപയോളം മുടക്കി കേരളത്തിലെ നെൽകൃഷി മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചു. ഒരുപ്പൂ മാത്രം കൃഷി നടത്തിയിരുന്ന കൃഷിഭൂമിയിൽ ഇരുപ്പൂ നടപ്പാക്കുന്നതിനു വേണ്ടിയിട്ടും, അതുപോലെതന്നെ അവിടെ വെള്ളപ്പൊക്കം വരുമ്പോൾ ദുരിതം അനുഭവിക്കുന്ന കൃഷിക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി ബണ്ട് നിർമ്മിക്കുന്നതിനു ചെലവാക്കിയതാണ് ഈ തുക. ആ രീതിയിൽ അടിസ്ഥാന പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് കേരളത്തിലെ കാർഷിക മേഖലയിൽ യഥാർത്ഥ കൃഷിക്കാർ അനുഭവിക്കുന്ന പ്രശ്നങ്ങൾ, കൃഷിഭൂമിയുടെ ഭൗർലഭ്യം തുടങ്ങിയവ മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കുവാൻ ഈ സർക്കാർ മുമ്പോട്ടുവന്നു എന്നുള്ളതും തീർച്ചയായിട്ടും അഭിമാനിക്കുവാൻ വക നൽകുന്ന ഒരു കാര്യമാണ്, നമുക്കറിയാം ഇന്ന് കേരളത്തിലെ കൃഷിക്കാരിൽ ധാരാളം ആളുകളും തമിഴ്നാട്ടിൽ പോയി അവിടെ കൃഷിഭൂമി വാങ്ങി കൃഷി ചെയ്യുന്നുണ്ട്. കേരളത്തിൽ കൃഷിഭൂമി ലഭ്യമാണെങ്കിൽ തീർച്ചയായിട്ടും ഇങ്ങനെ ഒരു സാഹചര്യം ഉണ്ടാവുകയില്ലായിരുന്നു. തിരുനെൽവേലി ജില്ലയുടെ പകുതിയോളം ഭാഗം കേരളീയരായ കൃഷിക്കാരുടെ കൈവശമാണെന്നാണ് പറയുന്നത്. കാർഷിക മേഖലയിലെ ഈ പ്രശ്നം മനസ്സിലാക്കിക്കൊണ്ട് അതിനു പരിഹാരം കാണുക എന്നുള്ള നടപടിയിലേക്കാണ് ഈ സർക്കാർ പോയിക്കൊണ്ടിരിക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാന്യനായ വി. വി. രാഘവൻ പ്രസംഗിച്ചപ്പോൾ പറയുകയുണ്ടായി കൂടുതൽ ഭൂമി കാർഷികരംഗത്തേക്ക് കൊണ്ടുവരുന്നതിന് ഈ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ഒന്നും ചെയ്തിട്ടില്ല എന്ന്. എനിക്കു ചോദിക്കുവാനുള്ളത്, അദ്ദേഹം അധികാരത്തിൽ ഇരുന്ന കാലത്ത് എത്രയോ ഏക്കർ ഭൂമി, കൃഷി ആവശ്യത്തിന് ഉപയോഗിച്ചുകൊണ്ടിരുന്ന ഭൂമി, മററ് ആവശ്യങ്ങൾക്കായിട്ട് നൽകിയിട്ടുണ്ട് എന്നാണ്. കരുനാഗപ്പള്ളിയിലെ പാഡി സീഡ് ഫാം നികത്തി ഫാക്ടറി സ്ഥാപിക്കുന്നതിന് തീരുമാനിച്ചത് അദ്ദേഹം കൃഷിവകുപ്പുമന്ത്രിയായിരുന്ന കാലത്താണ്. അതുപോലെ തന്നെ 100 കണക്കിന് ഹെക്ടർ ഭൂമി കായംകുളം ഫാം നികത്തി എൻ.ടി.പി.സി.-യെ ഏൽപ്പിച്ചതും അദ്ദേഹത്തിന്റെ കാലത്തായിരുന്നു എന്നുള്ളത് നിഷേധിക്കുവാൻ കഴിയും എന്ന് ഞാൻ കരുതുന്നില്ല. അതുപോലെ ആലപ്പുഴയിലെ ഇളയപ്പാട് വ്യവസായ കേന്ദ്രത്തിന് വസ്തു കൊടുത്തതും കൃഷിഭൂമി കൊടുത്തതും അദ്ദേഹത്തിന്റെ കാലത്തായിരുന്നു. ഈ സംസ്ഥാനത്തിൽ അധികാരത്തിൽ വന്നിട്ടുള്ള ജനകീയ സർക്കാരുകൾക്ക് ഒന്നും ചെയ്യാൻ കഴിയാതിരുന്ന കാര്യം, ഏതാണ്ട് 100, 150 വർഷങ്ങൾക്ക് മുൻപ് അന്ന് തിരുവിതാംകൂർ ഭരിക്കുന്ന മഹാരാജാവിന്റെ കാലത്ത് അതായത് 1834-ൽ കുട്ടനാട്ടിലെ കായൽ പ്രദേശം reclaim ചെയ്യുന്നതിന് നടപടി സ്വീകരിച്ചു എന്നുള്ളത് പ്രത്യേകം സ്മരിക്കേണ്ട കാര്യമാണ്. അന്ന് ഏതാണ്ട് അൻപതിനായിരം രൂപയോളം കൃഷിക്കാർക്ക് വായ്പയായി വളരെ ചുരുങ്ങിയ പലിശയ്ക്ക് നൽകാനും സൗജന്യമായി കൃഷി നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പാട് ചെയ്തുകൊടുക്കാനും മഹാരാജാവ് നടപടി സ്വീകരിച്ചതിനുശേഷം കേരളത്തിൽ ഈ മേഖലയിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണെന്നുള്ള കാര്യത്തിൽ സംശയമില്ല.

ബഹുമാനപ്പെട്ട വി. വി. രാഘവൻ ഇവിടെ പറയുകയുണ്ടായി, പമ്പിംഗ് സബ്സിഡി കൊടുക്കുന്ന കാര്യത്തിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ടെന്ന്. അദ്ദേഹം ഇവിടെ കൃഷി വകുപ്പുമന്ത്രിയായിരുന്ന കാലത്തും ഇതുപോലെ പമ്പിംഗ് സബ്സിഡി കുടിശ്ശിക ഉണ്ടായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്റെ നിയോജക മണ്ഡലത്തിൽ തന്നെയുള്ള ധാരാളം ആളുകൾക്ക് കഴിഞ്ഞ അനേകം നാളുകളായി, കഴിഞ്ഞ നാലു വർഷത്തിനു മുൻപുള്ള പമ്പിംഗ് സബ്സിഡിപോലും കുടിശ്ശിക ഉണ്ടായിരുന്നു. ഇന്ന് അത് കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നമ്മുടെ ഈ വർഷത്തെ ബഡ്ജററിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്, പമ്പിംഗ് സബ്സിഡി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന്. ഇപ്പോഴും സബ്സിഡിയിൽ കുടിശ്ശിക ഉണ്ട്, യാതൊരു സംശയവുമില്ല. പക്ഷെ ഇത് കൊടുത്തുതീർക്കുന്നതിനുള്ള ആത്മാർത്ഥ ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നും നടക്കുന്നുണ്ട്. കാലതാമസം വന്നിട്ടുള്ള മുൻകാലങ്ങളിലെ കുടിശ്ശിക തീർക്കാനുള്ള നടപടികൾ സ്വീകരിക്കുമ്പോൾ വീണ്ടും പുതിയ കുടിശ്ശിക ഉണ്ടാകും, സംശയമില്ല, എങ്കിലും അത് എത്രയുംവേഗം കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്നുള്ളത് പ്രത്യേകം സന്തോഷമുള്ള കാര്യമാണ്.

സർ, ഇന്ന് പേപ്പറിൽ കണ്ടു, കേന്ദ്ര കൃഷിവകുപ്പുമന്ത്രി കൃഷിയെ ഒരു വ്യവസായമായി പ്രഖ്യാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നു എന്ന്. നമുക്ക് വളരെ അധികം സന്തോഷമുള്ള കാര്യമാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

കേരള കോൺഗ്രസ് പ്രസ്ഥാനമാണ് ഇൻഡ്യയിൽ ഏററവും ആദ്യമായിട്ട് കൃഷിയെ ഒരു വ്യവസായമായി പ്രഖ്യാപിക്കണം എന്ന് ആവശ്യപ്പെട്ടത്. വടക്കേ ഇൻഡ്യയിലെ കൃഷിക്കാർ അവരുടെ കൈവശമുള്ള വിസ്തൃതമായ കൃഷിഭൂമിയിൽ, 100, 200, 300 ഹെക്ടർ ഭൂമിയിൽ, കൃഷി ചെയ്യുമ്പോൾ, അവർക്ക് വ്യവസായപരമായ സൗകര്യങ്ങൾ ലഭിക്കും. അല്ലെങ്കിൽ ഒരു വ്യവസായം തുടങ്ങുമ്പോൾ ലഭിക്കുന്ന രീതിയിലുള്ള എല്ലാ സൗകര്യങ്ങളും ലഭിക്കും. കേരളത്തിലെ കൃഷിക്കാരൻ 50 സെൻറിലും, ഒരേക്കറിലും ഒന്നര ഏക്കറിലും കൃഷി ചെയ്യുന്നു. റബ്ബർ കർഷകന്, നെൽ കർഷകന്, മററ് ചെറുകിട കർഷകന് ലഭിക്കുന്ന സൗകര്യങ്ങൾ തികച്ചും പരിമിതമാണ്. തീർച്ചയായും കേരളത്തിലെ കൃഷിക്കാരൻെറ പ്രത്യേകമായ സൗകര്യങ്ങൾ മനസ്സിലാക്കി, അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി, അതിന് പരിഹാരം കാണുന്നതിനുള്ള നടപടികൾ ബഹുമാനപ്പെട്ട നമ്മുടെ കൃഷി വകുപ്പു മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർ, റബ്ബറിൻെറ കാര്യത്തിൽ വളരെയധികം ഉത്കണ്ഠ ഉളവാക്കുന്ന ഒരു വാർത്ത പത്രത്തിൽ കണ്ടു. ഇൻഡ്യയിൽ ടയർ വ്യവസായികളുടെ സമ്മർദ്ദത്തിന് വഴങ്ങി കേന്ദ്ര ഗവൺമെൻറ് ടയർ ഓപ്പൺ ജനറൽ ലൈസൻസിൽപ്പെടുത്തി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. തീർച്ചയായും ഇൻഡ്യയിൽ ഏററവും കൂടുതൽ റബ്ബർ ഉൽപ്പാദിപ്പിക്കുന്ന കേരളത്തിലെ റബ്ബർ കൃഷിക്കാരോട് ചെയ്യുന്ന ഏററവും വലിയ അനീതിയായിരിക്കും അതെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ മുഖ്യമന്ത്രി പ്രത്യേകമായ ശ്രദ്ധ ചെലുത്തി കേരളത്തിലെ റബ്ബർകൃഷിക്കാരെ ബുദ്ധിമുട്ടിലാക്കുന്ന ഈ നയം നടപ്പിലാക്കുന്നതിൽനിന്നും കേന്ദ്ര ഗവൺമെൻറിനെ പിൻതിരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സി. പി. ബാലൻ വൈദ്യർ: സർ, അങ്ങ് കേരള കോൺഗ്രസ് മാണി ഗ്രൂപ്പിൻെറ പ്രതിനിധി ആണല്ലോ. അദ്ധ്വാന വർഗ്ഗത്തെ പ്രതിനിധീകരിക്കുന്നവരാണ് കേരള കോൺഗ്രസ് മാണി ഗ്രൂപ്പ് എന്നാണ് പറയുന്നത്. നാളികേരം ഉൾപ്പെടെയുള്ള കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്, രാസവളത്തിൻെറ അമിതമായ വിലവർദ്ധനവ് ഇതെല്ലാംകൊണ്ട് കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടിനെക്കുറിച്ച് ഒരു വാക്കുപോലും അങ്ങ് പറഞ്ഞില്ലല്ലോ. അപ്പോൾ കൃഷിക്കാര്യം അങ്ങയുടെ പാർട്ടിയും തമ്മിലുള്ള ബന്ധം എന്താണ്?

ശ്രീ. തോമസ് ചാഴികാടൻ: നാളികേര കർഷകർ ഉൾപ്പെടെയുള്ള കൃഷിക്കാർ വളത്തിൻെറ വില വർദ്ധനവുമൂലവും കൂലിയിലുള്ള വർദ്ധനവുമൂലവും വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരള കോൺഗ്രസ് കൃഷിക്കാരുടെ പാർട്ടിയാണ്. ആ പാർട്ടി കേരളത്തിലെ കൃഷിക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നടത്തിയിട്ടുള്ള ശ്രമങ്ങൾ മറു വശത്തിരിക്കുന്നവർപോലും നടത്തിയിട്ടുണ്ട് എന്ന് ഞാൻ കരുതുന്നില്ല. കഴിഞ്ഞ വർഷം ഇവിടെ നടപ്പിലാക്കിയ പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതിയനുസരിച്ചുള്ള വികസനപരിപാടികൾകൊണ്ട് യഥാർത്ഥത്തിൽ ഏറെ ഗുണം ഉണ്ടായിരിക്കുന്നത് കർഷകത്തൊഴിലാളികൾക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly

Page 44 of 124

നമ്മുടെ കണക്കനുസരിച്ച് കേരളത്തിലെ വർക്ക്ഫോഴ്സിന്റെ മൊത്തം എണ്ണം 84 ലക്ഷമാണ്. ഇതിൽ പത്തുലക്ഷം മാത്രമേ യഥാർത്ഥ കൃഷിക്കാരുള്ളു. ബാക്കി വരുന്നത് കർഷകത്തൊഴിലാളികളാണ്. കഴിഞ്ഞ വർഷം പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതിയനുസരിച്ച് നടപ്പിലാക്കിയ പദ്ധതികൾ മൂലം യഥാർത്ഥത്തിൽ പ്രയോജനം ലഭിച്ചിരിക്കുന്നത് കുട്ടനാടൻ മേഖലയിലെ പാടശേഖരങ്ങളിൽ ബണ്ട് നിർമ്മിച്ചപ്പോൾ പണിയെടുത്ത കർഷകത്തൊഴിലാളികൾക്കാണ്. അവിടെ കൂടുതൽ തൊഴിലവസരങ്ങളും തൊഴിൽ ദിനങ്ങളും ഉണ്ടായി. അതിന്റെ പ്രയോജനം കൃഷിക്കാർക്ക് കിട്ടിയതിനേക്കാൾ കൂടുതൽ ലഭിച്ചിട്ടുള്ളത് കർഷകത്തൊഴിലാളികൾക്കാണ്.

ആരോഗ്യപരിപാലന രംഗത്ത് ലോകത്തുവച്ച് വളരെയധികം മുന്നോട്ടുപോയ ഒരു സംസ്ഥാനമാണ് കേരളം. ദേശീയ ആരോഗ്യ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞതിനേക്കാൾ കൂടുതൽ നേട്ടം നമ്മൾ നേടിയിട്ടുണ്ട്. രണ്ടായിരമാണ്ടിൽ ദേശീയതലത്തിൽ കൈവരിക്കേണ്ട നേട്ടം നമ്മൾ ഇപ്പോൾത്തന്നെ നേടിയിരിക്കുകയാണ്. ഇന്ന് ആശുപത്രികളിൽ ചാർജ് ഈടാക്കുന്നതിനെക്കുറിച്ച് പ്രതിപക്ഷം വലിയ ഒച്ചപ്പാട് ഉണ്ടാക്കുന്നുണ്ട്, ആരോഗ്യപരിപാലന രംഗത്ത് ശാസ്ത്രീയമായ നേട്ടങ്ങൾ ഉണ്ടായപ്പോൾ കൂടുതൽ മുതൽ മുടക്കേണ്ട സാഹചര്യം വന്നു. അതിനുള്ള പണം കണ്ടെത്താൻ നമ്മുടെ സർക്കാരിന് കഴിയുന്നില്ലെങ്കിൽ സാമ്പത്തികമായി കഴിവുള്ളവരിൽനിന്ന് ആ പണം വാങ്ങുന്നതിൽ യാതൊരു തെററുമില്ല. മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ ഒരു കാര്യം കൂടി പറയട്ടെ. കേരളത്തിൽനിന്നുള്ള ആയിരക്കണക്കിന് വിദ്യാർത്ഥികൾ പാരാമെഡിക്കൽ കോഴ്സുകൾ, നേഴ്സിംഗ്, ബീഫാം ഫിസിയൊതെറാപ്പി തുടങ്ങിയ കോഴ്സുകൾക്ക് തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ പോയി ഒന്നും രണ്ടും ലക്ഷം രൂപ മുടക്കുന്നു. കേരളത്തിൽ മുടക്കേണ്ട ലക്ഷക്കണക്കിന് രൂപ അന്യ സംസ്ഥാനങ്ങളിലേക്ക് പോകുകയാണ്. അവിടെ സൗകര്യങ്ങൾ വളരെ പരിമിതമാണ്. അടുത്തകാലത്ത് സെൻട്രൽ നേഴ്സിംഗ് കൗൺസിലിന്റെ പ്രസിഡൻറുതന്നെ പറഞ്ഞതാണ്, അവർ തമിഴ്നാട്ടിൽ ഒരു സ്ഥാപനത്തിൽ ഇൻസ്പെക്ഷന് ചെന്നപ്പോൾ കണ്ടത് രണ്ട് ഷെഡ്ഡുകളിൽ ക്ലാസ്സുകൾ നടത്തുന്നതാണ്. അവിടെ ഒരു ആശുപത്രി പോലുമില്ലാത്ത സ്ഥാപനങ്ങൾ നേഴ്സിംഗ് വിദ്യാഭ്യാസവും പാരാമെഡിക്കൽ കോഴ്സുകളും നടത്തുമ്പോൾ നമ്മുടെ സംസ്ഥാനത്ത് രണ്ടു മൂന്നു നേഴ്സിംഗ് സ്കൂളുകൾ നടത്താൻ സൗകര്യമുള്ള ആതുരാലയങ്ങളും ആശുപത്രികളും ഉണ്ട്. അവിടെ അതിനുള്ള അനുവാദം കൊടുക്കാൻ ഗവൺമെൻറ് വിമുഖത കാണിക്കുന്നു. കൂടുതൽ നേഴ്സിംഗ് സ്കൂളുകൾ ആരംഭിക്കാൻ ഗവൺമെൻറ് അനുവാദം കൊടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കൃഷിവകുപ്പിൽ ഇത്രയും ഭംഗിയായി അഴിമതി നടത്താൻ ശ്രീ. പി. പി. ജോർജിന് അല്ലാതെ വേറെ ആർക്കും കഴിയുകയില്ല. പാവപ്പെട്ട കൃഷിക്കാരുടെ പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരുന്ന ഒരു മന്ത്രിയെ കേരളത്തിൽ ഇതുവരെ കണ്ടിട്ടില്ല. 1992 മാർച്ച് 31-ാം തീയതി ഇവിടെ ഒരു കാർഷിക നയം പ്രഖ്യാപിച്ചു. അത് ഓരോന്നായി നടപ്പിലാക്കിയെന്നാണ് അദ്ദേഹം ഇവിടെ പറയുന്നത്. എന്താണ് കാർഷികനയംകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിക്കുന്നത്. ഇവിടെ കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുക, കൃഷിക്കാർക്ക് വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക, രാസവളത്തിന്റെ വില കുറച്ചുകൊടുക്കുക ഇതൊക്കെയാണ് ഉദ്ദേശമെന്നു പറയുന്നു. 1992 ആഗസ്റ്റ് മാസത്തിലാണ് വളത്തിന്റെ വില കൂട്ടിയത്. അത് കൃഷിക്കാർക്ക് താങ്ങാനാവുകയില്ലെന്ന് പറഞ്ഞ് ഈ രാജ്യത്തിലെ എല്ലാ ആളുകളും പ്രക്ഷോഭം ആരംഭിച്ചു. അതിന്റെ ഫലമായി കേന്ദ്രഗവൺമെന്റ് കൃഷിക്കാരുടെ കണ്ണിൽ പൊടിയിടാൻവേണ്ടി ഒൻപത് കോടി എൺപത്തിനാല് ലക്ഷം രൂപ അനുവദിച്ചു. ആ പണം എവിടെ വിതരണം നടത്തി; എങ്ങനെ വിതരണം നടത്തി എന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ പറയണം. ഇതിൽനിന്നും പാവപ്പെട്ട ആളുകൾക്ക് ഒരു രൂപപോലും സബ്സിഡിയിനത്തിൽ കൊടുത്തില്ല. പ്രധാനമന്ത്രി പ്രഖ്യാപിച്ച പ്രത്യേക പദ്ധതി പ്രകാരം 21 കോടി 68 ലക്ഷം രൂപ എങ്ങനെ ചെലവാക്കിയെന്ന് പറയാൻ നിങ്ങൾക്ക് ബാദ്ധ്യതയുണ്ട്. അത് ചെലവാക്കുന്നതിന് ഒരു രീതി വേണം. കൃഷിക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. എന്റെ നാട്ടിൽ ഇവിടത്തെ നിയമസഭാ കമ്മിററി പോയി ഒന്ന് അന്വേഷിക്കണം. മുഖ്യമന്ത്രിയുടെ അടുത്ത ശിഷ്യനായ ശ്രീ. പി. പി. ജോർജ് ഇത് എങ്ങനെ ചെലവഴിച്ചു വെന്ന് മുഖ്യമന്ത്രി അറിയണം. കൃഷിക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ അവിടെ മൂന്ന് വർക്കുകൾ നടത്തി. ഒരു വർക്ക് കോൺട്രാക്ടർ കേശവന് കൊടുത്തു. പുഴയുടെ വക്കിലാണ് അദ്ദേഹത്തിന്റെ കൃഷി. അദ്ദേഹത്തിന് കോമ്പൗണ്ട്വാൾ കെട്ടാൻ ആറു ലക്ഷം രൂപ അനുവദിച്ചു. ജോർജ് മാസ്ററർക്കും എഞ്ചിനീയർക്കും അതിന്റെ വിഹിതം കിട്ടി എന്ന് ഞാൻ പറയുന്നു. ആറു ലക്ഷത്തിൽ മൂന്നുലക്ഷം രൂപ പോലും അവിടെ ചെലവാക്കിയില്ല. മൂന്നു ലക്ഷം രൂപയും നിങ്ങളുടെ വിശ്വസ്തനായ എഞ്ചിനീയറെ ഏൽപ്പിച്ചു. അങ്ങ് അല്ലേ സാംഗ്ഷൻ കൊടുത്തത്. എ. പി. സി.-യും അങ്ങും തമ്മിലുള്ള ബന്ധം എന്താണ്? മററ് രണ്ട് വർക്കുകൾ എന്ന് പറയുന്നത് കൃഷിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻകൊടുത്ത രണ്ട് റോഡുകളുടെ പണിയാണ്. അത് നാലും അഞ്ചും ലക്ഷം രൂപ. അതിൽ എന്ത് കിട്ടി? ഇത് അങ്ങ് കൃഷിയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ചതാണോ? പാഡിബോർഡ് ഉണ്ടാക്കും എന്നു പറഞ്ഞു. ബോർഡ് ഉണ്ടാക്കിയോ? പ്രഖ്യാപനം നടത്തിയാൽ മാത്രം പോരാ. നിയമനിർമ്മാണം നടത്തണം. അത് അങ്ങയുടെ കാലാവധി കഴിഞ്ഞശേഷം ആയിരിക്കും നടത്താൻ പോകുന്നത്. ഒരു ഭാഗത്ത് ഉൽപ്പാദനം വർദ്ധിച്ചുവെന്ന് പറയുന്നു. പാലക്കാട് ജില്ലയിൽ ഉൽപ്പാദനം വർദ്ധിച്ചുവെന്ന് പറയുന്നു. അവിടെ രാസവളത്തിന് കഴിഞ്ഞ പ്രാവശ്യം കൊടുത്ത സബ്സിഡിയുടെ പകുതിപോലും കിട്ടിയില്ല. പിന്നെ എങ്ങനെയാണ് ഉൽപ്പാദനം വർദ്ധിക്കുന്നത്? പാലക്കാട് ജില്ലയിൽ കൊയ്ത്തു നടക്കുമ്പോൾ തമിഴ്നാട്ടിൽ വില കൂടുതലാണ്. മുഴുവൻ നെല്ലും അങ്ങോട്ട് പോകുകയാണ്. ഇപ്രാവശ്യം തമിഴ്നാട്ടിലെ വിലയേക്കാൾ കൂടുതൽ വില കേരളത്തിൽ വന്നു. അപ്പോൾ തമിഴ്നാട്ടിൽനിന്ന് നെല്ല് ഇങ്ങോട്ട് വന്നു. ആ നെല്ലിന്റെ കണക്കും കൂടി കൂട്ടിയിട്ടാണ് നെല്ലുൽപ്പാദനം വർദ്ധിച്ചുവെന്ന് പറയുന്നത്. ഇത് ആളുകളെ പററിക്കുന്ന ഏർപ്പാടാണ്. രാസവളത്തിന് കഴിഞ്ഞ വർഷം പകുതിയിൽ താഴെ സബ്സിഡി കൊടുത്ത് കൃഷി ഇറക്കി. ഇന്ന് ഈ ദിവസം അമോണിയം സൾഫേററിന് ഒരു ചാക്കിന് 150 രൂപ വർദ്ധിച്ചു. അതോടുകൂടി കരിമ്പുകൃഷി മുഴുവൻ നശിച്ചു. അമോണിയം സൾഫേററാണ് കരിമ്പുകൃഷിക്ക് ഉപയോഗിക്കുന്നത്. എന്നിട്ട് ഞങ്ങൾ കൃഷിക്കാർക്ക് വലിയ സൗകര്യങ്ങൾ ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

Page 46 of 124

കൊടുത്തുവെന്ന് പറയുന്നത് ശരിയല്ല. വിത്തിന് കഴിഞ്ഞ വർഷം കൂടുതൽ സംഖ്യ ചെലവാക്കിയെന്ന് പറഞ്ഞു. കഴിഞ്ഞ പ്രാവശ്യം 485 ലക്ഷം രൂപ അനുവദിച്ചു. ഈ വർഷം അത് 411 ലക്ഷമായിട്ട് കുറഞ്ഞു. നിങ്ങൾ തന്ന രേഖയിലുള്ള കണക്കാണ്. വളത്തിന് 1538 ലക്ഷം രൂപ 1992-93-ൽ ചെലവാക്കി. ഇപ്പോൾ ബഡ്ജററിൽ വച്ചിരിക്കുന്നത് 147 ലക്ഷം രൂപയാണ്. നാണമില്ലേ നിങ്ങൾക്ക്? ഇത് ആരെ പററിക്കാനാണ്. സസ്യസംരക്ഷണത്തിന് 1993-94-ൽ 349 ലക്ഷം രൂപ വച്ചത് ഇപ്പോൾ 178 ലക്ഷമായിട്ട് കുറഞ്ഞു. പയർ കൃഷിക്ക് 1993-94-ൽ ഒരു കോടി രൂപ വച്ചിരുന്നത് ഈ പ്രാവശ്യം 65 ലക്ഷമായിട്ട് അത് കുറഞ്ഞു. യൂറോപ്യൻ സാമ്പത്തിക സമൂഹത്തിൻെറ ഹോർട്ടിക്കൾച്ചറിന് 1993-94-ൽ 20 കോടി വച്ചപ്പോൾ ഈ പ്രാവശ്യം വെറും 17 കോടിയായി അത് കുറഞ്ഞു. അതുപോലെതന്നെ പച്ചക്കറിയുണ്ടാക്കി ഇവിടെ മുഴുവൻ വിതരണം നടത്തും എന്നു പറഞ്ഞു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ)

അതുപോലെതന്നെ പഴ കച്ചവടത്തിൻെറ കാര്യത്തിൽ 50 കോടി ഉറുപ്പിക ചെലവു വരുന്ന ഒരു പദ്ധതിക്ക് നാഷണൽ ഡയറി ഡവലപ്പ്മെൻറ് ബോർഡ് ഒരു സ്കീം ഉണ്ടാക്കിയത് ഗവൺമെൻറിനെ അറിയിച്ചു. കേന്ദ്രഗവൺമെൻറിൽനിന്ന് മുഴുവൻ പൈസ കിട്ടുന്ന ഒരു സ്കീമാണ് അത്. ഇവരുടെ ഉദാസീനത ഒന്നുകൊണ്ടുമാത്രം ആ 50 കോടി ഉറുപ്പിക നമുക്കിന്ന് ഇല്ലാതായിത്തീർന്നിരിക്കുകയാണ്. നേരത്തെ പറഞ്ഞതുപോലെ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി വളരെ ഭംഗിയായി കൃഷിക്കാരെ പററിക്കുകയാണ്. പാലക്കാട് ജില്ലയിലാണല്ലോ 20 കോടി ഉറുപ്പിക പ്രത്യേക പരിപാടി അനുസരിച്ച് നീക്കി വച്ചത്. അത് വളരെ ഭംഗിയായിട്ടാണ് അദ്ദേഹം ചെയ്തത്. പുതിയ സീഡ് എക്സ്ചേഞ്ച് പരിപാടി അതായത് വിത്ത് കൈമാററ പരിപാടി. ഞങ്ങളൊന്നും കണ്ടില്ല. ഞങ്ങളൊക്കെ കൃഷിക്കാരാണ്. എത്രയോ വർഷമായി കൃഷിഭവനുമായി ബന്ധപ്പെടുന്നു. സീഡ് എക്സ്ചേഞ്ച് പരിപാടിയിൽ പാലക്കാട് ജില്ലയ്ക്ക് 5 ലക്ഷം ഉറുപ്പിക നീക്കിവച്ചു. ഞാൻ കൃഷിക്കാരനാണെങ്കിൽ ഞാൻ വിത്തുണ്ടാക്കുക എന്നിട്ട് തൊട്ടടുത്ത കൃഷിക്കാരന് കൈമാറുക- അതാണ് സ്കീമിൻെറ ഉദ്ദേശം. ഏത് കൃഷിക്കാരനാണ് അപ്രകാരം വിത്തുണ്ടാക്കി വിതരണം നടത്തിയത് വൗച്ചറിൽ ഒപ്പിട്ടു മേടിച്ചു എന്നെനിക്കറിയാം. അതൊന്നും ഇല്ലെന്ന് പറയുന്നില്ല. ആ 5 ലക്ഷം ഉറുപ്പികയും അങ്ങനെ തട്ടിച്ചെടുത്തില്ലേ! ഒരു ഉറുപ്പിക യഥാർത്ഥ കൃഷിക്കാരന്, വിത്തിന് കൊടുത്തിട്ടുണ്ടോ! ഏജൻറായി ഒരു കൃഷിക്കാരനെ വയ്ക്കുക. എന്നിട്ട് രണ്ടു മൂന്ന് കൃഷിക്കാരെക്കൊണ്ട് ആ വിത്ത് അങ്ങോട്ട് കിട്ടി എന്ന് പറയിപ്പിക്കുക. എന്നിട്ട് വിത്തുണ്ടാക്കി കൊടുത്തു എന്ന് പറയുക. അങ്ങനെ ആ 5 ലക്ഷം ഉറുപ്പികയും തട്ടിയെടുക്കുക. ഇതുവരെ ചെയ്യാത്ത ഒരു പുതിയ പരിപാടിയല്ലേ ഉണ്ടാക്കിയത്. നേരിട്ട് കൃഷിക്കാരൻെറ അടുത്തുനിന്നും വിത്ത് സംഭരിച്ച് വിതരണം നടത്തുന്നതിന് പകരം തമ്മിൽ കൈമാററം ചെയ്യുന്നു എന്ന തട്ടിപ്പുണ്ടാക്കി ആ 5 ലക്ഷം ഉറുപ്പിക തട്ടിയെടുത്തു. ഇങ്ങനെ ചെയ്യാമോ? അതുപോലെതന്നെ വരൾച്ച ദുരിതാശ്വാസ നിധിയിൽനിന്നും പമ്പ്സെററിന് സബ്സിഡി. ഒരു പമ്പ്സെററിന് 1000 ഉറുപ്പിക, ആ സബ്സിഡി യഥാർത്ഥ കൃഷിക്കാരന് എവിടെയെങ്കിലും കിട്ടിയോ? കടയിൽനിന്ന് വൗച്ചർ മേടിച്ച് കൃത്രിമ ബില്ലുണ്ടാക്കി ആ സബ്സിഡി സംഖ്യ മുഴുവൻ തട്ടിയെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

ഒററ കൃഷിക്കാരനും അത് വിതരണം നടത്തിയില്ല. എന്നാൽ കണക്കിലാണെങ്കിലോ വിതരണം നടത്തിയെന്ന് വരുത്തും. ഇത് അന്വേഷിക്കണം. അതുപോലെ സ്പ്രെയർ വിതരണം, അതിൽ 50 ശതമാനം സബ്സിഡിയാണ്. കൃത്രിമ ബില്ലുണ്ടാക്കി അതിലെ ഒരു ഉദ്യോഗസ്ഥനും അവരും കൂടി കംപ്ലീററായിട്ട് തട്ടിയെടുത്തു. വിതരണം നടത്തിയെന്ന് പറയുന്ന സ്പ്രെയർ ഇന്നു പോയി അന്വേഷിച്ചാൽ ഒററ കൃഷിക്കാരന്റെ വീട്ടിലും ഉണ്ടാവില്ല. അതിൽ തട്ടിപ്പ് നടത്തി. അതുപോലെതന്നെ ഉൽപ്പാദന ബോണസ് 250 ഉറുപ്പികവച്ച് നേരത്തെ കൊടുത്തതാണ്. 100 ഏക്കർ ഉണ്ടെങ്കിൽ അത് 25 ഏക്കർ ആണെന്ന് വച്ച് കൊടുത്തു. ബാക്കിയുള്ളതൊന്നും കൊടുത്തില്ല. അങ്ങനെ ഈ ആളുകളെ പററിക്കണമോ? മാത്രമല്ല തട്ടിപ്പിന്റെ പ്രധാനപ്പെട്ട രസമുള്ള ഒരു കാര്യമുണ്ട്. കർഷകർക്ക് കളനാശിനി 5000 ലിററർ മേടിച്ചു. കൃഷി വകുപ്പ് ലിററിന് 64 ഉറുപ്പിക വച്ചാണ് 5000 ലിററർ മേടിച്ചത്. എന്നാൽ ഞങ്ങൾ മേടിച്ചത് 32 ഉറുപ്പികയ്ക്കാണ്. എന്നിട്ട് 50 ശതമാനം സബ്സിഡി വച്ച് 32 ഉറുപ്പികയ്ക്ക് കൊടുത്തു. അത് ആരും മേടിക്കാനില്ല. കൃഷി വകുപ്പ് എന്തെങ്കിലും സെൻട്രൽ പർച്ചേസ് നടത്തിയിട്ടുണ്ടോ? സർവീസ് ബാങ്കുകളിൽ നടത്തും. കൃഷിഭവന്റെ പെർമിററ് കിട്ടും. അത് ഇവിടെ കൊണ്ടുകൊടുക്കുകയാണ്. കൃഷിവകുപ്പ് ആദ്യമായിട്ട് സെൻട്രൽ പർച്ചേസ് നടത്തി. എന്തിനാണ് ഈ പർച്ചേസ് നടത്തിയത്. അതുപോലെ 2—4 (ഡി) എന്നൊരു കളനാശിനി 3000 കിലോ വാങ്ങി. അതും 64 ഉറുപ്പിക വച്ച് വാങ്ങി 32 ഉറുപ്പികവച്ച് വിററു. ഈ സബ്സിഡി തുക അങ്ങനെ കമ്പനിക്കാരുമായി ഒത്ത് എഴുതി. ഒരു ലക്ഷത്തി അൻപതിനായിരം ഉറുപ്പികയാണ് ആദ്യത്തേതിനുമാത്രം. അതുപോലെ ഡെയിഞ്ച വിത്ത്. കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാൻവേണ്ടി 236 മെട്രിക് ടൺ ഡെയിഞ്ച വിത്ത് വാങ്ങി. ഒരു മെട്രിക് ടൺ എന്നു പറഞ്ഞാൽ 1000 കിലോ, അത് കണക്കാക്കിയാൽ മതി. ഞങ്ങൾ ശിവകാശിയിൽനിന്ന് മേടിച്ചത് ഒരു കിലോയ്ക്ക് 6 ഉറുപ്പിക വച്ചാണ്. കഴിഞ്ഞ പ്രാവശ്യം 5 ഉറുപ്പികയ്ക്ക് മേടിച്ചു. 3 ഉറുപ്പിക സബ്സിഡി കഴിച്ച് 2 ഉറുപ്പികയ്ക്ക് കൊടുത്തു. ഇപ്രാവശ്യം 6 ഉറുപ്പികയ്ക്ക് ഞങ്ങൾ മേടിച്ചു. കൃഷിവകുപ്പ് മേടിച്ചത് 11 ഉറുപ്പികയ്ക്ക്. അതിന് കാരണം പറയാൻ പോകുന്നത് എന്താണെന്ന് എനിക്കറിയാം. നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നാണ് മേടിച്ചത്. സീഡ് കോർപ്പറേഷന്റെ ഉദ്യോഗസ്ഥനും അങ്ങയും എ.പി.സി.-യും ഒക്കെക്കൂടി കളിച്ച കളിയെന്താണെന്ന് ഞങ്ങൾക്കറിയാം.

ശ്രീ. വി. സി. കബീർ: സർ, ഇപ്രാവശ്യം പാലക്കാട് ജില്ലയിൽ വിതരണം ചെയ്ത ഡെയിഞ്ച വിത്ത് ഒന്നുംതന്നെ മുളച്ചിട്ടില്ല എന്നുള്ള വലിയ പരാതി കൃഷിക്കാർക്കുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, 6 ഉറുപ്പികയ്ക്ക് ഓപ്പൺ മാർക്കററിൽ വിൽക്കുമ്പോൾ കൃഷിവകുപ്പ് 11 ഉറുപ്പികയ്ക്കാണ് മേടിച്ചത്. 2306 മെട്രിക് ടൺ വാങ്ങുകയുണ്ടായി. ഒരു മെട്രിക് ടൺ എന്നു പറഞ്ഞാൽ 1000 കിലോയാണ്. ഒരു കിലോയുടെ പേരിലാണ് ഈ മാർജിൻ. എന്നിട്ട് 3 ഉറുപ്പിക സബ്സിഡിയും കൊടുത്ത് 8 ഉറുപ്പികയ്ക്ക് വിൽക്കാൻ കൊടുത്തു. വിൽക്കാൻ കൊടുക്കുമ്പോഴേക്കും ക്രോപ് ഒക്കെ കഴിഞ്ഞു. ഫസ്ററ് ക്രോപ് കഴിഞ്ഞാൽ ഡെയിഞ്ച വിത്തിന്റെ ആവശ്യമില്ല. പിന്നെ അത് വിൽക്കാൻ പററില്ല. ഓരോ കൃഷിഭവനിലേയും കൃഷി ഓഫീസറെക്കൊണ്ട് പറയിപ്പിക്കുകയാണ്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ ഇത്രാം തീയതിക്കുള്ളിൽ ഇത് വിററു തന്നില്ലെങ്കിൽ നിങ്ങളുടെ പേരിൽ നടപടി എടുക്കുമെന്ന്. ഇത് ആരാണ് മേടിക്കാനുള്ളത്? അവസാനം കിട്ടിയത് തെങ്ങിൻ തോട്ടത്തിലെങ്കിലും ഉപയോഗിക്കാമെന്ന് വെച്ചാൽ അത് മുളയ്ക്കുന്നില്ല. നാഷണൽ സീഡ് കോർപ്പറേഷനിലെ ഉദ്യോഗസ്ഥനെ തന്നെ കൊണ്ടുപോയി ഇത് മേടിച്ചതാണ്. അതുപോലെതന്നെ കൊഴിഞ്ഞൽ 47 മെട്രിക് ടൺ മേടിച്ചു. അതും 11 ഉറുപ്പികയ്ക്കാണ്. ഇത് വളരെ ഗൗരവമുള്ള കാര്യമാണ്. കൃഷിക്കാരുടെ പേര് പറഞ്ഞ് ഇങ്ങനെ 20 കോടി ഉറുപ്പിക ധൂർത്തടിച്ച് മന്ത്രിമാർക്കും ഈ ഒന്ന് രണ്ട് ഉദ്യോഗസ്ഥൻമാർക്കുമായി തട്ടിക്കാമോ? 47 മെട്രിക് ടൺ മേടിച്ചു. അത് കിലോക്ക് 11 ഉറുപ്പിക പ്രകാരം. അതുപോലെ സബ്സീനിയ 15 ഉറുപ്പിക 50 പൈസ വച്ചാണ് 11 മെട്രിക് ടൺ മേടിച്ചത്. ഇങ്ങനെ കൊള്ളയടിക്കുന്ന ഒരേർപ്പാട് പാവപ്പെട്ട കൃഷിക്കാരുടെ പേരിൽ നടത്താൻ പററുമോ? കൃഷിക്കാരുടെ ശാപം കിട്ടും, അവർ കരയുകയാണ്. കൃഷി കൊണ്ട് ജീവിക്കാൻ പററാത്ത അവസ്ഥയാണ്. അതുകൊണ്ട് കൃഷിക്കാരൻ വിററ് വിററ് പോവുകയാണ്.

നമ്മുടെ കേന്ദ്രകൃഷിവകുപ്പുമന്ത്രി കൃഷി വ്യവസായമായി പ്രഖ്യാപിക്കാൻ പോവുകയാണെന്ന് പറഞ്ഞത് പത്രങ്ങളിൽ വായിച്ചു. യഥാർത്ഥ കൃഷിക്കാരന്റെ കൈയിൽനിന്നും കൃഷിഭൂമി മുഴുവൻ നഷ്ടപ്പെടുകയാണ്. നമ്മുടെ നാട്ടിൻപുറത്തുകാർ അവരുടെ കൃഷിഭൂമി എങ്ങനെയെങ്കിലും വിററുകിട്ടിയാൽ മതിയെന്ന സ്ഥിതിയിലേക്ക് എത്തിയിരിക്കുകയാണ്. ഒരു പ്യൂണിന്റെ ജോലി കിട്ടിയാൽ കൃഷിഭൂമി വിററിട്ട് അവർ പ്യൂണിന്റെ ജോലിക്ക് പോകുന്ന സ്ഥിതിയിലേക്കാണ് പോകുന്നത്. ഈ ഗവൺമെന്റ് ഇങ്ങനെ കർഷകനെ ദ്രോഹിക്കുന്ന നടപടി ഇനിയെങ്കിലും നിറുത്തണം. യഥാർത്ഥത്തിൽ അവർ ആത്മഹത്യ ചെയ്യാൻ പോവുകയാണ്. അവരിൽനിന്നും പൈസ എടുക്കരുത് എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. ജോണി നെല്ലൂർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ഈ ധനാഭ്യർത്ഥനകളുടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷത്തുനിന്ന് സംസാരിച്ച ബഹുമാന്യരായ എം. വിജയകുമാറിന്റെയും, ഞാൻ ബഹുമാനിക്കുന്ന മുൻ കൃഷി വകുപ്പു മന്ത്രി വി. വി. രാഘവന്റെയും, ഡോക്ടർ കെ. സി. ജോസഫിന്റെയും കെ. കൃഷ്ണൻകുട്ടിയുടെയും പ്രസംഗങ്ങൾ ഞാൻ കേൾക്കുകയായിരുന്നു. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ 3 വർഷക്കാലത്തെ ഭരണം പൂർത്തിയാക്കിയപ്പോൾ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് പുറത്തിറക്കിയ ഒരു പബ്ലിക്കേഷൻ എടുത്തു കാണിച്ചുകൊണ്ട് മുൻ കൃഷിവകുപ്പു മന്ത്രിയായിരുന്ന ശ്രീ. വി. വി. രാഘവൻ വളരെ ആക്ഷേപിച്ചു സംസാരിക്കുന്നത് കേട്ടു. ശ്രീ. വി. വി. രാഘവൻ കൃഷി വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന കാലത്ത്, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ സംസ്ഥാനത്ത് അധികാരത്തിൽ ഇരുന്ന കാലത്ത് അന്ന് പി. ആർ. ഡി. പ്രസിദ്ധീകരിച്ച ഒരു പുസ്തകം എന്റെ കൈയിൽ ഉണ്ട്. 1987 മാർച്ച് മാസത്തിൽ പ്രസിദ്ധീകരിച്ച പുസ്തകമാണ്. ആ പുസ്തകത്തിനുമുകളിൽ നല്ല മനോഹരമായ ഒരു തേങ്ങാക്കുല— മാത്രമല്ല ഇതിന്റെ പേജ് തുറന്നാൽ ഒന്നാമത്തെ പേജിൽ ശ്രീ. വി. വി. രാഘവൻ ഇന്നുവരെ കണ്ടിട്ടില്ലാത്ത രീതിയിൽ അത്രയധികം സന്തോഷത്തോടുകൂടി പുഞ്ചിരിച്ചുകൊണ്ടിരിക്കുന്ന ഒരു പടവും ഇതുപോലെ കാലാകാലങ്ങളിൽ ഓരോ ഗവൺമെന്റും അധികാരത്തിൽ ഇരിക്കുമ്പോൾ—പബ്ലിക്

LIBRARY ARCHIVES Kerala Legislative Assembly

Page 49 of 124

റിലേഷൻസ് ഡിപ്പാർട്ടുമെൻറ് ഇറക്കുന്ന പ്രസിദ്ധീകരണങ്ങൾ എടുത്തു വച്ചുകൊണ്ട് അങ്ങയെപോലുള്ള, ഒരു ബഹുമാന്യനായ ഒരു മുൻ കൃഷിവകുപ്പുമന്ത്രി ഇതുപോലെ ആക്ഷേപാർഹമായ രീതിയിൽ, പരിഹാസം കലർന്ന രീതിയിൽ പ്രസംഗിച്ചത് കഷ്ടമായിപ്പോയി എന്നു മാത്രമാണ് എനിക്ക് പറയാനുള്ളത്. ഈ നാളികേരത്തിൻെറ മനോഹരമായ കുല അച്ചടിച്ചുവന്ന പബ്ലിക്കേഷൻ ഇറക്കിയ 1990-91 കാലത്ത് എത്രയായിരുന്നു നമ്മുടെ നാളികേരത്തിൻെറ ഉൽപ്പാദനം. 1990-91 കാലത്ത് 423 കോടി തേങ്ങാ ഉൽപ്പാദിപ്പിച്ചപ്പോൾ 1991-92, 1992-93 ഈ രണ്ടുവർഷക്കാലം 523 കോടി തേങ്ങ ഇവിടെ ഉൽപ്പാദിപ്പിക്കുവാൻ ഈ ഗവൺമെൻറിന് കഴിഞ്ഞു. തേങ്ങയുടെ എണ്ണം 100 കോടി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു എന്ന യാഥാർത്ഥ്യം സഖാവ് വി. വി. രാഘവനെപ്പോലെയുള്ള ആളുകൾ അംഗീകരിക്കണം എന്നുമാത്രമാണ് എനിക്ക് പറയുവാനുള്ളത്.

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്രയോ നല്ല കാര്യങ്ങൾ ഇവിടെ നടന്നിരിക്കുന്നു. ആ വസ്തുതകളെ കാണണം. രാഷ്ട്രീയ കാര്യങ്ങളെക്കുറിച്ച് എന്തും വിമർശിക്കട്ടെ, നമ്മുടെ സംസ്ഥാനത്ത് നടക്കുന്ന നല്ല കാര്യങ്ങളെ അംഗീകരിക്കാനുള്ള മനോഭാവം, കാർഷിക മേഖലയെ പിന്താങ്ങുന്ന, കർഷകർക്കുവേണ്ടി ജീവിക്കുന്നു എന്ന് അവകാശപ്പെടുന്ന ഇവിടുത്തെ ഇടതുപക്ഷക്കാർ കാണിക്കണം. ആ മര്യാദയെങ്കിലും കാണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇൻഡ്യയിൽ ആദ്യമായിട്ട് ഒരു കാർഷികനയം കൊണ്ടുവന്നത് ഈ ഗവൺമെൻറാണ്. അതുപോലെതന്നെ സംസ്ഥാനത്തെ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളെയും ആദരിക്കാനും ബഹുമാനിക്കാനും ആയി ഓരോ ദിനങ്ങൾ നമ്മൾ മാററിവച്ചിട്ടുണ്ട്. തൊഴിലാളികളെ ആദരിക്കാനും ബഹുമാനിക്കാനുമായി ലോക തൊഴിലാളിദിനം മേയ്മാസം ഒന്നാം തീയതി ആചരിക്കുന്നു. അദ്ധ്യാപകരെ ആദരിക്കാൻവേണ്ടി സെപ്ററംബർമാസം 5-ാം തീയതി അദ്ധ്യാപക ദിനമായി ആചരിക്കുന്നു. അതുപോലെ തന്നെ ഡോക്ടർമാർക്കും. നമ്മുടെ സംസ്ഥാനത്തിൻെറ നട്ടെല്ലായ കൃഷിക്കാരെ ആദരിക്കാനായി ആദ്യമായി ഒരു കർഷകദിനം പ്രഖ്യാപിച്ച ഗവൺമെൻറാണ് ശ്രീ. പി. പി. ജോർജ് കൃഷിവകുപ്പുമന്ത്രിയായിരിക്കുന്ന ഈ ഗവൺമെൻറ് എന്ന് അഭിമാനത്തോടു കൂടി പറയാൻ കഴിയും. അങ്ങ് കൃഷിവകുപ്പ് മന്ത്രിയായിരുന്ന കാലത്ത് എന്തുകൊണ്ട് അതിന് കഴിഞ്ഞില്ല? പൊന്നിൻ ചിങ്ങമാസത്തിലെ ഒന്നാം തീയതി ഈ സംസ്ഥാനത്ത് കർഷക ദിനമായി ആചരിക്കാൻ പ്രഖ്യാപിച്ചതുവഴി സംസ്ഥാനത്തെ ലക്ഷോപലക്ഷം കൃഷിക്കാരെ അംഗീകരിക്കാനും ആദരിക്കാനും ഈ ഗവൺമെൻറ് മുന്നോട്ടുവന്നിട്ടുണ്ട്.

കാർഷികനയത്തിൽ പറഞ്ഞ കാര്യങ്ങളിലൊന്നാണ് കൃഷിക്കാർക്ക് പെൻഷൻ കൊടുക്കുമെന്നുള്ളത്. നിങ്ങൾ അതിനെ ആക്ഷേപിക്കുന്നു. ഓരോ പഞ്ചായത്തിൽനിന്നും നൂറ് കൃഷിക്കാരെ തെരഞ്ഞെടുത്ത് നൂറ് രൂപ വീതം കൊടുത്ത് രജിസ്ററർ ചെയ്താൽ ആ പദ്ധതിയിൽ അംഗങ്ങളാകുന്നു. അങ്ങനെ അംഗങ്ങളായവർ ഒന്നുകിൽ ആയിരം രൂപ ഒരുമിച്ച് അടയ്ക്കുക, അല്ലെങ്കിൽ തവണകളായിട്ട് നൂറ് രൂപവച്ച് അടയ്ക്കുക. അങ്ങനെ അടച്ച് 60 വയസ് പൂർത്തിയാകുന്ന ഒരു കൃഷിക്കാരന് 30,000 രൂപ മുതൽ 60,000 രൂപ വരെ ഗ്രാററുവിററി കൊടുക്കാനുള്ള ഏർപ്പാട് ഈ സംസ്ഥാനത്തുണ്ടായിരിക്കുന്നു. 60 വയസ് പൂർത്തീകരിച്ചാൽ ഒരു കൃഷിക്കാരന് ആയിരം രൂപ പെൻഷൻ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാനുള്ള ഒരു പദ്ധതി ഈ ഗവൺമെൻറ് അംഗീകരിച്ചുവെങ്കിൽ അതിനെ നിങ്ങൾ അനുമോദിക്കേണ്ടേ? നിങ്ങൾ കൃഷിക്കാർക്കുവേണ്ടി ശബ്ദിക്കുന്നുണ്ടല്ലോ. നാക്കെടുത്താൽ കൃഷിക്കാർക്കുവേണ്ടി ശബ്ദിക്കുന്ന ഡോ. കെ. സി. ജോസഫ് പ്രസംഗം കഴിഞ്ഞ് പോയല്ലോ, എന്തുകൊണ്ട് ഇതിനെ ന്യായീകരിക്കുന്നില്ല? ആയിരം രൂപ ഒരു വലിയ തുകയാണെന്ന് ഞാൻ പറയുന്നില്ല. അതുപോലെതന്നെ 60 വയസ്സായ കർഷകൻ മരണപ്പെട്ടാൽ നോമിനിക്ക് ഒരു ലക്ഷം രൂപ കൊടുക്കാനുള്ള ഒരു സാഹചര്യവും ഉണ്ടാക്കിയിരിക്കുന്നു. അങ്ങനെ നിരവധി ആനുകൂല്യങ്ങൾ ഈ സംസ്ഥാനത്ത് ഈ ഗവൺമെൻറ് നടപ്പിലാക്കിയിരിക്കുന്നു. മുഴുവൻ ശുദ്ധമാണെന്നും മുഴുവൻ നേട്ടമാണെന്നും ഞങ്ങളാരും അവകാശപ്പെടുന്നില്ല. പക്ഷേ യാഥാർത്ഥ്യത്തെ അംഗീകരിക്കണം. പ്രധാനമന്ത്രിയുടെ പദ്ധതിയിൽനിന്നും 60 കോടി രൂപയാണ് കഴിഞ്ഞ വർഷം നമ്മൾ ചെലവഴിച്ചത്. കൃഷിക്കാർക്ക് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി 1233 പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിഞ്ഞു. 65,000 രൂപ വീതം വിലയുള്ള 1050 പവർ ടില്ലറുകൾ വെറും 10,000 രൂപ വിലവച്ച് കേരളത്തിലെ കർഷകർക്ക് വിതരണം ചെയ്തു. 85,000 രൂപ സബ്സിഡി കൊടുത്തുകൊണ്ട് ഈ രാജ്യത്തെ കൃഷിക്കാർക്കുവേണ്ടി 1050 പവർ ടില്ലറുകൾ വിതരണം ചെയ്തുവെങ്കിൽ അതിനെ അംഗീകരിക്കാൻ പ്രിയപ്പെട്ട ഇടതുപക്ഷം തയ്യാറാകണം. അതുപോലെതന്നെ മെതിയന്ത്രങ്ങളും വിതരണം ചെയ്യുകയുണ്ടായി. 208 സാമൂഹ്യ ജലസേചന യൂണിററുകൾക്ക് ഈ ഗവൺമെൻറ് ഭരണാനുമതി കൊടുത്തിരിക്കുന്നു. നാളികേര കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി നൂറ് കൊപ്രാ ഡ്രൈയറുകളും 631 തെങ്ങുകയററ യന്ത്രങ്ങളും കൊടുത്തു. ഇത്തരത്തിലുള്ള എത്രയോ നല്ല കാര്യങ്ങൾ ഈ ഗവൺമെൻറ് ചെയ്യുന്നു. കാർഷിക മേഖലയിലെ വരുമാനത്തിൻെറ മൂന്നിലൊന്ന് കിട്ടുന്നത് നാളികേരത്തിൽനിന്നുമാണ്. നാളികേരത്തിൻെറ കാര്യം പറയുമ്പോൾ, ഒരു കർഷകൻെറ മകനായ എനിക്ക് വളരെയധികം വേദനയുണ്ട്. ഇന്ന് നാളികേരത്തിന് കിട്ടുന്ന വില അപര്യാപ്തമാണ്. ശ്രീ. പി. പി. ജോർജ് കൃഷിവകുപ്പ് കൈകാര്യം ചെയ്യുന്നതുകൊണ്ടാണോ ഈ സാഹചര്യം ഉണ്ടായതെന്ന് ആലോചിക്കണം. ഇടതുപക്ഷം പറയുന്നത് കേട്ടാൽതോന്നും ശ്രീ. പി. പി. ജോർജ് കൃഷിവകുപ്പ് കൈകാര്യം ചെയ്യുന്നതുകൊണ്ട് മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ ഇവിടെ അധികാരത്തിലിരിക്കുന്നതുകൊണ്ടുമാണ് ഈ പ്രതിസന്ധിയുണ്ടായതെന്ന്. യഥാർത്ഥ വസ്തുത കണക്കിലെടുത്തുകൊണ്ട് നാളികേരത്തിൻെറ വില കൂട്ടിക്കിട്ടാനാവശ്യമായ നടപടികൾ സ്വീകരിക്കണം. നാളികേരത്തിൻെറ കാര്യത്തിൽ മാത്രമല്ല, മറെറല്ലാ വിളകൾക്കും പ്രത്യേകിച്ച് നാണ്യവിളകൾക്ക് ന്യായമായ വില കിട്ടാനുള്ള നടപടിയുണ്ടാകണം. സമയക്കുറവുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നിട്ട് മൂന്നാമത്തെ ബഡ്ജററ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി ആയിരുന്ന ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞു, കാർഷിക മേഖലയിൽ ഒരു പുതിയ ഉത്ഥാനത്തിൽ വഴിയൊരുക്കിക്കൊണ്ട് തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കാൻവേണ്ടി കാസർകോട് ജില്ലയിൽ കാർഷിക സർവ്വകലാശാലയുടെ കീഴിൽ പുതിയൊരു കാർഷിക കോളേജ് തുടങ്ങുമെന്ന്. എന്തുകൊണ്ട് പ്രതിപക്ഷത്തെ ആളുകൾക്ക് ആ നല്ല കാര്യത്തെപ്പോലും സ്വാഗതം ചെയ്തുകൂടാ? ഒരുകോടി രൂപയാണ് അതിനുവേണ്ടി മാററിവച്ചിരിക്കുന്നത്. കാസർകോട് ജില്ലയിലെ പീലിക്കോട് നീലേശ്വരം പ്രദേശത്ത് ആ പദ്ധതി ആരംഭിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സജീവമായ നീക്കങ്ങൾ നടക്കുന്നു. നമ്മുടെ സംസ്ഥാനത്ത് തൊഴിലവസരങ്ങൾ വളരെ കുറവാണ്. ഇന്ന് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന മേഖലയാണ് ക്ഷീരോൽപ്പാദനരംഗം. വളരെയേറെ ചെറുപ്പക്കാർക്ക് താൽപ്പര്യമുള്ള ഒരു വിഷയമെന്നുള്ള നിലയിൽ ആ മേഖലയുമായി ബന്ധപ്പെട്ട് ഡയറി സയൻസ് ആൻറ് ടെക്നോളജിയുടെ ഒരു കോഴ്സ് തുടങ്ങാനുള്ള തീരുമാനം ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുമെന്ന് ഞാൻ കരുതുന്നു. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി സജീവമായി പരിഗണിക്കണം. കാർഷിക സർവ്വകലാശാല ഭരണ സമിതിയിലെ ഒരംഗമെന്നുള്ള നിലയിൽ, അനുഭവത്തിൻെറ വെളിച്ചത്തിൽ ഞാൻ അത് പറയുകയാണ്. കഴിഞ്ഞ പ്രാവശ്യം 20 സീററുകൾ വെററിനറി കോളേജിൽ കൊടുത്തുകൊണ്ട് ആ കോഴ്സ് തുടങ്ങിയെങ്കിലും ഒരു സ്ഥിരമായ സംവിധാനമില്ല. അതുകൊണ്ട് ഡയറി സയൻസ് ആൻറ് ടെക്നോളജി കോഴ്സ് അടിയന്തിരമായി തുടങ്ങാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പംതന്നെ കാർഷികമേഖലയിൽ, ഞാൻ കടന്നുവരുന്ന മൂവാററുപുഴ മേഖലയിൽ ആണ് ഈ സംസ്ഥാനത്തുവച്ച് ഏററവും കൂടുതൽ പൈനാപ്പിൾ കൃഷി ഉള്ളത്. ഈ മേഖലയിലെ കൃഷിക്കാർ ഇന്ന് വളരെ ബുദ്ധിമുട്ടിലാണ്. അവിടത്തെ പൈനാപ്പിൾ കൃഷിയാകെ നശിച്ചിരിക്കുന്നു. പുതുതായി പടർന്നുപിടിച്ചിരിക്കുന്ന മാരകരോഗമായ എലിപ്പനി പൈനാപ്പിൾ മേഖലയിലാണ് കൂടുതൽ കണ്ടുവരുന്നതെന്നുള്ള പ്രസ്താവനകൂടി വന്നപ്പോൾ ഈ കൃഷിക്കാർ ആകെ വിഷമത്തിലായിരിക്കുകയാണ്. അവിടെ ഉൽപ്പാദിപ്പിക്കുന്ന പൈനാപ്പിളിന് യഥാർത്ഥ വില കിട്ടുന്നില്ല. അതിനുവേണ്ടി ആ മേഖലയിൽ ഒരു പൈനാപ്പിൾ പഴം സംസ്കരണ ഫാക്ടറി സ്ഥാപിക്കണമെന്ന് ഞങ്ങൾ വളരെ നാളുകളായി ഉന്നയിക്കുകയാണ്. ഈ ഗവൺമെൻറ് അതിനുവേണ്ടിയുള്ള പദ്ധതിയുമായി മുന്നോട്ട് നീങ്ങിയിട്ടുണ്ട്, അതിനുവേണ്ടി 15 ഏക്കർ സ്ഥലമെടുക്കാനുള്ള ഭരണാനുമതിയും കൊടുത്തുകഴിഞ്ഞു. ആ ഫാക്ടറി അടിയന്തിരമായി തുടങ്ങാനുള്ള തീയതി ഇവിടെ പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കൃഷിവകുപ്പിനെക്കുറിച്ച് ധാരാളം കാര്യങ്ങൾ പറയാനുണ്ടെങ്കിലും ഞാൻ അതിലേയ്ക്ക് ഒന്നും കടക്കുന്നില്ല.

വളരെ പ്രധാനപ്പെട്ട വകുപ്പെന്നുള്ള നിലയിൽ ആരോഗ്യവകുപ്പിനെക്കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. ഇന്ന് ആരോഗ്യ വകുപ്പിൻെറ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കാര്യം പരിശോധിക്കണം, നമ്മുടെ സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നുള്ള പേരുതന്നെ മാറേണ്ട സ്ഥിതിയാണുള്ളത്. ആശുപത്രികളിൽ ഡോക്ടർമാരില്ല. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിയമിക്കുന്ന ഡോക്ടർമാർ അവിടെ പോകാൻ തയ്യാറാകുന്നില്ല. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പണിയെടുക്കാൻ തയ്യാറല്ലാത്ത ഡോക്ടർമാരെ, നിയമം കൊണ്ടുവന്നിട്ടാണെങ്കിൽപ്പോലും അവിടെ ജോലി ചെയ്യാൻ നിർബന്ധിക്കണം. അതിന് വേണ്ടിവന്നാൽ ഒരു നിയമ ഭേദഗതി തന്നെ കൊണ്ടുവരണം.

ശ്രീ. സത്യൻ മൊകേരി: ഇവിടെ ജോലി ചെയ്യുന്ന ഡോക്ടർമാർ പെർമിഷൻ പോലുമില്ലാതെ വിദേശരാജ്യങ്ങളിൽപോയി ജോലി ചെയ്യുകയാണ്, അവർ ജോലി ചെയ്യുന്നത് വിദേശത്തായിരിക്കും, പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

Page 52 of 124

അവരുടെ സർവ്വീസ് രജിസ്റ്ററും മാറ്റുമൊക്കെ ഇവിടെയായിരിക്കും. അങ്ങനെയുള്ള ഡോക്ടർമാരുടെ കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ജോണി നെല്ലൂർ: ഞാൻ അതടക്കമുള്ള കാര്യങ്ങളാണ് പറഞ്ഞത്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ പോയി പണിയെടുക്കാൻ തയ്യാറാകാതെ ലീവ് എടുത്ത് വെളിയിൽപ്പോകുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ള ആളുകളെ ഇവിടെ കൊണ്ടുവന്ന് നിർബന്ധമായും നിയമംമൂലം—വേണ്ടിവന്നാൽ അവരെ പിരിച്ചുവിട്ടു കൊണ്ടാണെങ്കിൽ പോലും—പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പണിയെടുപ്പിക്കാനുള്ള മനസ്സുണ്ടാകാനുതകുന്ന പ്രവർത്തനങ്ങളിലേക്ക് പോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ലോനപ്പൻ നമ്പാടൻ: ആശുപത്രികളിൽ പ്രാക്ടീസ് നടത്താതെ വെറും എം.എൽ.എ.-മാരായി കഴിയുന്ന ഡോക്ടർമാരെ ഈ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേക്ക് മടക്കി അയയ്ക്കുന്നതിനോട് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. ജോണി നെല്ലൂർ: ശ്രീ. നമ്പാടൻ മാഷും ഡോക്ടറാണെന്ന് എനിക്ക് അറിയില്ലായിരുന്നു. ഉണ്ടെങ്കിൽ അദ്ദേഹത്തെ അയയ്ക്കാമായിരുന്നു.

നമ്മുടെ സർക്കാർ ആശുപത്രികളിൽ പല യന്ത്രസാമഗ്രികളും വളരെ പ്രധാനപ്പെട്ട ഉപകരണങ്ങളും വർഷങ്ങളായി കേടായി കിടക്കുകയാണ്. അത് നന്നാക്കാനുള്ള പദ്ധതികൾ ഇവിടെയില്ല. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു ആംബുലൻസ് ഇല്ലാത്ത താലൂക്ക് ആശുപത്രികളിൽ ഒരു ആംബുലൻസ് വാങ്ങാനുള്ള അനുവാദം കൊടുക്കും എന്ന്. 45 ലക്ഷം രൂപ അതിനു വേണ്ടി മാറ്റിവച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലമായ മൂവാറ്റുപുഴ താലൂക്ക് ആശുപത്രി വളരെ ശോചനീയാവസ്ഥയിലുള്ള ഒരു ആശുപത്രിയാണ്. അക്കാര്യം ഞാൻ പല പ്രാവശ്യം ഈ നിയമസഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. ഒരു ജില്ലാ ആശുപത്രിയെക്കാൾ വളരെയേറെ പ്രാധാന്യമുള്ള, കൂടുതൽ ആളുകൾ വരുന്ന ഈ ആശുപത്രിയിൽ ഒരു ആംബുലൻസില്ല. ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നതുപോലെ മൂവാറ്റുപുഴ താലൂക്ക് ആശുപത്രിയിൽ ഒരു ആംബുലൻസ് വാങ്ങാനുള്ള അനുവാദം ബഹുമാന്യനായ മുഖ്യമന്ത്രി നൽകും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

നമ്മുടെ സമൂഹത്തിലെ എല്ലാ വിഭാഗം ആളുകൾക്കും ഇന്ന് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിലെ സ്വകാര്യ മേഖലയിൽ സ്വന്തമായി പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ പലരും വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ്. അവർക്ക് ജീവിക്കാൻ ഒരു വശവുമില്ല. ഈ ഗവൺമെന്റ് ഈ ഡോക്ടർമാർക്ക് ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം ഗൗരവമായി ആലോചിക്കണം എന്നു കൂടി നിർദ്ദേശിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി ഞാൻ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഈ ഗവൺമെൻറ് അധികാരം ഏറ്റെടുത്തതിനു ശേഷം കാർഷിക മേഖലയടക്കം കൃഷിക്കാർക്കു വേണ്ടിയുള്ള നിരവധി പദ്ധതികൾ പ്രഖ്യാപിക്കാനും നടപ്പിലാക്കാനും കഴിഞ്ഞു എന്നുള്ള അഭിമാനബോധത്തോടുകൂടിയാണ് ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നത്. കാർഷിക നയപ്രഖ്യാപനമടക്കമുള്ള നിരവധി കാര്യങ്ങൾ കേരളത്തിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പുതുതായി ഉണ്ടാക്കാൻ കഴിഞ്ഞു എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു വസ്തുതയാണ്. ഇൻഡ്യയിലെ മററ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കാർഷിക നയം ആദ്യമായി പ്രഖ്യാപിച്ചുകൊണ്ട് ഈ രംഗത്ത് ചുവടുവയ്ക്കാൻ തുടങ്ങിയത് പ്രതിപക്ഷം കണ്ടില്ല എന്നു നടിക്കുന്നത് ശരിയല്ല. ഇവിടെ പ്രതിപക്ഷത്തുനിന്നും സംസാരിച്ച ആളുകളടക്കം കാർഷികമേഖലയെ സംബന്ധിച്ച കാര്യങ്ങൾ കണ്ടില്ല എന്നു നടിച്ചുകൊണ്ട് വിമർശനം നടത്താനാണ് തുനിഞ്ഞത്. ഡോ. കെ. സി. ജോസഫ് ഇവിടെനിന്ന് ആവേശപൂർവ്വം സംസാരിച്ചു. എനിക്ക് ഡോക്ടറോട് ഒരു കാര്യം സൂചിപ്പിക്കാനുള്ളത് കുട്ടനാടൻ കൃഷിക്കാരെ പ്രതിനിധീകരിക്കുന്ന, കുട്ടനാടൻ കാർഷിക മേഖലയെ പ്രതിനിധാനം ചെയ്യുന്ന അങ്ങ് അവിടത്തെ കൃഷിക്കാരോടുള്ള പ്രതിബദ്ധതയോടുകൂടിയാണ് ഈ സഭയിൽ സംസാരിച്ചത് എങ്കിൽ അവർക്കുവേണ്ടി ഈ ഗവൺമെൻറ് ചെയ്ത കാര്യങ്ങൾ ഓർക്കുകയും അതിനുവേണ്ടി നന്ദി പ്രകടിപ്പിക്കുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. കുട്ടനാടൻ നെൽകൃഷി മേഖലയ്ക്കുവേണ്ടി നെൽകൃഷി വികസന അതോറിററി രൂപീകരിക്കും എന്നുള്ള പ്രഖ്യാപനമുണ്ടായത് ബഹുമാന്യനായ പി. പി. ജോർജ് ഈ വകുപ്പിന്റെ ചുമതല വഹിച്ച ഈ ഗവൺമെൻറിന്റെ കാലഘട്ടത്തിലാണ്. അതുപോലെതന്നെ കുട്ടനാടൻ കൃഷിമേഖലയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ നിരവധി വർഷങ്ങളായി പ്രധാനമായും ഉന്നയിച്ചു വരുന്ന ഒരു ആവശ്യമുണ്ടായിരുന്നു. കെ.എൽ.ഡി.സി. വഴി അവിടെ നിർമ്മിച്ച ബണ്ടുകൾക്ക് വായ്പ എടുത്തത് സംബന്ധിച്ചാണ്. വായ്പ കുടിശ്ശിക ബാദ്ധ്യതയിൽനിന്ന് കുട്ടനാടൻ കൃഷിക്കാരെ ഒഴിവാക്കണം എന്നുള്ള ആവശ്യം കഴിഞ്ഞ എത്രയോ വർഷങ്ങളായി—കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് ഭരിക്കുന്ന കാലഘട്ടമടക്കം—ഈ സഭയിലും പുറത്തും നിരന്തരമായി ഉന്നയിച്ചു വരുന്ന ആവശ്യമായിരുന്നു. ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറിന്റെ കാലത്താണ് ആ വായ്പ എഴുതിത്തള്ളാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. തീർച്ചയായും കുട്ടനാടൻ കൃഷിക്കാരോട് ബാദ്ധ്യതയുണ്ടായിരുന്നു എങ്കിൽ ഇക്കാര്യം ഓർക്കാനും ഒരു നന്ദി പ്രകാശിപ്പിക്കാനും ബഹുമാന്യനായ ഡോക്ടർ കെ. സി. ജോസഫ് തയ്യാറാകേണ്ടിയിരുന്നു. കാർഷികമേഖലയിൽ വന്ന നിരവധി നേട്ടങ്ങളെക്കുറിച്ച് ചിലർ സൂചിപ്പിക്കുകയുണ്ടായി. പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ബഹുമാന്യനായ ശ്രീ. വി. വി. രാഘവനടക്കമുള്ള ആളുകൾ നെൽകൃഷിയേയും, നെൽപ്പാടങ്ങൾ നികത്തുന്നതടക്കമുള്ള കാര്യങ്ങളും സൂചിപ്പിക്കുകയുണ്ടായി. കൃഷിക്കാരെ സംബന്ധിച്ച് കാർഷിക പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത ബുദ്ധിമുട്ടേറിയ പല സാഹചര്യങ്ങളും അഭിമുഖീകരിക്കുന്നുണ്ട് എന്നുള്ള യാഥാർത്ഥ്യവും ഞാൻ നിഷേധിക്കുന്നില്ല. ആ സാഹചര്യങ്ങളിൽനിന്ന് കരകയറാനുള്ള ആത്മാർത്ഥമായ പരിശ്രമം നടത്താൻ ഈ ഗവൺമെൻറിന് കഴിഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതാണ് ഏററവും വലിയ നേട്ടം. അതിൻെറ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ പർദ്ധിപ്പിക്കാൻ 60 കോടി രൂപ ചെലവഴിച്ചു കൊണ്ടുള്ള പരിപാടികൾ നടപ്പിലാക്കാൻ ഈ ഗവൺമെൻറിന് കഴിഞ്ഞു എന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഈ കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ട് ശാസ്ത്രീയമായ നേട്ടം ഈരംഗത്ത് ഉണ്ടാക്കാൻ ബഹുമാന്യനായ മന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ള ആളുകളുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. കാർഷികമേഖലയിൽ ഇത്തരം കാര്യങ്ങൾ വളരെയേറെ നേട്ടങ്ങളുണ്ടാക്കിക്കൊണ്ട് മുന്നോട്ടു പോകാൻ ശ്രമിക്കുന്നുണ്ട് എങ്കിലും കേരളത്തിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല. ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം വന്നിട്ടുണ്ട്. കൃഷിയെ വ്യവസായമായി അംഗീകരിച്ചു കൊണ്ടുള്ള നടപടികളുമായി മുന്നോട്ടു പോകുമെന്നും അടുത്ത പാർലമെൻറ് സമ്മേളനത്തിൽ അതിനുള്ള നിയമം ഉണ്ടാക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. സബ്സിഡി അടക്കമുള്ള കാര്യങ്ങളിൽ ഇന്ത്യയിലെ കൃഷിക്കാരെ സംബന്ധിച്ച് ന്യായമായ നിലപാട് സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല, എന്നുള്ള കുററസമ്മതവും അദ്ദേഹം നടത്തിയിരുന്നു. യൂറോപ്പിലെ കൃഷിക്കാരുമായി തട്ടിച്ചു നോക്കുമ്പോൾ ഇത് ഇന്ന് വളരെ പരിമിതമാണ് എന്ന് അദ്ദേഹംതന്നെ തുറന്ന് സമ്മതിച്ചിരിക്കുന്നു. ഇതുമായി ബന്ധപ്പെടുത്തിയാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. കേന്ദ്ര ഗവൺമെൻറ് കാർഷികമേഖലയുമായി ബന്ധപ്പെടുത്തി നടത്തുന്ന പല പ്രഖ്യാപനങ്ങളും ഉത്തരേന്ത്യൻ കർഷകരെ ലക്ഷ്യമാക്കി ഉള്ളതാണ് എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ടാണ് പലപ്പോഴും കേരളത്തിലെ കാർഷികോൽപ്പന്നങ്ങളെ സംബന്ധിച്ച് അവർക്ക് ന്യായമായ വില ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുന്നത്. റബ്ബറും, നാളികേരവും അടക്കമുള്ള ഉൽപ്പന്നങ്ങളുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. കേരളത്തിലെ കാർഷികമേഖലയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷികോൽപ്പന്നങ്ങളെ സംബന്ധിച്ചിടത്തോളം ന്യായമായ വില ലഭ്യമാക്കാൻ നമുക്ക് കഴിയുന്നില്ലെന്നുള്ള വളരെ പ്രധാനപ്പെട്ട പരാതി ഇന്നും നിലനിൽക്കുന്നു, ഇത് കേരളത്തിലെ കൃഷിക്കാരെ വളരെ ഗൗരവമായി ബാധിക്കുന്ന വിഷയമാണ്. അതുകൊണ്ട് കേരളത്തിലെ കാർഷികമേഖലയിൽ വളരെയേറെ മാററങ്ങൾ ഉണ്ടാക്കാനും ശ്രദ്ധേയമായി മുന്നോട്ടുപോകാനും കഴിഞ്ഞ ഈ ഗവൺമെൻറ് ഇക്കാര്യം വളരെ ഗൗരവമായി എടുത്തുകൊണ്ട് ഈ രംഗത്ത് മാററം ഉണ്ടാക്കാനും ന്യായമായ വില ലഭ്യമാക്കാനും ആവശ്യമായ നടപടികൾ ഉണ്ടാക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുജനാരോഗ്യ രംഗത്തെ സംബന്ധിച്ചും ഇവിടെ സൂചിപ്പിച്ചു. ആശുപത്രികളെ സംബന്ധിച്ച് ചികിത്സ വേണ്ട സ്ഥിതിയിലാണ് ഇന്ന് കാര്യങ്ങൾ എത്തിനിൽക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ കാര്യങ്ങൾ അടക്കം ഇവിടെ സൂചിപ്പിച്ചു. അത് പ്രത്യേകമായ ഒരു കാലഘട്ടത്തിൻെറ കാര്യമല്ല. കഴിഞ്ഞ നിരവധി വർഷങ്ങളായി നിലനിൽക്കുന്ന കാര്യമാണ്. ഇവിടെ പലരും സൂചിപ്പിക്കപ്പെട്ട കാര്യങ്ങൾ അനുസ്മരിച്ചു കൊണ്ടുതന്നെ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുൻപാകെ അഭ്യർത്ഥിക്കുകയാണ്, ഈ രംഗത്ത് സമൂലമായ ഒരു മാററം ഉണ്ടാക്കാൻ ആവശ്യമായ നടപടികൾ വളരെ

LIBRARY ARCHIVES Kerala Legislative Assembly

കർക്കശമായി ഉണ്ടാകണം എന്ന്. എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഒരു കാര്യംകൂടി പറയാം. മല്ലപ്പള്ളി താലൂക്ക് കേന്ദ്രമാണ്. കഴിഞ്ഞ ഡിസംബർ മാസം അവിടത്തെ പ്രാഥമികാരോഗ്യ കേന്ദ്രം താലൂക്ക് ആശുപത്രിയായി ഉയർത്തിക്കൊണ്ട് പ്രഖ്യാപനമുണ്ടായി. ആ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടം നിർമ്മിക്കാനും താലൂക്ക് ആശുപത്രിയുടെ സൗകര്യങ്ങളിലേക്ക് ഉയർത്താനും ആവശ്യമായ പ്രൊപ്പോസൽ ഗവൺമെന്റിന്റെ പക്കൽ ഇന്നുണ്ട്. അക്കാര്യത്തിൽ അടിയന്തിരമായ നടപടികൾ സ്വീകരിച്ചു കൊണ്ട് ബാക്കി നടപടികൾകൂടി പൂർത്തീകരിക്കണം എന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീമതി ശോഭനാ ജോർജ്: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. പ്രതിപക്ഷത്തുനിന്നും ഈ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച ചില അംഗങ്ങൾ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കെട്ടുറപ്പിനെ പററിയും കോൺഗ്രസ്സിനെപ്പററിയും ഇവിടെ സംസാരിക്കുന്നതു കേട്ടു. അവരോട് എനിക്ക് ഒരു കാര്യമേ പറയാനുള്ളു. ക്രിസ്തു പറഞ്ഞതു പോലെ നിങ്ങൾ ഞങ്ങളെ ചൊല്ലി കരയണ്ട, നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരഞ്ഞാൽ മതി എന്ന് മാത്രമേ എനിക്ക് പറയാനുള്ളു. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് പീഡനകാലങ്ങൾ ഉണ്ട്. അത് ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ ഒരു കാര്യം ഉറപ്പാണ്, കാലാവധി പൂർത്തിയാക്കിക്കൊണ്ടുതന്നെ ഒരു തെരഞ്ഞെടുപ്പിനെ ഇനിയും നേരിട്ട് വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി ഐക്യജനാധിപത്യമുന്നണി സർക്കാർ വീണ്ടും ഈ കേരളത്തിൽ അധികാരത്തിൽ വരും. ഏതായാലും ബഹുമാന്യനായ എം. വിജയകുമാർ ഒരു കാര്യം ഓർത്താൽ കൊള്ളാം. ഈ കട്ടിൽ കണ്ട് പനിക്കണ്ട. ഇടതുപക്ഷത്തിന്റെ ഈ കെട്ടുറപ്പ് പോകാതെ വേലി കെട്ടുകയോ മതിൽ കെട്ടുകയോ ചെയ്താൽ മതി എന്നാണ് പറയാനുള്ളത്. ഞാൻ വിഷയത്തിലേക്ക് കടക്കാൻ ആഗ്രഹിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയം ഭാരതമാകെ ഒരു ചലനം തന്നെ സൃഷ്ടിക്കുകയുണ്ടായി. കേരളത്തിലും അതിന്റെ ഗുണഫലങ്ങൾ ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന്റെ വരുമാനം 1991-ൽ 5 ശതമാനം ആയിരുന്നുവെങ്കിൽ ഇപ്പോൾ 7 ശതമാനം ആണ്. പ്രതിശീർഷ വരുമാനം 1991-ൽ 4.9 ശതമാനം ആണെങ്കിൽ ഇപ്പോൾ 5.4 ശതമാനം ആയി വർദ്ധിച്ചിട്ടുണ്ട്. പക്ഷേ ആ വക നേട്ടങ്ങൾ എല്ലാംതന്നെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉള്ളതാണ്. കാർഷികമേഖലയുടെ സ്ഥിതി എന്തായിരുന്നുവെന്ന് നമുക്കറിയാം. മൂന്നുവർഷത്തിനുമുമ്പ് കാർഷികമേഖല സ്തംഭനാവസ്ഥയിലായിരുന്നു. റബർ ഒഴിച്ചുള്ള മററുള്ള വിളകളുടെയെല്ലാം ഉത്പാദനവും ഉത്പാദനക്ഷമതയും കുറഞ്ഞു കൊണ്ടിരുന്നു. സർ, നമുക്കറിയാം, 9 ഹെക്ടർ സ്ഥലത്തുണ്ടായിരുന്ന നെൽക്കൃഷി 1991 ആയപ്പോൾ അഞ്ചര ഹെക്ടർ സ്ഥലത്തു മാത്രമായി ചുരുങ്ങിക്കൊണ്ടിരിക്കയായിരുന്നു. അത്രമാത്രം പ്രശ്നങ്ങളാണ് നെൽക്കൃഷിക്കാർ നേരിടേണ്ടി വന്നത്. ഈ കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാണ് 1992 മാർച്ച് മാസം 31-ാം തീയതി ഒരു കാർഷിക നയത്തിനു രൂപം കൊടുത്തത്. കാർഷികനയം നിലവിൽ വന്നതോടുകൂടി വളരെയധികം മാറ്റങ്ങൾ കാർഷികരംഗത്ത് വരുത്താൻ സാധിച്ചു. നെൽക്കൃഷി വർഷമായി 1993 ആചരിച്ചു. ഏകദേശം ചെറുതും വലുതുമായ 1208-ഓളം വരുന്ന പദ്ധതികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

രൂപംകൊടുക്കാൻ സാധിച്ചു. ഏകദേശം 58 കോടി രൂപയാണ് ഇതിനുവേണ്ടി വകയിരുത്തിയത്. ഒററവർഷം കൊണ്ടുതന്നെ 31 കോടി രൂപ ഈ രംഗത്ത് ചെലവഴിച്ചു. അത് കഴിഞ്ഞ പത്തു വർഷക്കാലം ഈ രംഗത്ത് ചെലവഴിച്ച തുകയെക്കാൾ അധികമായിരുന്നു എന്നുപറഞ്ഞാൽ ആരും നിഷേധിക്കുമെന്നു തോന്നുന്നില്ല. പാടശേഖരങ്ങളിൽ ബണ്ട് കെട്ടുന്നതിനും തോടിന് ആഴം കൂട്ടുന്നതിനും പെട്ടിയും പറയും കിട്ടുന്നതിനുമൊക്കെ ബൃഹത്തായ പദ്ധതിക്ക് രൂപംകൊടുക്കാൻ ഈ ഗവൺമെൻറിനു കഴിഞ്ഞു. മുൻകാലങ്ങളിൽ പെട്ടിയും പറയും കിട്ടുന്നതിനുവേണ്ടി സർക്കാർ ആഫീസുകളിൽ കയറിയിറങ്ങി നടന്നിരുന്ന കർഷകരെയാണ് നമുക്ക് കാണാൻ കഴിഞ്ഞിട്ടുള്ളത്. നിർച്ചയായും ഈ രംഗത്തും വലിയ മാററം ഉണ്ടായി. കർഷകന് ഈ ആനുകൂല്യം അടങ്ങുന്ന അനുവാദവുമായി കൃഷി ഓഫീസർമാർ കർഷകരെ തേടിച്ചെന്നു. ഓരോ പാടശേഖരങ്ങളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി, അവിടത്തെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി അതിബൃഹത്തായ ഒരു പദ്ധതിക്ക് രൂപം കൊടുക്കാനും കോൺട്രാക്ടർമാരെയും നോമിനികളെയും എല്ലാം മാററി നിർത്തിക്കൊണ്ട് ലക്ഷക്കണക്കിന് രൂപയുടെ വർക്കുകൾ കൃഷിക്കാരെത്തന്നെ ഏല്പിച്ചുകൊണ്ട് അവരുടെ മേൽനോട്ടത്തിൽത്തന്നെ നടത്താനും ഈ സർക്കാരിനു കഴിഞ്ഞു. കൃഷിക്കാരെ ഇത്രമാത്രം വിശ്വസിച്ചുകൊണ്ട് പരിപാടികളും പദ്ധതികളും നടപ്പിൽ വരുത്തുന്നതിനുവേണ്ടി അവരെത്തന്നെ തെരഞ്ഞെടുത്ത ഒരു സർക്കാരാണ് ഐക്യജനാധിപത്യമുന്നണി സർക്കാർ. ഈ രംഗത്ത് ഒട്ടേറെ മാറ്റങ്ങൾ വരുത്തിയെന്നു ഞാൻ പറഞ്ഞു. കൃഷിച്ചെലവു കുറയ്ക്കുന്നതിനുവേണ്ടി മെതിയന്ത്രങ്ങളും പവ്വർ ടില്ലറുകളും നൽകി. മുമ്പ് ഇവിടെ സൂചിപ്പിച്ചതുപോലെ ഇത്രമാത്രം യന്ത്രസാമഗ്രികൾ, ഇത്രമാത്രം ധനസഹായത്തോടുകൂടി കൊടുത്ത ഒരു കാലഘട്ടം ഇതിനുമുമ്പ് കേരളത്തിൽ ഉണ്ടായിട്ടില്ല. നാമമാത്രമായിരുന്നവളം സബ്സിഡിയുടെയും പമ്പിംഗ് സബ്സിഡിയുടെയും കുടിശ്ശിക പകുതിയോളം കഴിഞ്ഞവർഷം തീർക്കാൻ കഴിഞ്ഞു. ബാക്കിയുള്ളത് ഈ വർഷം തീർക്കും എന്നത് പ്രത്യേകം അഭിനന്ദിക്കേണ്ട കാര്യമാണ്. അങ്ങനെ എല്ലാ രംഗത്തും വലിയ മാററങ്ങൾ ഉണ്ടായിട്ടുണ്ട്. ആ മാററങ്ങൾ ഒരിക്കലും ആർക്കും മറച്ചുവയ്ക്കാൻ കഴിയുകയില്ല. കേരളത്തിലെ നെൽകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിൽ ഏററവും വലിയ ഭാരമായിരുന്നു 20 കോടിയോളം രൂപ വരുന്ന അവരുടെ കടബാദ്ധ്യത. ആ ബാദ്ധ്യത എഴുതിത്തള്ളി എന്നത് ഈ സർക്കാരിൻെറ ഏററവും വലിയ നേട്ടമാണ്. കുട്ടനാട്ടിലെയും കോൾനിലങ്ങളിലെയും നെൽക്കൃഷിക്കാർ കെ.എൽ.ഡി.സി.-ക്ക് 40 കോടിയോളം രൂപ കെട്ടുക്കാനുണ്ടായിരുന്നു. റവന്യൂ റിക്കവറി ഉദ്യോഗസ്ഥൻമാർ ഓരോ കൃഷിക്കാരൻെറയും വീട്ടിൽ കയറിച്ചെന്നു അവൻെറ വീട്ടിൽനിന്ന് ചട്ടിയും കലവും പറക്കിയിരുന്ന ദുരവസ്ഥയിൽ നിന്ന് ഈ ഗവൺമെൻറാണ് അവരെ മോചിപ്പിച്ചത് എന്നുപറഞ്ഞാൽ ഒരിക്കലും കേരളത്തിലെ കർഷകർ ഈ ഗവൺമെൻറിനെ മറക്കുകയില്ല. സർ, ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഒട്ടേറെനേട്ടങ്ങൾ ഈ രംഗത്ത് അദ്ദേഹം ഉണ്ടാക്കിയിട്ടുണ്ട്. തൃശ്ശൂർ കോൾ വികസന പദ്ധതി കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് മരവിച്ചുകിടന്ന ഒരു പദ്ധതിയായിരുന്നു. അദ്ദേഹം അത് ഏറെറടുത്ത് നാല്പതിനായിരത്തോളം കർഷകർക്ക് പ്രയോജനം വരുന്ന ഒരു പദ്ധതിയായി മാററി. അതുപോലെ ആലപ്പുഴ കരിനില വികസന

LIBRARY ARCHIVES Kerala Legislative Assembly

ഏജൻസി. വർഷങ്ങളായി കുട്ടനാട്ടിലെ കർഷകരുടെ ആശയും പ്രതീക്ഷയുമായിരുന്നു അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ ഒരു വികസന അതോറിറ്റിയുണ്ടാകണമെന്നത്. ഈ ഗവൺമെൻറ് കുട്ടനാട് വികസന അതോറിറ്റിക്ക് രൂപം കൊടുത്തു. അതുപോലെ ഒരു കർഷകനെത്തന്നെ അതിൻെറ അദ്ധ്യക്ഷനാക്കിക്കൊണ്ട് ആ വികസന അതോറിറ്റിയുടെ പ്രവർത്തനം ആരംഭിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു. എത്രയും വേഗം തന്നെ ആ പരിപാടികളുമായി മുന്നോട്ടു പോകാനും, കുട്ടനാട് കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാനും നടപടി സ്വീകരിക്കണം. അതുപോലെ ഈ ഗവൺമെൻറ് തുടങ്ങിവച്ച നെൽസംഭരണം. നമുക്കറിയാം, കൊയ്ത്തുകാലങ്ങളിൽ നെല്ലിനു വിലയില്ലാത്ത സമയത്ത് നെല്ല് സംഭരിച്ച് സീസൺ കഴിയുന്ന സമയത്ത് അരിയായി കൊടുക്കുന്ന ബൃഹത്തായ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ഇപ്പോൾ തൃശ്ശൂരിൽ മൂന്നു കോടി രൂപ മുതൽ മുടക്കിൽ ഒരു റൈസ് മിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതുപോലുള്ള റൈസ് മില്ലുകൾ പാലക്കാടും ആലപ്പുഴയിലും സ്ഥാപിച്ചുകൊണ്ട് നെൽസംഭരണം എന്ന ബൃഹത്തായ പദ്ധതി, കർഷകർക്ക് ഏററവും പ്രയോജനം ചെയ്യുന്ന പദ്ധതി വിപുലീകരിക്കാൻ നടപടി സ്വീകരിക്കണം. ഇതൊക്കെ പറയുന്ന അവസരത്തിലും ഒട്ടേറെ പ്രശ്നങ്ങളെ കാർഷിക മേഖല നേരിടുന്നുണ്ട്. സർ, ചില പാടശേഖരങ്ങളിൽ അസിഡിററി കൂടിയതുകൊണ്ട് കൃഷിനാശം സംഭവിക്കുന്നുണ്ട്. ഞാറുകൾ എല്ലാം ചുവന്ന നിറമായി മാറുന്നു. ഇതിൽനിന്ന് കർഷകരെ കരകയററുന്നതിനുവേണ്ടി കക്കയ്ക്ക് സബ്സിഡി നൽകണം. കടയ്ക്കാവൂർ പഞ്ചായത്തിൽ ഈ പ്രശ്നം വളരെ രൂക്ഷമാണെന്നും മനസ്സിലാക്കിയതുകൊണ്ടാണ് ഈ പ്രശ്നം പ്രത്യേകമായി ഞാൻ ഉന്നയിക്കുന്നത്. അതുപോലെ നമ്മൾ ഇവിടെ എല്ലാ കാര്യങ്ങളെപ്പററിയും പറയും. എന്നാൽ നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് കാലാകാലങ്ങളിൽ വരുന്ന ഗവൺമെൻറുകൾ താല്പര്യമെടുക്കുന്നില്ല എന്നത് വേദനാജനകമായ സത്യമാണ്. സംസ്ഥാനത്ത് വികസനം വേണം. അതിന് ആരും ഒരിക്കലും എതിരല്ല. പക്ഷെ വികസനത്തിനുവേണ്ടി കുരുതി കൊടുക്കപ്പെടുന്നത് ഈ സംസ്ഥാനത്തെ പാടശേഖരങ്ങളാണെന്നുള്ള ദുഃഖസത്യം മറച്ചുവയ്ക്കാൻ സാധിക്കുകയില്ല. കരുനാഗപ്പള്ളിയിലെ കേരഫെഡ്ഡിനുവേണ്ടിയും കായംകുളത്തെ താപവൈദ്യുത നിലയത്തിനുവേണ്ടിയും ചേർത്തലയിൽ വ്യവസായം തുടങ്ങുന്നതിനുവേണ്ടിയും പുതിയ വിമാനത്താവളങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയും സംസ്കൃത സർവ്വകലാശാലകൾ ഉണ്ടാക്കുന്നതിനുവേണ്ടിയും ഒക്കെ ഈ സംസ്ഥാനത്തെ പാടശേഖരങ്ങളാണ് ഉപയോഗിക്കുന്നത് എന്നത് സത്യമാണ്. പാടശേഖരങ്ങളെമാത്രം, അതായത് കൃഷിയെമാത്രം ആശ്രയിച്ചുകൊണ്ടാണ് ബഹുഭൂരിപക്ഷം ജനങ്ങൾ കേരളത്തിൽ ജീവിക്കുന്നത്. താറാവുകൃഷിയായാലും കന്നുകാലി വളർത്തലായാലും സർ, ഒട്ടേറെ പേർക്ക് ജീവിതമാർഗ്ഗം എന്നുപറഞ്ഞാൽ കാർഷികരംഗം മാത്രമാണ്. കാർഷിക മേഖലയിൽ ഒട്ടേറെ വിപ്ലവമുണ്ടായിയെന്നു പറയുന്ന അവസരത്തിലും കേരളത്തിനാവശ്യമായ പച്ചക്കറിയിൽ 80 ശതമാനവും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. മൂന്നാറിൽ ഉല്പാദിപ്പിക്കുന്ന ക്യാബേജ് നേരിട്ട് ഇവിടെ വരുന്നില്ല. അത് അന്യസംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നാണ് കേരളത്തിൽ വരുന്നത്. ഈ രംഗത്ത് ഒരു മാററമുണ്ടായേ മതിയാകൂ. നമുക്ക് അനുകൂലമായ കാലാവസ്ഥയുണ്ട്, വളക്കൂറുള്ള മണ്ണുണ്ട്. തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ വീട്ടമ്മമാർ വീടുകളിൽ ചടഞ്ഞുകൂടിയിരിക്കുന്നുണ്ട്. അവരുടെ വീട്ടാവശ്യത്തിനുവേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

പച്ചക്കറിയെങ്കിലും ഉല്പാദിപ്പിക്കാനുള്ള ബോധവൽക്കരണം ഉണ്ടാകണം. ഞാൻ ഏഴു സെൻറ് സ്ഥലത്ത് താമസിക്കുന്നയാളാണ്. എന്നാൽ എൻെറ വീട്ടാവശ്യത്തിനുള്ള പച്ചക്കറി എൻെറ വീട്ടിൽത്തന്നെ ഉല്പാദിപ്പിക്കുന്നു എന്നുള്ള അനുഭവത്തിലാണ് ഞാൻ ഇതു പറയുന്നത്. തീർച്ചയായും കേരളത്തിൽ ഇതിനൊരു മാറ്റം ഉണ്ടായേ മതിയാകൂ. കേരളത്തിൻെറ ഈ മണ്ണിൽ തെല്ലും ബുദ്ധിമുട്ടില്ലാതെതന്നെ ഉല്പാദിപ്പിക്കാൻ കഴിയുന്ന വളരെ ഔഷധമൂല്യങ്ങളുള്ള ഒട്ടേറെ പച്ചക്കറികളുണ്ട്. അതിനൊരു ഉദാഹരണമാണ് പപ്പായ. പപ്പായ നമുക്ക് ഒരു ബുദ്ധിമുട്ടുമില്ലാതെ വളർത്തിയെടുക്കാം. അത് ഒരിക്കൽ നട്ടുകഴിഞ്ഞാൽ വർഷങ്ങളോളം അതിൽനിന്നു ഫലങ്ങൾ കിട്ടുന്നു. പപ്പായയുടെ ഗുണങ്ങളെപ്പററി ഈ സഭയിൽത്തന്നെ ബോധ്യപ്പെടുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുണ്ട്. അദ്ദേഹത്തിൻെറ ആഹാരക്രമത്തിൽ അദ്ദേഹം എവിടെപോയാലും ഒഴിച്ചുകൂടാതെ ഉപയോഗിക്കുന്ന ഒന്നാണ് പപ്പായ. സർ, ഇവിടെ ഭരണ കക്ഷിയും പ്രതിപക്ഷവും ഒരുപോലെ എതിർത്താലും തകർക്കാൻ പററാത്തത് മുഖ്യമന്ത്രി പപ്പായ കഴിക്കുന്നതുകൊണ്ടാണ് എന്നു ഞാൻ വിശ്വസിക്കുകയാണ്. അത്രമാത്രം ഔഷധമൂല്യമുള്ള പപ്പായ കൃഷി വളരെ വ്യാപകമാക്കുവാൻ തക്കവണ്ണം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രദ്ധിക്കണം. ഒരു വ്യവസായമായിത്തന്നെ അതിനെ മാററണം. കാർഷിക സർവ്വകലാശാലയിലും അതുപോലെ കൃഷി ഫാമുകളിലും ഒക്കെ ഉല്പാദിപ്പിക്കുന്ന വിത്തുകൾ ഓരോ വീടുകളിലും എത്തിക്കുവാനും, അങ്ങനെ അഗ്രിഹോർട്ടി കൾച്ചറൽ സൊസൈററി വഴി ഇവിടെ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ വീട്ടാവശ്യത്തിനുള്ളതിൻെറ ബാക്കി ശേഖരിച്ച് ഒരു വ്യവസായമായി അതിനെ മാററുവാനും ഒരു പ്രത്യേക ശ്രദ്ധ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

സർ, അതുപോലെ അന്യസംസ്ഥാനങ്ങളിൽനിന്നും ദിവസവും ലോറിക്കണക്കിന് മുട്ടയും കോഴി ഇറച്ചിയും നമ്മുടെ സംസ്ഥാനത്ത് വരുന്നു. ഇവിടെ പൗൾട്രി ഡവലപ്പ്മെൻറ് കോർപ്പറേഷനുണ്ട്. അതുപോലെ ഇവിടെ ഒട്ടേറെ സംവിധാനങ്ങളുണ്ട്. പക്ഷെ ഈ സംസ്ഥാനത്തിനാവശ്യമായ മുട്ടയും കോഴിഇറച്ചിയും ഇവിടെ ഉല്പാദിപ്പിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ പറഞ്ഞു, ഇവിടെ 'എഗ്ഗ്' നടപ്പാക്കുമെന്ന്. മിൽമ പോലെ പാരലലായ സംവിധാനം ഈ രംഗത്ത് ഉണ്ടാക്കുമെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ആ കൂട്ടത്തിൽത്തന്നെ ഈ സംസ്ഥാനത്ത് വലിയൊരു മാററമുണ്ടാക്കാൻ കഴിയുന്ന, ഒട്ടേറെ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന 'എഗ്ഗ്' എന്നു പറയുന്ന പുതിയ പദ്ധതിക്ക് കൂടി മുൻകയ്യെടുക്കണം. ഒട്ടേറെ കാര്യങ്ങൾ ഈ രംഗത്ത് പറയുവാനുണ്ടെങ്കിലും പ്രധാനമായ ആരോഗ്യ വകുപ്പിനെക്കുറിച്ചുകൂടി ഒന്നുരണ്ടു കാര്യങ്ങൾ പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ആരോഗ്യരംഗത്ത് ഒട്ടേറെകാര്യങ്ങൾ ഈ ഗവൺമെൻറിൻെറ നേട്ടമായി തന്നെയുണ്ട്. വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ ആരോഗ്യ സൂചകമായി നിർദ്ദേശിച്ചിട്ടുള്ള ഏററവും പ്രധാനപ്പെട്ട കാര്യങ്ങൾ ഈ സംസ്ഥാനം നേടിക്കഴിഞ്ഞു. ജനന മരണനിരക്കിലുള്ള നിയന്ത്രണം, അതുപോലെ ആയുർദൈർഘ്യം എന്നിവയിലൊക്കെത്തന്നെ മററുള്ള ഏതു സംസ്ഥാനത്തെക്കാളും നേട്ടങ്ങൾ കൊയ്തെടുത്ത സംസ്ഥാനമാണ് കേരളം. പക്ഷെ ഇന്നു കേരളത്തിൽ ഇത്രയും നേട്ടങ്ങളുടെ പട്ടിക നിരത്താനുണ്ടെങ്കിലും സാധാരണക്കാരൻെറ ജീവിതത്തിൽ സർക്കാർ ആശുപത്രിയെ

LIBRARY ARCHIVES Kerala Legislative Assembly

പററിയുള്ള ധാർമ്മ കടന്നുവരുമ്പോൾ വളരെ വേദനാജനകമാണെന്നു പറയേണ്ടിയിരിക്കുന്നു. ഈ വ്യവസ്ഥിതിക്ക് മാററമുണ്ടാകണം. കാലാകാലങ്ങളിൽവന്ന എല്ലാ സർക്കാരുകൾക്കും അതിൽ വലിയ പങ്കുണ്ട്. ജനപ്പെരുപ്പവും രോഗങ്ങളുടെയും രോഗികളുടെയും വർദ്ധനവുമൊക്കെ അതിനു കാരണമാണെങ്കിലും ഇന്നുള്ള സർക്കാർ ആശുപത്രികളുടെ സംവിധാനത്തിനു മാററമുണ്ടാകണം. സർക്കാർ ആശുപത്രികളെ സമീപിക്കുന്നത് എപ്പോഴും പാവപ്പെട്ടവരാണ്. ഇത്രയധികം സ്വകാര്യ ആശുപത്രികളുള്ള സംസ്ഥാനം ഇൻഡ്യയിൽ വേറെയില്ല. സർ, ഈ സംസ്ഥാനത്ത് ഒരു പൈസയെങ്കിലും കയ്യിലുള്ളവൻ ഒരു പനി വന്നാൽ സ്വകാര്യ ആശുപത്രിയിൽ പോകും. ഒരു വരുമാനവുമില്ലാത്ത പാവപ്പെട്ടവൻ മാത്രം സർക്കാർ ആശുപത്രിയെ സമീപിക്കുന്നു. ഈ പട്ടിണിപ്പാവങ്ങൾക്ക് അവർ അർഹിക്കുന്ന വിധത്തിൽ മാന്യമായ ചികിൽസ ലഭിക്കാനുള്ള സംവിധാനം ഈ സർക്കാരിൻെറ ഭാഗത്തുനിന്ന് ഉണ്ടാകണം.

സർ, നമുക്കറിയാം വിദ്യാഭ്യാസ രംഗത്തും സാമൂഹ്യരംഗത്തും വ്യവസായ രംഗത്തും ഇങ്ങനെ എല്ലാ രംഗത്തും വലിയ മാററം വരുന്നുണ്ട്. പക്ഷേ ആരോഗ്യരംഗത്ത് പാവപ്പെട്ടവന് നീതി ഇവിടെ നിഷേധിക്കപ്പെടുന്നു എന്നുള്ളത് ഒരു ദുഃഖസത്യമാണ്. ഒരു രോഗം വന്നാൽ ഏററവും പ്രധാനമായി ഒരു രോഗത്തിൻെറ ഗൗരവം നിർണ്ണയിക്കപ്പെടുന്നത് ലബോറട്ടറി ടെസ്ററുകൾ വഴിയാണ്. ഇവിടെ ട്യൂട്ടോറിയൽ കേളേജുകൾ നടത്തുന്നതിന് മാനദണ്ഡം വേണമെന്നു പറഞ്ഞു. പക്ഷേ കുമിൾപോലെ മുളച്ചുനിൽക്കുന്ന ലബോറട്ടറികളെപ്പററി ഒരു നിമിഷമെങ്കിലും നമ്മൾ ചിന്തിച്ചിട്ടുണ്ടോ? ഇവിടെ യോഗ്യതയുള്ള ടെക്നീഷ്യൻസ് ആണോ ലബോറട്ടറി ടെസ്ററ് നടത്തുന്നതെന്നുള്ളതിനെക്കുറിച്ച് ഒരു അന്വേഷണം വേണം. ഇവിടെ എയ്ഡ്സ് ടെസ്ററ് പോലെ ഗുരുതരമായ രോഗങ്ങൾ വരെ പരിശോധിക്കുന്നത് എസ്.എസ്.എൽ.സി. പോലും പാസ്സാകാത്ത ക്വാളിഫൈഡ് അല്ലാത്ത ടെക്നീഷ്യൻസാണ്. തിരുവനന്തപുരത്തെ തന്നെ അഞ്ച് ലബോറട്ടറികളിൽ നമ്മൾ യൂറിൻ ടെസ്ററ് ചെയ്യാൻ കൊടുത്താൽ അഞ്ച് ലബോറട്ടറികളിലേയും റിസൾട്ട് അഞ്ചായിരിക്കും. സംശയം ഉണ്ടെങ്കിൽ അങ്ങേയ്ക്കുതന്നെ അതൊന്നു പരിശോധിക്കാവുന്നതാണ്. അതാണ് ഈ സംസ്ഥാനത്തെ സ്ഥിതി. ഞാൻ ഇത് പറയുന്നത് എൻെറ അനുഭവത്തിൻെറ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് തീർച്ചയായും ലബോറട്ടറി രംഗത്ത് ഒരു നിയമം കൊണ്ടുവന്ന് അതിനൊരു മാനദണ്ഡം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നഴ്സിംഗ് സ്കൂളുകളുടെ കാര്യത്തിലും ഒരു ശ്രദ്ധ വേണം. കേരളത്തിലെ നഴ്സുമാരെപ്പററി നമ്മുടെ ഇൻഡ്യ മുഴുവൻ, ലോകം മുഴുവൻ നല്ല അഭിപ്രായമാണ്. പക്ഷേ അനധികൃതമായി നടത്തുന്ന നഴ്സിംഗ് സ്കൂളുകൾക്ക് ഇവിടെ അവസാനം ഉണ്ടാകണം. കൃത്യമായ കോച്ചിംഗ് അവർക്ക് കൊടുക്കാൻ കഴിയുന്നില്ല. എന്നുള്ളത് അങ്ങേയററം ഖേദകരമാണ്. ഈ സംസ്ഥാനത്ത് അഞ്ച് മെഡിക്കൽ കോളേജുകൾ ഉണ്ട്. ഞാൻ ആലപ്പുഴ ജില്ലയിൽനിന്നുള്ള ആളാണ്. എൻെറ ആലപ്പുഴ ജില്ലയിലും ഒരു മെഡിൽ കോളേജ് ഉണ്ട്. പക്ഷേ ഈ സംസ്ഥാനത്ത് അഞ്ച് മെഡിക്കൽ കോളേജുകളുള്ളതിൽ സർക്കാരിൽ നിന്ന് അലോട്ട്മെൻറ് വരുന്ന സമയത്ത് 'എൻെറ മൂത്ത കുട്ടിക്ക് കൂടുതൽ കൊടുക്കുന്നു' എന്നുപറയുന്നതുപോലെ ഇവിടത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിനാണ് കൂടുതൽ പ്രാധാന്യം കൊടുത്തിട്ടുള്ളത്. അതുകൊണ്ട് ഇനിയെങ്കിലും ഈ അഞ്ച് മെഡിക്കൽ കോളേജുകളേയും ഒരേപോലെ കാണാനും

LIBRARY ARCHIVES Kerala Legislative Assembly

അലോട്ട്മെൻറ് തീരുമാനിക്കുമ്പോൾ എല്ലാ മെഡിക്കൽ കോളേജുകളിലും ഒരേ സൗകര്യം ഉണ്ടാക്കാനുമുള്ള സംവിധാനങ്ങൾ ചെയ്യണം. അതുപോലെ തന്നെ ഇവിടെ റഫറൽ ഹോസ്പിററലുകൾ ഉള്ളത് തിരുവനന്തപുരത്തും കോഴിക്കോട്ടുമാണ്. ഒരു പനി വന്നാൽക്കൂടി റഫർ ചെയ്ത് തിരുവന്തപുരം മെഡിക്കൽ കോളേജിലേക്ക് വിടുന്ന സ്ഥിതിയാണ് സംസ്ഥാനത്തുള്ളത്. അതിൽ മാററമുണ്ടാക്കണം. എന്നിട്ട് പെരിഫെറൽ ഹോസ്പിററലുകളിൽ അതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം. അവിടെ ഒരു രോഗി ചെന്നാൽ രോഗം നിർണ്ണയിക്കാനുള്ള സൗകര്യമുണ്ടാകണം. ഈ സൗകര്യങ്ങൾ ഇല്ലാതെ വരുന്നതുകൊണ്ടാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിലൊക്കെ കട്ടിലിനു താഴെ വരെ രോഗികളെ കിടത്തി ചികിൽസിക്കേണ്ട ഗതികേടുവരുന്നത്. അതിന് അവസാനമുണ്ടാകണമെങ്കിൽ പെരിഫെറൽ ഹോസ്പിററലുകളുടെ, പ്രൈമറി ഹെൽത്ത് സെൻററുകളുടെ സൗകര്യം വർദ്ധിപ്പിക്കണം. നമുക്കറിയാം ഏററവും അത്യാവശ്യമായ ആൻറിവൈറം പോലുള്ള.....

ശ്രീ. ലോനപ്പൻ നമ്പാടൻ: കേരളത്തിൽ വിദഗ്ദ്ധ ചികിൽസാ സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ടല്ലേ ബഹുമാനപ്പെട്ട മെമ്പർക്ക് മദ്രാസിലെ അപ്പോളോ ആശുപത്രിയിൽപ്പോയി ചികിൽസിക്കേണ്ടി വന്നത്. അത്തരം വിദഗ്ദ്ധ ചികിൽസാ സൗകര്യങ്ങൾ കേരളത്തിൽ ആരംഭിക്കുന്നതിനെ കുറിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്താണ്?

ശ്രീമതി ശോഭനാ ജോർജ്: നമ്പാടൻ മാസ്ററർ പറഞ്ഞത് നൂറ് ശതമാനവും ശരിയാണ്. ഇത്ര ആധികാരികമായി എനിക്ക് പ്രസംഗിക്കാൻ കഴിയുന്നത് എൻെറ അനുഭവത്തിൻെറ പേരിലാണെന്നുതന്നെ കരുതിക്കോളൂ. വളരെയധികം ബുദ്ധിമുട്ടുന്ന പാവപ്പെട്ടവർക്ക് നീതി കിട്ടുകയും അവരും ആരോഗ്യപരമായി സംരക്ഷിക്കപ്പെടുകയും ചെയ്യണമെങ്കിൽ ഒട്ടേറെ മാററങ്ങൾ ഈ രംഗത്ത് ഉണ്ടാകണമെന്നാണ് ഞാൻ പറഞ്ഞു വന്നത്.

സർ, ഇവിടത്തെ ആശുപത്രികളെക്കുറിച്ച് ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. കിടക്കകൾ ഇല്ലാതെ രോഗികൾ കഷ്ടപ്പെടുന്നു. അതേയവസരത്തിൽതന്നെ ടിഞ്ഞ കസേരകൾ, ഒടിഞ്ഞ ബഞ്ചുകൾ, ഒഴിഞ്ഞ സിലിണ്ടറുകൾ ഇതെല്ലാം സൂക്ഷിക്കുന്നതിനുവേണ്ടി രണ്ടുമൂന്നു മുറികൾ പൂട്ടിയിട്ടിരിക്കുന്നത് കാണാം. അതിനെക്കുറിച്ച് ബന്ധപ്പെട്ടവരോട് ചോദിക്കുമ്പോൾ അത് കൈമാറാനുള്ള അധികാരം അവർക്കില്ല എന്നാണ് പറയുന്നത്. അഡ്മിനിസ്ട്രേററീവ് രംഗത്തെ ഇതുപോലുള്ള നൂലാമാലകൾ അവസാനിപ്പിക്കണം. ഏററവും കൂടുതൽ വാഹനങ്ങളുള്ള ഒരു ഡിപ്പാർട്ടുമെൻറാണ് ഹെൽത്ത് ഡിപ്പാർട്ടുമെൻറ്. പോലീസ് സ്ററേഷൻെറ പരിസരത്ത് കുററം ചെയ്തതിൻെറ പേരിൽ വണ്ടികൾ കിടക്കുന്നത് നമുക്ക് മനസ്സിലാക്കാം. പക്ഷേ പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെൻറ് കെട്ടിടത്തിൻെറ പരിസരത്ത് എത്രയധികം വാഹനങ്ങൾ തുരുമ്പിച്ചു കിടക്കുന്നു! വളരെ ചെറിയ മെയിൻറൻസ് പണികൾ പോലും നടത്താനുള്ള അനുവാദമില്ലാത്തതിൻെറ പേരിലാണ് അത് അങ്ങനെ കിടക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെയുള്ള കാര്യങ്ങൾ അവസാനിപ്പിക്കണം.

അതുപോലെതന്നെ ഡിസ്പോസബിൾ സിറിഞ്ചുകൾ. നമുക്ക് എയ്ഡ്സ് പോലുള്ള മാരകമായ രോഗങ്ങൾ തടയുന്നതിനു വേണ്ടിയാണ് ഈ സിറിഞ്ചുകളുടെ കാര്യത്തിൽ ഏററവും കൂടുതൽ ക്ലിപ്തത നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

Page 61 of 124

പാലിച്ചത്. പക്ഷേ ഡിസ്പോസബിൾ സിറിഞ്ചുകൾ ഡിസ്ട്രോയ് ചെയ്യുന്നതിനുള്ള സംവിധാനം ഇപ്പോൾ ഇല്ല. തൻമൂലം ഉപയോഗിച്ച സിറിഞ്ചുകൾ പിള്ളേരൊക്കെ വാരിക്കെട്ടി കൊണ്ടുപോയിട്ട് വീണ്ടും അത് പുതിയ പായ്ക്കററിൽ വരുന്നു എന്നുള്ള ഒരു ദുഃഖസത്യം ഇവിടെ നിലനിൽക്കുന്നുണ്ട്.

അതുപോലെതന്നെ പ്രത്യേകം ഒരു കാര്യം പറയാനുള്ളത് ഇവിടെ ആദിവാസികളുടെ ഇടയിൽ ഇന്നും നിലനിൽക്കുന്ന പകർച്ചവ്യാധികളുടെ രോഗനിവാരണത്തിന് ഒരു പരിഹാരം കാണാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയ അന്നുമുതൽ ആദിവാസികൾക്കുവേണ്ടി ഇവിടെ ചികിൽസ ആരംഭിക്കാൻ തുടങ്ങിയതാണ്. പക്ഷേ ഇതിനോടകം ഇവിടെ ആദിവാസികൾക്കുവേണ്ടി ചെലവാക്കിയ തുക അവരുടെ കയ്യിൽ പൊതിഞ്ഞങ്ങു കൊടുത്തിരുന്നുവെങ്കിൽ ഇവിടത്തെ ആദിവാസികൾ ലക്ഷപ്രഭുക്കൾ ആയേനെ. ആദിവാസികളുടെ കാര്യത്തിൽ ഇന്ന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം അപര്യാപ്തമാണ്. അത് കൂറെക്കൂടി നിയന്ത്രിച്ച് അവിടെ ഒരു ഇൻസ്പെക്ഷൻതന്നെ ഏർപ്പെടുത്തി ആദിവാസികളെ രക്ഷിക്കാനും അവർക്കും നീതി ലഭിക്കാനും വേണ്ട നടപടി സ്വീകരിക്കണമെന്നുമാത്രം ഞാൻ പറയുകയാണ്. അതുപോലെതന്നെ ആയുർവേദ രംഗത്ത് ഒട്ടേറെ കാര്യങ്ങൾ ചെയ്യാനുണ്ട്. സമയം അതിക്രമിച്ചിരിക്കുന്നതുകൊണ്ട് ഞാൻ കൂടുതൽ പറയുന്നില്ല. ഇവിടെ അവതരിപ്പിച്ച രണ്ട് ധനാഭ്യർത്ഥനകളേയും ഞാൻ പിന്താങ്ങുന്നു.

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ്: സർ, കേരളീയ ജീവിതം ചരിത്രത്തിലെ ഏററവും വലിയ വിലക്കയററവും ദുരിതവും നേരിടുന്ന ഒരു സന്ദർഭത്തിലാണ് നമ്മൾ ഈ ധനാഭ്യർത്ഥനകൾ ചർച്ച ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. നമ്മുടെ ജീവിതവുമായി സജീവ ബന്ധമുണ്ടായിരുന്ന ഒരു ജനാധിപത്യ സർക്കാരിൻെറ പ്രാഥമിക ഉത്തരവാദിത്വങ്ങളിൽ പലതും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഇന്ന് നമ്മൾ ജീവിച്ചുകൊണ്ടിരിക്കുന്നത്. റേഷൻ ഷോപ്പുകൾ ഏതാണ്ട് അടച്ചുപൂട്ടാറായ ഒരു അവസ്ഥയാണ് ഇന്നുള്ളത്. അതുപോലെതന്നെ ആശുപത്രികൾ, കെ. എസ്. ആർ. ടി. സി. ഇങ്ങനെ ജീവിതത്തിൻെറ സമസ്ത മേഖലയിലും നമ്മൾ പുതിയ പുതിയ ദുരിതങ്ങൾ നേരിടാൻ പോകുന്നതിൻെറ ഒരു കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ സാമ്രാജ്യത്വം അതിൻെറ സൂക്ഷ്മമായ, വളരെ വളരെ സൂക്ഷ്മമായ മാർഗ്ഗങ്ങളിലൂടെ ഭാരതത്തിലേക്കും കടന്നുവന്നിരിക്കുന്നു. ഒരു പുതിയ സാമ്പത്തികനയം, വളരെ വളരെ കൊട്ടിഘോഷിക്കപ്പെട്ടുകൊണ്ട് ഇവിടെ അവതരിപ്പിക്കപ്പെട്ട ഒരു സാമ്പത്തിക നയം നമ്മുടെ ജീവിതത്തെ വളരെ പ്രതികൂലമായി ബാധിക്കുന്ന ഒരു സാഹചര്യം സംജാതമാക്കിയിരിക്കുന്നു എന്നുള്ളത് ഭരണപക്ഷവും പ്രതിപക്ഷവും ഒരുപോലെ സമ്മതിക്കുന്ന ഒരു കാര്യമാണ്. ഇവിടെ ഈ സാമ്രാജ്യത്വത്തെപ്പററി പറയുമ്പോൾ വളരെ സൂക്ഷ്മമാണ് അതിൻെറ കടന്നുകയറൽ എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ ഇത് നേരിട്ട് അനുഭവിച്ച ഒരാളാണ്. ഞാൻ പത്തുപന്ത്രണ്ട് വർഷം അറേബ്യയിൽ ഉണ്ടായിരുന്നു. അറബികളെ എങ്ങനെയാണ് സാമ്രാജ്യത്വം അതിൻെറ സൂക്ഷ്മമായ ആക്രമണങ്ങളിലൂടെ കീഴ്പ്പെടുത്തിയതെന്ന് ഒരു ചെറിയ ഉദാഹരണത്തിലൂടെ ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുകയാണ്. 1984-ൽ ഒരു ബാരൽ ഓയിലിൻെറ വില 34 ഡോളറായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഹോർമോസ് കടലിടുക്ക് കഴിഞ്ഞാൽ അവിടെയുള്ള ഓപ്പൺ സ്പോട്ട് മാർക്കററിൽവച്ച് വിൽക്കുന്നതാണ്. 34 ഡോളർ വില നിശ്ചയിച്ചിരുന്നത്. അന്ന് 32 ഡോളറിൽനിന്നും 34 ഡോളർ ആക്കിയത് 'ഒപ്പെക്' എന്ന സംഘടനയായിരുന്നു. അറബികളുടെ ഏക ദേശീയ വരുമാനം അന്നും ഇന്നും ഓയിലാണ്. അതുകൊണ്ട് അതിൻെറ ഉൽപ്പാദനവും നിയന്ത്രണവും വിതരണവുമെല്ലാം നിർവ്വഹിച്ചിരുന്നത് 'ഒപ്പെക്' എന്ന സംഘടനയാണ്. അത് 34 ഡോളറാക്കി നിശ്ചയിച്ചപ്പോൾ അന്നത്തെ അമേരിക്കൻ പ്രസിഡൻറായ ജിമ്മി കാർട്ടർ പറഞ്ഞു, നിങ്ങളല്ല ഞങ്ങളാണ് ഓയിലിൻെറ വില നിശ്ചയിക്കുന്നത് എന്ന്. അറബികൾ പറഞ്ഞു, അന്നത്തെ 'ഒപ്പെക്'-ൻെറ ചെയർമാൻ പറഞ്ഞു ഇത് അറബികളുടെ സ്വാതന്ത്രത്തിൻ മേലുള്ള കൈകടത്തലാണ്. ഞങ്ങളാണ് വില നിശ്ചയിക്കാൻ പോകുന്നതെന്ന്. ജിമ്മി കാർട്ടർ ചിരിച്ചു. നമ്മുടെ മുഖ്യമന്ത്രിയെപ്പോലെ മനോഹരമായി ചിരിക്കുന്ന ഒരു വ്യക്തിയാണ് അദ്ദേഹം. അദ്ദേഹം ഒന്നും പറഞ്ഞില്ല. ഇന്ന് എന്താണ് ഓയിലിൻെറ വിലയെന്ന് അങ്ങേയ്ക്ക് അറിയാമോ? 15 ഡോളറാണ് സ്പോട്ട് മാർക്കററിൽ ഒരു ബാരൽ ക്രൂഡ് ഓയിലിൻെറ വില. ഇങ്ങനെയാണ് നമ്മുടെ രാജ്യത്തിനും സംഭവിക്കാൻ പോകുന്നത്. സമസ്ത മേഖലകളിലും ഇവർ നമ്മളെ കയ്യടക്കാൻ പോകുകയാണ്. ഇപ്പോൾ ഡോക്ടർ മൻമോഹൻ സിംഗ് പറയുന്നത് എന്താണെന്നറിയാമോ? ഫോറിൻ റിസർവ് കൂടിയിട്ടുണ്ടെന്നാണ്. ശരിയാണ്, ഇപ്പോൾ കൂടും. കാരണം ഒരു മില്യൻ ഡോളർ അമേരിക്കയിൽനിന്ന് ട്രാൻസ്ഫർ ചെയ്താൽ മൂന്നുകോടി രൂപ ഇൻഡ്യയിൽ എത്തുന്നു. ഈ മൂന്നുകോടി രൂപ ഇറക്കിക്കൊണ്ട് ഇതേപോലെ നമ്മുടെ വിദേശ കമ്പനികൾ ഇവിടെ വന്ന് നമ്മുടെ കമ്പനികളെല്ലാം വാങ്ങിക്കൂട്ടുന്ന ഒരവസ്ഥയാണിപ്പോൾ. ഇത് ഇനി അവർ തിരിച്ചുകൊണ്ടുപോകാൻ തുടങ്ങുമ്പോഴാണ് നമ്മൾ യഥാർത്ഥ പ്രശ്നങ്ങളെ നേരിടാൻ പോകുന്നത്. ഞാൻ അത്തരം കാര്യങ്ങളിലേയ്ക്ക് നീട്ടിക്കൊണ്ടുപോകുന്നില്ല.

കൃഷിയെപ്പററിയുള്ള നമ്മുടെ പഴയ കാഴ്ചപ്പാടുതന്നെ മാറിക്കൊണ്ടിരിക്കുന്ന ഒരവസരത്തിലാണ് നാം ഇവിടെ ഈ ധനാഭ്യർത്ഥന ചർച്ച ചെയ്യപ്പെടുന്നത്. കേരളത്തിനാവശ്യമായിട്ടുള്ള അരി, ഗോതമ്പ്, പയർ വർഗ്ഗങ്ങൾ തുടങ്ങിയ ഭക്ഷ്യധാന്യങ്ങൾ കേരളത്തിന് പുറത്തുനിന്ന് നമുക്ക് കിട്ടുമെന്നുള്ളതും, അതേസമയം കേരളത്തിൻെറ കാർഷിക അദ്ധ്വാന ശക്തി നാണ്യവിളകളിൽ കേന്ദ്രീകരിക്കണമെന്നുള്ളതുമായിരുന്നു പണ്ഡിററ് ജവഹർലാൽ നെഹ്റുവിൻെറ കാലത്ത് ഉണ്ടായിരുന്ന നിലപാട്. അതുകൊണ്ടാണ് സ്ററാററ്യൂട്ടറി റേഷനിംഗ് മുതലായ സംവിധാനങ്ങൾ ഉണ്ടായത്. അത് ഇന്ന് നിർത്താൻ പോകുകയാണ്. റേഷൻ ഷാപ്പുകൾ ഇന്ന് നിർത്താൻ പോകുകയാണ്. അതുകൊണ്ട് ആദ്യത്തെ നിലപാടു തന്നെ പൊളിഞ്ഞു കഴിഞ്ഞു.

രണ്ടാമത് നമ്മുടെ നാണ്യവിളകളെ സംബന്ധിച്ചാണ് പറയുന്നത്. നാണ്യവിളകൾക്ക് ഇനി ഒരു കാലത്തും വില കൂടാൻ പോകുന്നില്ലെന്നുള്ള ഒരു സത്യത്തിലേയ്ക്കാണ് നമ്മൾ നീങ്ങികൊണ്ടിരിക്കുന്നത്. കാരണം, അത് നിയന്ത്രിക്കുന്നത് ഇനി നമ്മുടെ ഭാരത സർക്കാർ ആയിരിക്കുകയില്ല. ഭാരത ഗവൺമെൻറ് കഴിഞ്ഞ ഏപ്രിൽ മാസം 15-ാം തീയതി ഒപ്പിട്ട കരാറിലൂടെ, ഒരു തീരുമാനപ്രകാരം നമ്മുടെ നാടിനെ ഒററുകൊടുത്തിരിക്കുന്നു. ശ്രീ. മൻമോഹൻ സിംഗും ശ്രീ. നരസിംഹ റാവുവുംകൂടി ഒററു കൊടുത്തതിന് ഏററവും വലിയ പാരിതോഷികം ചിലപ്പോൾ ശ്രീ. മൻമോഹൻ സിംഗിന് കിട്ടിയേക്കും. അദ്ദേഹം അടുത്ത ജനുവരി 1-ാം തീയതി

1 p.m.]

LIBRARY ARCHIVES Kerala Legislative Assembly

ത്യടങ്ങാൻ പോകുന്ന വേൾഡ് ട്രേഡ് ഓർഗനൈസേഷന്റെ ചെയർമാനാകാൻ സാദ്ധ്യതയുണ്ടത്രേ. ഇങ്ങനെ നമ്മുടെ നാട്ടിൽ കൃഷിയും അതുപോലുള്ള സമസ്ത മേഖലയും ഇല്ലാതാവുകയാണ്.

സർ, ആരോഗ്യത്തെപ്പററി പറയാതിരിക്കുന്നതാണ് നല്ലത്. മരുന്നുകളുടെ വില അതിശീഘ്രം കുതിച്ചുയരാൻ പോവുകയാണ്. ഈ അടുത്ത ദിവസംതന്നെ ചെറിയ ഒരു സംഭവമുണ്ടായി. 'ഗാട്ട്' കരാറിനെക്കുറിച്ച് പറയുമ്പോൾ ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. അങ്ങയുടേയും എന്റെയും അടുത്തുള്ള സ്ഥലത്ത് അമല ആശുപത്രിയിൽ അവർ ഒരു മരുന്നു കണ്ടുപിടിച്ചു. അമല ആശുപത്രി ഡയറക്ടർ പയസച്ചൻ എന്നോട് പറഞ്ഞതാണ്. പുതിയ മരുന്ന് കണ്ടുപിടിച്ചപ്പോൾ അത് ഉണ്ടാക്കാനുള്ള സാമ്പത്തിക സഹായം അവർക്ക് ഇല്ല. ഒരു ജപ്പാൻ കമ്പനിയുമായി അവർ ഒരു ചർച്ച നടത്തുകയും ജപ്പാൻ കമ്പനിയെ ആ മരുന്ന് ഉണ്ടാക്കാൻ അനുവദിക്കുകയും ചെയ്തു, എന്നിട്ട് എന്തുണ്ടായി എന്നറിയാമോ? ഇവരുടെ പേപ്പർ എല്ലാം തിരിച്ച് വാങ്ങിച്ചു. എന്നിട്ട് ഇത് റിസർച്ച് നടത്തി കണ്ടുപിടിച്ച കുട്ടിക്ക് അവിടെ ജോലികൊടുത്തു. ഇപ്പോൾ അതിനെക്കുറിച്ച് യാതൊരു വിവരവുമില്ല. ഇതാണ് 'ഗാട്ട്' കരാർ കൊണ്ട് വരാൻ പോകുന്നത്. ഞാൻ ചോദിച്ചു, അച്ചോ എന്താ നമുക്ക് അവിടെപ്പോയി കേസു കൊടുത്തുകൂടെ എന്ന്. എവിടെപ്പോയി കേസ് കൊടുക്കാനാ? ജനീവയിൽപ്പോയി കേസ് കൊടുക്കാനോ. ദശലക്ഷക്കണക്കിന് ഡോളർ ചെലവാകില്ലേ? ഇതാണ് നമ്മൾ കൊണ്ടു വന്നിരിക്കുന്ന പുതിയ നിയമം. നാട്ടിൽ ഇതിനെപ്പററി പലതും പറയുന്നു. ഇവിടെ എന്താണ് ഉണ്ടാകാൻ പോകുന്നതെന്ന് നമുക്ക് കാണാം, റേഷൻ ഷാപ്പുകൾ നിറുത്തും. അതുപോലെതന്നെ നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിൽ നമ്മൾ ഉപയോഗിച്ചു വന്നിരുന്ന സൗകര്യം നമുക്ക് നഷ്ടപ്പെടാൻ പോകുന്നു. നമ്മൾ ഏത് തരത്തിലാണ് ഇതിനെ നേരിടാൻ പോകുന്നതെന്ന് എനിക്ക് യാതൊരു നിശ്ചയവുമില്ല. കൃഷിവകുപ്പ് മന്ത്രി ശ്രീ. പി. പി. ജോർജ് ഇവിടെ പറഞ്ഞതുപോലെ കാർഷിക ഉല്പന്നങ്ങളുടെ വില ഒരിക്കലും അദ്ദേഹത്തിന് ഉയർത്താൻ സാധിക്കുകയില്ലെന്ന് നമുക്കൊക്കെ അറിയാം.

നെൽക്കൃഷിയുടെ കാര്യം പറയുകയാണെങ്കിൽ എന്നേ നമ്മൾ നെൽപാടങ്ങൾ നികത്തി നെൽക്കൃഷി ഇല്ലാതാക്കിക്കഴിഞ്ഞു. കുട്ടനാടൻ പാടശേഖരങ്ങളിൽ എന്നേ കൃഷി ഇല്ലാതായിക്കഴിഞ്ഞു. ഞാൻ കൂടുതലായിട്ട് ഒന്നും പറയുന്നില്ല, നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും പരാജയമായ ഈ സർക്കാർ അവതരിപ്പിച്ചിരിക്കുന്ന ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി അൽഫോൺസാ ജോൺ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷിവകുപ്പുമന്ത്രിയും ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ജനങ്ങളുടെ ആരോഗ്യം പരിപാലിച്ചുകൊണ്ട്, കാർഷികമേഖലയിൽ അഭിവൃദ്ധി കൈവരിച്ചുകൊണ്ട്, നാടിന് പുരോഗതി കൈവരിക്കുന്നതിനുവേണ്ടിയുള്ളതാണ് ഈ ധനാഭ്യർത്ഥനകൾ. ഇൻഡ്യ ഒരു കാർഷിക രാജ്യമാണ്. നമുക്ക് സ്വാതന്ത്ര്യം കിട്ടിയ അവസരത്തിൽ നമുക്കാവശ്യമായ ഭക്ഷ്യസാധനങ്ങൾ പുറംരാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യേണ്ടിവന്നു. ക്രമേണ ആ സ്ഥിതി മാറി. ഭക്ഷ്യമേഖലയിൽ സ്വയം പര്യാപ്തതയിലെത്താൻ നമുക്ക് സാധിച്ചു. ഹരിതവിപ്ലവവും

LIBRARY ARCHIVES Kerala Legislative Assembly

ധവള വിപ്ലവവും അതിന് വളരെയധികം സഹായിക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖലയിൽ കൈവന്ന ഈ പുരോഗതി കേരളത്തിലാകമാനം പ്രകടമായി കാണാൻ കഴിഞ്ഞിട്ടുണ്ട്. ഈ പുരോഗതി ഏതെങ്കിലുമൊരു ഗവൺമെന്റിന്റെ മാത്രമാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. കാലാകാലങ്ങളിൽ മാറിമാറിവന്ന ഗവൺമെന്റുകൾ കാർഷിക മേഖലയുടെ അഭിവൃദ്ധിക്കുവേണ്ടി ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്, കൃഷിക്കാരുടെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും കഷ്ടപ്പാടുകളും നേരിട്ടറിയാവുന്ന ഒരാൾ മന്ത്രിയായിട്ട് വന്നാൽപ്പോലും ഈ മേഖലയിൽ നേട്ടങ്ങൾ കൈവരിക്കാൻ ചില പരിമിതികൾ ഉണ്ടായെന്നിരിക്കും. ബഹുമാനപ്പെട്ട വി. വി. രാഘവൻ ഇവിടെ കൃഷിവകുപ്പുമന്ത്രി ആയിരുന്ന സമയത്ത് കൃഷിക്കാരുടെ ഉന്നമനത്തിനായി, അല്ലെങ്കിൽ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ട് വളരെയേറെ കാര്യങ്ങൾ ഇവിടെ കൊണ്ടുവന്നുവെങ്കിലും അത് അദ്ദേഹം വിചാരിച്ചഫലപ്രാപ്തിയിൽ എത്തിക്കാൻ സാധിച്ചില്ല. കാരണം, അന്ന് മാർക്സിസ്റ്റ് പാർട്ടിയിലുള്ള ധനകാര്യമന്ത്രി അദ്ദേഹത്തിന് വേണ്ട സഹായങ്ങളോ പ്രോൽസാഹനങ്ങളോ കൊടുത്തിട്ടില്ലായിരുന്നു. ഇത് ഞാൻ പറയാനുള്ള കാരണം, ജനപുരോഗതിക്കും, നാടിന്റെ നന്മയ്ക്കും കക്ഷിരാഷ്ട്രീയഭേദമില്ലാതെ എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് സൂചിപ്പിക്കാൻവേണ്ടി മാത്രമാണ്. നമ്മൾ പ്രധാനമായിട്ട് ആഹാരത്തിന് ആശ്രയിക്കുന്നത് അരിയാണ്. ഇന്ന് നമ്മുടെ നാട്ടിൽ നെൽക്കൃഷിക്കാർക്ക് മററ് നാണ്യ വിളകളെ അപേക്ഷിച്ച് വളരെയധികം ചെലവുകളുണ്ട്. മാത്രമല്ല, മററുള്ള മേഖലയിലെ വരുമാനത്തെ അപേക്ഷിച്ച് നോക്കുകയാണെങ്കിൽ വളരെ കുറച്ച് വരുമാനം മാത്രമാണുള്ളത്. ഇതിന് ഒരു വ്യത്യാസം വരുത്തുന്നതിനുവേണ്ടി 1993 നമ്മുടെ സർക്കാർ ഇവിടെ നെൽക്കൃഷി വികസന വർഷമായി ആചരിക്കുകയുണ്ടായി. 1993 നെൽക്കൃഷി വികസന വർഷമായി ആചരിച്ചതിന്റെ ഫലമായിട്ട് ഈ മേഖലയിൽ വളരെയധികം മാററങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ളതിൽ തർക്കമില്ല. ഈ പരിപാടികൾ പ്രയോജനകരമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 1990-91-ൽ 5·59 ലക്ഷം ഹെക്ടർ സ്ഥലത്തുനിന്ന് നമുക്ക് 10.86 ലക്ഷം ടൺ നെല്ല് ഉല്പാദിപ്പിക്കാൻ സാധിച്ചുവെങ്കിൽ 1991-92-ൽ 5·4 ലക്ഷം ഹെക്ടർ സ്ഥലത്തുനിന്ന് 10·6 ലക്ഷം ടൺ ആയിട്ട് ഉയർത്താനും അതുപോലെ 1992-93-ൽ 5·2 ലക്ഷം ഹെക്ടർ സ്ഥലത്തുനിന്ന് 10·8 ലക്ഷം ടൺ നെല്ല് ഉല്പാദിപ്പിക്കാനും സാധിച്ചു. ഉല്പാദനക്ഷമത ഈ കാലയളവിൽ ഒരു ഹെക്ടറിൽ നിന്ന് 1942, 1959, 2000-ൽ പരം കിലോഗ്രാം എന്നുള്ള തോതിൽ നമുക്ക് വർദ്ധിപ്പിക്കാൻ സാധിച്ചു. ഇതിൽ ആർക്കും തർക്കമുള്ള കാര്യമല്ല. ഇത് നമ്മൾ മറച്ചു വച്ചിട്ടും കാര്യമില്ല.

അതുപോലെതന്നെ നെൽക്കൃഷി വികസന വർഷത്തെ ഒരു പ്രത്യേക പദ്ധതി ഗ്രൂപ്പ് ഫാമിംഗ് ആണ്. പ്രസ്തുത പ്രദേശങ്ങളിലെ നെൽക്കൃഷി വികസനം, സംഭരണം, വിത്ത് ഉല്പാദനം എന്നിങ്ങനെയുള്ള ബഹുമുഖ പരിപാടികൾ നടപ്പിലാക്കുകയും വിജയം കൈവരിക്കുകയും ചെയ്തു. ഏററവും പ്രധാനപ്പെട്ടതും ഏററവും ശ്രദ്ധ ആകർഷിച്ചതും പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി തന്നെയാണ്. ഇതനുസരിച്ച് കഴിഞ്ഞ സാമ്പത്തികവർഷം പാടശേഖരങ്ങളിൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വർദ്ധിപ്പിക്കാൻവേണ്ടി സംസ്ഥാനത്ത് 60 കോടി രൂപയിൽപ്പരം അടങ്കൽ തുക വരുന്ന 1237 പദ്ധതിക്ക് അനുമതി നൽകുകയുണ്ടായി. അതുതന്നെ ഭാഗികമായി യന്ത്രവൽക്കരിക്കുന്നതിനു വേണ്ടി 1080 പവർ ടില്ലറുകളും ആയിരം മെതിയടിയന്ത്രങ്ങളും വിതരണം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു. 65,000 രൂപ വിലയുള്ള പവ്വർ ടില്ലറുകൾ വാസ്തവത്തിൽ വെറും പതിനായിരം രൂപയ്ക്കാണ് കർഷകർക്ക് നൽകിയത്. ബാക്കി അത്രയും സബ്സിഡിയായി നല്കുകയും ചെയ്തു. ഇതൊന്നും നമുക്ക് മറച്ചുവയ്ക്കാൻ പററുന്ന കാര്യങ്ങളല്ല.

അതുപോലെതന്നെ കർഷകർക്കുള്ള 20 കോടി രൂപയുടെ ഋണബാദ്ധ്യത എഴുതി തള്ളിയത് കാർഷിക വികസനത്തിനും നെൽക്കൃഷിക്കും വളരെയധികം പ്രാധാന്യം നൽകി. കരിനില–കോൾനില വികസന ഏജൻസികൾ രൂപീകരിച്ചത് ചില്ലറ കാര്യമാണോ സർ? പ്രകൃതിക്ഷോഭ ദുരിതാശ്വാസ തുക വർദ്ധിപ്പിച്ചു. കേരള ലാൻറ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻെറ വായ്പയിൽനിന്ന് കർഷകനെ മോചിപ്പിക്കുകയും ചെയ്തു. 1993 നെൽക്കൃഷി വികസന വർഷമായി ആചരിച്ചതിൻെറ ഭാഗമായാണത്. അതുപോലെ കുട്ടനാട് വികസന അതോറിററി രൂപീകരിച്ചു. കുട്ടനാടിനെ പ്രതിനിധീകരിക്കുന്ന ഡോക്ടർ കെ. സി. ജോസഫ് പറഞ്ഞു ഇതിൻെറ ആനുകൂല്യങ്ങളൊന്നും ആ പ്രദേശത്തുള്ളവർക്ക് കിട്ടുന്നില്ലെന്ന്. ഗ്രൂപ്പ് ഫാമിംഗ് ഇപ്പോൾ ഉണ്ടോയെന്ന് അദ്ദേഹത്തിന് എന്താണ് ഇത്ര സംശയമെന്ന് ഞാൻ ചോദിക്കുകയാണ്. ഗ്രൂപ്പ് ഫാമിംഗ് സമിതികളുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെടുത്തുകയും അത് തുടരുകയും ചെയ്യുന്നത് കാണാൻ അദ്ദേഹത്തിന് കണ്ണും കാതുമൊന്നുമില്ലേ? അതുപോലെ തന്നെ ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ പാടശേഖരങ്ങളിൽ നടപ്പിലാക്കുന്ന ബണ്ട് നിർമ്മാണം, പുതുക്കിപ്പണി, എഞ്ചിൻ നിർമ്മാണം, പെട്ടിയും പറയും സ്ഥാപിക്കൽ, ഇതൊക്കെ ഇന്ന് കുട്ടനാട് ചെയ്യുന്നില്ലേ? കുട്ടനാട് പ്രദേശത്ത് ഒരു പ്രത്യേക ഡെവലപ്മെൻറ് ഏജൻസിയുണ്ടാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത് ഇതൊക്കെ ചെയ്യുന്നത് നല്ലകാര്യങ്ങളാണ് എന്നാണ്.

കേരളത്തിൻെറ തെക്കൻ സംസ്ഥാനങ്ങൾ നെല്ലറ എന്ന് വിശേഷിപ്പിക്കുന്ന എൻെറ കുണ്ടറ നിയോജകമണ്ഡലത്തിലെ ചിററുമലച്ചിറ ദുരന്തം ഇവിടത്തെ അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെൻറിലെ അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറും ഡയറക്ടറും അഗ്രിക്കൾച്ചറൽ അസിസ്ററൻസും വരെയുള്ള ഉദ്യോഗസ്ഥ വൃന്ദം കർഷക പ്രമാണികളുടെ പ്രതിനിധികളും അവിടത്തെ ജനപ്രതിനിധികളും അടക്കമുള്ള ഒരുവലിയ ജനസമൂഹത്തിൻെറ മുന്നിൽവച്ചാണ് കണ്ടുകൊണ്ടുപോയത്. ഏതാണ്ട് ആയിരത്തിലേറെ ഏക്കർ സ്ഥലത്ത് പരന്ന് കിടക്കുന്ന ആ ചിററുമലച്ചിറലിൽ മുൻകാലങ്ങളിൽ മൂന്ന് കൃഷി നടത്തിയിരുന്നുവെങ്കിൽ ഇപ്പോൾ ഒരു മഴപെയ്താൽ അവിടെ ഒരുപു കൃഷി എടുക്കാൻ പോലും വയ്യാത്ത ദുഃസ്ഥിതിയാണുള്ളത്. ചിററുമലച്ചിറയിലെ നെൽക്കൃഷി നിലങ്ങളുടെ സ്വഭാവം ആലപ്പുഴയിലെ കായൽകൃഷി നിലങ്ങളുടെ സ്വഭാവത്തോടും തൃശ്ശൂരിലെ കോൾ നിലങ്ങളുടെ സ്വഭാവത്തോടും ഉപമിക്കുകയാണ്.

സർ, ഈ ഗവൺമെൻറ് കോൾനിലങ്ങളിലെയും കായൽ നിലങ്ങളിലെയും കർഷകർക്ക് കൊടുക്കുന്ന അതേ ആനുകൂല്യങ്ങൾക്കും സബ്സിഡികൾക്കും തീർച്ചയായിട്ടും കുണ്ടറ നിയോജകമണ്ഡലത്തിലും ബഹുമാനപ്പെട്ട ബി. രാഘവൻെറയും ശ്രീ. ടി. നാണു മാസ്ററുടെയും നിയോജകമണ്ഡലങ്ങളിലുമായി കിടക്കുന്ന ചിററുമലയിലെ കൃഷിക്കാർക്കും അവകാശമുള്ളതാണ്, അതുകൊണ്ട് അത് പുഞ്ചപ്പാട

LIBRARY ARCHIVES Kerala Legislative Assembly

Page 66 of 124

കൃഷിയായി പ്രഖ്യാപിച്ച് അവിടത്തെ കർഷകർക്ക് കോഴനില കർഷകർക്കും കായൽനില കർഷകർക്കും കൊടുക്കുന്ന ആനുകൂല്യങ്ങൾ കൊടുക്കാനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കാരണം, കഴിഞ്ഞ സർക്കാരുകളൊന്നുംതന്നെ അവിടത്തെ കൃഷിക്കാർക്ക് ഒന്നും ചെയ്തിട്ടില്ല. അതിന് സാക്ഷ്യം വഹിക്കുന്ന ഒരാളാണ് ഞാൻ. അതുകൊണ്ട് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയിൽനിന്നും ഈ അവസരത്തിൽത്തന്നെ അതിനോതായ പ്രഖ്യാപനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്.

അതുപോലെതന്നെ, ആയിരത്തിലേറെ ഏക്കർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന പാടശേഖരം പഴയ സ്ഥിതിയിലാക്കുന്നതിന് ഏതാണ്ട് രണ്ടു കോടി രൂപയുടെ ഒരു പദ്ധതിയും ഉദ്യോഗസ്ഥൻമാർ ഗവൺമെൻറിൻെറ മുൻപിൽ സമർപ്പിച്ചിട്ടുണ്ട്. അത് ഇതുവരെ ഒന്നുമായിട്ടില്ല. അതിനേ ചെലവ് വരുന്ന 60, 70 ലക്ഷം രൂപ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ് തരാമെന്ന് ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി ശ്രീ. ടി.എം. ജേക്കബ് സമ്മതിച്ചിട്ടുണ്ട്. അതിൻെറ ബാക്കിയുള്ള തുക തന്ന് സഹായിക്കാനും അവിടെയുള്ള പാവപ്പെട്ട കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് അത് ഇല്ലാതാക്കാനുമുള്ള നടപടി ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് ഉണ്ടാകണം.

സർ, നമുക്ക് കിട്ടുന്ന വരുമാനത്തിൻെറ മൂന്നിലൊന്ന് തെങ്ങിൽ നിന്നാണ് കിട്ടുന്നത്. അത് കണക്കിലെടുത്തുകൊണ്ട് വിത്തുഗുണം പത്തുഗുണം എന്നു പറയുന്നതുപോലെ നല്ല തെങ്ങിൻ തൈകൾ ഉൽപാദിപ്പിച്ച് കർഷകർക്ക് കൊടുക്കാനുള്ള ബൃഹത്തായ പദ്ധതി ഗവൺമെൻറ് ചെയ്യുന്നുണ്ട്. ഏതാണ്ട് 15 ലക്ഷത്തോളം രൂപ ഇതിനു വേണ്ടി മാററിവച്ചിട്ടുണ്ട്. അതുപോലെ നല്ല തൈകൾ നൽകുന്നതിനുള്ള നഴ്സറി സ്ഥാപിക്കാനുള്ള പരിപാടി ഗവൺമെൻറിൻെറ ഭാഗത്തു നിന്നുണ്ട്. അതിനെയൊക്കെ ഞാൻ അനുമോദിക്കുകയാണ്. ഇങ്ങനെ പറഞ്ഞുവരുമ്പോൾ ആരോഗ്യ പരിപാലന രംഗത്തെക്കുറിച്ച് ഒന്നും പറയാതെ പോകാൻ സാധിക്കുകയില്ല.

നമ്മുടെ ഈ കൊച്ചു കേരളം ആരോഗ്യരംഗത്ത് ഇൻഡ്യയിലെ മററു പല സംസ്ഥാനത്തേക്കാളും എന്തുകൊണ്ടും മുൻപിലാണെന്ന് പറയാൻ നമുക്ക് യാതൊന്നുകൊണ്ടും മടിക്കേണ്ട കാര്യമില്ല. എങ്ങനെ ഈ മേഖലയിൽ നമുക്ക് ഇത്രയേറെ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചുവെന്ന് ചോദിച്ചാൽ നമ്മുടെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കൊണ്ടുവരുന്ന തുകയുടെ സിംഹഭാഗവും നമ്മൾ ഇതിനുവേണ്ടിയാണ് വാരിക്കോരി ചെലവഴിക്കുന്നത്. ഇടതുപക്ഷ സർക്കാരിനാണെങ്കിലും, വലതുപക്ഷ സർക്കാരിനാണെങ്കിലും ഒരു ഗവൺമെൻറിനും ഇത്രയേറെ തുക ഇതുപോലെ ആരോഗ്യ പരിപാലനത്തിന് വാരിക്കോരി ചെലവഴിക്കാൻ സാധിക്കുകയില്ല. അതുകൊണ്ടുതന്നെയാണ് റിസോഴ്സസ് കമ്മീഷൻെറ ശുപാർശപ്രകാരം ഇവിടെ ചികിൽസയ്ക്കുവേണ്ടി സാമ്പത്തികമായി മുൻപിൽ നിൽക്കുന്നവരിൽ നിന്നും പണം ഈടാക്കാൻ തീരുമാനിച്ചത്. അങ്ങനെ തീരുമാനിച്ചപ്പോൾ എന്തെല്ലാം കോലാഹലമാണ് പ്രതിപക്ഷം കാട്ടിക്കൂട്ടിയത്. ഒരു സ്ത്രീ പ്രസവത്തിനുവേണ്ടി ഒരു സ്വകാര്യ ആശുപത്രിയെ സമീപിക്കുകയാണെങ്കിൽ സുഗമമായ പ്രസവത്തിന് ഏതാണ്ട് ആയിരത്തോളം രൂപ ചെലവഴിക്കണമെങ്കിൽ അത് സിസേറിയനായി മാറുകയാണെങ്കിൽ അയ്യായിരവും പതിനായിരവും രൂപ

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിക്കേണ്ട ഗതികേടാണ് നമ്മുടെ നാട്ടിലുള്ളത്. ഇതൊക്കെ വച്ചു കൊണ്ടാണ് റിസോഴ്സസ് കമ്മീഷന്റെ ശുപാർശപ്രകാരം ആവശ്യമുള്ള ഫീസ് കൂട്ടിയത്. അപ്പോൾ ഇവർ കാണിച്ച കോലാഹലത്തെക്കുറിച്ച് ആലോചിക്കുന്നുണ്ടെങ്കിൽ ഒരുപക്ഷേ ഇവർതന്നെ ലജ്ജിച്ച് തല താഴ്ത്തും. നമ്മുടെ ആശുപത്രികളിൽ ഉപദേശക സമിതികളേക്കാൾ കൂടുതൽ അധികാരം ഡെവലപ്മെന്റ് കമ്മിററികൾക്ക് കൊടുത്തിട്ടുണ്ട്. അത് പോരാ. ഇവർക്കുള്ള അധികാരങ്ങൾക്ക് സ്ററാററ്യൂട്ടറി അധികാരം കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

സർ, ഇവിടെ മുമ്പ് പലരും സൂചിപ്പിച്ചതുപോലെ സ്വകാര്യ നഴ്സിംഗ് സ്കൂളുകളും ലബോറട്ടറികളും കുൺ പോലെ പൊങ്ങി വരുന്നുണ്ട്. ഇവിടെ പ്രവർത്തിക്കുന്ന ആളുകൾക്ക് ആവശ്യമായ പരീക്ഷാ യോഗ്യതയുണ്ടോയെന്ന് പരിശോധിച്ചില്ലെങ്കിൽ അത് ഗുണത്തേക്കാൾ ഏറെ ദോഷം വരുത്തുമെന്നുള്ളതുകൊണ്ട് അവരുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനം ആരോഗ്യ വകുപ്പിലുണ്ടാക്കണം. അതുപോലെതന്നെ നമ്മുടെ ആശുപത്രികളിൽ ചികിൽസയ്ക്ക് വരുന്ന ആളുകളുടെ വരുമാനം തിട്ടപ്പെടുത്തുന്നതിന് റേഷൻ കാർഡോ സത്യവാങ്മൂലമോ അല്ല വേണ്ടത്, മറിച്ച് ശ്രീചിത്രാ മെഡിക്കൽ സെൻററിലുള്ളതുപോലെ വിദ്യാഭ്യാസ യോഗ്യതയും പരിചയ സമ്പന്നതയുമുള്ള അപ്രൈസർമാരെ നിയമിച്ചുകൊണ്ട് വരുമാനം വിലയിരുത്തുകയും ചികിൽസക്ക് സൗകര്യം കൊടുക്കുകയും ചെയ്യണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാൻ ഉള്ളത്.

സർ, എല്ലായ്പ്പോഴും ഈ നിയമസഭയിൽ കാണാൻ സാധിച്ച ഒരു രംഗമുണ്ട്. പ്രതിപക്ഷത്ത് ഇരിക്കുന്നവർ കോൺഗ്രസ്സിനെയും ഐക്യജനാധിപത്യ മുന്നണിയെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും തെറി പറയാനും ആക്ഷേപശരങ്ങൾ എയ്യാനും മാത്രമേ സമയം കണ്ടെത്തുന്നുള്ളു. ഒരു ക്രിയാത്മക പ്രതിപക്ഷമായിരിക്കുമെന്നായിരുന്നു എന്റെ പ്രതീക്ഷ. പക്ഷേ ആ പ്രതീക്ഷ തകർക്കുന്ന വിധത്തിലുള്ള നടപടിയാണ് ഇവിടെ ഇവർ കാണിക്കുന്നത്. ചില വിശ്വാസികൾ കാര്യസാദ്ധ്യത്തിനുവേണ്ടി അമ്പലത്തിൽപ്പോയി തല മുണ്ഡനം ചെയ്യാറുണ്ട്, ചിലർ പള്ളിയിൽപ്പോയി വിളക്ക് കത്തിക്കാറുണ്ട്, ചിലർ ഭജനമിരിക്കാറുണ്ട്. അതുപോലെ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെൻറിന്റെയും മുഖ്യമന്ത്രിയുടെയും മേൽ ആക്ഷേപശരങ്ങൾ വർഷിക്കുക എന്നതാണ് ഇവരുടെ നേർച്ച എന്നു തോന്നുന്നു. ഈ നേർച്ചയ്ക്ക് എന്നാണ് അവസാനം വരുന്നതെന്ന് അറിഞ്ഞാൽക്കൊള്ളാം.

നിങ്ങൾ ഇവിടെ പറയുന്നുണ്ട്, ഐക്യജനാധിപത്യ മുന്നണിയിൽ തർക്കമുണ്ട്, അഭിപ്രായ ഭിന്നതകളുണ്ടെന്ന്. കോൺഗ്രസ്സിൽ തർക്കങ്ങളുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. സ്വന്തം അഭിപ്രായങ്ങൾ തുറന്നു പറയാൻ സാധിക്കുന്നിടത്തു മാത്രമേ തർക്കങ്ങൾ വരികയുള്ളു. കോൺഗ്രസ് പാർട്ടിയിൽ ജനാധിപത്യമുള്ളതുകൊണ്ടാണ്, അഭിപ്രായം തുറന്നു പറയാൻ ഞങ്ങൾക്ക് അവസരമുള്ളതുകൊണ്ടാണ് പാർട്ടിയിൽ ഭിന്നതയുള്ളത്. ഞങ്ങളുടെ ഭിന്നത ഞങ്ങൾ തീർത്തുകൊള്ളാം. നിങ്ങൾ അതിനുവേണ്ടി സമയം പാഴാക്കണ്ട, ആ സമയംകൊണ്ട് നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിച്ചാൽ മതി. ഒരു നേതാവ് പ്രസംഗിക്കുമ്പോൾ അത് കേൾക്കാനോ കാണാനോ ഉള്ള സാമാന്യ മര്യാദപോലും കാണിക്കാതെ പുറത്തുപോകുന്ന കാഴ്ചയ്ക്ക് ഞങ്ങൾ നിത്യവും സാക്ഷ്യം വഹിച്ചു കൊണ്ടിരിക്കുകയല്ലേ? പിന്നെ നിങ്ങൾക്ക് എന്താണ് പറയാനുള്ളത്? ഉള്ളത് പറഞ്ഞതുകൊണ്ടല്ലേ നിങ്ങളുടെ പാർട്ടിയിലെ ശ്രീ. എം. വി. രാഘവനെയും ശ്രീമതി കെ. ആർ. ഗൗരിയമ്മയെയും പുറത്താക്കിയത്? ഏററവും നല്ല കാലം മുഴുവൻ നിങ്ങളുടെ പാർട്ടിക്കു വേണ്ടി ചെലവഴിച്ച ശ്രീമതി കെ. ആർ. ഗൗരിയമ്മ അഭിപ്രായം തുറന്നു പറഞ്ഞതുകൊണ്ടല്ലേ പാർട്ടിക്ക് പുറത്താക്കി പടിയടച്ച് നിങ്ങൾ പിണ്ഡം വച്ചത്. ആ നിങ്ങൾക്ക് കോൺഗ്രസ് പാർട്ടിയെക്കുറിച്ച്, അല്ലെങ്കിൽ ഐക്യജനാധിപത്യ മുന്നണിയെക്കുറിച്ച് ഇത് പറയാൻ എന്ത് അവകാശമാണ്? ഞങ്ങൾ തമ്മിലുള്ള വഴക്ക് ഞങ്ങൾ പറഞ്ഞു തീർത്തുകൊള്ളാം. ഒരു വീടിനകത്ത് പാത്രങ്ങളുണ്ടെങ്കിൽ അത് അങ്ങോട്ടുമിങ്ങോട്ടും തട്ടിയും മുട്ടിയും ശബ്ദമുണ്ടാകും. അത് താനേ തീരുകയും ചെയ്യും, അതിന് അയൽവാസികളുടെയും മററുള്ളവരുടെയും സഹായം ആവശ്യമില്ല. ഞങ്ങളുടെ പാർട്ടിയിൽ അഭിപ്രായഭിന്നതകളുണ്ടെങ്കിൽ ഞങ്ങൾ പറഞ്ഞു തീർത്തുകൊള്ളാം. ഞങ്ങളുടെ പാർട്ടി വലിയ പാർട്ടിയാണ്, നിങ്ങളുടേതുപോലെ കൊച്ചുപാർട്ടിയൊന്നു മല്ലല്ലോ? കോൺഗ്രസ്സിലെ ജനങ്ങൾ എവിടെ നിൽക്കുന്നു? അതിൽ എത്ര ജനങ്ങളുണ്ടെന്ന് എണ്ണിതീർക്കാൻപോലും പ്രയാസമാണ്. കോൺഗ്രസ്സിന് ബദലായിട്ട് കോൺഗ്രസ്സു മാത്രമേയുള്ളൂ. നിങ്ങളിൽനിന്ന് ഒരിക്കലും അനുമോദനമോ ആശംസയോ പ്രശംസയോ ഉണ്ടാകുമെന്ന് ഞങ്ങൾക്ക് വിചാരമില്ല. പക്ഷേ, ചെയ്യുന്ന കാര്യങ്ങൾ ചെയ്തുവെന്ന് നിങ്ങൾക്ക് പറഞ്ഞുകൂടെ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സമ്മർദ്ദം കേന്ദ്രത്തിൽ ഇല്ലായിരുന്നുവെങ്കിൽ പൂയംകുട്ടി പദ്ധതിയും കായംകുളം താപവൈദ്യുത നിലയവും ഒന്നും കിട്ടുമായിരുന്നില്ല. നിങ്ങൾക്ക് അതൊന്നും സമ്മതിച്ചുകൂടെ? വളരെയധികം ഇനിയും പറയാനുണ്ടെങ്കിലും സമയക്കുറവുകൊണ്ട് പറയുന്നില്ല. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. പി. ബാലൻ വൈദ്യർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ശ്രീ. നരസിംഹറാവുവിൻെറ നേതൃത്വത്തിലുള്ള ഗവൺമെൻറ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നിട്ട് മൂന്നു വർഷം കഴിഞ്ഞു. നമ്മുടെ സംസ്ഥാനത്ത് ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്നിട്ടും മൂന്നു വർഷം കഴിഞ്ഞു. കഴിഞ്ഞ മൂന്നു വർഷക്കാലംകൊണ്ട് കേന്ദ്രത്തിലെ ശ്രീ. നരസിംഹറാവു ഗവൺമെൻറും കേരളത്തിലെ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറും കർഷികമേഖലയെ ആന കടന്ന കരിമ്പിൻതോട്ടംപോലെ തകർത്തിരിക്കുകയാണ്. കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വിലയില്ല, വാങ്ങുന്ന സാധനത്തിനു തീ പിടിച്ച വില. രാസവളം വാങ്ങി ഉപയോഗിക്കാൻ കഴിയാത്ത, കൃഷിപണി ചെയ്യാൻ കഴിയാത്ത ഇത്തരം ഒരു ദുഃസ്ഥിതിയിലേക്ക് ഈ രാജ്യത്തെ കാർഷികമേഖലയെ തള്ളിവിട്ടിരിക്കുകയാണ്. ആ കാര്യം പരാമർശിക്കുന്നതിനുമുൻപ് നമ്മുടെ സംസ്ഥാനത്തെ കൃഷിവകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രിയുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ പറയേണ്ടതുണ്ട്. അദ്ദേഹത്തിൻെറ ആദ്യ ബഡ്ജററിൻമേലുള്ള

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച നടന്നപ്പോൾ അദ്ദേഹത്തോട് ഞാൻ അന്ന് സൂചിപ്പിച്ചു, അദ്ദേഹത്തിന് ഈ പണി പററുകയില്ലെന്ന്. അന്ന് എന്നോട് ഭരണ പക്ഷത്തുള്ള സുഹൃത്തുക്കൾ ചോദിച്ചു, എന്തുകൊണ്ടാണ് ഇങ്ങനെ പറയുന്നതെന്ന്. ഇപ്പോൾ മൂന്നു വർഷം തികഞ്ഞു. അത് ഏതാണ്ട് അന്വർത്ഥമായിക്കഴിഞ്ഞിരിക്കുകയാണ്. ഞാൻ ഇതു പറയാൻ കാരണം 1987 തൊട്ട് 1991 വരെ അദ്ദേഹം ഇപ്പുറത്തും ഞങ്ങൾ അപ്പുറത്തും ഇരുന്നതാണ്. അന്ന് ഇപ്പുറത്ത് ഇരുന്ന് അദ്ദേഹം ചെയ്ത പണി, ഞാൻ അന്ന് പറഞ്ഞു. നുണക്കൃഷിയാണ് അന്ന് ഇപ്പുറത്തിരുന്ന് അദ്ദേഹം നടത്തിയത്. സ്പെഷ്യലൈസ്ഡ് അദ്ധ്യാപകൻമാരെ ഇത്തരത്തിൽ തുലപ്പിച്ചിട്ടുള്ളത് ജോർജ് മാഷാണ്. ഞാൻ വിശദാംശങ്ങളിലേക്കു പോകുന്നില്ല. മന്ത്രിസ്ഥാനത്ത് ഇരുന്ന് അദ്ദേഹം ചെയ്യുന്ന കാര്യം എന്താണെന്ന് കഴിഞ്ഞ ഡിമാൻറ് ചർച്ചയിൽ ശ്രീ. നമ്പാടൻ മാസ്ററർ പറഞ്ഞു. അതിന് ആരോപണം കൊണ്ടുവന്നാണ് അദ്ദേഹം നേരിട്ടത്. പണ്ട് നാലു കൊല്ലം നിയമസഭയിൽ എടുത്ത പണി തന്നെ. ഞാൻ മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന കാലത്ത് എൻെറ മാഷ് ഒരു കഥ പറഞ്ഞിട്ടുണ്ട്. ഒരു ഈർച്ചക്കാരൻ തടയിൽ ചായ്ച്ചിട്ട മരം ഈർന്ന് പകുതിയാക്കി ആപ്പ് വച്ച് ഈർച്ചക്കാരൻ പോയപ്പോൾ ഒരു കുരങ്ങ് മരത്തിൽ കയറി കളിച്ച കഥ ഞാനോർക്കുകയാണ്.... ....(തടസ്സം).....അല്ല ജോർജ് മാഷിനപ്പോലെയുള്ള മാഷല്ല. നല്ലൊരു മാഷ് പഠിപ്പിച്ച കഥയാണ്. ഈർന്ന് പകുതിയാക്കിയാൽ ആപ്പടിച്ചു ഈർച്ചക്കാരൻ പോകും. കുരങ്ങ് വന്ന് കളിച്ച് കളിച്ച് അവസാനം മരത്തിൻെറ മുകളിൽനിന്നും ആപ്പൂരി. ആ ആപ്പ് ഊരിയപ്പോൾ കുരങ്ങിൻെറ ഒരവയവം അവിടെ കുടുങ്ങിപ്പോയി. ഇപ്പോൾ ശ്രീ. നമ്പാടൻ മാസ്ററർക്ക് എതിരേ പ്രത്യാരോപണങ്ങൾ ഉന്നയിച്ച ജോർജ് മാഷും അതുപോലെ കുടുങ്ങിയിരിക്കുകയാണ്. ശ്രീ. എ. കെ. ആൻറണിക്ക് എതിരായി ഉന്നയിച്ച ആരോപണമുണ്ടല്ലോ. മൗനവ്രതവും പാലവ്രതങ്ങളും ഒക്കെയാണല്ലോ ഇതിനകത്ത് ഉണ്ടായിട്ടുള്ളത്. ശ്രീ. എ. കെ. ആൻറണിക്ക് എതിരായി ഉന്നയിച്ച ആരോപണം ഒന്നും തെററാണെന്നു ഞാൻ പറയുന്നില്ല. കാരണം ശ്രീ. എ. കെ. ആൻറണി കോൺഗ്രസ്സിൻെറ ഖജാൻജിയല്ലേ. കോടിക്കണക്കിനു രൂപയല്ലേ കോൺഗ്രസ് കോൺഗ്രസ്സിൻെറ പ്രവർത്തനത്തിന് ചെലവാക്കിയത്. എ.ഐ.സി.സി. സമ്മേളനം നടത്താൻ എത്ര കോടി രൂപ വേണം. ഇവിടെനിന്നും ശ്രീ. ആൻറണി അടത്തിട്ട കൊട്ടത്തേങ്ങ വിററാണോ ഈ ചെലവൊക്കെ നടത്തുക. അപ്പോൾ ഇങ്ങനെയൊക്കെ പററും സ്വാഭാവികം. അതുകൊണ്ടല്ലേ കേന്ദ്രത്തിലും കോൺഗ്രസ് അത് സീരിയസ്സായി എടുത്തത്. കാരണം കോൺഗ്രസ്സിൻെറ പ്രവർത്തനത്തെ ബാധിക്കുന്ന ഒന്നാണ് ജോർജ് മാഷ് നടത്തിയ ആരോപണം. അത് കോൺഗ്രസ്സിൻെറ കേന്ദ്ര നേതൃത്വംതന്നെ വളരെ സീരിയസ്സായി എടുക്കുന്ന ഒരു നിലയിലേക്കു വന്നു. എന്തു വില കൊടുത്തും ജോർജ് മാഷിനെ ഒരു പാഠം പഠിപ്പിക്കാതെ നിവർത്തിയില്ല. ആ നിലയിൽ അവർ പാഠം പഠിപ്പിക്കത്തക്ക വിധത്തിലാണ് എത്തിയിട്ടുള്ളത്. ഒളിമ്പിക്സിൽനിന്നും മറഡോണ പുറത്തുപോയപ്പോൾ ലക്ഷക്കണക്കായ ഫുട്ബോൾ ആരാധകരെ നിരാശപ്പെടുത്തി. അതുപോലെ ജോർജ് മാഷിനെ ഈ 5 കൊല്ലം പൂർത്തിയാക്കാതെ പുറത്താക്കും എന്നാണ് ഇപ്പോൾ പറയുന്നത്. വോൾഡ്കപ്പിൽ നിന്ന് പൂർത്തിയാക്കാതെ മറഡോണ പുറത്തുപോയതുപോലെ ജോർജ് മാഷും പുറത്തു പോകാവുന്ന ഒരു സ്ഥിതിയിലേക്കു എത്തി. കാരണം ശ്രീ. നരസിംഹറാവുവിന് എതിരായിട്ട് കൂടിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്സിന്റെ ഒക്കെ പ്രവർത്തനം സ്തംഭിക്കുന്ന വിധത്തിലുള്ളതാണ് ജോർജ് മാഷിന്റെ ആരോപണം. പക്ഷേ മറഡോണ ലക്ഷക്കണക്കായ, കോടിക്കണക്കായ ഫുട്ബോൾ ആരാധകരെ ദുഃഖിപ്പിച്ചുകൊണ്ടാണ് പോയത്. ജോർജ് മാഷ് പുറത്തു പോയാൽ അങ്ങയുടെ വീട്ടിലെ പൂച്ച പോലും ദുഃഖിക്കുകയില്ല. അതാണ് ഉണ്ടാകാൻ പോകുന്നത്. ഞാൻ ആ കാര്യത്തിലേക്കു കൂടുതൽ പോകണമെന്ന് ഉദ്ദേശിക്കുന്നില്ല.

ശ്രീ. എ. പത്മകുമാർ: സർ, കൃഷിയുമായി ബന്ധപ്പെട്ട വളരെ ഗൗരവമുള്ള വിഷയമാണ്. കേന്ദ്ര കൃഷിവകുപ്പുമന്ത്രി ബൽറാം ഝാക്കർ വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറഞ്ഞിട്ടുണ്ട്. കൃഷി വ്യവസായമായി പരിഗണിക്കും എന്നു പറഞ്ഞിട്ടുള്ളത് ഇന്നത്തെ പത്രത്തിൽ വന്നിട്ടുണ്ട്. കേരളത്തിൽ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ വ്യവസായം കൃഷിയായി മാററിയിട്ടുണ്ടെന്ന കാര്യം അങ്ങേക്ക് അറിഞ്ഞുകൂടേ?

ശ്രീ. സി. പി. ബാലൻ വൈദ്യർ: എല്ലാം അങ്ങനെ തന്നെയാണ് നടന്നിട്ടുള്ളത്. എല്ലാം സ്വന്തം ആവശ്യത്തിന് പോകുന്ന ഒരു നിലയിലേക്കാണ് കഴിഞ്ഞ 3 കൊല്ലം നടന്നിട്ടുള്ളത്. അതിന്റെ കാര്യം ഞാൻ ആരോഗ്യവകുപ്പിനെ സംബന്ധിച്ചു പറയുന്ന സമയത്തു പറയാം. ശ്രീ. ജോർജ് മാഷ് കാരസ്ക്കരത്തിൻ കുരു പാലിലിട്ടാൽ എന്നു പറഞ്ഞിട്ടുള്ള പ്രമാണമില്ലേ അതുപോലെ തന്നെയാണ്. അദ്ദേഹത്തിന്റെ സ്വഭാവം ഒന്നു മാററാൻ അദ്ദേഹത്തിനു കഴിയുന്നില്ല. അതു തന്നെയാണ് ആപത്തായി ഒരു പ്രേതംപോലെ അദ്ദേഹത്തെ പിടികൂടിയിരിക്കുന്നത്. ലീഡർ ആരെയൊക്കെയോ ക്ഷിക്കാൻവേണ്ടി ശ്രമിക്കുന്നു. ലീഡർക്ക് പുറത്തു പോകുമ്പോൾ കുറെ കരിംപൂച്ചകളുണ്ട്. പാർട്ടി യോഗത്തിൽ ലീഡറുടെ കരിംപൂച്ച ജോർജ്മാഷാണെന്നാണ് പറയാറ്.

ശ്രീ. സത്യൻ മൊകേരി: കോൺഗ്രസ് നേതാവും കേന്ദ്രമന്ത്രിയുമായ ശ്രീ. എ. കെ. ആൻറണിക്ക് എതിരായി ആരോപണമുന്നയിച്ച ബഹു. കൃഷിമന്ത്രിയെ തൽസ്ഥാനത്തുനിന്നും മാററണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആൻറണി കോൺഗ്രസ്സുകാർ ചില നിവേദനങ്ങൾ കേന്ദ്ര കോൺഗ്രസ് നേതൃത്വത്തിനു മുൻപിലും പ്രധാനമന്ത്രിയുടെ മുൻപിലും എത്തിച്ചതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. പി. ബാലൻ വൈദ്യർ: ഉണ്ട്. അതുകൊണ്ടാണ് ഇതു പറഞ്ഞത്. മറഡോണ പുറത്തു പോയതുപോലെ ജോർജ് മാഷും പോകാൻ പോകുന്ന ഒരു സ്ഥിതി വരാൻ പോകുന്നു എന്നു പറഞ്ഞത്. ഞാൻ മൂന്നു കൊല്ലം മുൻപ് ജോർജ് മാഷിനെപ്പററി പറഞ്ഞതൊക്കെ ശരിയാണ്. ഇതും തെററാനിടയില്ല. അതുകൊണ്ടാണ് ഞാൻ ഇതു സൂചിപ്പിക്കാൻ കാരണം. കൃഷി വകുപ്പിന് 1993-94-ലെ ബഡ്ജററിൽ വകയിരുത്തിയിട്ടുള്ളത് 151.3 കോടി രൂപയാണ്. ഇക്കഴിഞ്ഞ ജനുവരി മാസം 31 വരെ ചെലവാക്കിയിട്ടുള്ളത് 51.73 കോടി രൂപയാണ്. കൃഷി വകുപ്പിന്റെ കാര്യക്ഷമതയല്ലേ ഇതു കാണിക്കുന്നത്. ഇക്കഴിഞ്ഞ 10 മാസം കൊണ്ട് മൂന്നിലൊന്ന് മാത്രമേ ചെലവാക്കിയിട്ടുള്ളൂ. രണ്ടു മാസം കൊണ്ട് 100 കോടി ചെലവാക്കാൻ കഴിയുമോ? എന്താണ് ഇതിന്റെ അർത്ഥം? എന്തെങ്കിലും കുറെ തിരിമറി കാണിച്ച് ചെലവാക്കി എന്നെല്ലാം ഉണ്ടാക്കി വെട്ടിപ്പും തട്ടിപ്പും നടത്താൻ വേണ്ടിയാണോ? കൃഷിക്കും അനുബന്ധ വ്യവസായത്തിനുംകൂടി നീക്കിവച്ചതാണ്,

LIBRARY ARCHIVES Kerala Legislative Assembly

അതിൽ മൂന്നിലൊന്ന് പത്തു മാസംകൊണ്ട് ചെലവാക്കിയിട്ടില്ല. അദ്ദേഹത്തിന്റെ കാര്യക്ഷമതയുടെ ഏററവും പ്രകടമായ തെളിവല്ലേ ഇത്? ആ തരത്തിൽ പോകുന്നു. അതുപോലെ കേരഫെഡിന്റെ പ്രവർത്തനം. കേരഫെഡ് നടത്തിയിട്ടുള്ള മില്ലുകളുടെ സ്ഥിതിയെന്താണ്? കോഴിക്കോട് ജില്ലയിൽ 1991-ൽ പേരാമ്പ്രയ്ക്കടുത്ത് മന്ദംകാവിൽ തുടങ്ങിയ മില്ലിന്റെ പണി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിന്റെ കാലത്ത് ത്വരിതഗതിയിൽ പ്രവർത്തനം നടന്നതാണ്. ആ മില്ലിന്റെ പണി എന്നു പൂർത്തിയാക്കാൻ കഴിയുമെന്ന് മാസ്ററർക്ക് ഈ സഭയിൽ പറയാമോ? അതൊക്കെ ശരിപ്പെടുത്തിയില്ലേ! അതുപോലെ തിരുവങ്ങൂരിൽ പ്രവർത്തിക്കുന്ന മില്ല് അടച്ചു പൂട്ടിയിട്ട് കാലമെത്രയായി. അതു തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് മാസ്ററർക്ക് സഭയിൽ ഉറപ്പു പറയാൻ കഴിയുമോ? വളരെ നല്ല നിലയിൽ പ്രവർത്തിച്ച ഒരു മില്ല് നൂറു കണക്കായ ആളുകൾക്ക് ജോലി കൊടുത്തിരുന്ന ആ സ്ഥാപനം അടഞ്ഞു കിടന്നിട്ട് എത്ര കാലമായി? വല്ലതും ചെയ്യാൻ കഴിയുമോ? കരുനാഗപ്പള്ളിയിൽ ആററിങ്ങലിൽ ഒക്കെ പ്രവർത്തിക്കുന്ന മില്ലുകളുടെ സ്ഥിതി ആ തരത്തിൽ അല്ലേ? ഇവിടെ കൊപ്ര ആട്ടി വെളിച്ചെണ്ണയാക്കുന്നില്ല. കൊപ്ര സംഭരണം തകർത്തു. അതിന്റെ ഭാഗമായിട്ടാണ് മില്ലുകളെല്ലാം അടഞ്ഞു കിടക്കുന്നത്. അതുപോലെ പഴവർഗ്ഗ സംസ്ക്കരണ കേന്ദ്രം. ഇടതുപക്ഷമുന്നണിയുടെ കാലത്ത് തുടങ്ങാൻവേണ്ടി ആലോചിച്ചതാണ്. നടപടിയെടുത്തതാണ്. തുടങ്ങിയോ? കൈതച്ചക്ക സംസ്ക്കരണ കേന്ദ്രത്തെപ്പററി നേരത്തെ ഇവിടെ സൂചിപ്പിച്ചു. എന്താണ് അതിന്റെ സ്ഥിതി? ചക്കപ്പഴം സംസ്ക്കരിക്കാൻ പോകുന്ന നടപടി എടുത്തിട്ടുള്ളതാണല്ലോ. അത് എവിടെ എത്തിയിട്ടുണ്ട്? അതുപോലെ കഴിഞ്ഞ നാലു കൊല്ലക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് ദൂരക്കാഴ്ചയോടുകൂടി കാർഷിക മേഖലയ്ക്കകത്ത് എടുത്തിട്ടുള്ള എല്ലാ നടപടികളും ഒന്നൊന്നായി തകർത്ത് തരിപ്പണമാക്കി. സമയമില്ലാത്തതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേക്കു പോകുന്നില്ല. കഴിഞ്ഞ ബഡ്ജററ് സമ്മേളനത്തിൽ ഞാൻ ആ കാര്യം വളരെ വിശദമായി സൂചിപ്പിച്ചു. അതുപോലെ കൃഷിക്കാർക്ക് കൊടുക്കുമെന്നു പറഞ്ഞ വളം സബ്സിഡി എൽ.ഡി.എഫ്. ഗവൺമെൻറിന്റെ കാലത്ത് ഹെക്ടറിനു നൂറു രൂപ എന്നുള്ളത് നിങ്ങൾ 250 രൂപയായി വർദ്ധിപ്പിക്കുമെന്നു പറഞ്ഞു. കഴിഞ്ഞ രണ്ടു കൊല്ലമായി നിങ്ങൾ കൊടുത്തിട്ടില്ല. അതു അവസാനം ക്യാബിനററിൽ കൊടുക്കണ്ട എന്ന് തീരുമാനിച്ചില്ലേ? അതല്ലേ നിങ്ങൾ പ്രഖ്യാപിച്ച കൃഷിക്കാർക്കുള്ള ആനുകൂല്യം. കൃഷിക്കാരുടെ ഉല്പന്നങ്ങൾക്ക് വില കിട്ടുന്നതിനുവേണ്ടി എന്തു നടപടിയാണ് നിങ്ങളുടെ കാലത്ത് എടുത്തത്? കഴിഞ്ഞ ദിവസം കാളിംഗ് അററൻഷൻ സമയത്ത് ഞാൻ ഇവിടെ സൂചിപ്പിച്ചു. നാളികേരത്തിന്റെ വിലയുടെ കാര്യത്തിൽ കള്ളക്കളിയല്ലേ അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമുൾപ്പെടെ സംസ്ഥാന ഗവൺമെൻറ് എടുത്തിട്ടുള്ളത്. നാളികേരത്തിന്റെ വിലയിടിവിനെ സംബന്ധിച്ചിടത്തോളം എന്താണ് അങ്ങേക്കു പറയാനുള്ളത്. കേന്ദ്രം എടുത്ത നടപടിയെ ന്യായീകരിച്ചു രക്ഷപ്പെടാനുള്ള ഓരോ കപട ന്യായം കണ്ടെത്താനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്. നാളികേരത്തിന്റെ വിലയിടിവിന്റെ അടിസ്ഥാന കാരണം ഓപ്പൺ ജനറൽ ലൈസൻസ് അനുസരിച്ച് ഇറക്കുമതി ഡ്യൂട്ടിപോലുമില്ലാതെ ഭക്ഷ്യാവശ്യത്തിന് എന്നു പറഞ്ഞുകൊണ്ട് വെളിച്ചെണ്ണ ഫിലിപ്പൈൻസ്, മലേഷ്യ, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്തതല്ലേ. അവിടങ്ങളിൽ ഏതാണ്ട് 18 രൂപ വരെ മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

ഒരു കിലോ വെളിച്ചെണ്ണക്ക് വിലയുള്ളു എന്നാണ് പറയുന്നത്. ആ തരത്തിൽ വെളിച്ചെണ്ണ ഇറക്കുമതി നടത്താൻ സൗകര്യം കിട്ടിയതിന്റെ ഫലമായി അവർ ഇറക്കുമതി നടത്തിയതുകൊണ്ടല്ലേ വെളിച്ചെണ്ണക്ക് ഈ വിലയിടിവ് വന്നിട്ടുള്ളത്. ആ ഇറക്കുമതി നിറുത്താൻവേണ്ടി ഇത് ഒരു സംസ്ഥാനത്തെയും ജനങ്ങളെയും ബാധിക്കുന്ന ഒരു പ്രശ്നമെന്ന നിലയിൽ ഇവിടത്തെ ജനങ്ങളോടൊപ്പം നിൽക്കാനും കേന്ദ്രത്തെക്കൊണ്ട് അത് അംഗീകരിപ്പിച്ച് ഇറക്കുമതി തടയുന്നതിനുവേണ്ടി എന്തെങ്കിലും ചെയ്യാനും അങ്ങ് തയ്യാറാവോ? ഇല്ല. ആ തരത്തിൽ കാർഷിക മേഖല അങ്ങേയററത്തെ തകർച്ചയെ നേരിടുന്ന ഘട്ടത്തിൽ കർഷകരെ സഹായിക്കുന്നതിനുവേണ്ടി ഒരു നടപടിയും എടുക്കാൻ അങ്ങേക്കു കഴിഞ്ഞിട്ടില്ല. അങ്ങ് കർഷകരെ തകർക്കുന്ന ശക്തികളോടൊപ്പം നിൽക്കുകയാണ് ചെയ്തിട്ടുള്ളത്. അങ്ങ് കൃഷിക്കാരുടെ ശത്രുവാണോ മിത്രമാണോ എന്നുള്ളത് കേരളത്തിലെ കർഷകർ മനസ്സിലാക്കുന്നുണ്ട്. ഒരു അഖിലകക്ഷി നിവേദകസംഘത്തെ അയയ്ക്കണമെന്ന കാര്യത്തിൽ അങ്ങ് എതിർത്തത് ഇതിന്റെ ഉള്ളുകള്ളി വെളിച്ചത്താകുമെന്ന് ഭയപ്പെട്ട് കൊണ്ടല്ലേ? ഇപ്പോഴെങ്കിലും ആ കാര്യം പുനഃപരിശോധിക്കുകയും തീരുമാനം അങ്ങ് ഈ സഭയിൽ പറയുകയും ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യവകുപ്പിനെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ അത് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് അഴിമതിക്കുള്ള ഒരു വകുപ്പാക്കി എൻ.ഡി.പി.-ക്ക് തീറെഴുതി കൊടുത്തതാരാണ്? എൻ.ഡി.പി.-ക്ക് കൊടുത്തതിൽ അവസാനം എൻ.ഡി.പി.-യും മന്ത്രിയും തമ്മിലുള്ള തർക്കത്തിൽ മുഖ്യമന്ത്രി ഇടപെട്ടു. അത് പണ്ട് രണ്ടു കുട്ടികൾ തമ്മിൽ അപ്പം കാഹരി വയ്ക്കുന്നതു സംബന്ധിച്ചുള്ള തർക്കത്തിൽ കുരങ്ങ് മദ്ധ്യസ്ഥം പറഞ്ഞതുപോലെയായി. തർക്കം വന്ന് അവസാനം അപ്പമൊക്കെ കുരങ്ങ് തിന്നു. അതുപോലെ അവസാനം എൻ.ഡി.പി. യുടെ തർക്കത്തിൽ മുഖ്യമന്ത്രി ഇടപെട്ട് മുഖ്യമന്ത്രിയുടെ കൈയിൽ ആരോഗ്യവകുപ്പ് കിട്ടിയ അനുഭവമാണ് ഇപ്പോഴുള്ളത്. അതുപോലെതന്നെ മരുന്നുവാങ്ങിയതിലെ അഴിമതിയെക്കുറിച്ച് ഈ സഭയിൽ വന്നിട്ടുള്ളതല്ലേ? ഒരു ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സഭയിൽ പറഞ്ഞു, ഏത് അന്വേഷണം നടത്താനും ഞാൻ തയ്യാറാണെന്ന്. എന്താണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷണം നടത്താൻ തയ്യാറാകാത്തത്? ഭരണകക്ഷിക്കാർക്ക് ഭൂരിപക്ഷമുള്ളതും ഭരണപക്ഷത്തെ പ്രതിനിധി ചെയർമാനായിട്ടുള്ളതുമായ എസ്ററിമേററ്സ് കമ്മിററി ഇതുസംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ശുപാർശ ചെയ്തു. ഇതുവരെ ജുഡീഷ്യൽ അന്വേഷണം നടത്താനുള്ള നടപടിയെടുത്തോ? എന്താണ് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഉത്തരവിടാതിരുന്നത്? ആരോപണത്തിൽ ഏതാണ്ട് വസ്തുതകളുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടാണല്ലോ എസ്ററിമേററ്സ് കമ്മിററി ശുപാർശ ചെയ്തിട്ടുള്ളത്. അതുപോലും നടത്താൻ മടിച്ചു നിൽക്കുന്നു. ആരോഗ്യ വകുപ്പ് എല്ലാ കാലവും.....കഴിഞ്ഞകാലത്ത് എന്റെ നാടിനടുത്ത് ഒരു ഡോക്ടർ അവിടത്തെ എൻ.ഡി.പി. നേതാവിനേയും കൂട്ടി എൻ.ഡി.പി.-യുടെ ആസ്ഥാനത്തെത്തി, അദ്ദേഹത്തിന്റെ ട്രാൻസ്ഫറിനുവേണ്ടി. ഒരു ലക്ഷം രൂപ വേണമെന്നു പറഞ്ഞു, അവസാനം 75,000 രൂപക്ക് കച്ചവടമാക്കി. ഇതായിരുന്നു കഴിഞ്ഞ കാലത്തെ സ്ഥിതി. ഇപ്പോൾ ആരോഗ്യവകുപ്പ് ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയുടെ കൈയിലാണ്, ആ സംവിധാനമെല്ലാം നിറുത്തിയോ?

LIBRARY ARCHIVES Kerala Legislative Assembly

അതെല്ലാം ഇനി ആരുടെ കൈയിലാണ് വരാൻ പോകുന്നത്? ആരെയും കൂട്ടിയാണ് പോകേണ്ടത് എന്നതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്? ഇപ്പോൾ കഴിഞ്ഞ മൂന്നു കൊല്ലക്കാലം ശ്രീ. ആർ. രാമചന്ദ്രൻ നായർ എൻ. ഡി. പി. എന്നുള്ള നിലയിൽ എന്താണ് നടത്തിയിട്ടുള്ളത്? എൻ. ഡി. പി.-യും ശ്രീ. രാമചന്ദ്രൻ നായരും തമ്മിലുള്ള അഭിപ്രായ വ്യത്യാസമെന്താണ്? ആദ്യമാദ്യം ഒരു വിഹിതം പാർട്ടിക്ക് കിട്ടുമായിരുന്നു. അവസാനം പാർട്ടിക്ക് കൊടുക്കാതെ മന്ത്രിയുടെ കൈയിലായി. എൻ. ഡി. പി. യുടെ ഏതാണ്ട് സ്വഭാവമെന്താണെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. അതെല്ലാം മനസ്സിലാക്കിയിട്ടാണല്ലോ അങ്ങ് ഒരു ശക്തമായ സമീപനമെടുത്തത്. അതിൽ ഞാൻ സന്തോഷിക്കുന്നു. അപ്പോൾ എൻ.ഡി.പി.-ക്ക് കിട്ടുന്നത് ഇല്ലാതായപ്പോൾ മന്ത്രിയെ പുറത്താക്കാൻ ആവശ്യപ്പെട്ടു. കൈക്കൂലി പങ്ക് വയ്ക്കുന്നതിലല്ലേ മന്ത്രിയും എൻ.ഡി.പി.-യും തമ്മിൽ തർക്കമുണ്ടായത്? ആ തരത്തിൽ ആരോഗ്യ വകുപ്പ് അധഃപതിപ്പിച്ച നിലയിലെത്തി. പണ്ട് ബ്രിട്ടീഷുകാരുടെ കാലത്ത് മുത്തശ്ശിമാരും കാരണവൻമാരും ഗവൺമെന്റ് ആശുപത്രികളെ പറയുന്നതാണ് ധർമ്മാശുപത്രി എന്ന്. ആ ആശുപത്രിയെ ഇന്ന് ഫീസ് ചുമത്തുന്ന ഒന്നാക്കി, പൈസയ്ക്ക് ചികിൽസ നടത്തുന്ന ഒരു കേന്ദ്രമാക്കി അധഃപതിപ്പിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിലെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഞാൻ സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. പണമുള്ളവർക്കുമാത്രം ചികിൽസിപ്പിക്കാവുന്ന ഒരു കേന്ദ്രമായി ഗവൺമെന്റ് ആശുപത്രികളെ മാററി. അവിടെ മരുന്നില്ല മററ് ചികിൽസാ സൗകര്യങ്ങളില്ല. ഫീസ് വാങ്ങിക്കുന്നതോടൊപ്പം ആശുപത്രിക്കകത്തുള്ള സൗകര്യങ്ങളും വേണ്ടത്ര ഇല്ലാത്ത ഒരവസ്ഥയുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിനോടുള്ള അവഗണനയെപ്പററി പല ഘട്ടങ്ങളിലും സബ്മിഷനായും ശ്രദ്ധക്ഷണിക്കലായും വന്നതാണ്. അതിൻെറയെല്ലാം ഫലമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കഴിഞ്ഞ ഘട്ടത്തിൽ രണ്ടുതവണ കോഴിക്കോട് ജില്ലയിലെ എം.എൽ.എ.-മാരുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടേയും ഒരു യോഗം വിളിച്ചുകൂട്ടി. എന്താണ് കോഴിക്കോട് മെഡിക്കൽ കോളേജിൻെറ സ്ഥിതി? തിരുവനന്തപുരം മെഡിക്കൽ കോളേജും കോഴിക്കോട് മെഡിക്കൽ കോളേജുമായി തട്ടിച്ചുനോക്കിയാൽ അത് ബോദ്ധ്യമാകും. സബ്ജക്ട് കമ്മിററിയുടെ റിപ്പോർട്ട് എൻെറ കൈയിലുണ്ട്. ആറുമാസം മുൻപ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിൽ വച്ച് ഉറപ്പു നൽകി കോഴിക്കോട് മെഡിക്കൽ കോളേജിന് ഫണ്ട് അനുവദിക്കുന്നതിനുള്ള അവഗണന അവസാനിപ്പിക്കാനുള്ള നടപടിയെടുക്കുമെന്ന്. ഈ വർഷത്തെ ബഡ്ജററിലെ സ്ഥിതിയെന്താണ്? ഞാൻ സമയ പരിമിതി കൊണ്ട് കണക്കിലേക്ക് കടക്കുന്നില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആവശ്യപ്പെട്ടതിനേക്കാൾ കൂടുതൽ ഫണ്ട് തിരുവനന്തപുരം മെഡിക്കൽ കോളേജിന് ഈ വർഷത്തെ ബഡ്ജററിൽ വകയിരുത്തി. കോഴിക്കോട് മെഡിക്കൽ കോളേജ് ചോദിച്ചതിൻെറ 2/3 ഭാഗം വകയിരുത്തി. ഇത് എന്ത് ന്യായമാണ്? ആറ് ജില്ലകളിലേക്കുള്ള ഒരു വിദഗ്ദ്ധ ചികിൽസാ കേന്ദ്രമാണിത്. ഈ സംസ്ഥാനത്തിലെ 42 ശതമാനത്തോളം ജനങ്ങൾക്കുള്ള ഏക വിദഗ്ദ്ധ ചികിൽസാ കേന്ദ്രമായ കോഴിക്കോട് മെഡിക്കൽ കോളേജ് അവഗണനയുടെ പര്യായമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഞങ്ങൾ വളരെ വിനയപൂർവ്വം പറയുകയാണ്. ഞങ്ങൾ ആരുടേയും കുടികിടപ്പുകാരല്ല. കണക്കു പറഞ്ഞ് അവകാശം ചോദിച്ചു വാങ്ങിക്കാനും അത് നേടിയെടുക്കാനുള്ള പ്രവർത്തനം എങ്ങനെ സംഘടിപ്പിക്കണമെന്നകാര്യവും ഞങ്ങൾക്കറിയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

കോൺഫറൻസിൽവച്ച് ഞങ്ങൾ ഈ കാര്യം സൂചിപ്പിച്ചതാണ്. പക്ഷേ ഇപ്പോഴും ഇതല്ലേ? എന്താണ് നമ്മുടെ സബ്ജക്ട് കമ്മിററിയുടെ റിപ്പോർട്ടിൽ പറയുന്നത്, "വിവിധ മെഡിക്കൽ കോളേജുകൾക്കുവേണ്ടി ആവശ്യപ്പെട്ട തുകയിലും അനുവദിച്ച തുകയിലുമുള്ള അന്തരം കമ്മിററിയുടെ ശ്രദ്ധയിൽപെട്ടു. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ നൽകിയ മറുപടിയിൽ കമ്മിററി അതൃപ്തി പ്രകടിപ്പിക്കുകയും ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു'' എന്നാണ്. കോഴിക്കോട് മെഡിക്കൽ കോളേജിന് ആവശ്യപ്പെട്ടതിലും വളരെ കുറഞ്ഞ തുക അനുവദിച്ച സാഹചര്യം അന്വേഷിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് കമ്മിററി ആവശ്യപ്പെട്ടിരിക്കുന്നു. ഭരണകക്ഷിക്ക് ഭൂരിപക്ഷമുള്ള സബ്ജക്ട് കമ്മിററി ആണ് ഇത്. എന്നിട്ടുപോലും കടുത്ത അവഗണനയാണ് കോഴിക്കോട് മെഡിക്കൽ കോളേജിനോട് കാണിച്ചിട്ടുള്ളത്. ഇത് തുടർന്നു വരികയാണ്. ഇത് അവസാനിപ്പിക്കാതെ മുന്നോട്ടുപോകാൻ കഴിയുകയില്ല.

മലബാർ ഭാഗത്ത് ഇലക്ട്രിസിററിയുടെ കാര്യത്തിൽ അങ്ങേയററം ബുദ്ധിമുട്ടാണ്. രാത്രി ട്യൂബ് കത്തുകയില്ല. വോൾട്ടേജ് കുറവാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ജനറേററുണ്ട്, എന്നാൽ പല ഘട്ടങ്ങളിലും ജനറേററർ വർക്കുചെയ്യുന്നില്ല.

ശ്രീ. വി. സി. കബീർ: സർ, ശ്രീ. ബാലൻ വൈദ്യർ കാര്യമായി കോഴിക്കോട് മെഡിക്കൽ കോളേജിൻെറ കാര്യം പറയുന്നുണ്ട്. ചെറുതുരുത്തി പുഴക്കപ്പുറം കേരളമില്ലെന്നു വിശ്വസിക്കുന്ന പല ഉദ്യോഗസ്ഥൻമാരും ഇവിടെ ഇരിക്കുന്നുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട ബാലൻ വൈദ്യർക്കറിയാമോ?

ശ്രീ. സി. പി. ബാലൻ വൈദ്യർ: സർ, അത് എനിക്കറിയാം. ആ തരത്തിൽ വിശ്വസിക്കുന്ന പലരും സെക്രട്ടേറിയററിനകത്തുണ്ട്. അത് തിരുത്തണം.

ജനറേററുകൾ വർക്കുചെയ്യുന്നില്ല. ഓപ്പറേഷൻ തുടങ്ങിയാൽ നിറുത്തിവയ്ക്കാൻ കഴിയുമോ? കറൻറ് വരുന്നതുവരെ ഓപ്പറേഷൻ നിറുത്തിവയ്ക്കാൻ കഴിയുകയില്ലല്ലോ. എന്നിട്ട് ടോർച്ച് ലൈററ് അടിച്ച് ഓപ്പറേഷൻ നടത്തുകയാണ്. ഇത് അപമാനമല്ലേ? ഈ ആധുനിക യുഗത്തിൽ 42 ശതമാനം ജനങ്ങളെ പ്രതിനിധീകരിക്കുന്ന പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു മെഡിക്കൽ കോളേജ് ആശുപത്രിയിൽ ടോർച്ച് ലൈററിൻെറ സഹായത്തോടുകൂടി ഓപ്പറേഷൻ പൂർത്തിയാക്കേണ്ട ഗതികേട് അപമാനമല്ലേ? അവിടെ ജനറേററർ പ്രവർത്തിക്കത്തക്ക തരത്തിലാവശ്യമായ കാര്യങ്ങൾ ചെയ്തുകൊടുക്കണ്ടേ? അതുപോലെതന്നെ 112 നഴ്സുമാരുടെ കുറവുണ്ട്. ആവശ്യത്തിന് നഴ്സുമാരില്ല. ഇൻറൻസീവ് കെയർ യൂണിററുകളിലടക്കം നിറുത്താൻ വേണ്ടത്ര നഴ്സുമാരില്ല. അടിയന്തിര ഘട്ടങ്ങളിൽ ജീവൻരക്ഷാ ഔഷധങ്ങൾ കൊടുക്കത്തക്ക വിധത്തിൽ അവിടെ ഔഷധങ്ങളില്ല. ഇതുപോലുള്ള ഒരുപാട് പോരായ്മകൾ കോഴിക്കോട് മെഡിക്കൽ കോളേജിലുണ്ട്. അതുപോലെതന്നെ ഓപ്പറേഷനും മററും കഴിഞ്ഞാൽ അതിൻെറ വേസ്ററ് കത്തിച്ചുകളയുന്ന ഒരു യന്ത്രമുണ്ട്, ഇൻസിനറേററർ. അത് കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇല്ല. ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ ഒരു ആശുപത്രിക്ക് അംഗീകാരം

LIBRARY ARCHIVES Kerala Legislative Assembly

Page 75 of 124

കൊടുക്കണമെങ്കിൽ ഇതുണ്ടാകണം. ഇപ്പോൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ പ്രതിനിധികൾ വന്ന് പരിശോധന നടത്തിയാൽ അതിന്റെ അംഗീകാരം പിൻവലിക്കും. കാരണം അവിടെ യന്ത്രമില്ല. ഇത് കുഴിച്ചുമൂടാൻ പറയുന്നതല്ല. ഓടയിൽ ഒഴുക്കാൻ പറയുന്നതല്ല. അത്തരത്തിലുള്ള അവഗണനയാണ് കോഴിക്കോട് മെഡിക്കൽ കോളേജിനുള്ളത്.

അതുപോലെതന്നെ 15 അനെസ്തെറിസ്റ്റ് വേണ്ട സ്ഥാനത്ത് 4 എണ്ണം മാത്രമാണുള്ളത്. അതില്ലാതെ എങ്ങനെയാണ് ഓപ്പറേഷൻ നടത്തുന്നത്? അതുപോലെതന്നെ അവിടെ എക്സറേ ഫിലിമില്ല. ഫിലിം സപ്ലൈ ചെയ്യുന്ന കമ്പനിയുമായുള്ള തർക്കത്തിന്റെ ഭാഗമായി എക്സ്റേ ഇല്ല.

അതുപോലെതന്നെ കിഡ്നി യൂണിറ്റ്. അതിനുള്ള വാർഡ് മൂന്നു വർഷമായി പൂർത്തിയായി കിടക്കുകയാണ്. ഇന്നുവരെ അത് തുറന്നു പ്രവർത്തിക്കാനാവശ്യമായ സ്റ്റാഫും മറ്റു കാര്യങ്ങളും കൊടുക്കാത്തതുകൊണ്ട് പ്രവർത്തിക്കാൻ കഴിയുന്നില്ല. അതുപോലെ തന്നെ ന്യൂറോളജിയിലും ഇൻറൻസീവ് കെയർ യൂണിറ്റിലും സ്റ്റാഫും മറ്റ് ഉപകരണങ്ങളും ഇല്ലാത്തതുകൊണ്ട് പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. 7 ലിഫ്റ്റുള്ളതിൽ 2 എണ്ണമേ പ്രവർത്തിക്കുന്നുള്ളു. ഫിസിയോ തെറാപ്പിയിലും സ്റ്റാഫില്ല. മൂന്ന് തെറാപ്പിസ്റ്റുകൾ വേണ്ടിടത്ത് ഒരാൾ മാത്രമേ ഇപ്പോഴുള്ളു. അവിടെ ഒരു വാർഡ് ഉണ്ടാക്കിയിട്ടുണ്ട്. ശ്രീ. ടി. കെ. ഹംസ പൊതുമരാമത്തു വകുപ്പുമന്ത്രിയായിരുന്നപ്പോൾ അനുവദിച്ചതാണ്. പക്ഷെ അവിടെ ബെഡ്ഡും മറ്റ് സൗകര്യങ്ങളും കൊടുക്കാത്തതിന്റെ ഭാഗമായി രണ്ടു കൊല്ലമായി പൂട്ടിക്കിടക്കുകയാണ്. എല്ലാ യൂണിറ്റുകളിലും വേണ്ടത്ര ഡോക്ടർമാരില്ല. കഴിഞ്ഞ വെള്ളിയാഴ്ചവരെ അവിടെയുള്ള രോഗികളുടെ സംഖ്യ 1470 ആണ്. അത്രയധികം രോഗികളുള്ള സ്ഥലത്ത് വേണ്ടത്ര ഡോക്ടർമാരെയും നഴ്സുമാരെയും കൊടുക്കുന്നില്ല. ഇങ്ങനെ എല്ലാ രീതിയിലും അവഗണനയുടെ പര്യായമായി കോഴിക്കോട് മെഡിക്കൽ കോളേജ് മാറിയിരിക്കുകയാണ്. ഈ അവഗണന അവസാനിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആയുർവേദരംഗത്ത് ഇതിനെക്കാൾ അവഗണനയാണ് ഗവൺമെന്റ് കാണിക്കുന്നത്. പ്രധാനമായും മൂന്ന് ചികിൽസാ സമ്പ്രദായമാണുള്ളത്. അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി. കോഴിക്കോട് ഡിസ്ട്രിക്ട് ആയുർവേദ ആശുപത്രി കോഴിക്കോട് കോർപ്പറേഷന്റെ അറവുശാലയിലാണ് പ്രവർത്തിക്കുന്നത്. അതിനുവേണ്ട ബിൽഡിംഗ് ഇതുവരെ പൂർത്തിയായിട്ടില്ല. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ ആ കാര്യമുണ്ട്. കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയുടെ കെട്ടിടം പൂർത്തിയാക്കി രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. അതുപോലെ ഹോമിയോ ചികിൽസാ രംഗത്തുള്ള അവഗണനകൂടി അവസാനിപ്പിക്കാൻ അതിനുകൂടി ഫണ്ട് അനുവദിക്കണം. കോഴിക്കോട് മെഡിക്കൽ കോളേജിനോടുള്ള അവഗണന അവസാനിപ്പിക്കാൻ ഞങ്ങളെ പോലുള്ള ആളുകൾ സെക്രട്ടറിയേറ്റിനു മുമ്പിലോ ബന്ധപ്പെട്ട മന്ത്രിയുടെ മുമ്പിലോ സമരം നടത്താൻ ഇടവരുത്താതെ അതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഇതിനെ ശക്തിയായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാഘവൻമാസ്റ്റർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. കഴിഞ്ഞ മൂന്നു വർഷമായി ഐക്യജനാധിപത്യ മുന്നണി സർക്കാർ സമ്പൽസമൃദ്ധമായ ഒരു കേരളം കെട്ടിപ്പടുക്കുന്നതിനു വേണ്ടി കാർഷികമേഖലയിലുണ്ടാക്കിയിട്ടുള്ള വമ്പിച്ച നേട്ടങ്ങൾ ഇടിച്ചു താഴ്ത്താൻ വേണ്ടിയാണ് കാർഷികമേഖലയിൽ വളരെയധികം പ്രതിസന്ധിയുണ്ടെന്ന് പ്രതിപക്ഷത്തുള്ള എന്റെ സുഹൃത്തുക്കൾ ഇവിടെ പറഞ്ഞത്. പ്രതിപക്ഷത്തുനിന്നു നേരത്തെ സംസാരിച്ച മുൻ കൃഷിവകുപ്പുമന്ത്രിയും ഇപ്പോൾ സംസാരിച്ച ശ്രീ. ബാലൻവൈദ്യരും കാർഷിക രംഗത്തുള്ള പ്രധാനപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചൊന്നും പറഞ്ഞില്ല. ഇവിടെ ശ്രീ. ബാലൻവൈദ്യർ സംസാരിച്ചപ്പോൾ പറഞ്ഞു, കൃഷി വകുപ്പുമന്ത്രി ആപ്പ് ഊരിയ കുരങ്ങന്റെ മട്ടിലാണെന്ന്. യഥാർത്ഥത്തിൽ ആപ്പ് ഊരിയ കുരങ്ങന്റെ മട്ടിലായിട്ടുള്ളത് പ്രതിപക്ഷമാണ്. ശ്രീ. ബാലൻവൈദ്യർ സമരം ചെയ്യുന്നത് നാണ്യവിളകൾക്ക് വില കുറഞ്ഞുവെന്നു പറഞ്ഞാണ്. ഇപ്പോൾ കുരുമുളകിനും ഇഞ്ചിക്കും കാപ്പിക്കും വിലയില്ലേ? ശ്രീ. ബാലൻവൈദ്യർ സമരം ചെയ്യാനായിട്ട് ഇടയ്ക്കിടയ്ക്ക് വയനാട്ടിൽ വരും. ഇപ്പോൾ നാണ്യവിളകളുടെ വില വർദ്ധിച്ചതിലൂടെ മാർക്സിസ്റ്റ് പാർട്ടിയുടെ ആപ്പാണ് ഊരിയിട്ടുള്ളത് എന്നുള്ള വസ്തുത ശ്രീ. ബാലൻവൈദ്യർ മനസ്സിലാക്കിയാൽ മതിയെന്നാണ് എനിക്കു പറയാനുള്ളത്. എന്റെ സുഹൃത്ത് ശ്രീ. വി. വി. രാഘവൻ ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കാർഷിക രംഗത്ത് ഒന്നും നടക്കുന്നില്ലെന്നും അൽപ്പമെങ്കിലും വികസനമുണ്ടായിട്ടുണ്ടോയെന്നും ചോദിച്ചു. അദ്ദേഹം കഴിഞ്ഞ കാലത്ത് കൃഷിവകുപ്പു മന്ത്രിയായിരുന്നു. ഈ കാർഷിക രംഗത്ത് എന്താണ് പ്രശ്നമെന്നും അതിനുള്ള പരിഹാരമാർഗ്ഗമെന്താണെന്നുമൊന്നും പറയാതെ ഒരു കുടുംബത്തിലെ മൂത്ത ആളുടെ ഭാര്യ മിടുക്കിയല്ലാതെയും അനുജന്റെ ഭാര്യ മിടുക്കിയായും കണ്ടപ്പോൾ അവരോട് കുശുമ്പു കാണിക്കുന്ന നിലപാടാണ് അദ്ദേഹം ഇവിടെ സ്വീകരിച്ചത്. അല്ലാതെ കൃഷിക്കാരുടെ അടിസ്ഥാനപരമായ പ്രശ്നങ്ങളൊന്നും പറയാൻ അദ്ദേഹം ശ്രമിച്ചില്ലെന്നുള്ളതാണ് പരമാർത്ഥം. എന്നാൽ ഒരു കൃഷിക്കാരന്റെ മകനായി ജനിച്ച എനിക്ക് കൃഷിപ്പണി എന്താണെന്ന് നേരിട്ടറിയാം. കാർഷിക രംഗത്തെ പ്രശ്നങ്ങളെന്തൊക്കെയാണ്? ഉൽപ്പാദന രംഗത്തെ വർദ്ധനവ്, കാര്യക്ഷമത, വിലവർദ്ധനവ്, കൃഷിക്കാർക്ക് കേന്ദ്രവും സംസ്ഥാനവും നൽകുന്ന മുതൽമുടക്ക്, മൊത്തത്തിലുള്ള

(അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ)

വരുമാന വർദ്ധനവ്, ഈ ഗവൺമെന്റിന്റെ കൃഷിക്കാരോടുള്ള സമീപനം ഇങ്ങനെ പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഏതെങ്കിലുമൊരു പ്രശ്നത്തെ സംബന്ധിച്ച് മുന്നോട്ടു പോയിട്ടില്ലെന്ന് മുൻമന്ത്രിക്ക് സൂചിപ്പിക്കാൻ സാധിച്ചിട്ടില്ല. അദ്ദേഹം വെറുതെ അതുമിതും പറഞ്ഞ് സമയം കളയുകയാണ് ചെയ്തിട്ടുള്ളത്. ഇന്ന് ഉൽപ്പാദന രംഗത്ത് കേരളത്തിന്റെ സ്ഥിതിയെന്താണ്? അരിയുടെ ഉൽപ്പാദനം 1992-93-ൽ 10.60 ലക്ഷം ടൺ ആയിരുന്നു എങ്കിൽ ഇന്ന് അത് 10.85 ലക്ഷം ടൺ ആയി വർദ്ധിച്ചിരിക്കുകയാണ്. ഒരൊന്നരക്കൊല്ലം കൊണ്ടുതന്നെ 25,000 ടൺ അരി കൂടുതൽ ഉൽപ്പാദിപ്പിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അതുപോലെ ഒരു ഹെക്ടറിൽ 2000 കിലോഗ്രാമിൽ നിന്നും 2018 കിലോഗ്രാമായി ഉൽപ്പാദനം വർദ്ധിച്ചിരിക്കുകയാണെന്നുള്ളത് ഒരു പരമാർത്ഥമാണ്. അതുപോലെ നാളികേരത്തിന്റെ സ്ഥിതി എന്താണ്? 1990-91-ൽ

LIBRARY ARCHIVES Kerala Legislative Assembly

Page 77 of 124

423 കോടി നാളികേരമുൽപ്പാദിപ്പിച്ചിരുന്നത് 1992-93-ൽ 523 കോടിയായി വർദ്ധിച്ചു. അതുപോലെ 1993-94- ആകുമ്പോൾ 6000 നാളികേരം ഒരു ഹെക്ടറിൽ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്ന സ്ഥിതിയാണ് ഉണ്ടായിട്ടുള്ളത്. അതുപോലെ കുരുമുളകിന്റെ സ്ഥിതി എന്താണ്? കുരുമുളക് 1992-93-ൽ 46800 ടൺ ആയിരുന്നു ഉൽപ്പാദനമെങ്കിൽ അത് ഇപ്പോൾ 50,000 ടൺ ആയി വർദ്ധിച്ചിരിക്കുകയാണ്. കുരുമുളക് മേഖലയിൽ വളരെയധികം പ്രതിസന്ധികളുണ്ട്. ദ്രുതവാട്ടം പോലുള്ള പ്രശ്നമുണ്ട്. അതുകൊണ്ട് ഒരുകാര്യം വ്യക്തമാണ്. കാർഷിക രംഗത്ത് പ്രതികൂലമായ അവസ്ഥയുണ്ടായിട്ടുപോലും ഉൽപ്പാദനം രംഗത്ത് വമ്പിച്ച നേട്ടമാണ് ഉണ്ടായിട്ടുള്ളതെന്ന പരമാർത്ഥ അംഗീകരിച്ചേ പററുവെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെതന്നെ വിലയുടെ കാര്യത്തിലും ഉൽപ്പാദനത്തിന്റെ കാര്യത്തിലും ഗവൺമെൻറ് വളരെ മുന്നോട്ടു പോയിട്ടുണ്ടെന്നു ഞാൻ പറഞ്ഞത് കണക്കുകളിൽ നിന്നും വ്യക്തമാക്കിയിരിക്കുകയാണ്. കൃഷിക്കാർ എത്ര വിളവുണ്ടാക്കിയാലും അതിനാവശ്യമായിട്ടുള്ള വില കിട്ടണമെന്നുള്ളത് അത്യാവശ്യമാണ്. കേരളത്തിൽ നെല്ലിന് 400-450 രൂപ വിലയുണ്ട്. അതേസമയം വില നിശ്ചയിക്കുന്ന കേന്ദ്രത്തിൽ നെല്ലിന് 310 രൂപയാണ് ക്വിൻറലിന് വില. നെൽകൃഷി നഷ്ടമാകുന്ന സാഹചര്യത്തിൽ കേരളത്തിലെ കൃഷിക്കാർക്കു വില കിട്ടാനുള്ള സാഹചര്യമുണ്ടാക്കിക്കൊടുത്തിട്ടുണ്ട്. നെൽകൃഷിയുടെ കാര്യത്തിൽ മാത്രമല്ല മററു നാണ്യവിളകളുടെ കാര്യമെടുത്താലും നമുക്കത് മനസ്സിലാകും. ഒരു കാലത്ത് ഒരുകിലോ കുരുമുളകിന് 28 രൂപ കിട്ടിയിരുന്നത് ഇന്ന് 50 രൂപയോളമായി. കാപ്പിക്ക് കിലോക്ക് 11 രൂപയുണ്ടായിരുന്നത് ഇന്ന് 100 രൂപ 130 രൂപവരെയായി. അതുപോലെ ഇഞ്ചിക്ക് കിലോക്ക് ഒന്നര രൂപയായിരുന്നത് 16-20 രൂപ വരെയായി. ഇതെല്ലാം വെറുതെ വർദ്ധിക്കുകയല്ല. നാളികേരത്തിന്റെ വില കുറയാനുള്ള കാരണമെന്താണ്? മററുള്ള നാണ്യവിളകൾക്ക് വില വർദ്ധിച്ചപ്പോൾ നാളികേരത്തിന്റെ വില കുറഞ്ഞു. നാളികേരത്തിന്റെ ഉൽപ്പാദനം കൂടിയെന്നു മാത്രമല്ല ഒരുകാലത്ത് കേരളത്തിന്റെ കുത്തകയായിരുന്ന നാളികേരം ഇപ്പോൾ കർണ്ണാടകയിലും, തമിഴ്നാട്ടിലും, പശ്ചിമബംഗാളിലും ഉൽപ്പാദിപ്പിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഒരു ഹെക്ടറിൽ ഉൽപ്പാദിപ്പിച്ചിരുന്ന നാളികേരത്തെക്കാൾ കൂടുതൽ മററ് സംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇതാണ് വില കുറയാനുള്ള കാരണം. ഉൽപ്പാദനം വർദ്ധിക്കുമ്പോൾ സ്വാഭാവികമായും വില കുറയും. അത് ശരിയാണ്. അപ്പോൾ നിലവിലുള്ള ഗവൺമെൻറ് ചെയ്യുന്നത് അതിന് താങ്ങുവില പ്രഖ്യാപിക്കുക എന്നുള്ളതാണ്. ഇഞ്ചിക്കു വില കുറഞ്ഞപ്പോൾ ഗവൺമെൻറ് നാഫെഡിനെക്കൊണ്ട് ഇഞ്ചി എടുപ്പിച്ച് വില കൂട്ടി. നേരത്തെ ചാക്കിന് (60 കിലോ) 100-130 രൂപയുണ്ടായിരുന്നത് 1000 രൂപവരെ ആയി. എന്തുകൊണ്ട്? നാഫെഡിനെക്കൊണ്ട് കേരളം ഇഞ്ചി എടുപ്പിച്ചതുകൊണ്ടാണ്.

സർ, നാളികേരത്തിനും റബറിനും വില കുറഞ്ഞപ്പോഴെല്ലാം സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി താങ്ങുവില പ്രഖ്യാപിച്ച് വില ഉയർത്തിക്കൊണ്ടുവരുവാൻ സാധിച്ചിട്ടുണ്ട്. നിങ്ങൾക്കറിയാമല്ലോ, കുരുമുളകിന്റെ വില 28 രൂപ ആയിരുന്നത് 50 രൂപയായി വർദ്ധിച്ചു. അതിനാവശ്യമായിട്ടുള്ള സാമ്പത്തികസഹായം കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ നൽകി.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ കാർഷികമേഖലയിൽ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ ആശാവഹമായ ഒരു സ്ഥിതിയാണുണ്ടായത്. കൃഷിക്കാരൻ അദ്ധ്വാനിച്ചാൽ, അവർ അദ്ധ്വാനിച്ചുണ്ടാക്കുന്ന വിളകൾക്ക് മാന്യമായ വില കിട്ടുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇവിടെ ഒരു കാര്യം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ മുടക്കിയത് എത്ര തുകയാണ്? 1990-91-ൽ വെറും 30 കോടി രൂപയാണ്. എന്നാൽ 1991-92-ൽ 62 കോടി രൂപയായും 1992-93-ൽ 90 കോടി രൂപയായും 1993-94-ൽ 106 കോടി രൂപയായും വർദ്ധിച്ചു. ഇതിൽ നിന്ന് എന്താണ് മനസ്സിലാക്കാൻ സാധിക്കുന്നത്? കാർഷിക രംഗത്ത് വളരെയധികം താൽപര്യം നൽകുന്നു എന്നുള്ളതാണ്. അതേസമയം ഇടതുപക്ഷം ഭരിച്ച സമയത്ത് വേണ്ടത്ര താൽപര്യം ഈ കാര്യത്തിൽ ഉണ്ടായിട്ടില്ല. ആവശ്യമായ പണം വകയിരുത്തിയില്ല. അതുകൊണ്ടാണ് 1990-91-ൽ 30 കോടി രൂപയുണ്ടായിരുന്നത് 1993-94-ൽ 106 കോടി രൂപ ആയിട്ടും അതുപോലെതന്നെ 1994-95-ൽ 115 കോടി രൂപയായും മാറിയത്. ഇതാണ് ഇതിലുള്ള വ്യത്യാസം. കൃഷിയുടെ കാര്യത്തിൽ ഗവൺമെൻറിന് ഒരു ഉത്തരവാദിത്വവുമില്ലെന്നുള്ള നിലയിൽ നിൽക്കുകയല്ല ഈ ഗവൺമെൻറ് ചെയ്യുന്നത്. ഈ ഗവൺമെൻറിൻെറ ഉത്തരവാദിത്വം ഈ ഗവൺമെൻറ് നിറവേററുന്നുണ്ട്. അതിൻെറ ഭാഗമായിട്ടാണ് കാർഷിക രംഗത്ത് സംസ്ഥാന ഗവൺമെൻറും അതുപോലെതന്നെ കേന്ദ്ര ഗവൺമെൻറും ആവശ്യമായ പണം നൽകുന്നത്. ഒരു കാര്യം ഞാൻ പറയാം, മുൻ കൃഷിമന്ത്രി ശ്രീ. വി. വി. രാഘവൻ എപ്പോഴും കേന്ദ്രത്തെ കുററം പറയും. പക്ഷേ അന്ന് കേന്ദ്രത്തിൻെറ വിഹിതം കിട്ടിയില്ല. ഇന്നത്തെ മുഖ്യമന്ത്രിക്ക് പ്രത്യേക സ്വാധീനമുണ്ട്. കൃഷി വകുപ്പുമന്ത്രിയും ആ കാര്യത്തിൽ താൽപര്യമെടുക്കുന്നുണ്ട്. അതിൻെറ ഫലമായി വളരെയധികം സഹായം കേന്ദ്രത്തിൽ നിന്ന് കിട്ടിയിട്ടുണ്ട്. 1990-91-ൽ കേന്ദ്രത്തിൻെറ വിഹിതം 5·76 കോടി രൂപ ആയിരുന്നുവെങ്കിൽ 1991-92-ൽ നാല് ഇരട്ടിയായി വർദ്ധിച്ചു. ഇന്നിപ്പോൾ കേന്ദ്രത്തിൽ നിന്നുള്ള സഹായം 50 കോടി ആയി വർദ്ധിച്ചു. അതേസമയം 1990-91-ൽ 5·76 കോടി ആയിരുന്നു. പത്തിരട്ടി വർദ്ധിച്ചു. സംസ്ഥാന ഗവൺമെൻറായാലും കേന്ദ്ര ഗവൺമെൻറായാലും കാർഷിക രംഗത്ത് കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി ആത്മാർത്ഥമായ ശ്രമം നടത്തിയിട്ടുണ്ട് എന്നുള്ളതിൻെറ തെളിവാണ് ഞാനിവിടെ സൂചിപ്പിച്ചത്. തെങ്ങു കൃഷിയെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. തെങ്ങിൻെറ കാര്യമായാലും റബറിൻെറ കാര്യമായാലും കുരുമുളകിൻെറ കാര്യമായാലും ഇഞ്ചിയുടെ കാര്യമായാലും എല്ലാ രംഗങ്ങളിലും താങ്ങുവില നൽകിക്കൊണ്ട് വില ശരിയായി പിടിച്ചുനിർത്തുവാൻ ആത്മാർത്ഥമായ ശ്രമം സംസ്ഥാന ഗവൺമെൻറ് എടുത്തിട്ടുണ്ട് എന്ന് പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ സമ്പൽസമൃദ്ധമായ ഒരു കാർഷിക കേരളം കെട്ടിപ്പടുക്കുന്നതിനു വേണ്ടിയാണ് ഗവൺമെൻറ് ശ്രമിക്കുന്നത്. മഹാകവി കുററിപ്പുറത്ത് കേശവൻ നായരുടെ കവിതയിൽനിന്ന് ഏതാനും വരികൾ ഞാൻ ഇവിടെ ചൊല്ലാം.

'മാവും പിലാവും പുളിയും കരിമ്പും
തെങ്ങും ഫലംതങ്ങുമിളം കവുങ്ങും
നിറഞ്ഞഹോ! സസ്യഫലാഢ്യമായി
വീടൊന്നിതാ മുന്നിൽ വിളങ്ങിടുന്നു.'

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ സമ്പൽസമൃദ്ധമായ ഒരു കാർഷിക കേരളമാണ് ഈ ഗവൺമെൻറ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മഹാകവി കേശവൻ നായർ 'ഗ്രാമീണ കന്യക'-യിൽ എഴുതിയ ഒരു കവിതയാണ് ഞാനിവിടെ വായിച്ചത്. സമ്പൽസമൃദ്ധമായ ഒരു കാർഷിക കേരളം ഭാവനയിൽ കണ്ടെങ്കിൽ അത് ശ്രീ. ജോർജ് മാസ്ററർ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കരുണാകരൻ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ കാർഷിക രംഗത്ത് അഭിവൃദ്ധിയുണ്ടാക്കുന്നതിനുവേണ്ടി ഈ ഗവൺമെൻറും പ്രത്യേകിച്ച് കൃഷി വകുപ്പുമന്ത്രിയും ആ വകുപ്പിലെ ഉദ്യോഗസ്ഥന്മാരും ആത്മാർത്ഥമായ ശ്രമം നടത്തിയിട്ടുണ്ട്. അതിൻെറ ഫലങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. പത്മകുമാർ: ബഹുമാനപ്പെട്ട രാഘവൻ മാസ്ററർ മന്ത്രി ആകാൻ പോകുന്ന ആളാണല്ലോ. സഭയിൽ തന്ന ഉറപ്പായതുകൊണ്ടാണ് വഴങ്ങണമെന്ന് ഞാനാവശ്യപ്പെട്ടത്. നാളികേരത്തിൻെറ ഉൽപ്പാദനത്തെ സംബന്ധിച്ച് ഗൗരവത്തോടുകൂടിയും ഉത്തരവാദിത്വത്തോടുകൂടിയുമാണ് ഇവിടെ പറഞ്ഞത്. കഴിഞ്ഞ രണ്ടു വർഷം നാളികേരത്തിൻെറ ഉൽപ്പാദനം എത്ര ആയിരുന്നു, ഈ വർഷം അങ്ങ് സംസാരിക്കുന്ന സമയത്ത് നാളികേരത്തിൻെറ ഉൽപ്പാദനം എത്രയാണ്? വർദ്ധിച്ചു എന്നാണല്ലോ അങ്ങ് പറഞ്ഞത്. ആ കണക്ക് വ്യക്തമാക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. രാഘവൻ മാസ്ററർ: അതിനൊക്കെ മറുപടി പറയാനാണ് ഇവിടെ മന്ത്രി ഉള്ളത്. എന്നാലും ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇപ്പോൾ നാളികേര ഉൽപ്പാദനം വളരെയധികം വർദ്ധിച്ചിട്ടുണ്ടെന്നുള്ളത് സത്യമാണ്. 6,000 നാളികേരം ഒരു വർഷം ഹെക്ടറിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. അതാണ് ഇന്നത്തെ കണക്ക്. കാർഷിക രംഗത്ത് വളരെയധികം നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ട് എനിക്ക് സൂചിപ്പിക്കുവാനുള്ളത് കാർഷിക രംഗത്ത് ഈ ഗവൺമെൻറ് അദ്ഭുതാവഹമായ നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ട് എന്നാണ്. ആ ജൈത്രയാത്ര തുടർന്നുകൊണ്ടിരിക്കുകയാണ്. അഞ്ചു കൊല്ലം പൂർത്തിയാക്കുമ്പോൾ ഞാൻ നേരത്തെ ചൊല്ലിയതു പോലെയുള്ള ശ്രീ. കേശവൻ നായരുടെ കവിത പോലെ സമ്പൽസമൃദ്ധമായ ഒരു കാർഷിക കേരളം കെട്ടിപ്പടുക്കുവാൻ സാധിക്കുമെന്നുള്ളതിൽ ഒരു സംശയവുമില്ല.

ഇനി എനിക്ക് സൂചിപ്പിക്കുവാനുള്ളത് മൃഗ സംരക്ഷണത്തെക്കുറിച്ചാണ്. മൃഗ സംരക്ഷണ രംഗത്ത് വളരെയധികം കാര്യങ്ങൾ ഈ ഗവൺമെൻറ് ചെയ്യുന്നുണ്ട്. നല്ലയിനം കന്നുകാലികളെ വളർത്തുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തിട്ടുണ്ട്. വിവിധ സ്കീമുകളിലായി നമുക്ക് വളരെയധികം നല്ല പശുക്കളെ വാങ്ങിക്കാൻ സാധിച്ചിട്ടുണ്ട്. പക്ഷേ ഇന്ന് നമ്മുടെ സംസ്ഥാനത്ത് വെററിനറി ഡോക്ടർമാർ പരിമിതമാണ്. ഇക്കൊല്ലത്തെ ബഡ്ജററിൽ മലബാറിന് വളരെയധികം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ഒരു എൻജിനീയറിംഗ് കോളേജും ഒരു ലാ കോളേജും ഒരു ആർട്സ് കോളേജും അതുപോലെ കണ്ണൂർ ജില്ലയിൽ ഒരു മെഡിക്കൽ കോളേജും ഒരു യൂണിവേഴ്സിററി കോളേജും സ്ഥാപിക്കാനുള്ള തീരുമാനമൊക്കെയുണ്ട്. എന്നാൽ വയനാട്ടിൽ ഒരു കോളേജും കിട്ടിയിട്ടില്ല. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത് തീർച്ചയായും ഈ ഗവൺമെൻറ് വയനാട് ജില്ലയിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

വെററിനറി കോളേജ് സ്ഥാപിക്കണമെന്നാണ്. വെററിനറി ഡോക്ടർമാരുടെ എണ്ണം നമ്മുടെ സംസ്ഥാനത്ത് വളരെ കുറവാണ്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ഒരു വെററിനറി കോളേജുണ്ടാകണം.

ആരോഗ്യ രംഗത്തെക്കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾ പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ആരോഗ്യരംഗത്ത് വളരെയധികം പ്രവർത്തനം കാഴ്ചവയ്ക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ ഏററവും വലിയ പ്രശ്നം അവികസിത മേഖലകളിൽ—വയനാട്, ഇടുക്കി പോലുള്ള പ്രദേശങ്ങളിൽ, ഡോക്ടർമാരില്ല. ഈ ഗവൺമെൻറ് ആദിവാസികളുടെ ആരോഗ്യ രംഗത്ത് വളരെയധികം താൽപ്പര്യം പ്രകടിപ്പിച്ചതിൻെറ ഫലമായി അടുത്ത കാലത്തൊരു തീരുമാനമെടുത്തു. ആശുപത്രികളിൽ ഡോക്ടർമാരില്ലെങ്കിൽ ഡോക്ടർമാരെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നേരിട്ടെടുത്ത് ഇത്തരം ആശുപത്രികളിൽ പോസ്ററ് ചെയ്യുക എന്നുള്ളതാണ്. ഞാൻ ആ കാര്യത്തിൽ ഈ ഗവൺമെൻറിനെ അഭിനന്ദിക്കുകയാണ്. ആദിവാസികളുടെ ഇടയിലുള്ള ക്ഷയം അതുപോലെതന്നെ സിക്കിൾസെൽ അനീമിയ തുടങ്ങിയ രോഗങ്ങളെക്കുറിച്ച് സർവേ നടത്താൻ ഗവൺമെൻറ് തീരുമാനിച്ചിരിക്കുകയാണ്. പക്ഷേ ആ സർവ്വേ പൂർത്തിയാക്കുന്നതിന് ആവശ്യമായിട്ടുള്ള സ്റാഫില്ല. അതുകൊണ്ട് അതിനാവശ്യമായ സ്ററാഫിനെ കൊടുക്കണം. വയനാട് ജില്ലയിലുള്ളവർ മെച്ചപ്പെട്ട ചികിൽസാ സൗകര്യം കിട്ടുന്നതിനുവേണ്ടി കോഴിക്കോട്ടു പോകണം, വയനാട്ടിൽ മാനന്തവാടിയിലുള്ള ആശുപത്രിയിൽ പരിമിതമായ സൗകര്യങ്ങൾ മാത്രമേയുള്ളൂ. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത് മാനന്തവാടിയിലുള്ള ജില്ലാ ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. അതുപോലെതന്നെ ആദിവാസികൾക്കുവേണ്ടി പ്രത്യേകമായി ഒരു കോടി രൂപയുടെ ഒരു ഹെൽത്ത് പദ്ധതി എടവക പഞ്ചായത്തിൽ നല്ലൂർനാട് ആരംഭിച്ചിട്ടുണ്ട്. ആ പദ്ധതിയുടെ കെട്ടിടത്തിൻേറയും മററും പണി തീർന്നിട്ടില്ല. എത്രയും വേഗം ആ കെട്ടിടങ്ങൾ തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അങ്ങനെ ആരോഗ്യരംഗത്ത് കാര്യമായ പല കാര്യങ്ങളും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഈ ഗവൺമെൻറ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽ കൂടി പിൻതാങ്ങുന്നു.

ശ്രീ. എം. കെ. മുനീർ: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. എന്നും പരിദേവനങ്ങളുടെ കഥ മാത്രം പറയാനുള്ള ആരോഗ്യവകുപ്പിൻെറ ശോചനീയാവസ്ഥയ്ക്ക് ഇനിയെങ്കിലും വിരാമം കുറിക്കാൻ സാധിക്കുമെന്ന ശുഭാപ്തി വിശ്വാസത്തിലാണ് ഞാൻ സഭയിൽ നിൽക്കുന്നത്. കേരള സംസ്ഥാനത്തിൻെറ റവന്യൂ വരുമാനത്തിൻെറ ഗണ്യമായ ഭാഗം ഈ മേഖലയിലാണ് ചെലവഴിക്കുന്നതെങ്കിൽക്കൂടിയും ഇപ്പോഴും കണ്ണുനീരിൻെറയും അനാഥത്വത്തിൻെറയും കഥ മാത്രമാണ് ആരോഗ്യ വകുപ്പിന് പറയാനുള്ളതെന്നുള്ളത് ഒരു വസ്തുത തന്നെയാണ്. ഇത് ആരുടെയും പ്രത്യേക കാലഘട്ടത്തിൽ വന്നതാണെന്ന വിശ്വാസം ആർക്കുമില്ല. ആരും കരുതിക്കൂട്ടി ഉണ്ടാക്കിയതാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നവീനമായിട്ടുള്ള ഉപകരണങ്ങളുടെ അനിവാര്യതയും അനിയന്ത്രിതമായിട്ടുള്ള ഔഷധങ്ങളുടെ വിലക്കയറ്റവും ഇതിന് വലിയൊരു പങ്ക് നൽകിയിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. അതുകൊണ്ട് തന്നെ കാക്കത്തൊള്ളായിരം നവീന സംവിധാനങ്ങൾ ജനാധിപത്യ കേരളത്തിൽ

2 p.m.]

LIBRARY ARCHIVES Kerala Legislative Assembly

നമ്മൾ ഉണ്ടാക്കിയിട്ടുണ്ട്. ശപിക്കപ്പെട്ട ഒരു ജൻമം പോലെ ആരോഗ്യ വകുപ്പ് ഇന്ന് കേഴുകയാണ്. ''പന്ത്രണ്ട് രാശിയും നീക്കിയമ്മേ, നിന്റെ മക്കളിൽ ഞാനാണനാഥൻ''എന്നൊരു കവി പാടിയതുപോലെ അമ്മയിരിക്കെത്തന്നെ ഈ വകുപ്പ് അനാഥമായി നിൽക്കുന്ന സാഹചര്യത്തെ മാററാൻ, ഇന്ന് ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സാദ്ധ്യമാകട്ടെ എന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. നമുക്ക് ഇതിന് പല പോംവഴികളും നിർദ്ദേശിക്കാൻ സാധിക്കും. പൊതുജനാരോഗ്യ രംഗത്ത് മാതൃകാ സ്ഥാപനമായി നമ്മൾ എടുത്തുകാണിക്കുന്നത് ശ്രീ. ചിത്രാ മെഡിക്കൽ ഇൻസ്ററിററ്യൂട്ടാണ്. അതിന് സമാന്തരമായി ഇത്തരം മെഡിക്കൽ കോളേജുകളെ മാററിയെടുക്കുന്നതിനുവേണ്ടി ഒത്തു ശ്രമിക്കുകയാണെങ്കിൽ സാദ്ധ്യമാകുമെന്നുള്ളതുതന്നെയാണ് എന്റെ വിശ്വാസം. ഇന്നുള്ള പാഴ്ച്ചെലവുകൾ അവസാനിപ്പിക്കേണ്ടതുണ്ട്, കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. തിരുവനന്തപുരം മെഡിക്കൽകോളേജിൽ മെഡിക്കൽ കോളേജ് ആശുപത്രി ആരംഭിച്ച കാലത്ത് വാങ്ങിയിട്ടുള്ള മരുന്നുകൾ ഇന്നും സ്റേറാക്കുണ്ടെന്ന് ഏതോ പത്രത്തിൽ വായിക്കുവാനിടയായി. ഇതിനെക്കുറിച്ച് അക്കൗണ്ടൻറ് ജനറൽ പലതവണ പറഞ്ഞിട്ടും ഇപ്പോഴും പഴകിയ മരുന്ന് മെഡിക്കൽകോളേജിൽ ഉണ്ടെന്ന് അറിയാൻ സാധിച്ചു. സത്വരമായ നടപടി ഇതിനുണ്ടാകണം, ഒരു അന്വേഷണം അനിവാര്യമാണ്, ഇതാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്. അവിടെയെത്തുന്ന രോഗികൾക്ക് നൽകുന്ന മരുന്നിന്റെ വാലിഡിററി ഡേററ് കഴിഞ്ഞതാണോയെന്ന് പരിശോധിച്ച് ഇത്തരം ഉത്തരവാദിത്വ ബോധം നഷ്ടപ്പെട്ട ആളുകൾക്ക് നേരെ കർക്കശ നടപടിയെടുക്കാൻ സർക്കാർ തയ്യാറാകണം. നമുക്ക് കുറെ പാഴ്ചെലവുകൾ ഒഴിവാക്കാൻ സാധിക്കും. മെഡിക്കൽ കോളേജിന് അനുബന്ധമായിട്ടുള്ള ഫാർമസി കോളേജുകൾ, തിരുവനന്തപുരത്തുള്ള പ്രിയദർശിനി ഇൻസ്ററിററ്യൂട്ട് ഓഫ് പാരാ മെഡിക്കൽ സയൻസ് തുടങ്ങിയ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തി മെഡിക്കൽകോളേജിനോട് അനുബന്ധമായി ഔഷധ നിർമ്മാണം തുടങ്ങിയാൽ ചുരുങ്ങിയ വിലയ്ക്ക് രോഗികൾക്ക് നൽകാൻ സാധിക്കും. തിരുവനന്തപുരത്ത് ഐ. വി. ഫ്ളൂയിഡ് ഉണ്ടാക്കുന്നതിനു വേണ്ടി സജ്ജീകരിച്ചിട്ടുള്ള പുതിയ സ്ഥാപനം തുടങ്ങിയിട്ടില്ലെങ്കിൽ എത്രയും പെട്ടെന്ന് പ്രവർത്തനം ആരംഭിക്കുന്നതിന് സർക്കാർ തയ്യാറാകണം. ഇന്ന് മെഡിക്കൽ കോളേജിനെ സ്വയംപര്യാപ്തമാക്കുന്നതിനുവേണ്ടി നമ്മൾ ചില പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇന്ന് മെഡിക്കൽകോളേജിൽ ചികിൽസയ്ക്ക് ഫീസ് ഈടാക്കുന്ന സമ്പ്രദായം പൂർണ്ണമായും പിൻവലിക്കാൻ സർക്കാർ മുന്നോട്ടുവരണമെന്നുള്ള ഒരു അഭ്യർത്ഥനയാണ് ഞാൻ മുന്നോട്ടു വയ്ക്കുന്നത്. (ബഹളം) (ബഹളം) അതിന് പ്രതിപക്ഷം കയ്യടിക്കേണ്ട ആവശ്യമില്ല. അശാസ്ത്രീയത ചൂണ്ടിക്കാണിക്കാൻ പറഞ്ഞതാണ്. പശ്ചിമ ബംഗാളിൽ ജ്യോതി ബാസുവിന്റെ ഒരു പത്ര പ്രസ്താവനയുണ്ടായിരുന്നു. അത് ജ്യോതി ബാസുവിന്റെ മെഡിക്കൽ നയമെന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. സർക്കാർ ആശുപത്രികളിൽ ചികിൽസിക്കുന്ന സമ്പന്നരായ രോഗികളിൽ നിന്ന് ചെലവിനുള്ള പണം ഈടാക്കണമെന്ന് പശ്ചിമബംഗാൾ മുഖ്യമന്ത്രി ജ്യോതി ബാസു നിർദ്ദേശിച്ചിരിക്കുന്നു. പാവപ്പെട്ടവർക്ക് സൗജന്യ ചികിൽസാ സമ്പ്രദായം തുടരുമെന്നും എൻ. ആർ. എച്ച്. മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഡയാലിസിസ് യൂണിററ് ഉദ്ഘാടനം ചെയ്യുന്ന സമയത്ത് അദ്ദേഹം പറഞ്ഞതാണ്. നമ്മൾ സ്വയംപര്യാപ്ത

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷപീഠത്തിൽ മി. സ്പീക്കർ)

മാകുന്നതിനുവേണ്ടി മറ്റൊരു നിർദ്ദേശവും മുന്നോട്ടു വയ്ക്കുകയാണ്. സാധാരണ മെഡിക്കൽ കോളേജിൽ ഒ. പി. 5 മണിക്ക് ശേഷം ഉണ്ടാകാറില്ല. അത്തരം സമയങ്ങളിൽ 5 മണിമുതൽ 7 മണിവരെ ഹോസ്പിറ്റൽ ഡെവലപ്പ്മെൻറ് കമ്മിറ്റിക്കാർക്ക് പ്രൈവറ്റ് ക്ലിനിക്കുകൾ നടത്താനുള്ള സൗകര്യം ചെയ്തു കൊടുക്കണം. ഈ 5 മണിമുതൽ ഇ. സി. ജി, എക്സ്റേ പ്ലാൻറ്, അൾട്രാ സൗണ്ട് തുടങ്ങിയവയും ഉപയോഗശൂന്യമായി നിൽക്കുന്നവയാണ്, ആ സമയത്ത് ഹോസ്പിറ്റൽ ഡെവലപ്പ്മെൻറ് കമ്മിറ്റിക്ക് പ്രൈവറ്റ് ക്ലിനിക്കുകൾ നടത്തുന്നതോട് അനുബന്ധിച്ച് ഈ ഉപകരണങ്ങൾ ഉപയോഗിക്കുവാനുള്ള സമ്മതം കൂടി കൊടുക്കണം. അങ്ങനെ വരുമ്പോൾ പ്രൈവറ്റായി ജോലി ചെയ്യുന്ന ഇതേ മെഡിക്കൽ കോളേജിലെ ഡോക്ടർമാരെ ഇതേ മെഡിക്കൽ കോളേജിൽ വലിയ പ്രശ്നങ്ങളില്ലാതെ ഉപയോഗിക്കാൻ സാധിക്കുകയും, അവർക്ക് ഒരു വിഹിതം കൊടുക്കുകയും ബാക്കി വരുന്ന സംഖ്യ എച്ച്. ഡി. സി. കമ്മിറ്റി ഈടാക്കുകയും വഴി മെഡിക്കൽകോളേജുകളെ സ്വയംപര്യാപ്തമാക്കാൻ സാധിക്കുകയും ചെയ്യുമെന്ന ചെറിയൊരു വിശ്വാസം ഞാൻ ഈ സഭയിൽ അവതരിപ്പിക്കുകയാണ്. ഇത് ഒരു പരീക്ഷണാർത്ഥം ആറേഴ് മാസം പരിശോധിച്ചു നോക്കിയാൽ അതിൽ വിജയം കാണുകയാണെങ്കിൽ തീർച്ചയായും ആരേയും വേദനിപ്പിക്കാതെ സാധാരണക്കാരന് സാധാരണക്കാരൻെറ എല്ലാ ആനുകൂല്യങ്ങളും വകവച്ചുകൊണ്ടുതന്നെ നമുക്ക് ഇതിന് പരിഹാരം കാണാം. എന്നാൽ മെഡിക്കൽ കോളേജിൽ ഒ. പി. അല്ലാത്ത സമയത്ത് പ്രൈവറ്റായി പ്രാക്ടീസ് ചെയ്യുന്ന ഡോക്ടറൻമാരെ മെഡിക്കൽ കോളേജിൻെറ ആവശ്യത്തിന് ഉപയോഗപ്പെടുത്താനും അവരുടെ സേവനത്തിന് കിട്ടുന്ന സംഖ്യ മെഡിക്കൽ കോളേജിൻെറ വികസനത്തിനുവേണ്ടി ഉപയോഗിക്കാനും സാധിക്കുന്നതാണ്. ഏതായാലും ഈ ക്ലിനിക്കുകൾ ഉപയോഗിക്കുന്നത് സമ്പന്നരായിട്ടുള്ള ആളുകളായിരിക്കും. അവർക്ക് അവിടത്തെ ഉപകരണങ്ങൾ ഉപയോഗിക്കുവാനുള്ള സാവിധാനം കൂടി ലഭിച്ചു കഴിഞ്ഞാൽ അതിൽ നിന്നും കിട്ടുന്ന വരുമാനം കൂടി ഉപയോഗിച്ചുകൊണ്ട് മെഡിക്കൽ കോളേജുകളെ സ്വയംപര്യാപ്തമാക്കാൻ സാധിക്കും. ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കുമെന്ന് വിശ്വസിക്കുകയാണ്. എച്ച്. ഡി. സി. എന്നു പറയുന്നത് എല്ലാ രാഷ്ട്രീയ കക്ഷികളും ഉൾക്കൊള്ളുന്ന കമ്മിറ്റിയാണ്. എല്ലാ അംഗങ്ങളും ഡയറക്ടർ ബോർഡ് അംഗങ്ങളായും ജില്ലാ കളക്ടർ ചെയർമാൻ ആയുമുള്ള സമിതികൾക്ക് പ്രൈവറ്റ് ക്ലിനിക്കുകൾ നടത്താനുള്ള സാവിധാനം ഉണ്ടാക്കിയാൽ അത് ഗുണകരമാകുമെന്ന വിശ്വാസം ഉണ്ട്. മെഡിക്കൽ കോളേജിലെ ഡോക്ടർമാർക്കുവേണ്ടി സാധാരണ ആരും സംസാരിക്കാറില്ല. ഡോക്ടർമാരുടെ കാര്യം വളരെ ശോചനീയമായ അവസ്ഥയിൽ തന്നെയാണ്. യു. ജി. സി. സ്കെയിൽ വന്ന സ്ഥിതിക്ക് കോളേജിലെ അദ്ധ്യാപകർക്ക് നല്ല ശമ്പളം ലഭിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അതിലും കൂടുതൽ സാങ്കേതികമായി പഠിച്ചിട്ടുള്ള മെഡിക്കൽ കോളേജിലെ പ്രൊഫസർമാർക്കും ലക്ചറർമാർക്കും ട്യൂട്ടർമാർക്കുമൊക്കെ തന്നെ മറ്റ് കോളേജുകളിലെ ലക്ചറർമാർക്ക് ലഭിക്കുന്ന ശമ്പളവുമായി താരതമ്യം ചെയ്യുമ്പോൾ അതിനനുസൃതമായിട്ടുള്ള ശമ്പളം ലഭിക്കുന്നില്ലെന്ന വേദനാജനകമായ ഒരു വസ്തുത ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഡോക്ടർമാരുടെസേവനം ഉപയോഗപ്പെടുത്തുന്ന കൂട്ടത്തിൽ അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

സങ്കീർണ്ണമായ പ്രശ്നങ്ങൾ കൂടി പരിഹരിക്കുന്നതിന് സർക്കാർ ശ്രദ്ധിക്കണം. സ്വകാര്യ ആശുപത്രികൾ ധാരാളം വരുന്നതുകൊണ്ട് ഇവിടത്തെ സാധാരണക്കാരെ ചൂഷണം ചെയ്യുന്നുവെന്നൊക്കെ പറഞ്ഞു കേട്ടു. അത് രജിസ്ററർ ചെയ്യുന്ന കാര്യത്തെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചു. അത്തരം രജിസ്ട്രേഷനുകൾ നടത്താൻ സാങ്കേതികമായി പരിജ്ഞാനമുള്ള ബോർഡ് രൂപീകരിക്കുന്നതിനുവേണ്ടി സർക്കാർ മുന്നോട്ടുവരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വിദഗ്ദ്ധൻമാരായിട്ടുള്ള ഡോക്ടർമാരുടെ പ്രതിനിധികൾ അടക്കം, സർക്കാരിന്റെ പ്രതിനിധികൾ അടക്കം ഉൾക്കൊള്ളുന്ന ആ ബോർഡ് രജിസ്ട്രേഷൻ സംബന്ധിച്ചും മറെറല്ലാ കാര്യങ്ങൾ സംബന്ധിച്ചും പ്രത്യേകം ശ്രദ്ധിക്കണം.

സർ, ഇപ്പോൾ ഗാട്ട് കരാറിനെക്കുറിച്ച് ഇവിടെ ചില ആളുകൾ സംസാരിച്ചു. നമ്മൾ പേററൻറ് നൽകാൻ തുടങ്ങിക്കഴിഞ്ഞാൽ മരുന്നുകൾക്ക് വില വർദ്ധിക്കുന്നതിന് സാദ്ധ്യതയുണ്ട്. എന്നാൽ നാം നമ്മുടെ ഇടയിലെ ഗവേഷകൻമാരെക്കുറിച്ചും ശാസ്ത്രജ്ഞൻമാരെ കുറിച്ചും വിസ്മരിച്ചു പോവുകയാണ്. നാം ഇൻഫീരിയോറിററി കോംപ്ലക്സോടുകൂടി സംസാരിക്കുകയാണ്. നമുക്കിടയിൽ വിദഗ്ദ്ധ ഡോക്ടർമാരുണ്ട്. അവർക്ക് ഗവേഷണത്തിനു വേണ്ടിയുള്ള എല്ലാ സൗകര്യവും ചെയ്തു കൊടുക്കാൻ സർക്കാർ തയ്യാറാകണം. അങ്ങനെ നമ്മൾ കണ്ടെത്തുന്ന മരുന്നുകൾക്ക് മററു രാജ്യങ്ങൾ പേററൻറ് നൽകുന്ന ഒരു സാഹചര്യത്തിലേക്ക് ഇൻഡ്യാ രാജ്യത്തെ ഉയർത്തുന്നതിനു വേണ്ടിയുള്ള ചർച്ചകളാണ് ഇവിടെ ആവശ്യമായിട്ടുള്ളത്. പുതിയ ഗാട്ട് കരാറിൽ ഒപ്പുവച്ച സാഹചര്യത്തിൽ, ഗവേഷണ മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകാൻ നമ്മുടെ സർക്കാരുകൾക്ക് സാദ്ധ്യമാകണമെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്. അങ്ങനെ വരുമ്പോൾ പുതിയ മരുന്നുകൾ നമുക്ക് കണ്ടെത്താൻ സാധിക്കും. ഇന്ന് ഇവിടെ പറഞ്ഞതൊക്കെ വസ്തുതകൾ തന്നെയാണ്. പേററൻറ് കൊടുക്കാത്തതിന്റെ പേരിൽ നമുക്ക് റാനിററിഡിൻ തുടങ്ങിയ മരുന്നുകൾ 26 രൂപയ്ക്ക് 5 എണ്ണം കിട്ടുന്നു. എന്നാൽ പാകിസ്ഥാൻ പേററൻറ് നൽകിക്കൊണ്ട് ഇതേ 5 ഗുളികകൾ 260 രൂപയ്ക്കാണ് വാങ്ങിക്കൊണ്ടിരിക്കുന്നത്. അതു പോലെ വിൻക്രിസ്ററിൻ തുടങ്ങിയിട്ടുള്ള ധാരാളം മരുന്നുകൾ ഉണ്ട്. അതുപോലെ നമുക്ക് കണ്ടെത്താൻ സാധിക്കുന്ന മരുന്നുകളെക്കുറിച്ച് ഇതര രാജ്യങ്ങളുമായും ചർച്ച ചെയ്യുകയും അവർ നമുക്ക് പേററൻറ് നൽകുന്ന ഒരു സാഹചര്യത്തിലേക്ക് ഇൻഡ്യയെ എത്തിക്കുകയും ചെയ്യുന്നതിനുവേണ്ടി ഗവേഷണമേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകാൻ ഞാൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്. മാത്രമല്ല, ഈ ഗവേഷണ മേഖലയ്ക്ക് ഊന്നൽ നൽകുമ്പോൾ, പുറത്തു കണ്ടുപിടിച്ച് ഇങ്ങോട്ടു കൊണ്ടുവരുന്ന മരുന്നുകളെക്കുറിച്ച് വിലയിരുത്താനും ഇത്തരം ഗവേഷണ സാദ്ധ്യത വർദ്ധിച്ചു കഴിഞ്ഞാൽ സാദ്ധ്യമാകും. ഇപ്പോൾ ഇൻഡ്യയിൽ വലിയ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ''ഡിപ്പോപ്രൊവൈറാ'' എന്നു പറയുന്നത് ഒരു ഗർഭ നിരോധന മരുന്നാണത്. അത് ഇൻജക്ഷൻ ആണ്. 2 ഇൻജക്ഷൻ കൊടുത്തു കഴിഞ്ഞാൽ പൂർണ്ണമായും പ്രൊട്ടക്ററഡ് ആകും എന്നു പറഞ്ഞുകൊണ്ട് 'മാക്സ്ഫാർമാ' എന്നു പറയുന്ന ഒരു കമ്പനി ആ ഉൽപ്പന്നം ഇൻഡ്യയിൽ ഇറക്കുമതി ചെയ്തിരിക്കുകയാണ്. ഇതിനെതിരെ ഇൻഡ്യാ രാജ്യത്തെ സ്ത്രീകൾ വമ്പിച്ച പ്രക്ഷോഭത്തിന് ഇറങ്ങി പുറപ്പെട്ടിരിക്കുകയാണ്. കാരണം ഈ മരുന്നിന് ധാരാളം സൈഡ് ഇഫക്ററ് ഉണ്ട്. ഒന്ന്, ക്യാൻസറിന്

LIBRARY ARCHIVES Kerala Legislative Assembly

ധാരാളം സാദ്ധ്യതയുണ്ട്. രണ്ടാമത്, ഈ മരുന്ന് ഉപയോഗിച്ചാൽ ചിലപ്പോൾ പിന്നീട് സന്തതികളേ ഇല്ലാതാകും എന്നു പറയുന്നുണ്ട്. അങ്ങിനെ ഗൗരവകരമായിട്ടുള്ള ചില വസ്തുതകളിലേക്കാണ് ഇതു സംബന്ധിച്ച് ചില ആളുകൾ വിരൽ ചൂണ്ടിയിട്ടുള്ളത്. അതുകൊണ്ട് ഈ 'ഡിപ്പോപ്രൊവൈറാ' എന്ന മരുന്ന് കേരളത്തിൽ എത്തുന്നതിനു മുമ്പ്, അത് നമ്മുടെ നാട്ടിൽ പരിശോധിക്കുന്നതിനു മുമ്പ് അതിനെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കി അത് ഗവേഷണ വിധേയമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രത്യേകിച്ച് കേരളത്തിലെ സ്ത്രീകൾ ക്യാൻസർ പ്രോൺ ആണെന്ന് പറഞ്ഞു കേൾക്കുന്നുണ്ട്. ക്യാൻസർ പിടിക്കാൻ കൂടുതൽ സാദ്ധ്യതയുള്ള ഒരു വിഭാഗമായി ഇൻഡ്യയിലെ സ്ത്രീകളെ കാണുന്ന ഈ സാഹചര്യത്തിൽ ഈ മരുന്നു പ്രയോഗിക്കുമ്പോൾ അതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കണമെന്ന് ഇത്തരുണത്തിൽ ഞാൻ പറയാൻ ആഗ്രഹിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: ക്രിസ്തുമതവും ഇസ്ലാംമതവും കൃത്രിമ കുടുംബാസൂത്രണ പ്രവർത്തനങ്ങളെ ശക്തിയായി എതിർക്കുകയാണ്. മുസ്ലീം ലീഗിന്റെ സമീപനം ഇക്കാര്യത്തിൽ എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. കെ. മുനീർ: ഞങ്ങൾ പാർട്ടി സെക്രട്ടേറിയറ്റ് കൂടിയതിനുശേഷം അറിയിക്കാം. സർ, കോഴിക്കോട് മെഡിക്കൽ കോളേജിനെക്കുറിച്ച് അൽപ്പ സ്വാർത്ഥതയോടെ സംസാരിക്കാൻ എന്നെ അനുവദിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥയെക്കുറിച്ച് ഇവിടെ ശ്രീ. ബാലൻ വൈദ്യരൊക്കെ പറഞ്ഞത് ശരിതന്നെയാണ്. അൽപ്പം പരിഗണന കോഴിക്കോട് മെഡിക്കൽ കോളേജിന് നൽകേണ്ടതുണ്ട്. കാരണം കോഴിക്കോട് മെഡിക്കൽ കോളേജ് എന്തെങ്കിലും ചോദിക്കുമ്പോൾ അതിനേക്കാൾ കുറച്ചു മാത്രമേ കിട്ടുന്നുള്ളു. പക്ഷെ കുറച്ചു ചോദിക്കുന്നവർക്ക് കൂടുതൽ കൊടുക്കുന്ന സാഹചര്യം ഇന്ന് നിലനിൽക്കുന്നുണ്ട്. ഇത് സബ്ജക്റ്റ് കമ്മിറ്റി ചർച്ചയിൽ വന്നതാണ്. ഇപ്പോൾ കോഴിക്കോട് 5,000 പ്രസവത്തിനുവേണ്ടി സജ്ജമാക്കിയിട്ടുള്ള പ്രസവമുറിയാണ് ഉള്ളത്. അവിടെ 20,000 സ്ത്രീകൾ ആണ് ഇപ്പോൾ പ്രസവത്തിന് ഉള്ളത്.

ശ്രീ. ലോനപ്പൻ നമ്പാടൻ: കോഴിക്കോട്ടുമാത്രം ഇത്രയേറെ പ്രസവം വർദ്ധിക്കാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. കെ. മുനീർ: അത് തീവ്ര വികസനത്തിന്റെ ഭാഗമായിട്ടാണ് ഐ.എം.ടി.എച്ച്. എന്നുപറയുന്ന ശിശുവിഭാഗത്തിൽ പരിശോധിക്കുന്നതിനു വേണ്ടത്ര സൗകര്യങ്ങൾ ഇല്ല. ആ സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്. ശിശുക്കളിൽ കണ്ടു വരുന്ന ക്യാൻസറിന് വിരാമമിടുന്നതിനുവേണ്ടി 'ഹിമറേറാ ഓങ്കോളജി' എന്നു പറയുന്ന ഡിപ്പാർട്ടുമെൻറിൽ ഇന്ന് അതിനു പററിയ ഭിഷഗ്വരൻമാരുണ്ട്, അതിനുവേണ്ടി പരിജ്ഞാനം നേടിയിട്ടുള്ള ഭിഷഗ്വരൻമാരുണ്ട്. അവരെ ഉപയോഗിച്ചുകൊണ്ട് 'ഹിമറേറാ ഓങ്കോളജി' എന്ന വിഭാഗം തുടങ്ങുന്നതിനുവേണ്ടി പ്രത്യേകം ശ്രദ്ധിക്കണം എന്ന് ഞാൻ ഈ ഘട്ടത്തിൽ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ സ്പെഷ്യാലിററി കോംപ്ലക്സ് എന്നു പറഞ്ഞുകൊണ്ട് ഒരു സ്ഥാപനം അവിടെ വരുന്നുണ്ട്, ആ സ്ഥാപനം അഞ്ചോ

LIBRARY ARCHIVES Kerala Legislative Assembly

ആറോ ഏഴോ കോടി രൂപ ചെലവഴിച്ച് വന്നുകഴിഞ്ഞാൽതന്നെ അത് ഒരു അസ്ഥിപഞ്ജരം ആയി നിൽക്കുന്ന ഒരു സാഹചര്യം മാത്രമേ ഉണ്ടാകൂ. അതിലേക്കുള്ള ഉപകരണത്തിനുവേണ്ടി വീണ്ടും നാൽപ്പത്തഞ്ചോ നാൽപ്പത്താറോ കോടി രൂപ ആവശ്യമായി വരും. ദേശീയതലത്തിൽ അതിന് സഹായം കിട്ടുന്നതിന്, ഇപ്പോൾ ജപ്പാന്റെ സഹായം ലഭിച്ചു കൊണ്ടിരിക്കുന്ന സമയത്ത് അതിനെ ശ്രീചിത്രാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സമാനമായ ഇൻസ്റ്റിറ്റ്യൂട്ട് ആയിട്ട് ഉയർത്തി സ്പെഷ്യാലിറ്റി കോംപ്ലക്സ് എന്നു പറയുന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുവേണ്ടി സർക്കാരിന്റെ ഭാഗത്തുനിന്ന് സമ്മർദ്ദം ഉണ്ടാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഇന്ന് ഡോക്ടർമാരെക്കുറിച്ച് പല ഭാഗത്തുനിന്നും പറഞ്ഞു. ഉപകരണങ്ങൾ ലഭിക്കാത്തതുകൊണ്ടും മരുന്നുകൾ ഇല്ലാത്തതുകൊണ്ടുമാണ് ഈ അവസ്ഥ ഉണ്ടായിട്ടുള്ളത്. ഇപ്പോൾ മെഡിക്കൽ കോളേജുകളിൽ വരുന്ന രോഗികൾ അവരുടെ ഭാഗ്യംകൊണ്ട് തിരിച്ചു പോകുന്ന സാഹചര്യമാണുള്ളത്. നമ്മുടെ ഡോക്ടർമാർ അവരുടെ നാഡി പിടിച്ചു നോക്കിയതിനുശേഷം വെറുതെ കൈകൊണ്ട് ഇങ്ങനെ ആക്കിയിട്ട് പൊയ്ക്കൊള്ളാൻ പറയും. ചിലപ്പോൾ രോഗികൾ രക്ഷപ്പെട്ടു തിരിച്ചു വരുമ്പോൾ ഡോക്ടർമാർ പറയും, 'ഞാൻ അപ്പോഴേ പറഞ്ഞില്ലേ പ്രശ്നം ഒന്നും ഇല്ല എന്ന്!' ചിലപ്പോൾ രോഗി മരിക്കുകയാണെങ്കിൽ പറയും, 'ഞാൻ അപ്പഴേ പറഞ്ഞില്ലേ, രക്ഷയില്ല എന്ന്!' ഇങ്ങനെ ഡോക്ടർമാർ തൽക്കാലം തടിതപ്പുന്ന ഒരു സാഹചര്യം എന്തുകൊണ്ട് മെഡിക്കൽ കോളേജിൽ ഉണ്ടായി എന്നു ചോദിച്ചാൽ അത് ഈ പറഞ്ഞ ഉപകരണങ്ങളുടേയും മരുന്നുകളുടേയും അനിവാര്യതയാണ് എന്നു പറയാൻ ഈ സമയം ഞാൻ വിനിയോഗിക്കുകയാണ്. മുമ്പു പറഞ്ഞ സംവിധാനം തൽക്കാലം മെഡിക്കൽ കോളേജുകളിൽ ഒന്നു പരീക്ഷിച്ചശേഷം അത് വിജയകരമാണെങ്കിൽ അതിന് അനുസൃതമായി നമുക്ക് മുന്നോട്ടു പോകാൻ സാധിക്കും എന്ന് ഞാൻ വിശ്വസിക്കുകയാണ്.

കൃഷിയെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. കൃഷിയെക്കുറിച്ച് ഇവിടെ പലരും വ്യക്തമായി പറഞ്ഞു കഴിഞ്ഞതാണ്. കാർഷിക മേഖലയിൽ വലിയ മുന്നേററം നടത്താൻ സാധിക്കും, നിങ്ങൾ കേവലം നാളികേരത്തിന്റെ പ്രശ്നം പറഞ്ഞുകൊണ്ടാണ് ഈ കൃഷിവകുപ്പിനെ താഴ്ത്താൻ ശ്രമിക്കുന്നത്. ഞങ്ങൾ അത് സമ്മതിക്കുന്നു. ഞങ്ങൾ നാളികേരത്തിന്റെ പ്രശ്നം രൂക്ഷമായിത്തന്നെ കാണ്യം. എന്നാൽ മററുള്ള നൻമകളെ നിങ്ങൾ എന്തുകൊണ്ട് മറച്ചുവയ്ക്കുന്നു എന്ന് മനസ്സിലാകുന്നില്ല. ഞാൻ ആദ്യം ഇവിടെ കൃഷിവകുപ്പിനെക്കുറിച്ച് സംസാരിച്ച സമയത്ത് എഗ്മാ എന്ന സംവിധാനം ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു; കോഴിമുട്ടയുടെ കാര്യത്തിൽ സ്വയംപര്യാപ്തത നേടുന്നതിനുവേണ്ടി നമ്മൾ സംവിധാനം ഉണ്ടാക്കണം. അദ്ദേഹം അതിന് താൽപര്യം എടുത്തതുകൊണ്ട് 2 ശതമാനം ഉൽപ്പാദനത്തിൽനിന്ന് അത് 10 ശതമാനം ആക്കി ഉയർത്താൻ സാധിച്ചിട്ടുണ്ട്. 45 കോടി കോഴിമുട്ട കൂടുതലായി ഉൽപ്പാദിപ്പിക്കുന്ന ഒരു സാഹചര്യം ഇന്ന് കേരളത്തിൽ വന്നിട്ടുണ്ട്. ആ സൊസൈററികൾ രൂപീകരിക്കുമ്പോൾ ഞാൻ സൂചിപ്പിച്ചപോലെ അതിന് എഗ്മാ എന്നുതന്നെ പേരിടണം എന്നൊരിക്കൽകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാർഷിക മേഖലയെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. കാർഷിക വല്ലഭൻ എന്നു പറയുന്ന ഒരു അവാർഡ് നമ്മുടെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്ക്

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നതിനുവേണ്ടിയുള്ള സംവിധാനമുണ്ടാക്കണം എന്നു പറഞ്ഞു കൊണ്ട്, ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾക്ക് വിരാമമിടുന്നു.

പ്രൊഫ. മീനാക്ഷി തമ്പാൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. എണ്ണമറ്റ ദുരിതങ്ങളുടെ കയത്തിലേക്ക് ഈ സംസ്ഥാനത്തിലെ ജനജീവിതത്തെ വലിച്ചെറിഞ്ഞു ഈ സർക്കാർ എന്നുള്ളതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. 3-ാം വാർഷിക ആഘോഷ വേളയിൽ സമ്പൂർണ്ണ ബഡ്ജററിന്റെ ചർച്ചയാണ് ഇവിടെ നടക്കുന്നത്. ഈ സമ്പൂർണ്ണ ബഡ്ജററിന്റെ ചർച്ച നടക്കുന്ന സമയത്ത് നമുക്ക് ഒരു ധനമന്ത്രി ഇല്ല. അനാരോഗ്യകരമായ പ്രവണതകളുടെ പരിണതഫലമെന്ന് ഞാൻ വിശേഷിപ്പിക്കട്ടെ, നമുക്ക് ഒരു ആരോഗ്യമന്ത്രി ഇല്ല. കേരളത്തിലെ നെൽകൃഷിയും നാളികേര കൃഷിയും ഒക്കെത്തന്നെ നാമാവശേഷമായെങ്കിലും നമുക്ക് ഒരു കൃഷിമന്ത്രി ഉണ്ടല്ലോ എന്ന് ആശ്വസിക്കാൻപോലും ഇപ്പോൾ ഞാൻ വഴി കാണുന്നില്ല. കാരണം അദ്ദേഹത്തിന്റെ തലയ്ക്കുമീതെ ഡെമോക്ലസിന്റെ വാൾ പോലെ ഒരു കോടതി വിധി തൂങ്ങിനിൽക്കുകയാണ്. വാക്കും പ്രവൃത്തിയും തമ്മിൽ യാതൊരു ബന്ധവുമില്ലാത്ത ഐക്യജനാധിപത്യമുന്നണി സർക്കാരിന്റെ ഉത്തമ പ്രതീകംപോലെയാണ് നമ്മുടെ കൃഷിമന്ത്രി. നെൽകൃഷി വികസനത്തിന്റെ—തീവ്ര വികസനത്തിന്റെ—വർഷത്തിൽ അദ്ദേഹം നടത്തിയ ഗിരിപ്രഭാഷണങ്ങൾക്കിടയിൽ സ്വന്തം നെൽപ്പാടം നികത്തിയ അദ്ദേഹം ഇന്ന് പ്രതിക്കൂട്ടിലാണ് എന്നുള്ളതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത്. എത്രകാലം അദ്ദേഹം നമ്മോടൊപ്പം ഉണ്ടാകും എന്നുള്ളതിനെക്കുറിച്ച് മാത്രമല്ല ശ്രീ. എ കെ. ആൻറണിക്ക് പഞ്ചസാര അഴിമതിയിലുള്ള പങ്കിനെക്കുറിച്ച് പാർലമെൻററി പാർട്ടിയിൽതന്നെ അദ്ദേഹം ഉയർത്തിയ ആരോപണത്തിന്റെ ഫലമായിട്ട് അദ്ദേഹത്തിനെതിരെ ചില ഒപ്പ് ശേഖരണങ്ങൾ 'എ'-ക്കാർ നടത്തുന്നുണ്ട് എന്നും കേൾക്കുന്നു. പഞ്ചസാര ഇറക്കുമതിക്ക് നടപടി സ്വീകരിച്ച പ്രധാനമന്ത്രിയെക്കൂടി പ്രതിക്കൂട്ടിലാക്കുന്ന ആരോപണമാണ് ഇത് എന്നുള്ളതുകൊണ്ട് നമുക്ക് ഇത് ലാഘവബുദ്ധിയോടുകൂടി കാണാൻ വയ്യ. സർ, നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് നമുക്ക് തരേണ്ട കേന്ദ്രമന്ത്രി, പഞ്ചസാര തീരെ ഇല്ലാതായിട്ടും, അതിന്റെ വില വളരെയേറെ വർദ്ധിച്ചിട്ടും, അത് കണ്ടില്ലെന്ന് നടിച്ച് ഇരുന്നു എന്നുള്ളതാണ് നമുക്ക് വിശ്വസിക്കാൻ വയ്യാത്തത്. മാത്രമല്ല, ചിന്തിക്കുന്നവർക്കും വായിക്കുന്നവർക്കും അറിയാം ഉത്തരേന്ത്യയിലെ പഞ്ചസാര ലോബിയും കോൺഗ്രസ്സിന്റെ തെരഞ്ഞെടുപ്പ് രാഷ്ട്രീയവുമായിട്ടുള്ള ദീർഘകാലത്തെ ബന്ധത്തെ കുറിച്ച്. അതുകൊണ്ട് ശ്രീ. ജോർജ് മാഷിന്റെ ആരോപണത്തെ വെറുതെ തള്ളാൻ ഒക്കുകയില്ല എന്നാണ് എനിക്ക് തോന്നുന്നത്. മാത്രവുമല്ല ശ്രീ. എ. കെ. ആൻറണി എ. ഐ. സി. സി.-യുടെ പ്രസിഡൻറാണ്. 10 നിയമസഭകളിൽ തെരഞ്ഞെടുപ്പ് വരുന്നു. അതുകൊണ്ട് 'എ' ഗ്രൂപ്പുകാർ നടത്തുന്ന മിണ്ടാവ്രതവും ഉണ്ണാവ്രതവുമൊക്കെ എവിടെച്ചെന്നെത്തും എന്നതിനെക്കുറിച്ച് ഞങ്ങൾക്ക് സംശയമുണ്ട്. കാരണം നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ മകനും ക്ലീൻ സർട്ടിഫിക്കററാണ് ശ്രീ. ജോർജ്മാഷിന് കൊടുത്തിട്ടുള്ളത്. ശ്രീ. എ. കെ. ആൻറണിയാണ് മര്യാദകേട് കാണിക്കുന്നത് എന്നുവരെ പയ്യാൻ കെ. പി. സി. സി. ജനറൽ സെക്രട്ടറി ശ്രീ. മുരളീധരൻ തയ്യാറായിരിക്കുന്ന സന്ദർഭമാണ് ഇത്. മൂന്ന് വർഷക്കാലം വളരെ ശുഭാപ്തി വിശ്വാസത്തോടുകൂടി When winter

LIBRARY ARCHIVES Kerala Legislative Assembly

comes, can spring be far behind എന്നുള്ള ഷെല്ലിയുടെ കവിതാശകലമൊക്കെ ഇവിടെ ഉദ്ധരിച്ചുകൊണ്ട് ശ്രീ. ഉമ്മൻചാണ്ടി ഹതാശനായി സ്ഥാനത്യാഗം ചെയ്തിരിക്കുന്നു. അദ്ദേഹത്തിന് ഒരുപാട് സ്വീകരണങ്ങൾ നൽകിയതായി ഞങ്ങൾ പത്രത്തിൽ വായിച്ചു. ആ സ്വീകരണത്തിൽ പുഷ്പങ്ങൾ കൊണ്ടുണ്ടാക്കിയ അമ്പും വില്ലുമാണ് അദ്ദേഹത്തിന് കൊടുത്തത്. അങ്ങനെ മുല്ലമലർബാണനായിട്ടാണ് ശ്രീ. ഉമ്മൻചാണ്ടി ജനാധിപത്യ സംരക്ഷണത്തിന് ഇറങ്ങിത്തിരിച്ചിട്ടുള്ളത്. ഈ രണ്ടുമൂന്നു വർഷത്തിനിടയിൽ ശ്രീ. ജോർജ്മാഷ് വികസിപ്പിച്ചെടുത്ത കുററിമുല്ല കൃഷിപോലും 'എ'-ക്കാർ ലീഡർക്കെതിരായി ശക്തമായ ആയുധമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു! മൂന്നുകൊല്ലത്തെ വിദഗ്ദ്ധമായ ധനകാര്യ മാനേജുമെൻറിനെക്കുറിച്ച് ശ്രീ. ഉമ്മൻചാണ്ടി ഊററം കൊള്ളുന്നുണ്ട്. ആത്മപ്രശംസക്കിടയിലും അല്പം ആത്മപരിശോധന നടത്തുന്നത് നല്ലതായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അതിനെ സഹായിക്കുന്ന രണ്ടു വകുപ്പുകളാണ് ഇന്ന് ഇവിടെ ചർച്ചയ്ക്ക് വന്നിട്ടുള്ളത്.

ഉല്പാദന മേഖലയായ കാർഷിക രംഗവും, സേവന മേഖലയായ ആരോഗ്യ വൈദ്യസഹായ രംഗവും ഇന്ന് തകർന്നിരിക്കുന്നു. ആരോഗ്യ രംഗത്ത് ദശകങ്ങളായി കേരളം നേടിയ നേട്ടങ്ങൾ തകർക്കുന്ന സമീപനങ്ങളും പ്രവണതകളുമാണല്ലോ ഈ മൂന്നു വർഷത്തിനിടയിൽ ഉണ്ടായത്. മൂന്നാം വാർഷികം ആഘോഷിക്കുമ്പോൾ പത്രത്താളുകളിൽ പ്രത്യക്ഷപ്പെട്ട പൊങ്ങച്ചപ്പരസ്യങ്ങളിൽപ്പോലും ആരോഗ്യ വകുപ്പിനെക്കുറിച്ച് യാതൊരു മേൻമയും ഈ സർക്കാർ അവകാശപ്പെടുന്നില്ല. ശ്രീ. കരുണാകരൻ ഭരണത്തിലെ എൻ.ഡി.പി. മന്ത്രിമാർ ആരോഗ്യവകുപ്പിന് അല്പായുസാണ് ഉള്ളതെന്നു പറഞ്ഞാൽ അതിനെ ഞാൻ അധികാര അല്പായുസ് എന്നു പറയുകയാണ്. അവർ അധികാര അല്പായുസുകളാണെങ്കിലും കേരളത്തിൽ ദേശീയ ശരാശരിയേക്കാൾ ഉയർന്ന ആയുർദൈർഘ്യവും കുറഞ്ഞ മരണനിരക്കുമാണ് ഉള്ളത്. ഇത് നമുക്ക് അഭിമാനമാണ്. രാജവാഴ്ചക്കാലം മുതൽ ആരോഗ്യപാലനത്തിന് ഭരണാധികാരികൾക്ക് ഉണ്ടായിരുന്ന ശ്രദ്ധയും ഉത്തരവാദിത്വവുമാണ് ഈ നേട്ടങ്ങൾക്ക് അടിസ്ഥാനം. എന്നാൽ പുത്തൻ സാമ്പത്തിക നയത്തിൻെറ മറവിൽ ഈ സർക്കാർ ആ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറുകയല്ലേ ചെയ്തത്? ഈ ഭരണത്തിൻെറ ജനാധിപത്യ വിരുദ്ധ സ്വഭാവവും മനുഷ്യത്വമില്ലായ്മയും ഈ വകുപ്പിലല്ലേ ഏറററവും പ്രകടമായിട്ടുള്ളത്? കേരളത്തിൽ ആരോഗ്യ രംഗത്ത് ഇന്ന് വർദ്ധിച്ചുവരുന്ന ചികിൽസാ ചെലവും, സ്വകാര്യവൽക്കരണത്തിൻെറ ശക്തമായ സമ്മർദ്ദവുംകൊണ്ട്, ആരോഗ്യരംഗത്ത് നേടിയ നേട്ടങ്ങളെല്ലാം ഇല്ലാതായിരിക്കുന്നു. കേരളത്തിലെ ചികിൽസച്ചെലവ് സംബന്ധിച്ച് നടത്തിയ ചില പഠനങ്ങളുടെ റിപ്പോർട്ടുകൾ ഈ രംഗത്ത് സ്വകാര്യമായി നടത്തുന്ന കൊടിയ ചൂഷണത്തിൻെറ കഥയാണ് പറയുന്നത്. National Council for Applied Economic Research നടത്തിയ പഠനത്തിൽ കേരളത്തിലെ ഒരു കുടുംബം 1125 രൂപ ആരോഗ്യ സംരക്ഷണത്തിനായി ചെലവാക്കുന്നതായി പറയുന്നു. ഇത് നമ്മുടെ രാജ്യത്തിലെ മററ് ഏത് സംസ്ഥാനത്തേക്കാളും ഉയർന്നതാണ്. വലിയ പട്ടണങ്ങളായ, മഹാ നഗരങ്ങളായ, ബോംബെയെപോലെയുള്ള നഗരങ്ങളേക്കാൾ ഉയർന്നതാണ്, ഇൻഡ്യൻ ദേശീയ ശരാശരിയേക്കാൾ ഉയർന്നതാണ്. കാരണമെന്താണെന്നുവച്ചാൽ ഉയർന്ന സാക്ഷരതാ നിരക്കും ബോധനിലവാരവുമാണ്. രോഗം വന്നാൽ ചികിൽസിക്കണം എന്നാണ് ഇവിടുത്തെ ജനങ്ങൾ ചിന്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളുടെ ചിന്താഗതിക്ക് അനുസരണമായി അവരുടെ ആരോഗ്യം സംരക്ഷിക്കുന്ന കാര്യത്തിൽ സർക്കാർ ഒരു ആശയം വച്ചുകൊണ്ടല്ലേ സ്വകാര്യമേഖല അനിയന്ത്രിതമായി ഈ രംഗത്ത് വിഹരിക്കുന്നത്. ഭരണ പക്ഷത്തുനിന്നും സംസാരിച്ച പലരും ചൂണ്ടിക്കാണിച്ചതാണ്. ഒട്ടേറെ മേൻമകൾ അവർ അവകാശപ്പെട്ടപ്പോൾ അതുപോലും അവർക്ക് സമ്മതിക്കാൻ കഴിയാത്ത വിധത്തിലുള്ള ഒന്നാണ് സ്വകാര്യ രംഗത്ത് അനിയന്ത്രിതമായി ഉണ്ടായ ഈ വികസനം. മരുന്നുവില ആറു വർഷത്തിനുള്ളിൽ വർദ്ധിപ്പിച്ചതിനേക്കാൾ ഇരട്ടി വർദ്ധന ആറുമാസത്തിനുള്ളിൽ ഈ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. മരുന്ന് വാങ്ങിക്കാൻവേണ്ടി 400 കോടി രൂപയിൽ അധികം ചെലവാകുന്നുവെന്നാണ് കണക്ക്. അതിൽ നല്ലൊരു ഭാഗം മററു സംസ്ഥാനങ്ങളിലേക്ക് പോകുന്നു; മൾട്ടി നാഷണൽ മരുന്ന് കമ്പനികളിലേക്ക് ഒഴുകുന്നു. അതേസമയത്ത് കേരളത്തിലെ പൊതുമേഖലാ ഔഷധ നിർമ്മാണ കമ്പനികളുടെ ഇന്നത്തെ സ്ഥിതി എന്താണ്? ആലപ്പുഴയിലെ കേരള സ്റേററ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ്, കഴക്കൂട്ടത്തുള്ള നമ്മുടെ പൊതുമേഖലാ സ്ഥാപനം, ഇവയൊക്കെത്തന്നെ വില്പനയ്ക്കായി തുറന്നുവച്ചിരിക്കുകയാണ്. അത് മെച്ചപ്പെടുത്തണമെന്നോ നമ്മുടെ നിലവിലുള്ള ഇൻഡ്യൻ പേററൻറ് നിയമം അനുസരിച്ചുതന്നെ ഇവിടെ മരുന്നുകൾ ഉണ്ടാക്കണമെന്നോ അത് നിയന്ത്രിത വിലയ്ക്ക് ഇവിടുത്തെ സാധാരണക്കാർക്ക് എത്തിക്കണമെന്നോ എന്തെങ്കിലും ഒരു ചിന്തയോ ഒരു നടപടിയോ സർക്കാരിൻെറ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ? സർവസാധാരണമായി കാണുന്ന നിരവധി രോഗങ്ങൾ, പനി, ചുമ എന്നിവയെല്ലാം നമ്മുടെ ആരോഗ്യ രംഗത്തെ പ്രൈമറി സെക്ടറിനെ അവഗണിച്ചതിൻെറ ഫലമായി ചികിൽസയില്ലാതായിരിക്കുന്നു. നമ്മുടെ പ്രൈമറി സെക്ടറായ കമ്മ്യൂണിററി ഹെൽത്ത് സെൻററുകൾ, താലൂക്ക് ആശുപത്രികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയെ ശക്തിപ്പെടുത്താനുള്ള ഏതെങ്കിലും ശ്രമമുണ്ടോ? നാം ഒരു കാരണവശാലും പ്രൈമറി സെക്ടറിനെ അവഗണിക്കാൻ പാടില്ല. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാന രംഗങ്ങളിൽ സർക്കാരിൻെറ പങ്കാളിത്തത്തെ കുറച്ചുകൊണ്ടുവരുകയാണ് ചെയ്യുന്നത്. ഓരോ ബഡ്ജററ് അവതരിപ്പിക്കുമ്പോഴും കമ്മി നികത്താനായി കുറവ് വരുത്തുന്നത് ഈ സേവന രംഗങ്ങളെയാണ്. അതിനുള്ള പണംതന്നെ അങ്ങേയററം നിരുത്തരവാദത്തോടുകൂടിയാണ് ഇവിടെ ചെലവാക്കുന്നത്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചു, ഭരണത്തിൻെറ സിരാകേന്ദ്രമായ തിരുവനന്തപുരത്തെ മെഡിക്കൽ കോളേജിൽ കാലാവധി കഴിഞ്ഞും സൂക്ഷിച്ചുവച്ചിരുന്ന മരുന്ന് നശിപ്പിച്ചതിൻെറ കണക്ക്. 1979-ലെ ഡോ. ഐ. കമ്മീഷൻ റിപ്പോർട്ടിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഇവിടെ വച്ചത്. ആ നിർദ്ദേശങ്ങളെക്കുറിച്ച് ആരെങ്കിലും ആലോചിക്കുന്നുണ്ടോ? മരുന്ന് വാങ്ങുന്നതിനും സൂക്ഷിക്കുന്നതിനും അതിൻെറ വിലയെഴുതി പ്രദർശിപ്പിക്കുന്നതിനുമൊക്കെയുള്ള സംവിധാനം ഇന്ന് ഏവിടെയെങ്കിലും നടക്കുന്നുണ്ടോ? ആതുര ശുശ്രൂഷാരംഗം ഇന്ന് ഉദാസീനതയുടെ പ്രതീകമായി മാറിയിരിക്കുകയാണ്. തൃശ്ശൂർ ജില്ലയിലെ ജില്ലാ ആശുപത്രിയിൽ ഒരു ബ്ലഡ് ബാങ്ക് ഉണ്ട്. റീജിയണൽ ബ്ലഡ് ബാങ്ക് സ്ഥാപിക്കാനായി കൊണ്ടുവന്ന മൂന്നുകോടി രൂപയുടെ ഉപകരണങ്ങൾ തുരുമ്പെടുത്ത് നശിക്കുകയാണ്. വർഷങ്ങളായി അങ്ങനെതന്നെ കിടക്കുകയാണ്. ഞാൻ ഓരോ ജില്ലയിലേയും കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. പൂർണ്ണ വളർച്ച എത്തുന്നതിനുമുൻപ് പ്രസവിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികളെ സംരക്ഷിക്കുന്ന incubator അതുപോലെതന്നെ കണ്ണൂർ ജില്ലയിലാണെന്നുതോന്നുന്നു. E.N.T.-യുടേയും Ortho-യുടേയും ഓപ്പറേഷനുകൾ നടത്തുന്നതിന് ഒരു തീയേററർ പങ്ക് വയ്ക്കുന്നുണ്ട്. മാരകമായ എയ്ഡ്സിന്റെ നിയന്ത്രണത്തിനായി ഡബ്ലിയു. എച്ച്. ഒ. നമുക്ക് നൽകിയിട്ടുള്ള ഉപകരണങ്ങൾ പെട്ടി പൊളിക്കാതെതന്നെ ഇരിക്കുന്നു എന്നാണ് പറയുന്നത്. അത് പരിശോധിക്കേണ്ടതാണ്. നമ്മുടെ സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ സ്ഥിതിയെ കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ സി. കെ. ചന്ദ്രപ്പൻ സംസാരിക്കുകയുണ്ടായി. മൂന്ന് മാനസിക ആരോഗ്യ കേന്ദ്രങ്ങളുടെ ഇന്നത്തെ സ്ഥിതിയെന്താണ്? കൊലപാതകങ്ങൾ നടക്കുന്നു, ബലാൽസംഗങ്ങൾ നടക്കുന്നു. ഈ നിയമസഭയിൽതന്നെ ഞാൻ ഒരു സബ്മിഷൻ കൊണ്ടുവന്നതാണ്. തൃശ്ശൂർ മാനസിക രോഗ കേന്ദ്രത്തിലെ ഐസൊലേററഡ് സെല്ലിൽ പൂട്ടി സൂക്ഷിച്ച രോഗി എങ്ങനെയാണ് പുറത്തുവന്നത് എന്നുള്ളതിനെപ്പററി നമ്മുടെ മുൻ ആരോഗ്യ വകുപ്പുമന്ത്രി ചെയർമാനായിട്ടുള്ള കമ്മിററിയുടെ റിപ്പോർട്ടിൽ പറയുന്നുണ്ട്. എത്രമാസം കഴിഞ്ഞു അത് കൊണ്ടുവന്നിട്ട്? ആ റിപ്പോർട്ട് ഒന്ന് നോക്കാൻപോലും കഴിഞ്ഞിട്ടില്ല. ഒരു മുഴുവൻ സമയ ആരോഗ്യമന്ത്രിക്ക് കഴിയാത്ത കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കഴിയുമെന്ന് എങ്ങനെ വിശ്വസിക്കാൻ കഴിയും? മുൻ ആരോഗ്യ വകുപ്പു മന്ത്രിയുടെ ഭരണശൈലിയെക്കുറിച്ചും അനഭിമതരായ പേഴ്സണൽ സ്ററാഫിനെക്കുറിച്ചുമെല്ലാം പാർട്ടിയും മന്ത്രിയും തമ്മിൽ നടന്ന വക്കാണങ്ങൾക്കിടയിൽ, ചർച്ചയ്ക്കിടയിൽ, കലഹിക്കുന്നതിനിടയിൽ, നമ്മൾ ആട്ടിയോടിച്ചുവെന്ന് കരുതിയിരുന്ന മാരക രോഗങ്ങളൊക്കെ കടന്നുവന്നിരിക്കുകയാണ്. നമ്മൾ നിർമ്മാർജ്ജനം ചെയ്തു എന്ന് അവകാശപ്പെട്ടിരുന്ന ക്ഷയവും മലമ്പനിയും കോളറയും പുതിയതായി ജനങ്ങളെ വിറപ്പിച്ചുകൊണ്ടുവരുന്ന എലിപ്പനിയും എല്ലാം ഈ ബഹളത്തിനിടയിൽ, ഇവരുടെ അവസാനിക്കാത്ത വക്കാണത്തിനിടയിൽ, നല്ല സമയമാണെന്നുകണ്ട് കേരളത്തിലേയ്ക്ക് വന്നു ശക്തമായ ഭീഷണി ഉയർത്തിയിരിക്കുകയാണ്. ഇത് കാണിക്കുന്നത് നമ്മുടെ സംസ്ഥാനത്തെ പ്രതിരോധ ചികിൽസയുടെ പാളിച്ചയാണ്. ഇത് ഗൗരവമായി എടുക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ രോഗങ്ങൾ പൂർവ്വാധികം ശക്തിയായി തിരിച്ചുവന്നിരിക്കുകയാണ്.

സർ, ഞാൻ മനസ്സിലാക്കുന്നത് ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ കോളറ പടരാൻ ഇടവരും എന്നുള്ള മുന്നറിയിപ്പ് കഴിഞ്ഞ ജൂണിൽ സംസ്ഥാന സർക്കാരുകൾക്ക് നൽകി എന്നാണ്. എന്നിട്ടും ഒരു പ്രതിരോധ നടപടിപോലും എടുക്കാതിരുന്നത് എന്തുകൊണ്ടാണ്? ഇതു മാത്രമല്ല, ഇവിടെ ബഹുമാനപ്പെട്ട എം. കെ. മുനീർ സൂചിപ്പിച്ച ഒരു കാര്യംകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രത്യേകിച്ച് കുടുംബ ക്ഷേമരംഗത്ത് ഉയർന്ന നിലവാരവും സാമൂഹ്യവീക്ഷണവും ഉള്ളതുകൊണ്ട് ഇന്ത്യയ്ക്കുതന്നെ ഒരു മാതൃകയായി മാറാൻ നമുക്ക് കഴിഞ്ഞു. പക്ഷെ ഞാൻ കഴിഞ്ഞ സെഷനിൽ ചോദിച്ച ഒരു ചോദ്യത്തിന്റെ മറുപടിയായി, കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ കാണിക്കുന്നത് ജനന നിയന്ത്രണ ശസ്ത്രക്രിയ ഒരു ലക്ഷത്തിലധികം സ്ത്രീകളിൽ നടക്കുമ്പോൾ, വെറും ആയിരത്തോളം മാത്രമാണ് പുരുഷൻമാരിൽ നടത്തുന്നതെന്നാണ്. രാജ്യത്തോടും കുടുംബത്തോടുമുള്ള ഉത്തരവാദിത്വത്തിൽ കൂടുതൽ പുരുഷൻമാരെ പങ്കാളികളാക്കുവാനുള്ള ബോധപൂർവമായ പരിശ്രമം വേണം. അത് മാത്രമല്ല ഇവിടെ സൂചിപ്പിച്ച വളരെ അപകടകാരിയായ NET-EN, Depot-Provera-എന്നിവയുടെ സ്വീകാര്യത പരിശോ

LIBRARY ARCHIVES Kerala Legislative Assembly

ധിക്കുന്നത് മൂന്നാം ലോക രാജ്യങ്ങളിലെ സ്ത്രീകളിൽ പരീക്ഷിച്ചു കൊണ്ടാണ്. അതുകൊണ്ടുതന്നെ അത്തരം കാര്യങ്ങൾക്ക് ഇവിടെ അനുവാദം കൊടുക്കുമ്പോൾ വളരെ ശക്തമായ നിർദ്ദേശങ്ങളുണ്ടായിരിക്കണം. ഈ പഞ്ചനക്ഷത്ര ഹോട്ടലുകളെ വെല്ലുന്ന സൗകര്യങ്ങളുള്ള സ്വകാര്യ ആശുപത്രികളുടെയും ക്ലിനിക്കുകളുടെയും വരവും മററും പരിശോധിക്കാനുള്ള ഒരു സംവിധാനം സർക്കാരിൻെറ ഭാഗത്തുനിന്നും ഉണ്ടാകണം. യാതൊരു കൂട്ടുത്തരവാദിത്വവും ഇല്ലാതെ തികഞ്ഞ അനാഥത്വം പുലർത്തിക്കൊണ്ട് ആരോഗ്യരംഗത്തേയും കാർഷിക രംഗത്തേയും ഒക്കെത്തന്നെ പതനത്തിൽ എത്തിച്ച ഈ സർക്കാരിൻെറ നയങ്ങളെ, ഈ ഡിമാൻറുകളെ ശക്തിയായി എതിർക്കുന്നു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: സർ, ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. ഇന്ന് ചർച്ച ആരംഭിച്ചത് പ്രതിപക്ഷത്തുനിന്ന് ശ്രീ. എം. വിജയകുമാറാണ്. അദ്ദേഹത്തിന് ആരോഗ്യ വകുപ്പിനെ പററിയും, കൃഷി വകുപ്പിനെപ്പററിയും ഒന്നുംതന്നെ പറയാൻ ഉണ്ടായിരുന്നില്ല. എന്തൊക്കെയോ അദ്ദേഹം പറഞ്ഞ് അത് അവസാനിപ്പിച്ചു. പിന്നെ സംസാരിച്ചത് എൻെറയുംകൂടി എം.എൽ.എ. ആയിരുന്ന കൃഷിവകുപ്പിൻെറ ചുമതല വഹിച്ചിരുന്ന ശ്രീ. വി. വി. രാഘവനാണ്. അദ്ദേഹം ഒരു കൺസ്ട്രക്ററീവ് ക്രിട്ടിസിസം നടത്തും എന്നാണ് ഞാൻ പ്രതീക്ഷിച്ചത്. അതായത് ഗവൺമെൻറ് ചെയ്യേണ്ട കാര്യങ്ങൾ, കൃഷിക്കാർക്കുവേണ്ടി ചെയ്തുതീർക്കേണ്ട കാര്യങ്ങൾ ഒക്കെ പറയും എന്നാണ് പ്രതീക്ഷിച്ചത്. അദ്ദേഹത്തെപ്പററി ഞാൻ എന്തെങ്കിലും പറഞ്ഞാൽ എന്നോട് ക്ഷമിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒരു വില കുറഞ്ഞ പ്രസംഗം ആണ് അദ്ദേഹം നടത്തിയത്. അദ്ദേഹം 4 വർഷക്കാലം കേരളത്തിലെ കൃഷിവകുപ്പുമന്ത്രി ആയിരുന്നു എന്ന കാര്യം മറന്നുകൊണ്ടാണ് സംസാരിച്ചത്. അദ്ദേഹം ഇവിടെ ഉന്നയിച്ച ആരോപണങ്ങൾ എന്താണ്? കൃഷി വകുപ്പുമന്ത്രിയെപ്പററി ഉന്നയിച്ച ആരോപണം, കേരളാ ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ നടപ്പിലാക്കുന്നില്ല എന്നാണ്. നെൽപ്പാടങ്ങൾ മുഴുവൻ നികത്തി മററ് ആവശ്യങ്ങൾക്കുവേണ്ടി എടുക്കുന്നു, കൂടാതെ കൃഷി വകുപ്പുമന്ത്രിയും ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറും കണ്ണടച്ചിരിക്കുകയാണ് എന്നൊക്കെ ആണ് പറഞ്ഞത്. ഞാൻ അദ്ദേഹത്തോട് ചോദിക്കുകയാണ്, അദ്ദേഹം ഇവിടെ മന്ത്രിയായിരുന്ന കാലത്ത്, 1987-ൽ ആണ് അദ്ദേഹം കൃഷിവകുപ്പിൻെറ ചാർജ് ഏറെറടുത്തത്. അന്നുമുതൽ ഇറങ്ങിപ്പോകുന്നതുവരെ 4 വർഷക്കാലം ലാൻറ് യൂട്ടിലൈസേഷൻ ആക്ട് ഇവിടെ നടപ്പിലാക്കിയോ എന്ന് അദ്ദേഹം പരിശോധിക്കണം. കൊല്ലം ജില്ലയിൽ 30 ഏക്കർ വിസ്തീർണ്ണം വരുന്ന സീഡ് ഫാം, നമ്മുടെ കേരഫെഡിന് ഒരു എണ്ണ ആട്ട് വ്യവസായം നടത്താൻ തീറെഴുതിക്കൊടുത്തു. അത് ലാൻറ് യൂട്ടിലൈസേഷൻ ആക്ടിന് വിരുദ്ധമാണ്, ആ ഓർഡറിന് വിരുദ്ധമാണ്. അതിനു പുറമേ അദ്ദേഹത്തിൻെറകൂടി നേതാവായിരുന്ന, ഞാൻ അങ്ങേയററം ബഹുമാനിക്കുന്ന ശ്രീ. എം. എൻ. ഗോവിന്ദൻ നായർ ഇവിടെ കൃഷി വകുപ്പുമന്ത്രിയായിരുന്നകാലത്ത് കായംകുളത്ത് 1000 ഏക്കർ നിലം നികത്തി എടുത്ത് അത് സീഡ് ഫാം ആക്കി മാററി. നല്ല വിത്തുൽപ്പാദിപ്പിച്ച് കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി സദുദ്ദേശത്തോടുകൂടി അദ്ദേഹം ചെയ്ത ഒരു കാര്യം ആണ്. ആ 1000 ഏക്കർ സ്ഥലം ബഹുമാന്യനായ ശ്രീ. വി. വി. രാഘവൻ കൃഷി വകുപ്പിൻെറ മന്ത്രിയായിരുന്ന അവസരത്തിൽ എൻ.ടി.പി.സി.-ക്ക് തീറെഴുതിക്കൊടുത്തു.....(ബഹളം)....

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ജില്ലയിൽ വ്യവസായ വകുപ്പിന് അദ്ദേഹം സ്ഥലം കൊടുത്തു. ഇതൊക്കെ ലാൻറ് യൂട്ടിലൈസേഷൻ ആക്ടിന് എതിരാണ്. അദ്ദേഹം 1987-ൽ കൃഷി വകുപ്പുമന്ത്രിയായി അധികാരം ഏറ്റെടുക്കുന്ന അവസരത്തിൽ 6·4 ലക്ഷം ഹെക്ടർ കൃഷിഭൂമി ഉണ്ടായിരുന്നു. എന്നാൽ അദ്ദേഹം ഇറങ്ങിപ്പോകുമ്പോൾ അത് 5·6 ലക്ഷം ഹെക്ടർ ആയി ചുരുങ്ങി. ഒരു ലക്ഷം ഹെക്ടർ ഭൂമി നികത്തി എടുത്തുപോയി. അത് അദ്ദേഹം മറന്നിട്ടാണ് ഇവിടെ സംസാരിച്ചത്. ഇങ്ങനെയൊക്കെ കൃഷിക്കാരെയും ഈ രാജ്യത്തെ ജനങ്ങളെയും തെററിദ്ധരിപ്പിക്കുവാൻ, ഈ ഗവൺമെൻറിനെതിരായി ചെളി വാരി എറിയാനുള്ള, കല്ലെറിയാനുള്ള ഈ വ്യഗ്രത അവസാനിപ്പിക്കണം എന്ന് ഞാൻ അദ്ദേഹത്തോടും അപ്പുറത്ത് ഇരിക്കുന്ന മററ് ആളുകളോടും അപേക്ഷിക്കുകയാണ്. ശ്രീ. ബാലൻ വൈദ്യർ മറെറാരു കല്ല് ഇവിടെ എറിഞ്ഞു. കൃഷി വകുപ്പ് മന്ത്രിക്കെതിരായി എറിഞ്ഞ കല്ല് എന്താണെന്ന് അറിയാമോ? ഇവിടെ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നു എന്ന് പറഞ്ഞിട്ടാണ് അദ്ദേഹം കല്ലെറിഞ്ഞത്. വെളിച്ചെണ്ണയും കൊപ്രയും ഇവിടെ ഇറക്കുമതി ചെയ്യുന്നില്ല. O.G.L.-ൽ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്നില്ല. ഇത് ഡ്യൂട്ടി ഫ്രീ ആക്കില്ല എന്ന് കേന്ദ്ര മന്ത്രിമാർ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടും ശ്രീ. ബാലൻ വൈദ്യർക്ക് അത് മനസ്സിലാക്കാൻ കഴിയുന്നില്ല. ശ്രീ. ബാലൻ വൈദ്യർ എന്തെങ്കിലും ഒക്കെ പറഞ്ഞ് ഇവിടെ ഒരു പുകമറ സൃഷ്ടിച്ച് ഈ ഗവൺമെൻറ് കേര കർഷകർക്ക് എതിരാണ് എന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അത് ഇവിടെ വിലപ്പോകില്ല. ഈ രാജ്യത്തെ ജനങ്ങൾ ബോധവാൻമാരാണ്. ഈ കാര്യങ്ങളെല്ലാം കൃഷിക്കാർക്ക് അറിയാം. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് ഈ സംസ്ഥാനത്ത് കാർഷികരംഗത്ത് എന്തൊക്കെ ചെയ്തു എന്ന് പരിശോധിക്കാൻ നാമൊക്കെ ബാദ്ധ്യസ്ഥരാണ്. ഉൽപ്പാദനരംഗത്ത് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ പരിശോധിക്കണം. നാളികേരം 1991-92-ൽ 464 കോടി ആയിരുന്നു. 1992-93-ൽ 524 കോടിയായി അത് വർദ്ധിച്ചു. കുരുമുളക് 50309 ടണ്ണിൽനിന്ന് 53,829 ടണ്ണായി വർദ്ധിച്ചു. അടയ്ക്ക 1,300 കോടിയിൽനിന്ന് 1,330 കോടിയായി വർദ്ധിച്ചു; റബ്ബർ 3·4 ലക്ഷം ടണ്ണിൽനിന്ന് 3·7 ലക്ഷം ടണ്ണായി വർദ്ധിച്ചു. കോഫി 20,000 ടണ്ണിൽനിന്ന് 25,000 ടണ്ണായി വർദ്ധിച്ചു. കാർഷികരംഗത്ത് വരുത്തിയ മാററങ്ങളുടെ ഫലമായിട്ടാണ് ഉൽപ്പാദനം ഈ രംഗങ്ങളിലൊക്കെ വർദ്ധിച്ചത്. അത് കണക്കിലെടുക്കാൻ ആരും തയ്യാറല്ല. ഗ്രൂപ്പ് ഫാമിംഗിനെക്കുറിച്ച് പറഞ്ഞു. ഗ്രൂപ്പ് ഫാമിംഗ് തകർന്നിരിക്കുകയാണെന്നാണ് അവരുടെ ആക്ഷേപം. ഗ്രൂപ്പ് ഫാമിംഗ് തകർന്നിട്ടുണ്ടോ എന്ന് പരിശോധിക്കണം. ഗ്രൂപ്പ് ഫാമിംഗ് തകർന്നിട്ടില്ല; എന്നു മാത്രമല്ല ആ രംഗത്ത് അഭൂതപൂർവ്വമായ മാററങ്ങളുണ്ടാക്കാനും ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ പരമ്പരാഗത നെല്ല് ഉൽപ്പാദന കേന്ദ്രങ്ങളായ മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിലുള്ള പാടശേഖരങ്ങൾക്ക് ബണ്ട് നിർമ്മിക്കാനും മോട്ടോർ വാങ്ങിക്കാനും തോടുകളുടെ ആഴവും വീതിയും കൂട്ടാനുമൊക്കെ അഞ്ചുകോടി രൂപ ഈ ഗവൺമെൻറ് അനുവദിക്കുകയുണ്ടായി. ഉൽപ്പാദനം വർദ്ധിപ്പിക്കാനും, കൃഷിച്ചെലവ് കുറയ്ക്കാനും ആവശ്യമായ നടപടികൾ ഈ ഗവൺമെൻറ് സ്വീകരിച്ചു എന്നുള്ളതിൽ ഇന്ന് അവർ സംതൃപ്തരാണ്; പ്രത്യേകിച്ചും കേരളത്തിലെ നെൽക്കൃഷിക്കാർ.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഒന്നുരണ്ടു് കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ടു് അവസാനിപ്പിക്കാം. ഈ ഗവൺമെൻറിനെപ്പററി പറയുന്നവർ അൽപ്പമൊക്കെ ആത്മാർത്ഥമായി കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടുവേണം പറയാൻ. ഇന്ത്യയിൽ ആദ്യമായിട്ടാണ് നമ്മുടെ സംസ്ഥാനത്ത് ഒരു കാർഷിക നയം പ്രഖ്യാപിച്ചത്. ഐക്യ ജനാധിപത്യ മുന്നണി ഗവൺമെൻറ് ആണ് ഒരു കാർഷിക നയം ആദ്യമായി പ്രഖ്യാപിച്ചത്. കേന്ദ്രത്തിൽ ഒരു കാർഷിക നയം പ്രഖ്യാപിക്കുന്നതിനു മുമ്പുതന്നെ അത് ഇവിടെ പ്രഖ്യാപിക്കുകയും പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുകയുമാണ്. ആ കാർഷിക നയത്തിൻെറ അടിസ്ഥാനത്തിലാണ് കേരളത്തിൽ എല്ലാ രംഗങ്ങളിലും മാററങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. അത് കണക്കിലെടുക്കാനും വിലയിരുത്താനും തയ്യാറാകാതെ അതുമിതും പറഞ്ഞ് ജനങ്ങളെ തെററിദ്ധരിപ്പിക്കുന്ന ഈ നിലപാടിൽ നിന്ന് നിങ്ങൾ പിൻതിരിയണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. കേരകർഷകരെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറ് 27,500 ഹെക്ടർ സ്ഥലത്ത് കേര കൃഷി പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. 87,500 തെങ്ങുകൾ മുറിച്ചുമാററി അതിനുപകരം തെങ്ങിൻതൈകൾ വിതരണം ചെയ്ത് കൃഷിക്കാരെ സഹായിക്കുകയുണ്ടായി. അതുപോലെതന്നെ ആ രംഗത്ത് 34 കോടി രൂപ ഈ ഗവൺമെൻറ് കഴിഞ്ഞ വർഷം ചെലവഴിക്കുകയുണ്ടായി. കേരകൃഷിക്കാരെ സംബന്ധിച്ചിടത്തോളം, ഇവിടെ പറഞ്ഞതുപോലെ നാളികേരത്തിന് വിലയിടിവാണ്. അതിന് പല കാരണങ്ങളുമുണ്ട്. അത് നിങ്ങൾ സമ്മതിക്കുമെന്നു വിശ്വസിക്കുന്നു. പക്ഷേ അതേയവസരത്തിൽ കേരകർഷകരെ സഹായിക്കാൻ ഈ ഗവൺമെൻറ്—ഐക്യ ജനാധിപത്യമുന്നണി ഗവൺമെൻറ്—വളരെ ആത്മാർത്ഥമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കുരുമുളകിൻെറ കാര്യം ഞാൻ പറയാം. കുരുമുളകിന് വളരെക്കാലമായി രോഗം ബാധിച്ച് കൃഷിക്കാർ വളരെയേറെ കഷ്ടപ്പെടുകയും ദുരിതം അനുഭവിച്ചുകൊണ്ടിരിക്കുകയുമാണ്. എല്ലാ ഭാഗത്തുനിന്നും ഈ അഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി. അത് കണക്കിലെടുത്തുകൊണ്ടു് ഈ രോഗം തടയുന്നതിനുവേണ്ടി 15 കോടി രൂപ ചെലവുവരുന്ന ബൃഹത്തായ പദ്ധതികൾ ഈ ഗവൺമെൻറ് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. എൻെറ നിയോജകമണ്ഡലത്തെപ്പററി ഒന്നുരണ്ടു് കാര്യങ്ങൾ കൂടി പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കാം. വൈക്കം നിയോജകമണ്ഡലം ഒരു കാർഷിക പ്രദേശമാണ്. അവിടെയുള്ള എല്ലാ തെങ്ങുകളും—വൈക്കം നിയോജകമണ്ഡലത്തിൽ മാത്രമല്ല, താലൂക്കുകളിലും—കേട് ബാധിച്ചവയാണ്. അവിടെ ഒട്ടനേകം പാടശേഖരങ്ങളുണ്ട്. അതിൽ മുക്കാൽഭാഗവും കരിനിലങ്ങളാണ്. ആ കരിനിലങ്ങൾ നേരെയാക്കാൻ, കൂടുതൽ നെല്ല് ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ പരിപാടികൾ നടപ്പിലാക്കാൻ ഗവൺമെൻറ് തയ്യാറായിരിക്കുകയാണ്. അവിടെ കരിനിലങ്ങളെ സംബന്ധിച്ചിടത്തോളം അവ നേരെയാക്കാൻ കരിനില ഏജൻസികൾ ഈ ഗവൺമെൻറ് രൂപീകരിച്ചിട്ടുണ്ട്. എങ്കിലും വൈക്കം നിയോജകമണ്ഡലത്തിലെ ആയിരക്കണക്കിന് ഏക്കർ വരുന്ന കരിനിലങ്ങൾക്ക് ഇതിൻെറ പ്രയോജനം അൽപ്പംപോലും ലഭിച്ചിട്ടില്ലെന്ന് പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. അതിനാൽ അതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ ടി.വി. പുരം പഞ്ചായത്തിൽ കരിയാർ സ്ലൂയിസ്-കം-ബ്രിഡ്ജ് നിർമ്മിക്കാനുള്ള ഇൻവെസ്ററിഗേഷൻ വളരെക്കാലമായി നടന്നുവരികയാണ്. അവിടെ ടെമ്പററി ബണ്ട് ആണ് ഇട്ടിരിക്കുന്നത്. ആ ബണ്ടിന് വർഷംതോറും ഗവൺമെൻറിന്

LIBRARY ARCHIVES Kerala Legislative Assembly

നാലഞ്ച് ലക്ഷം രൂപ ആവർത്തനച്ചെലവ് വന്നുകൊണ്ടിരിക്കുകയാണ്. അതൊരു സ്ഥിരം സ്ലൂയിസ് കം ബ്രിഡ്ജ് ആക്കുകയാണെന്ന് ഉണ്ടെങ്കിൽ പതിനായിരക്കണക്കിന് ഏക്കർ കരിനിലം നേരെയാക്കി എടുക്കാനും ഉല്പ്പാദനം വർദ്ധിപ്പിക്കാനും കഴിയും. അത് ഇറിഗേഷൻ ഡിപ്പാർട്ടുമെൻറാണ് ചെയ്യേണ്ടത് എന്ന് എനിക്കറിയാം. എങ്കിലും ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിനേയും പൊതുമരാമത്ത് വകുപ്പിനേയും കോ-ഓർഡിനേററ് ചെയ്തുകൊണ്ട് ആ പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടികൾ കൃഷി വകുപ്പുമന്ത്രി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മറെറാരു കാര്യം എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്, അതും ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിൻെറ നേതൃത്വത്തിൽ നടക്കുന്ന പണി ആണെങ്കിലും മൂവാററുപുഴ റിവർവാലി പ്രോജക്ടിൻെറ ഭാഗമായി എൻെറ നിയോജകമണ്ഡലത്തിൽ ഒരു ചെക്ക് ഡാം നിർമ്മിക്കാനുള്ള ഇൻവെസ്ററിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. ആ ചെക്ക് ഡാം നിർമ്മിച്ചാൽ അഞ്ച് പഞ്ചായത്തുകളിൽ ഉപ്പുവെള്ളം കയറി അവിടെയുള്ള നെൽക്കൃഷി നശിക്കും, തെങ്ങ്കൃഷിക്ക് ദോഷം ചെയ്യും. അതുകൊണ്ട് കൃഷി വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് അതിൽ അങ്ങ് ഇനീഷ്യേററീവെടുത്ത് ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാരും മന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്ത് ആ ചെക്ക് ഡാം അവിടെ നിർമ്മിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ്. ചെക്ക് ഡാം നിർമ്മിക്കുന്നത് ഇറിഗേഷൻ ഡിപ്പാർട്ടുമെൻറാണെങ്കിലും ആ ചെക്ക് ഡാം നിർമ്മിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന ദോഷഫലം ജനങ്ങൾ അനുഭവിക്കുമെന്നുള്ളതുകൊണ്ട്, പ്രത്യേകിച്ച് കൃഷിക്കാർ അനുഭവിക്കുമെന്നുള്ളതുകൊണ്ട് ആ ചെക്ക് ഡാമിൻെറ ഇൻവെസ്ററിഗേഷൻ നടപടികൾ നിർത്തിവെയ്ക്കാനുള്ള നടപടികൾ സ്വീകരിക്കാൻ അങ്ങ് മുൻകൈ എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മൂവാററുപുഴ റിവർവാലി സ്കീമിൻെറ ഭാഗമായിട്ടാണ് ചെക്ക് ഡാം അവിടെ നിർമ്മിക്കുന്നത്. ആ ചെക്ക് ഡാം അവിടെ വന്നാൽ അത് കൃഷിക്കാരെ ബാധിക്കും. നാലഞ്ച്പഞ്ചായത്തിലെ ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. അതുകൊണ്ട് അത് അവിടത്തെ കൃഷിക്കാരെ ദോഷകരമായി ബാധിക്കുമെന്നുള്ളതുകൊണ്ട് അങ്ങ് മുൻകൈ എടുത്ത് ഇറിഗേഷൻ വകുപ്പുമന്ത്രിയുമായി സംസാരിച്ച് ആ ചെക്ക് ഡാമിൻെറ ഇൻവെസ്ററിഗേഷൻതന്നെ നിർത്തിവയ്പ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവർത്തിച്ച് അഭ്യർത്ഥിക്കുകയാണ്.

ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ പ്രൊഫ. മീനാക്ഷി തമ്പാൻ അവരുടെ പ്രസംഗത്തിൽ ഈ ഗവൺമെൻറിനെപ്പററിയും ഇപ്പുറത്തിരിക്കുന്ന ഞങ്ങളെപ്പററിയുമൊക്കെ ഒരു ചെറിയ പരാമർശം നടത്തുകയുണ്ടായി. അതിന് മറുപടി മുഖ്യമന്ത്രി പല പ്രാവശ്യം നിയമസഭയിൽ പറഞ്ഞിട്ടുള്ളതാണെങ്കിലും ഒരു കാര്യം ഞാൻ പറയട്ടേ. ഞങ്ങൾ തമ്മിൽ തല്ലിപ്പിരിയുമെന്ന ധാരണ, അതുകണ്ട് പനിക്കേണ്ട എന്നു മാത്രമാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്. ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ടാകും. ആ കട്ടിൽകണ്ട് പനിക്കേണ്ട എന്ന് പ്രൊഫ. മീനാക്ഷി തമ്പാനോടും നിങ്ങളോടും ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഞങ്ങൾ തല്ലിപ്പിരിയുകയൊന്നുമില്ല. ഞങ്ങൾക്ക് അഭിപ്രായങ്ങൾ പലതുമുണ്ടാകും. അഭിപ്രായ പ്രകടനങ്ങൾ നടത്തും. അത് ഞങ്ങൾ തമ്മിൽ സംസാരിച്ച് അവസാനിപ്പിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുമുമ്പ് പലപ്പോഴും ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടുമുണ്ട്. അത് അവസാനിപ്പിച്ചിട്ടുമുണ്ട്. ഞങ്ങൾ യോജിച്ചിട്ടുമുണ്ട്. അത് ഒരു ജനാധിപത്യ സംഘടന എന്നുള്ള നിലയിൽ, ജനാധിപത്യത്തിൽ ഉറച്ച് നില്ക്കുന്ന ഒരു മഹത്തായ സംഘടന എന്നുള്ള നിലയിൽ അതിലെ മെമ്പർമാർക്ക് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുക സാധാരണമാണ്. അതൊക്കെ ഞങ്ങൾ തീർത്തുകൊള്ളാം. നിങ്ങൾ ആ കാര്യത്തിൽ ഇടപെടേണ്ട എന്നു മാത്രമാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ടി. ശിവദാസമേനോൻ: സർ, ഇത് വളരെ നിർഭാഗ്യകരമായി പോയി. കാരണം, അദ്ദേഹം ഒരു മുൻ മന്ത്രിയാണ്. കാൽ നൂററാണ്ടി ലധികമായിട്ട് അസംബ്ലി മെമ്പറാണ്, എന്റെ സുഹൃത്താണ്. ഇത്രയും പ്രധാനപ്പെട്ട ആൾ—അജ്ഞത മനുഷ്യനിൽ ക്ഷന്തവ്യമാണ്—അതു പ്രകടിപ്പിക്കാതിരിക്കാനുള്ള വിവേകമെങ്കിലും കാണിക്കണം. കായംകുളം തെർമൽ സ്റേറഷൻ സ്ഥാപിക്കാൻവേണ്ടി ആയിരം ഏക്കർ കായൽ ഫാം എൻ. ടി. പി.സി.-യ്ക്ക് കൊടുത്തു. അത് ബഹുമാനപ്പെട്ട വി. വി. രാഘവൻ കൃഷി വകുപ്പുമന്ത്രി ആയിരുന്നപ്പോൾ തന്നെയാണ് കൊടുത്തത്. ആ കായംകുളം ഫാമിൽ തൊഴിലെടുത്തുകൊണ്ടിരുന്ന എല്ലാ തൊഴിലാളികളേയും ഗവൺമെൻറ് അബ്സോർബ് ചെയ്തു. ആ മീററിംഗിൽ എല്ലാ പാർട്ടിക്കാരും ഉണ്ടായിരുന്നു. ശ്രീ. രമേശ് ചെന്നിത്തലയും ഒപ്പിട്ടിട്ടുണ്ട്. എ. ഐ ടി. യു. സി.-യും സി.ഐ.ടി.-യുംഎല്ലാം ഒപ്പിട്ടിട്ടുണ്ട്. കായൽ ഫാം എൻ.ടി.പി സി.-യ്ക്ക് കൊടുത്തതുകൊണ്ടാണ് ഇപ്പോൾ കായംകുളം എന്ന് പറയാനെങ്കിലും അവസരമുണ്ടായത്. അത് ലാൻഡ് യൂട്ടിലൈസേഷൻ ആക്ടിന് എതിരായിപ്പോയി എന്നു പറഞ്ഞത് വിവരക്കേടായിപ്പോയി.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ശ്രീ. ശിവദാസമേനോൻ ഇത്രയും വില കുറഞ്ഞ ഒരു പരാമർശം ഇവിടെ നടത്തുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. ഞാൻ പറഞ്ഞത് ഇവിടെ ഭൂമി കൺവർട്ട് ചെയ്യുന്നത് നിയമ വിരുദ്ധ മാണെന്നാണ്. കേരള ലാൻഡ് യൂട്ടിലൈസേഷൽ ഓർഡർ അനുസരിച്ച് വിരുദ്ധമാണ്. അങ്ങനെ വിരുദ്ധമായ ഒരു കാര്യത്തിൽ അന്നത്തെ കൃഷി വകുപ്പുമന്ത്രി ഇടപെട്ടു എന്നാണ് എന്റെ ആരോപണം. അത് നിഷേധിക്കാൻ നിങ്ങൾക്ക് കഴിയില്ല. എന്റെ വിവരക്കേടിനേക്കാൾ ഒരു വലിയ വിവരക്കേടാണ് ശ്രീ. ശിവദാസമേനോൻ ഇവിടെ പറഞ്ഞത്. കേരള ലാൻഡ് യൂട്ടിലൈസേഷൻ ഓർഡറിനെ ധിക്കരിച്ചു പ്രവർത്തിച്ച ആൾ ശ്രീ. വി. വി. രാഘവനാണ് എന്നും എന്നിട്ട് ഞങ്ങളെ കുററം പറയുന്ന ഏർപ്പാട് അവസാനിപ്പിക്കണം എന്നുമാണ് ഞാൻ പറയുന്നത്.

(ബഹളം)

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞത് താപ നിലയത്തിന് കൊടുത്തു എന്നുള്ളത് നല്ലത്, പക്ഷേ ലാൻഡ് യൂട്ടിലൈസേഷൻ ആക്ടിന് എതിരാണെന്നാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: സർ, താപ നിലയത്തിന് ഭൂമി കൊടുത്തതിൽ ഞാൻ എതിരല്ല. ഈ തെററിദ്ധാരണ മാററണ്ടെ? ഞാൻ അസംബ്ലിയിൽ വന്നിട്ട് 25 കൊല്ലമായോ 40 കൊല്ലമായോ എന്നുള്ളതല്ല പ്രശ്നം. 40 കൊല്ലമായിട്ട് നിയമസഭയിലേക്ക് മത്സരിച്ച് ഇവിടെ വന്ന ആളാണ് ഞാൻ. അതിനെപ്പററിയൊന്നും പരാമർശിക്കാൻ ശ്രീ. ശിവദാസമേനോൻ ആളായിട്ടില്ല. ശ്രീ. ശിവദാസമേനോൻ എന്റെ

LIBRARY ARCHIVES Kerala Legislative Assembly

ആത്മാഭിമാനത്തെ ചോദ്യം ചെയ്യാൻ ആയിട്ടില്ല. അങ്ങയെപ്പോലെ മഹാനായ ഒരു വ്യക്തി ഇത്രയും ബാലിശമായ ഒരു പരാമർശം നടത്തിയത് ശരിയല്ല. (ബഹളം)

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്. ഈ കൃഷി വകുപ്പുമന്ത്രിക്ക് യഥാർത്ഥത്തിൽ ഈ നിയമസഭയിൽ വകുപ്പ് മന്ത്രിയായി വകുപ്പ് കൈകാര്യം ചെയ്യാൻ ജനാധിപത്യപരമായും ധാർമ്മികമായും അവകാശമില്ല. തൃശ്ശൂരിലെ സ്പെഷ്യൽ കോടതിയിൽ ഹാജരായി ജാമ്യം വാങ്ങി ഇറങ്ങിയതാണ്. ഇപ്പോൾ കുറെത്തിന് വിധേയനായ അദ്ദേഹത്തെ വിചാരണ ചെയ്യാൻ ഇരിക്കുന്നതേയുള്ളു. ഒരുപക്ഷേ അദ്ദേഹത്തെ ഈ സഭ നടന്നുകൊണ്ടിരിക്കുമ്പോഴോ അല്ലെങ്കിൽ അതിനുശേഷമോ കോടതിയിൽ വിളിച്ചുവരുത്തി, വിചാരണ നടത്തും. മൂന്നുവർഷക്കാലം കഠിന തടവ് ശിക്ഷ കൊടുക്കാനുള്ള കുററം ചെയ്തിരിക്കുന്ന മന്ത്രിയാണ് കൃഷി മന്ത്രി. അതുകൊണ്ട് ജനാധിപത്യപരമായി ധാർമ്മികമായി ശ്രീ. പി. പി. ജോർജ് മാസ്ററർക്ക് ഈ സഭയിൽ മന്ത്രിയായിട്ടിരിക്കാനുള്ള യോഗ്യത നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. അത്തരത്തിലുള്ള മന്ത്രിയുടെ കീഴിൽ ആ വകുപ്പ് അതിനനുസരിച്ചുതന്നെ ഇരിക്കും എന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ മൂന്നുവർഷക്കാലം നമ്മുടെ സംസ്ഥാനത്ത് കാർഷിക രംഗം വളരെയധികം ശക്തിപ്പെട്ടിരിക്കുന്നു എന്നാണ് ഭരണപക്ഷത്തുള്ള പലരും ഇവിടെ വിശേഷിപ്പിച്ചിരിക്കുന്നത്. ഇതിനുവേണ്ടി കണ്ടുപിടിച്ച ഒരു കാര്യം കാർഷിക നയം പ്രഖ്യാപിച്ചു എന്നുള്ളതാണ്. ഒരു നയം പ്രഖ്യാപിക്കുന്നതിലല്ല പ്രശ്നം. ഒരു വിവരമില്ലാത്തവർക്കും നയം പ്രഖ്യാപിക്കാം. പക്ഷേ ഈ സംസ്ഥാനത്തെ കാർഷിക രംഗത്തെ ഇന്നത്തെ അവസ്ഥ എന്താണ് സർ? കാർഷിക രംഗത്ത് എന്തെങ്കിലും മാററം ഉണ്ടാക്കാൻ ഈ വകുപ്പ് കൈകാര്യം ചെയ്തിട്ടുള്ള മന്ത്രിക്ക് സാധിച്ചിട്ടുണ്ടോ, അദ്ദേഹത്തിന്റെ വകുപ്പിന് സാധിച്ചിട്ടുണ്ടോ? നമ്മുടെ കേരളത്തിലെ പ്രധാന കൃഷികളിലൊന്നാണ് നെൽക്കൃഷി. മററുകൃഷികൾ നാളികേരം, റബ്ബർ, കുരുമുളക്, ഏലം, മഞ്ഞൾ തുടങ്ങിയവയാണ്. ഇതിൽ നെൽക്കൃഷി എടുക്കാം. 1991-ൽ 5,59,450 ഹെക്ടർ കൃഷി ഭൂമി കേരളത്തിലുണ്ടായിരുന്നു. അവിടത്തെ ഉൽപ്പാദനം 16·52 ലക്ഷം ടൺ ആണ്, 1991-92-ൽ അത് 5,41,327 ഹെക്ടറായി. അതായത് 18,123 ഹെക്ടർ നെൽക്കൃഷി ഭൂമിയുടെ അളവിൽ കുറവ് സംഭവിച്ചു. ഉൽപ്പാദനം 16·11 ലക്ഷം ടണ്ണായിട്ട് കുറഞ്ഞു. 1992-93-ൽ 5,37,608 ഹെക്ടറായിട്ട് വീണ്ടും ഭൂമിയുടെ അളവ് കുറഞ്ഞു. ഉൽപ്പാദനം 16·4 ലക്ഷം ടൺ. 1993-94 വർഷത്തിൽ കേരളത്തിലെ നെല്ലിന്റെ ഉൽപ്പാദനം എത്രയാണ്? ഈ നിയമസഭയിൽ ഈ വിഷയത്തെക്കുറിച്ച് ചോദിച്ച ചോദ്യത്തിന് നിങ്ങൾക്ക് ഉത്തരം നൽകാൻ സാധിച്ചില്ലല്ലോ. എന്തുകൊണ്ടാ നിങ്ങൾക്ക് സാധിക്കാതെ വന്നത്? 7-2-1994-ൽ ഉത്തരം നൽകേണ്ടിയിരുന്ന 774-ാം നമ്പർ ചോദ്യത്തിന് നിങ്ങൾക്ക് മറുപടി തരാൻ സാധിച്ചില്ല. 1993-94 വർഷത്തെ ഉൽപ്പാദനം എത്ര എന്നുപോലും പറയാൻ ഇവിടത്തെ വകുപ്പുമന്ത്രിക്ക് കഴിയാത്ത അവസ്ഥയിൽ ഉൽപ്പാദനം കുറഞ്ഞിരിക്കുകയാണ് എന്നുള്ളത് വ്യക്തമാണ്. നെൽക്കൃഷിയുടെ അവസ്ഥയാണിത്. ഇനി ഒരു കാര്യം കൂടി പറയാം. നെൽക്കൃഷി തന്നെ എടുത്താൽ പമ്പിംഗ് സബ്സിഡി 276 ലക്ഷം രൂപ കൊടുക്കാൻ ബാക്കിയാണ്. 276 ലക്ഷം രൂപ സർക്കാരിന്റെ കണക്കാണ്. രാസവളം സബ്സിഡി ഒരു വർഷമായിട്ട് കുടിശ്ശികയാണ്. കാലവർഷക്കെടുത്തികൊണ്ട് നാശനഷ്ടം സംഭവിച്ച

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാർക്ക് കഴിഞ്ഞ ഒരു വർഷക്കാലമായിട്ട് നാശനഷ്ടത്തിന്റെ സഹായം കൊടുത്തിട്ടില്ല. പ്രധാനമന്ത്രിയുടെ പ്രത്യേക കാർഷിക വികസന പദ്ധതിപ്രകാരം 1174 പദ്ധതിക്കും അനുമതി നൽകി. അതിൽ 1994-ൽ പൂർത്തിയാക്കിയത് എത്രയാണ്, വെറും 100 എണ്ണം. 18·46 കോടി രൂപയാണ് കേന്ദ്രം അനുവദിച്ചത്. അതിൽ ഉപയോഗിച്ചത് 15·38 കോടി രൂപ മാത്രം. ഇതു സംബന്ധിച്ചാണ് വൻതോതിലുള്ള ക്രമക്കേട് ഉണ്ടായിട്ടുള്ളത്. എത്ര പരാതികൾ ബഹുമാനപ്പെട്ട മന്ത്രിക്ക് അയച്ചു. നിങ്ങൾക്ക് ഒരു പരാതിയെങ്കിലും വായിച്ചുനോക്കി അന്വേഷണത്തിന് ഉത്തരവിടാൻ സാധിച്ചോ? നിങ്ങൾ നിങ്ങളുടെ പ്രൈവറ്റ് സെക്രട്ടറിക്ക് ഫോർവേഡ് ചെയ്യുന്നു. പ്രൈവറ്റ് സെക്രട്ടറിക്ക് ഫോർവേഡ് ചെയ്യലല്ല ഒരു മന്ത്രിയുടെ ഉത്തരവാദിത്വം എന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾക്ക് ഈ കാർഷിക രംഗത്തെ കുറിച്ച് എന്താണ് നിശ്ചയമുള്ളത്? എന്തായിരുന്നു നിങ്ങളുടെ സമീപനം? നിങ്ങൾക്ക് അയയ്ക്കുന്ന ഏതെങ്കിലും പരാതിയെക്കുറിച്ച് അന്വേഷിക്കാൻ നിങ്ങൾ തയ്യാറായോ? കൃഷിക്ക് സംഭവിക്കുന്ന രോഗബാധ, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ തുടങ്ങിയവയ്ക്ക് നൽകുന്നതിനുവേണ്ടിയുള്ളതായിരുന്നു വിള ഇൻഷ്വറൻസ് പദ്ധതി. നിങ്ങൾ എല്ലാ വർഷത്തിലും നിങ്ങളുടെ പ്രഖ്യാപനത്തിൽ പറഞ്ഞല്ലോ വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമെന്ന്, മൂന്നു വർഷക്കാലമായിട്ട് നിങ്ങൾക്ക് നടപ്പിലാക്കാൻ സാധിച്ചോ? ശ്രീ. ശിവദാസമേനോനെ കുററം പറയാൻ വേണ്ടി ശ്രീ. കെ. കെ. ബാലകൃഷ്ണൻ മുതിരുന്നുണ്ടല്ലോ. കേരളത്തിൽ പ്രഖ്യാപിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ? രാസവളത്തിന് ഈ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ നാലുപ്രാവശ്യം വില വർദ്ധിപ്പിച്ചില്ലേ? അതിന്റെ സബ്സിഡി മുക്കാൽ പൈസ കൊടുത്തോ? തെങ്ങിന്റെ വേരുചീയൽ കാരണം 100 കോടി നാളികേരം കേരളത്തിൽ നശിച്ചിട്ടുണ്ട്. കേരളത്തിന്റെ കാർഷിക രംഗത്തിന്റെ ഉദ്ധാരണം ഉൾപ്പിച്ചിരിക്കുന്ന നമ്മുടെ പി. പി. ജോർജ് മാസ്ററരേ, 100 കോടി നാളികേരമാണ് ചീഞ്ഞു നശിച്ചുകൊണ്ടിരിക്കുന്നതെന്ന് അറിയാമോ? നാളികേരത്തിന് സംഭവിച്ചിട്ടുള്ള ഗുരുതരമായ രോഗമാണ് വേരുചീയൽ. ഇതിന്റെ ഫലമായി നഷ്ടം സംഭവിക്കുന്നത് ഒരു വർഷത്തിൽ 100 കോടി നാളികേരമാണ്. ഇവിടെ നമ്മുടെ വയനാട്ടിലെ ശ്രീ. കെ. രാഘവൻ മാഷാണെന്നു തോന്നുന്നു, ഉൽപ്പാദനം വർദ്ധിച്ചതാണ് നാളികേരത്തിന് വില ഇടിയാൻ കാരണമെന്ന് കണ്ടുപിടിച്ചിരിക്കുകയാണ്. എന്റെ മാസ്ററരേ, നിങ്ങൾ പഠിപ്പിക്കുന്ന കുട്ടികളുടെ അവസ്ഥ എന്തായിരിക്കും? നാളികേരത്തിന് വില കൂടാൻ ശ്രീ. രാഘവൻ മാസ്ററർ കണ്ടുപിടിച്ചിരിക്കുന്ന ഒരു വിദ്യ ഉൽപ്പാദനം കുറയ്ക്കണമെന്നുള്ളതാണ്. ഇത് കാർഷിക രംഗത്തുള്ള പ്രശ്നമാണോ? കുരുമുളകിന്റെ കാര്യത്തിൽ മാഷ് പറഞ്ഞല്ലോ ഇപ്പോൾ ഇവിടെ വില വർദ്ധിച്ചു എന്ന്. ഇത് സ്ഥിരമാണോ? കുരുമുളകിന്റെ ഉൽപ്പാദനം പകുതി കണ്ടു കുറഞ്ഞില്ലേ. ദ്രുതവാട്ടം എന്ന രോഗം കൊണ്ട് പുൽപ്പള്ളി കത്തിക്കരിഞ്ഞില്ലേ? ഇതിനെക്കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും പറയാൻ സാധിച്ചോ? നെല്ല് സംഭരിച്ച്

3 p.m.] കുത്തി അരിയാക്കി മാർക്കററിൽ വിൽപ്പന നടത്തുന്നതിനു വേണ്ടി ഒരു കോടി രൂപ ബഡ്ജററിൽ വച്ചു. 1992-93 വർഷത്തിൽ നെല്ലുസംഭരണത്തിന്റെ കാര്യത്തിലും പ്രഖ്യാപനം മാത്രമല്ലാതെ അത് പ്രയോഗത്തിൽ വന്നിട്ടുണ്ടോ? പാഡി ബോർഡിന്റെ രൂപീകരണം സംബന്ധിച്ചും നിങ്ങൾ പ്രഖ്യാപിച്ച പ്രഖ്യാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അല്ലാതെ എന്തെങ്കിലും നടപ്പിൽ വന്നോ? സ്മാൾ ഫാർമേഴ്സ് അഗ്രിക്കൾച്ചറൽ ബിസിനസ് കൺസോർഷ്യം രൂപീകരിക്കും എന്ന് നിങ്ങൾ പ്രഖ്യാപിച്ചിട്ട് രണ്ടു വർഷം ആയില്ലേ. നിങ്ങൾക്ക് രൂപീകരിക്കാൻ സാധിച്ചോ? കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്നതിനുവേണ്ടി റഗ്യുലേറ്റഡ് മാർക്കറ്റിംഗ് സിസ്റ്റം നടപ്പിലാക്കും എന്നു പറഞ്ഞു, ആ സിസ്റ്റം ഇതുവരെ നടപ്പിലാക്കിയിട്ടില്ലല്ലോ. നിങ്ങൾ ഈ രംഗത്ത് പറഞ്ഞ കാര്യങ്ങൾ ചെയ്തുവെന്നാണല്ലോ പറയുന്നത്. 1992-93 വർഷത്തിൽ മൃഗസംരക്ഷണത്തിനുവേണ്ടി 976.187 ലക്ഷം നീക്കിവച്ചതിൽ ചെലവഴിച്ചത് 553.186 ലക്ഷം രൂപയാണ്. ക്ഷീരവികസനത്തിന് 350 ലക്ഷം രൂപ നീക്കിവച്ചപ്പോൾ ചെലവഴിച്ചത് 260 ലക്ഷം രൂപയാണ്. 1993-94 വർഷത്തിൽ മൃഗസംരക്ഷണം എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 1401.50 ലക്ഷം രൂപ നീക്കിവച്ചിട്ട് ഈ ജനുവരി 31 വരെ ചെലവഴിച്ചത് 438.83 ലക്ഷം രൂപയാണ്. ക്ഷീര വികസനത്തിന് 628 ലക്ഷം രൂപ നീക്കിവച്ചപ്പോൾ ചെലവഴിച്ചത് 307.7 ലക്ഷം രൂപയാണ്. പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന, അംഗീകരിക്കപ്പെട്ടിരിക്കുന്ന ബഡ്ജറ്റിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന കാര്യങ്ങൾപോലും ചെയ്യാൻ നിങ്ങൾക്ക് പ്രാപ്തിയുണ്ടായിരുന്നില്ല. അത് ചെയ്യാൻ ഈ മന്ത്രിസഭയ്ക്ക് കഴിഞ്ഞില്ല; പ്രത്യേകിച്ചും ഈ കൃഷി വകുപ്പ് മന്ത്രിക്ക് സാധിച്ചില്ല. കാർഷിക ബഡ്ജറ്റിൽ കേന്ദ്ര സബ്സിഡിയെ സംബന്ധിച്ച് പറയുന്നു. 1993-94 വർഷത്തിൽ 3629.86 ലക്ഷം രൂപ കേന്ദ്രസഹായം അനുവദിച്ചതിൽ ചെലവഴിച്ചത് 1487.38 ലക്ഷം രൂപ ആണ്. ഇത് മൂന്നിലൊന്നുമാത്രമാണ്. കേന്ദ്രഗവൺമെൻറ് കാർഷിക വികസനത്തിനുവേണ്ടി അനുവദിച്ചിട്ടുള്ള സഹായത്തിൻെറ മൂന്നിലൊന്ന് മാത്രമാണ് നിങ്ങൾക്ക് ഉപയോഗിക്കാൻ സാധിച്ചിട്ടുള്ളത്. 1993-94 വർഷത്തിലുത്തന്നെ ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ മാത്രമായി ചെലവഴിക്കേണ്ട പദ്ധതികൾ 56 എന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന് അനുവദിച്ചത് 6839 ലക്ഷം രൂപയാണെങ്കിൽ 1994 ജനുവരി 31 വരെ നിങ്ങൾ ചെലവഴിച്ചത് 3275.49 ലക്ഷം രൂപയാണ്. അതായത് അനുവദിച്ചതിൻെറ പകുതിപോലും ചെലവഴിച്ചില്ല.

നമ്മുടെ സംസ്ഥാനത്തെ കൃഷിഭവൻെറ അവസ്ഥ എന്താണ്? കൃഷിഭവനുകൾ ഇന്ന് നോക്കുകുത്തികൾ അല്ലേ. കൃഷി ഓഫീസർമാർ മുട്ടയും ആംലറ്റും അടിച്ച് നിൽക്കുകയാണ്. വല്ല പണിയും ഉണ്ടോ? കാർഷികരംഗത്ത് ഉൽപ്പാദനം നോക്കേണ്ട കൃഷി ഓഫീസർമാരുടെ അവസ്ഥ എന്താണ്. കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി പുതിയ ജലസേചന പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ടു കൃഷിക്ക് വെള്ളം കൊടുത്തുകൊണ്ട് കൃഷിക്കാരെ ഉദ്ധരിക്കാൻ നിങ്ങൾക്ക് സാധിച്ചോ? ഇന്ന് കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ പ്രധാനപ്പെട്ട പ്രശ്നം എന്താണ്. എല്ലാ കാർഷികോൽപ്പന്നങ്ങളുടേയും വില ഇടിയുന്നു എന്നുള്ളതാണ്. ആ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിച്ചിൽ തടയാൻ ഒരു കാര്യവും ചെയ്യാൻ ഈ ഗവൺമെൻറിന് സാധിച്ചിട്ടില്ല. കേരളം നാളികേരം ഉൽപ്പാദിപ്പിക്കുന്ന ഇന്ത്യയിലെ ഏററവും പ്രധാനപ്പെട്ട സംസ്ഥാനമാണ്. ചിലർ പറയുന്നത് കേട്ടു ആന്ധ്രയിലും കർണ്ണാടകത്തിലും തമിഴ്നാട്ടിലുമൊക്കെ നാളികേരം ഉൽപ്പാദിപ്പിക്കുന്നതു കൊണ്ട് കേരളത്തിലെ നാളികേരത്തിൻെറ മാർക്കറ്റ് പോയി എന്ന്. നാളികേരത്തിൻെറ മാർക്കറ്റ് ഉണ്ടാക്കാൻ ഈ ഗവൺമെൻറ് എന്തെങ്കിലും ചെയ്തോ? തമിഴ്നാട്, കർണ്ണാടക ഗവൺമെൻറുകൾ കൊപ്രയ്ക്കും, തേങ്ങയ്ക്കും സംഭരണത്തിന് നിശ്ചയിച്ചിരുന്ന സെയിൽസ് ടാക്സ്

LIBRARY ARCHIVES Kerala Legislative Assembly

4 ശതമാനം ഉള്ളത് പിൻവലിച്ച് എല്ലാ കൊപ്ര വ്യാപാരികളേയും അങ്ങോട്ടേക്ക് ആകർഷിച്ചപ്പോൾ എന്തായിരുന്നു കേരളത്തിലെ ഗവൺമെൻറ് ചെയ്തത്? അതിൽ എങ്കിലും കേരളത്തിൻെറ താൽപ്പര്യം സംരക്ഷിക്കത്തക്ക നിലയിൽ ഒരു നിലപാട് സ്വീകരിക്കാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ടോ? ഇവിടെ എല്ലാ കാർഷികോൽപ്പന്നങ്ങളുടേയും വില ഇടിഞ്ഞുകൊണ്ടിരിക്കുന്നു. നാളികേരത്തിൻെറ വിലയിടിച്ചിലാണ് പ്രധാനമായിട്ട് വന്നിട്ടുള്ളത്. പ്രധാനമായും ബോംബെ ലോബി ഇവിടെ ഉണ്ടാക്കിയിട്ടുള്ള കൃത്രിമ ക്ഷാമമാണ്. 500 കോടിയിലധികം നാളികേരം ഒരു വർഷം കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നു. മുപ്പതു ലക്ഷം നാളികേര കൃഷിക്കാർ കേരളത്തിൽ ഉണ്ട്. കേരളത്തിൻെറ റവന്യൂ വരുമാനത്തിൻെറ വലിയ ഒരു ഭാഗം അതാണ്. ആ നാളികേരോൽപ്പാദനം വർദ്ധിപ്പിച്ച് അത് കയററുമതി ചെയ്യുകയോ ഇവിടുത്തെ വ്യവസായ ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുകയോ ചെയ്തുകൊണ്ട് നമ്മുടെ കേരളത്തിൻെറ താൽപ്പര്യം സംരക്ഷിക്കാൻ ഫലപ്രദമായ ഒരു നടപടിയും സ്വീകരിക്കാൻ ഈ മൂന്നു വർഷംകൊണ്ട് ഈ ഗവൺമെൻറിന് സാധിച്ചില്ല. ഓപ്പൺ ജനറൽ ലൈസൻസ് ഉപയോഗിച്ച് ഇപ്പോൾ വൻതോതിൽ നാളികേരവും കൊപ്രയും ഇറക്കുമതി ചെയ്യുകയാണ്. (ബ്രിട്ടൻ നാളികേരം ഉൽപ്പാദിപ്പിക്കുന്ന രാജ്യമല്ല. ഒരു നാളികേരത്തിന് ലണ്ടൻ മാർക്കററിൽ 42 രൂപയാണ് വില.) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നാളികേരം വ്യവസായികൾക്ക് നൽകി കേരളത്തിൻെറ മാർക്കററ് സംരക്ഷിക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കാൻ സാധിച്ചിരുന്നുവെങ്കിൽ ഈ അപകടം സംഭവിക്കുമായിരുന്നില്ല. ഭക്ഷ്യ എണ്ണകൾ ഓപ്പൺ ജനറൽ ലൈസൻസ് പ്രകാരം ഇറക്കുമതി ചെയ്യുമ്പോൾ അതിന് എക്സൈസ് ഡ്യൂട്ടി കൊടുക്കേണ്ട. ആ ഇറക്കുമതി തീരുവ ഇറക്കുമതി ചെയ്യുന്ന കൊപ്രയുടെ മേൽ ചുമത്തിയിരുന്നുവെങ്കിൽ ഇവിടെ ഇറക്കുമതി ചെയ്യാൻ ഈ വ്യവസായികൾക്ക് സാധിക്കുമായിരുന്നില്ല. ഓപ്പൺ ജനറൽ ലൈസൻസ് ഉപയോഗിച്ച് തീരുവ കൊടുക്കാതെ കൊപ്ര ഇവിടെ ഇറക്കുമതി ചെയ്യാൻ കേന്ദ്ര ഗവൺമെൻറ് അനുമതി കൊടുത്തു. ഒ. ജി. എൽ. സ്കീം അനുസരിച്ച് ഇറക്കുമതി ചെയ്യാൻ പററുന്ന ഭക്ഷ്യ എണ്ണകളുടെ കൂട്ടത്തിൽ, ഭക്ഷ്യ വസ്തുക്കളുടെ കൂട്ടത്തിൽ നാളികേരത്തേയും കൊപ്രയേയും പെടുത്തി. അതിൻെറ ഫലം കൂടിയാണ് നമ്മൾ ഇപ്പോൾ അനുഭവിച്ചു കൊണ്ടിരിക്കുന്നത്. കേന്ദ്രഗവൺമെൻറിൽ സമ്മർദ്ദം ചെലുത്താൻ നമുക്ക് എല്ലാം ഒന്നിച്ച് പ്രവർത്തിക്കാം എന്ന് നിങ്ങളോട് പറഞ്ഞപ്പോൾ തികച്ചും നിഷേധാത്മകമായ ഒരു സമീപനം നിങ്ങൾ കൈക്കൊണ്ടു. യഥാർത്ഥത്തിൽ ഒരു ഗവൺമെൻറ് കൈക്കൊള്ളാൻ പാടില്ലാത്തതുപോലും നിങ്ങൾ കൈക്കൊണ്ടു. അവസാനം ഈ സഭയിൽ തന്നെ അംഗമായിട്ടുള്ള ശ്രീ. സി. പി. ബാലൻ വൈദ്യർ അങ്ങയോട് അഭ്യർത്ഥിച്ചു ഞങ്ങളുടെ ചെലവിൻെറ കാശ് ഞങ്ങൾ കൊടുക്കാം. കേരളത്തിലെ കൃഷിക്കാരുടെ പ്രശ്നങ്ങൾ നമുക്ക് കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്തണം എന്ന്. അവിടേയും നിങ്ങൾ കാണിച്ചത് നിഷേധാത്മകമായ ഒരു സമീപനമായിരുന്നു. കേരളത്തിലെ നാളികേര കൃഷി എന്തായാലും നിങ്ങൾക്ക് പ്രശ്നമല്ലാ, കേരളത്തിലെ സമ്പത്ത് നശിച്ചുപോയാലും നിങ്ങൾക്ക് പ്രശ്നമല്ല. നിങ്ങൾ കേരളത്തിലെ നാളികേരത്തിൻേറയും കൊപ്രയുടേയും പ്രശ്നങ്ങൾ പരിഹരിക്കാൻ കുറേ ഏജൻസികളെ ഉണ്ടാക്കിയിട്ടുണ്ടല്ലോ കേരഫെഡ്, കേരവികസനകോർപ്പറേഷൻ, കേന്ദ്ര ഗവൺമെൻറിൻെറ കേരബോർഡ് എന്നീ മൂന്ന് ഏജൻസികൾക്ക് പുറമെ വീണ്ടും ചില ഏജൻസികൾ ഉണ്ട്. അതെല്ലാം കൂടി ചേർന്ന് എന്താണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരഫെഡ്ഡും നാളികേരവികസന

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷനും കേരബോർഡും നാളികേരകൃഷിക്കാരെ സഹായിക്കാൻ വേണ്ടി എന്തെങ്കിലും ചെയ്തിട്ടുണ്ടോ? കേന്ദ്രഗവൺമെൻറിൻെറ ഒരു ചെയർമാനെപോലും കേരബോർഡിൽ നിശ്ചയിക്കാൻ സാധിച്ചിട്ടില്ല. ഹോർട്ടികൾച്ചറിൻെറ ജനറൽ മാനേജർ ഡോക്ടർ കെ. എം. കൗളിനെ പിടിച്ച് ഇതിൻെറ ചെയർമാൻ ആക്കി അവരോധിച്ചിരിക്കുകയാണ്. അതിൻെറ ബോർഡ് മീററിംഗ് പോലും ചേരാറില്ല. നാളികേര കൃഷിക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധിക്കാനുള്ള, നാളികേര വികസനകോർപ്പറേഷൻെറ കഥ എടുക്കൂ. എത്രകോടിയാണ് തുലച്ചിരിക്കുന്നത്. നാളികേരം—കൊപ്ര എത്രയാണ് സംഭരിച്ചിരിക്കുന്നത്. 1992-93, 1993-94 വർഷത്തിൽ നാളികേര വികസനകോർപ്പറേഷനും കേരഫെഡ്ഡും ചെറിയ തോതിൽ മാത്രമേ കൊപ്ര സംഭരിച്ചുള്ളു. നാലു ലക്ഷം ടൺ കൊപ്ര ഇവിടെ ഉൽപ്പാദിപ്പിക്കുമ്പോൾ 1992-93-ൽ കേരഫെഡ്ഡും മററും സംഭരിച്ചത് ഇരുപതിനായിരം ടൺ ആണ്. കേരഫെഡ്ഡും നാളികേരവികസനകോർപ്പറേഷനും കൂടി ചേർന്ന് 22 കോടി രൂപ തുലച്ചിരിക്കുന്നു. അത് നോക്കാൻ ഗവൺമെൻറിനോ ഇവർക്ക് ആർക്കെങ്കിലുമോ സമയമുണ്ടോ. ഇ. ഇ. സി.-യുടെ സഹായത്തോടുകൂടി ആണ് കേരഫെഡ്ഡ് രൂപീകരിച്ചത്. ആ കേരഫെഡ്ഡിന് 100 കോടി രൂപ കൊടുക്കാൻ യൂറോപ്യൻ രാഷ്ട്രങ്ങൾ തയ്യാറായിരുന്നു. 100 കോടി കൊടുക്കേണ്ട സ്ഥാനത്ത് അവർ 50 കോടി കൊടുത്തു, ഇപ്പോൾ അവരെല്ലാം പറയുന്നത് കേരഫെഡ്ഡിൽ അഴിമതിയാണ്, ധൂർത്താണ്, പിടിച്ചുപറിയാണ് നടക്കുന്നത് അതുകൊണ്ട് പണം തരാൻ സാധിക്കുകയില്ല എന്നാണ്. ഇ. ഇ. സി.-ക്ക് കാശ് തിരിച്ചു കൊടുക്കാൻ വയ്യാത്ത അവസ്ഥ വന്നിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിൻെറ വിഷയമാണ്. കേരളത്തിൻെറ പ്രധാന വിഷയം എന്നുള്ള നിലയിൽ നാളികേരത്തിൻെറ പ്രശ്നം പരിഹരിക്കാൻ ഇനിയെങ്കിലും ഗവൺമെൻറ് മുന്നോട്ടുവരണം. കൃഷിക്കാരെ സഹായിക്കുന്ന നിലപാട് ഗവൺമെൻറ് സ്വീകരിച്ചിട്ടില്ല. കൃഷിക്കാർക്ക് ഈ ഗവൺമെൻറ് ഇലക്ട്രിസിററി ചാർജ് 50 പൈസ ആക്കി. തമിഴ്നാട്, കർണ്ണാടകം തുടങ്ങിയ സംസ്ഥാനങ്ങളിൽ ഇലക്ട്രിസിററിക്ക് 100 ശതമാനം സബ്സിഡിയാണ്. സർ, തമിഴ്നാട്ടിൽ പമ്പ്സെററിന് 1500 രൂപ നൽകിയാൽ ബാക്കി മുഴുവൻ സംഖ്യ ഗവൺമെൻറ് സബ്സിഡിയാണ്. പഞ്ചാബും, ഹരിയാനയും, യു. പി.-യും ബീഹാറും കൃഷിക്കാർക്ക് വൻതോതിൽ സബ്സിഡി കൊടുത്ത് അവരുടെ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നു. ഇവിടത്തെ കൃഷിക്കാർക്ക് സഹായങ്ങൾ ഒന്നും കിട്ടുന്നില്ല. അത്തരത്തിൽ കേരളത്തിലെ കൃഷിക്കാർ അങ്ങേയററം ദുരന്തങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെൻറിൻെറ വലിയ നേട്ടങ്ങളിൽ ഒന്നായി പറഞ്ഞത് പെൻഷൻ ആണ്. ഞാൻ ചോദിക്കട്ടെ നമ്മുടെ ശ്രീ. ജോർജ്ജ് മാഷ് ജീവിച്ചിരിക്കുന്ന ഘട്ടത്തിൽ ആർക്കെങ്കിലും ഒരാൾക്ക് പെൻഷൻ കൊടുക്കുമോ? 30 വർഷം കഴിഞ്ഞാൽ കൊടുക്കുന്ന പെൻഷൻെറ കണക്കാണ് പറഞ്ഞത്. ആ പെൻഷൻെറ കണക്ക് ജോർജ് മാഷേ ഞാൻ നിങ്ങൾക്ക് ബോദ്ധ്യപ്പെടുത്തിത്തരാം. 30 വയസ് കുറവ് പ്രായമുള്ള കൃഷിക്കാർ വർഷംതോറും 100 രൂപ അടച്ചാൽ 30 കൊല്ലം കഴിയുമ്പോൾ അദ്ദേഹത്തിൻെറ പണംകൊണ്ടുതന്നെ എന്താണ് നിങ്ങൾ പറയുന്നതെല്ലാം കൊടുക്കാം. ആ പൈസ കൊണ്ടുമാത്രം ആയിരമല്ല രണ്ടായിരം ഉറുപ്പിക പെൻഷനും കൊടുക്കാം. ഈ പെൻഷൻ പദ്ധതി ആരെ പററിക്കാൻ വേണ്ടിയിട്ടാണ്. ഇത് ആർക്കെങ്കിലും കൊടുക്കുമോ? കർഷകത്തൊഴിലാളി ക്ഷേമനിധി പദ്ധതി അനുസരിച്ച് 55 വയസ് കഴിഞ്ഞ മുഴുവൻ കർഷകത്തൊഴിലാളികൾക്കും പെൻഷനുണ്ട്. ഭേദഗതി വരുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഇത് ഗൗരവമുള്ള ചോദ്യമാണ്. ഇന്നത്തെ നിലയിൽ മുന്നോട്ട് പോയാൽ 60 വയസ്സു വരെ കൃഷിക്കാർ ജീവിച്ചിരിക്കില്ല എന്നത് കൊണ്ടല്ലേ ശ്രീ. ജോർജ് മാഷ് ഈ പെൻഷൻ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ജോർജ് മാഷ് ഭരിച്ചു ഭരിച്ച് നമ്മുടെ കൃഷിക്കാരെ ഒരു പരുവത്തിലാക്കിത്തീർത്തിരിക്കയാണ്. മറ്റൊരു നേട്ടം ചിങ്ങമാസം 1-ാം തീയതി കർഷകദിനം, 9 അവാർഡ കൾ എന്നിവയാണ്. മാഷേ, 9 അവാർഡുകൾ ഉണ്ടായിരുന്നോ? 7 അവാർഡിനേ ആളുള്ളു. 9 അവാർഡ് പ്രഖ്യാപിച്ചു, അതിൽ 7 അവാർഡേ കൊടുത്തിട്ടുള്ളു. 2 അവാർഡിന് ആളില്ല. 9 അവാർഡിന്റെ കഥ അറിയാമോ? പതിനായിരക്കണക്കിന് അപേക്ഷകരാണ് ഉള്ളത്. ഒരാൾ 100 രൂപ ഫീസ് കൊടുക്കണം അങ്ങനെ 10 ലക്ഷം ഉറുപ്പിക പിരിച്ചു. കൊടുക്കുന്നത് എത്രയാണ്. പറയുന്ന പ്രഖ്യാപനം അനുസരിച്ച് ആകെ കൊടുത്താലും നാലര ലക്ഷമേ വരുകയുള്ളു. ആ നിലയിലും അഞ്ചര ലക്ഷം വീണ്ടും മിച്ചം. ഇതല്ലേ നിങ്ങളുടെ പരിപാടി. ഇവിടെ ഗവൺമെന്റ് പ്രഖ്യാപിക്കുന്ന കാര്യങ്ങൾ കൃഷിക്കാർക്ക് ലഭിക്കുന്നില്ല. അതിനുള്ള ചില ഉദാഹരണങ്ങൾ ഞാൻ പറയാം. പത്തനാപുരത്ത് ഏററവും വലിയ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് കടക്കാമൺ ദേശീയ വാട്ടർ ഷെഡ് പദ്ധതി. അത് എൺപത്തിഒൻപതു ലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂററി എഴുപത്തിമൂന്ന് രൂപയുടെ പദ്ധതിയാണ്. കൃഷി, മണ്ണുസംരക്ഷണം, മൃഗസംരക്ഷണം, വനവൽക്കരണം, ക്ഷീരവികസനം ഇതൊക്കെ ഇതിൽപ്പെടും. ഇത് 8-ാം പദ്ധതിയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഇതിൽ വൻതോതിലുള്ള വെട്ടിപ്പ് നടന്നു, അഴിമതി നടന്നു. ഇതു സംബന്ധിച്ച് പരാതി കൊടുത്തു. അന്വേഷണത്തിന് തയ്യാറായോ? അത് എന്തു കൊണ്ടെന്നറിയാമോ? കർഷക കോൺഗ്രസ്സിന്റെ പിറവന്നൂർ മണ്ഡലം പ്രസിഡൻറാണ് ഈ സമിതിയുടെ കൺവീനർ. ആ കൺവീനർ നടത്തിയ അഴിമതിയെ സംബന്ധിച്ച് നിങ്ങൾക്ക് പരാതി വന്നില്ലേ? എന്തെങ്കിലും നടപടി എടുത്തോ? ഞാൻ കൊടുത്ത പരാതിയെപ്പററി അന്വേഷിച്ചിട്ടുണ്ടോ? കരുനാഗപ്പള്ളിയിൽ കേരഫെഡ്ഡിന്റെ ഒരാവുശാലയുണ്ട്. അവിടെ നമ്മുടെ സംസ്ഥാനത്തിന്റെ പണം കൊള്ളയടിക്കാൻ വേണ്ടി അവിടെ ലക്ഷക്കണക്കിനുള്ള കാലിച്ചാക്ക് നശിപ്പിച്ച് ആ സ്ഥാപനത്തിന്റെ എം. ഡി.-യും മററും നടത്തിയ ധൂർത്ത് സംബന്ധിച്ച് ഞാൻ പരാതി കൊടുത്തു. എനിക്ക് അതിന് ഒരു മറുപടി തരാനുള്ള മാന്യത പോലും കാണിച്ചിട്ടില്ല. ഈ തരത്തിൽ നമ്മുടെ സംസ്ഥാനത്ത് യഥാർത്ഥത്തിൽ നടക്കുന്നത് അനുവദിക്കപ്പെടുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് കൊടുക്കുകയില്ല ഇടത്തട്ടുകാരും സമിതി കൺവീനർമാരെന്നും പറയുന്ന രാഷ്ട്രീയ ഭിക്ഷാംദേഹികൾക്ക്, മാസ്ററുടെ ഗ്രൂപ്പിൽപ്പെടുന്ന ആളുകൾക്ക് പണം ഉണ്ടാക്കുന്നതിനുള്ള ഉപാധിയായി മാററിയിരിക്കുന്നു എന്നുള്ളതിന് ഉദാഹരണമാണ് പിറവന്നൂരിൽ നടന്നിട്ടുള്ളത്. കടക്കാമൺ ദേശീയ വാട്ടർ ഷെഡ് പദ്ധതിയിൽ നടന്നിട്ടുള്ള അഴിമതിയെക്കുറിച്ച് അന്വേഷിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഒരു വനിതാ അഗ്രിക്കൾച്ചറൽ അസിസ്ററൻറ് ഡയറക്ടറെ സസ്പെൻഡ് ചെയ്തു. എന്താ കാരണം? അതിന് 3 കാരണങ്ങളാണ്. ഒന്ന്, ഐക്കരക്കോണം ഗ്രൂപ്പ് ഫാമിംഗ് സമിതി കൺവീനർ കൃഷിക്കാർക്ക് കക്ക നൽകണം. കക്ക നൽകാതെ 15,000 ഉറുപ്പികയ്ക്ക് കക്ക നൽകി എന്നു പറഞ്ഞ് പണം തട്ടി എടുത്തു. ഈ അഗ്രിക്കൾച്ചറൽ അസിസ്ററൻറ് ഡയറക്ടർ ഇത്

LIBRARY ARCHIVES Kerala Legislative Assembly

പരിശോധനയിൽ കണ്ടെത്തി കൃഷിക്കാരെ വിളിച്ചുവരുത്തി ഇദ്ദേഹത്തെ ക്കൊണ്ട് കക്ക കൊടുപ്പിച്ചു. അവിടത്തെ കർഷക കോൺഗ്രസ്സിന്റെ നേതാവ്, കോൺഗ്രസ് ഐ.-യുടെ, ജോർജ് മാഷിന്റെ സ്വന്തം ഗ്രൂപ്പിന്റെ നേതാവ്—അഴിമതി നടത്തി പ്രശ്നമില്ലല്ലോ. വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ അനുവദിച്ച കൃഷിക്കാർക്ക് സഹായതുക നൽകാതെ കള്ള ഒപ്പിട്ട്, കാശ് പററുക. പുനലൂർ കൃഷി ഭവനിലെ ഒരു ഫീൽഡ് ഓഫീസർ നടത്തിയിട്ടുള്ള അഴിമതിയാണ്. അവിടത്തെ കർഷക സംഘം ബഹുമാനപ്പെട്ട മന്ത്രിക്കും ബന്ധപ്പെട്ട അധികൃതർക്കും നിവേദനം കൊടുത്തു. ഇതിന് ഒരു അന്വേഷണവും നടത്തിയില്ല. ഇത് ആ അസിസ്ററൻറ് ഡയറക്ടർ മനസ്സിലാക്കി. കൃഷിക്കാർ ജാഥയായിട്ടു ചെന്ന് അവരോടു പറഞ്ഞു. അവർ പരിശോധിച്ചപ്പോൾ പണം കൊടുത്തി ട്ടില്ലെന്നു മനസ്സിലായി. അപ്പോഴാണ് ഈ ഫീൽഡ് ഓഫീസറെ വിളിച്ചുവരുത്തി കൃഷിക്കാർക്ക് പണം കൊടുക്കണമെന്നു പറഞ്ഞത്. അല്ലെങ്കിൽ നടപടി എടുക്കുമെന്നു പറഞ്ഞു. ഇതാണ് രണ്ടാമത്തെ കാര്യം. മൂന്നാമത്തേത് 75,000 ഉറുപ്പിക വിലവരുന്ന ടില്ലർ ഇവിടത്തെ കോൺഗ്രസ് നേതാവ് സമിതിയുടെ പേരിൽ വാങ്ങി സ്വന്തമാക്കി. അതു മാത്രമല്ല, സ്പ്രേയർ കൊടുത്തു. ആ സ്പ്രേയർ സ്വന്തമാക്കിയെന്നു മാത്രമല്ല, കൃഷിക്കാർ കൊടുത്ത അതിന്റെ വാടകയും വാങ്ങാൻ തുടങ്ങി. ഇത് ഇവടുത്തെ കൃഷിക്കാർ മനസ്സിലാക്കി. ഈ പ്രശ്നത്തെ സംബന്ധിച്ച് പരിശോധിച്ച് നടപടി എടുത്ത കൃഷി അസിസ്ററൻറ് ഡയറക്ടർക്ക് നിങ്ങൾ കൊടുക്കുന്നത് സസ്പെൻഷൻ. അതാണ് നിങ്ങൾ നൽകിയിട്ടുള്ളത്. അവർ ഒരു സ്ത്രീയാണ്. ഈ സംസ്ഥാനത്തെ കൃഷിക്കാർ അനുഭവിക്കുന്ന പ്രശ്നം നിരവധിയാണ്. വയനാട് ഇപ്പോൾ തിളച്ചുമറിയുകയാണ്. വയനാട്ടിൽ ഒരു സർവേ തുടങ്ങിയിരിക്കുന്നു. ഒററ കൃഷിക്കാരനും ഭൂമിയില്ലാതാക്കുന്ന സർവ്വേ. കൃഷിക്കാരന് ഭൂമിയുമില്ല, ആധാരവുമില്ല, രേഖയുമില്ല. അവിടെ ചില ഉദ്യോഗസ്ഥൻമാർ കാണിച്ചിട്ടുള്ള വെട്ടിപ്പിന്റെ ഫലമായിട്ടാണ് ഇത്. അവിടത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളും കർഷക സംഘടനകളും പ്രക്ഷോഭത്തിലാണ്. ഇവിടെ റീ സർവേ നടത്തണം. അവിടെ ഇപ്പോൾ നടന്നിട്ടുള്ള സർവേയിൽ വൻ വെട്ടിപ്പാണ് നടന്നിട്ടുള്ളത്. ഒരാളിനും ഭൂമിയില്ലാത്ത അവസ്ഥ വന്നിരിക്കുന്നു. ഇത്തരം പ്രശ്നങ്ങൾ മനസ്സിലാക്കി കൃഷിക്കാർക്ക് ആശ്വാസം കൊടുക്കാൻ കഴിയുന്ന ഒരു നിലപാട് സ്വീകരിക്കാൻ ഗവൺമെൻറിന് സാധിക്കുന്നില്ല. ഇവിടെ കൂട്ടുത്തരവാദിത്വമില്ലാത്ത ഒരു മന്ത്രി സഭ, ഇതിലെ പാർട്ടികൾ തമ്മിലടിച്ചുകൊണ്ടിരിക്കുന്നു. മന്ത്രി സഭയിലെ രണ്ടു മന്ത്രിമാർ രാജിവച്ചു. രണ്ട് എം. എൽ. എ.-മാർ രാജിവച്ചു. കോൺഗ്രസ് ഐ മൂന്നു പാർട്ടിയായിട്ട് തമ്മിലടിച്ചുകൊണ്ടിരിക്കുന്നു. വേറൊരു ഭാഗത്ത് മുസ്ലിം രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന പാർട്ടി മൂന്ന് ആയി. അതിലെ ഒരു നേതാവിന്റെ ഇപ്പോഴത്തെ പ്രധാന ജോലി മുഖ്യ മന്ത്രിയുടെ ചിത്രം വരയ്ക്കലാണ്. മുഖ്യമന്ത്രിയുടെ ചിത്രം വരച്ച് മുഖ്യമന്ത്രിയെ സന്തോഷിപ്പിക്കാൻ നടക്കുന്ന സമയത്ത് യുവജനനേതാവേ തകർന്നുപോയ പള്ളിയുടെ പടം വരയ്ക്കാൻ നോക്ക്. ആ ബാബറി പള്ളിയുടെ പടം. അതാണ് ഇവിടത്തെ മുസ്ലീം ലീഗ് എന്നു പറയുന്ന കക്ഷി. ഇവിടത്തെ കേരളാ കോൺഗ്രസ് രണ്ടായി. പിന്നീട് സി. എം. പി. ആണ്, അത് വയററിപ്പിഴപ്പിന്റെ പാർട്ടിയുമാണ്. പറഞ്ഞിട്ടെന്താ കാര്യം. ഈ സംസ്ഥാനത്തെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ ഗവൺമെൻറിന് സാധിച്ചിട്ടില്ല. കാർഷികരംഗം നശിപ്പിച്ചിരിക്കുകയാണ്. ഇവിടെ കൃഷി തകർന്നു, ആരോഗ്യം തകർച്ചയിലാണ്. നേരത്തെ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പറഞ്ഞ ഒരു കാര്യം വീണ്ടും ആവർത്തിക്കുകയാണ്. നമ്മുടെ ആരോഗ്യരംഗത്തെ ഗുരുതരമായ പ്രശ്നങ്ങൾ ഇവിടെ സൂചിപ്പിച്ചിട്ടുള്ളതാണ്. അത് പരിഹരിക്കണം. ആരോഗ്യരംഗം കുത്തഴിഞ്ഞു കിടക്കുന്നു. ഇത്തരത്തിലുള്ള ഒരു ഗവൺമെൻറിൻെറ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

വ്യക്തിപരമായ വിശദീകരണം

ശ്രീ. വി. വി. രാഘവൻ: സർ, ഇവിടെ ബഹുമാനപ്പെട്ട വൈക്കം മെമ്പർ ഞാൻ കൃഷിവകുപ്പുമന്ത്രിയായിരുന്നപ്പോൾ കെ. എൽ. യു. ഉത്തരവ് ലംഘിച്ചു എന്നു പറയുകയുണ്ടായി.

മി. സ്പീക്കർ: ആ രീതിയിലല്ല പറഞ്ഞത്.

ശ്രീ. വി. വി. രാഘവൻ: സർ, അത് രേഖയിലെടുക്കുക. എന്നാൽ എൻെറ സത്യം എനിക്ക് അറിയിക്കാൻ ഉള്ളത് 1966-ലെ കേരള ലാൻഡ് യൂട്ടിലൈസേഷൻ ഉത്തരവ് ബഹുമാനപ്പെട്ട മെമ്പർ വായിച്ചിട്ടില്ല. അതിൽ ആർ. ഡി. ഒ.-വിന് അധികാരം കൊടുക്കുന്നുണ്ട്, അതായത് ഗവൺമെൻറിൻെറ പൊതു ആവശ്യങ്ങൾക്ക് കൊടുക്കാനുള്ള അധികാരങ്ങൾ കൊടുക്കുന്നുണ്ട്. വസ്തുതകൾ ലംഘിച്ച ആളുകൾ ഇവിടെ ഇരിപ്പുണ്ട്. അത് ചൂണ്ടിക്കാണിക്കാനുള്ള ചങ്കൂറ്റമില്ലാതെ എൻെറ നേർക്ക് ഇങ്ങനെയൊരു ആരോപണം ഉന്നയിക്കുന്നത് ശരിയല്ല. ഞാനൊരു ലംഘനവും നടത്തിയിട്ടില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. ജോർജ്): സർ, കാർഷിക മേഖലയുടെ വളർച്ചയ്ക്കുവേണ്ടി ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും വന്ന അഭിപ്രായങ്ങൾ യഥാർത്ഥത്തിൽ ചാരിതാർത്ഥ്യ ജനകമായിരുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്തെല്ലാം പോരായ്മകൾ ഉണ്ടെങ്കിലും കാർഷികമേഖലയിലെ നേട്ടങ്ങൾ കൃഷിക്കാർ അംഗീകരിക്കാതിരിക്കുകയില്ല. പ്രധാനപ്പെട്ട വിളകൾക്ക് നാളികേരം ഒഴികെ സാമാന്യം ഭേദപ്പെട്ട വിലകിട്ടി. റബറിനും കുരുമുളകിനും അടയ്ക്കക്കും നല്ല വില ലഭിച്ചു എന്നുള്ള യാഥാർത്ഥ്യം ഈ സഭ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അതുമാത്രമല്ല, കൃഷിക്കാരെ മാനിക്കണം. കാർഷിക അഭിവൃദ്ധിക്ക് അംഗീകാരം നൽകണമെന്നുള്ള അഭിപ്രായത്തിന് വലിയ പ്രസക്തി വന്നു. കാർഷികമേഖലയിലെ പ്രശ്നങ്ങൾ രാഷ്ട്രീയത്തിന് അതീതമായി കണ്ടതുകൊണ്ട് കർഷകർ അതിന് എല്ലാവിധത്തിലുമുള്ള സഹകരണവും നൽകി. കർഷകരിൽ നിന്നുകിട്ടിയ പിന്തുണ, ജനപ്രതിനിധികളിൽ നിന്ന് കിട്ടിയ പിന്തുണ പ്രശംസിക്കാതിരിക്കാൻ വയ്യാ. അത്രമാത്രം കർഷകരുടെ പങ്കാളിത്തം കൃഷിവകുപ്പ് നടത്തിയ പരിപാടികളിലൂടെ ലഭ്യമായി.

ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ എടുത്തുപറഞ്ഞ ചില കാര്യങ്ങളുണ്ട്. ചിങ്ങം ഒന്നാം തീയതി കർഷകദിനമായിട്ട് ആചരിച്ചു. അതിൽ നിന്നും ഒരുകാര്യം വ്യക്തമായി. കാർഷികമേഖലയിലെ എല്ലാ കാര്യങ്ങളും കൃഷിക്കാരെ ഏൽപ്പിച്ചുകൊണ്ട്, കാർഷികരംഗത്തുതന്നെ ഇൻഡ്യയെ മാതൃകയാക്കിക്കൊണ്ടുള്ള ഒരു പ്രവർത്തനമാണ് ഗവൺമെൻറ് ചെയ്തത്. അതിലെ ഓരോ പദ്ധതിയും തെരഞ്ഞെടുക്കുന്നത് കർഷകർതന്നെയാണ്; പദ്ധതി നടത്തുന്നതും കർഷകർ തന്നെയാണ്, അത് വിജയകരമായി,

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നതിന്റെ ഗുണം ലഭ്യമാകുന്നതും കർഷകർക്കുതന്നെയാണ്. ആ പങ്കാളിത്തമാണ് കാർഷികമേഖലയിലെ ഏററവും വലിയ നേട്ടമായിട്ട് ഗവൺമെൻറ് കണക്കാക്കുന്നത്.

സർ, ഇവിടെ നെൽകൃഷിയെ സംബന്ധിച്ച് പറഞ്ഞു. നെൽകൃഷിക്കുവേണ്ടി ഇൻഡ്യാ രാജ്യത്ത് ആദ്യമായിട്ട്, കേരള ചരിത്രത്തിലാദ്യമായിട്ട് 1200 സ്കീമുകൾ എടുത്തുകൊണ്ട് അതിനൊരു നോമിനിയോ, കോൺട്രാക്ടറോ ഇല്ലാതെ കർഷകരെ ഏൽപ്പിച്ചുകൊണ്ട് പ്രവർത്തനം നടത്തുന്നു. ഇവിടെ പരാമർശിക്കപ്പെട്ട പ്രധാനമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി പ്രകാരം നമുക്ക് ലഭ്യമായ സ്കീമാണത്. അതുപോലെതന്നെ കുരുമുളകിന്റെ ദ്രുതവാട്ടത്തിനെതിരായിട്ട് രണ്ടു കൊല്ലം കൊണ്ട് ചെലവഴിക്കുന്നതിനുവേണ്ടി 12 കോടി രൂപയാണ് കർഷകരെ ഏൽപ്പിച്ചത്. അതിനുള്ള രാസപദാർത്ഥങ്ങളും ഉപകരണങ്ങളും വാങ്ങാൻ വേണ്ടി കുരുമുളക് സംരക്ഷണ സമിതിയെ ഏൽപ്പിച്ച് അവരാണ് ആ പ്രവർത്തനം നടത്തിയത്. അതുപോലെതന്നെ തൃശ്ശൂരിലെ കോൾനിലങ്ങളുടെ പ്രവർത്തനങ്ങൾ നടത്തിയത് കർഷകരുടെ പ്രതിനിധികളായ വികസന ഏജൻസിയാണ്. ആലപ്പുഴയിലെ കരിനിലങ്ങളുടെ പ്രവർത്തനങ്ങൾ നടത്തിയതും അവിടത്തെ കർഷക പ്രതിനിധികളടങ്ങുന്ന വികസന ഏജൻസിയാണ്. അടുത്തകാലത്ത് ഏററവും വലിയ രീതിയിൽ കോൾ കൃഷിക്കാർക്ക് ആശ്വാസം പകർന്നുകൊടുക്കുന്ന രീതിയിൽ 8 കോടി രൂപ കോൾ കൃഷി വികസന ഏജൻസികൾ ചെലവഴിച്ചു. കരിനില വികസന ഏജൻസി 1,15,00,000 രൂപയും ചെലവഴിച്ചു. അതുകൊണ്ട് കാർഷിക മേഖലയിൽ വളർച്ചയുണ്ടായി; ഒരു ചലനം ഉണ്ടായി. അതിന് കർഷകരെ അഭിനന്ദിക്കാനാണ് ഗവൺമെൻറ് മുന്നോട്ടു വരുന്നത്, അതിൽ ഈ സഭയിലെ എല്ലാവരും പങ്കുചേരുമെന്നുള്ള കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. ഒരൊററകാര്യം മാത്രം നോക്കിയാൽമതി. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞതുപോലെ അഗ്രികൾച്ചർ സെക്ടറിലെ ഗ്രോത്ത്റേററ് മാത്രം നോക്കിയാൽമതി. അതിന്റെ ഈ വർഷത്തെ കറണ്ട് പ്രൈസ് 4402 കോടി രൂപയാണ്. അതായത്, 5 ശതമാനം കാർഷിക വളർച്ചയുണ്ടായിരുന്നത് 9 ശതമാനമായി ഉയർന്നു. കാർഷികരംഗത്ത് ഇന്നുവരെ കാണാത്ത രീതിയിലുള്ള ഒരു സ്റ്റെബിലിററി ദൃശ്യമായി. അൽഭുതകരമായ വളർച്ചയും അതോടൊപ്പമുണ്ടായി. അത് കർഷകർക്ക് നേരിട്ട് അനുഭവപ്പെട്ടു. ഈ രംഗത്തുണ്ടായിട്ടുള്ള ഇൻക്രീസിംഗ് ട്രെൻറ് ഇതുമായി ബന്ധപ്പെട്ട എക്സ്പെർട്സിനെല്ലാം ബോദ്ധ്യമായി. അതിനെ എതിർക്കാൻ ആർക്കും സാദ്ധ്യമല്ല. ഈ സന്ദർഭത്തിൽ ഒരു കാര്യം ഞാൻ എടുത്തു പറയുകയാണ്, കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം ഇവിടെ വാദപ്രതിവാദങ്ങൾ നടന്നല്ലോ? നെല്ലിന്റെ ഉൽപ്പാദനക്ഷമത 2018 കിലോഗ്രാം പെർ ഹെക്ടർ വന്നു. ആദ്യമായിട്ടാണ് ഇത്ര വലിയ പ്രൊഡക്ടിവിററി വരുന്നത്. അതുപോലെതന്നെ നാളികേരത്തിന്റെ ഉൽപ്പാദനം 523 കോടി എണ്ണമുണ്ടായി. ഇത്രയും വലിയൊരു ഉൽപ്പാദനം ആദ്യമായിട്ടാണ്. അതുപോലെതന്നെ റബറിന്റെ ഉൽപ്പാദനം 3.7 ലക്ഷം ടൺ വന്നു. അതൊരു വലിയ പ്രൊഡക്ഷനാണ്. ഇവിടെ ശ്രീ. കെ. കെ. ബാലകൃഷ്ണൻ അടയ്ക്കയുടെ ഉൽപ്പാദനം 1330 കോടി വന്നത് ആദ്യമായിട്ടാണെന്ന് പറഞ്ഞു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, അഗ്രികൾച്ചർ സെക്ടറിൽ ഗ്രോത്ത്റേററ് വർദ്ധിച്ചുവെന്ന്. ഒന്നുരണ്ട് പ്രധാനകാര്യങ്ങൾകൂടി സൂചിപ്പിക്കുകയാണ്. നാളികേരത്തിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്കരണവും വിപണനവും വൈവിദ്ധ്യവൽക്കരണവും കൂട്ടിയിണക്കിക്കൊണ്ട് ഒരു സ്കീമിന് രൂപം കൊടുത്തിരിക്കുകയാണ്. മൂന്നുവർഷം കൊണ്ട് 210 കോടി രൂപ അതിനുവേണ്ടി ചെലവഴിക്കും. ഈ വർഷം 60 കോടി രൂപ ചെലവഴിക്കും. പഞ്ചായത്തുകൾതോറും നാളികേര വികസന സമിതികളുണ്ടാക്കിക്കൊണ്ട് കർഷകരുടെ പ്രവർത്തനം ഉറപ്പാക്കിക്കൊണ്ട്, അവരെക്കൊണ്ടായിരിക്കും ഈ സ്കീം നടത്തുന്നത്. അതിന് ജൂലൈ മാസം മുതൽ അടുത്ത ജൂൺ മാസം വരെ കോക്കനട്ട് ഡെവലപ്പ്മെൻറ് ഇയറായിട്ട് ആചരിക്കാൻ തീരുമാനിച്ചിരിക്കുന്നു. അതിൻെറ ഫലമായിട്ട് നാളികേര ഉൽപ്പാദനത്തിൽ ഒരു വലിയ വർദ്ധനവ് വരുത്താൻ സാധിക്കും. അതിൻെറ ഡൈവേഴ്സിഫിക്കേഷൻ നമ്മുടെ സംസ്ഥാനത്തിന് വലിയ ഗുണം ചെയ്യുമെന്ന് ഗവൺമെൻറിന് ഉറപ്പുണ്ട്. നെൽകൃഷിയുടെ കാര്യത്തിൽ പ്രധാനമന്ത്രിയുടെ പ്രത്യേകമായ പരിപാടി വച്ചുകൊണ്ടുള്ള സഹായ പദ്ധതികളുണ്ട്. കഴിഞ്ഞ വർഷത്തെ നാളികേര വർഷവുമായി ബന്ധപ്പെട്ട പരിപാടികൾ പൂർത്തിയായി. ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞ കാര്യത്തിൽ ഒരു ഉൽക്കണ്ഠയും വേണ്ട, തുടങ്ങിവച്ച പണികൾ പൂർത്തിയാക്കും, പുതിയ പണികൾ തുടങ്ങുന്ന കാര്യം ഗവൺമെൻറിൻെറ പരിഗണനയിലുമാണ്. ശ്രീ. കെ. കെ. ബാലകൃഷ്ണൻ പറഞ്ഞ വൈക്കം പദ്ധതിയും ശ്രീമതി അൽഫോൺസാ ജോൺ പറഞ്ഞ കുണ്ടറയിലെ സ്കീമും പുതിയ സ്കീമിലുള്ളത് ആണെങ്കിലും അത് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ രണ്ട് കാര്യങ്ങൾ നെൽകൃഷിയെക്കുറിച്ച് എടുത്തു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. പാലക്കാട് ഒന്നരലക്ഷം ഹെക്ടർ നെൽപ്പാടങ്ങളാണുള്ളത്. മഴയെ ആശ്രയിക്കാതെ ഇറിഗേഷൻ സാധിക്കുന്ന ഒരു ജില്ലയാണതെന്ന് എല്ലാ മെമ്പർമാർക്കുമറിയാം. എന്നാൽ ആലപ്പുഴയിലും മററും കിട്ടുന്ന പ്രൊഡക്ടിവിററി അവിടെ കിട്ടുന്നില്ല. അതിനുവേണ്ടി 20 കോടി രൂപയുടെ ഒരു സ്കീമിന് അന്തിമരൂപം കൊടുത്തുകൊണ്ടിരിക്കുകയാണ്. ആധുനികമായിട്ടുള്ള ശാസ്ത്ര സാങ്കേതിക മാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ട് പവർ ടില്ലറുകളും ട്രാക്ടറുകളും കൊടുത്തുകൊണ്ട് ഒരു വലിയ പ്രോജക്ട് പാലക്കാട് ജില്ലയിലെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആരംഭിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. അതുപോലെ വയനാട് ജില്ലയിൽ 20,000 ഹെക്ടറാണ് പാടശേഖരങ്ങളുടെ വിസ്തൃതി. അവിടെ ഒരു ക്രോപ്പ് മാത്രമേ ചെയ്യാൻ സാധിക്കുന്നുള്ളൂ. അതുകൊണ്ട് അവിടെ ഇറിഗേഷൻ സാദ്ധ്യതകൾ വിപുലമാക്കിക്കൊണ്ട് 5 കോടി രൂപ ചെലവഴിച്ച് വയനാട് ജില്ലയിലെ കർഷകരുടെ അഭിലാഷം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി ഗവൺമെൻറ് ഉദ്ദേശിക്കുകയാണ്.

അതുപോലെതന്നെ ഇവിടെ പമ്പിംഗ് സബ്സിഡിയെക്കുറിച്ച് പറഞ്ഞു. പമ്പിംഗ് സബ്സിഡിയിൽ അരിയേഴ്സ് വരരുത് എന്ന് ഇവിടെ പറഞ്ഞു. അതിനോട് പൂർണ്ണമായി യോജിക്കുകയാണ്. ഇപ്പോൾ കുറച്ച് അരിയേഴ്സ് വന്നിട്ടുണ്ട്. ഞാൻ അധികാരമേററെടുക്കുമ്പോഴും അരിയേഴ്സ് ഉണ്ടായിരുന്നു. ആ അരിയേഴ്സ് കൊടുത്തുവന്നപ്പോൾ ഇപ്പോൾ കുറച്ച് അരിയേഴ്സ് ഉണ്ടായി. ഇങ്ങനെ അരിയേഴ്സ് വരരുതെന്ന് എൻ. ഐ. ദേവസ്സിക്കുട്ടി ഉള്ളപ്പോൾ എപ്പോഴും പറയാറുണ്ട്. ശ്രീ. വി. വി. രാഘവനും ശ്രീ. വി. എം. സുധീരനും മററും പറഞ്ഞ ആശയങ്ങളോട് പൂർണ്ണമായി യോജിച്ചുകൊണ്ട് ആ അരിയേഴ്സ് പൂർണ്ണമായി കൊടുക്കാൻ ഗവൺമെൻറ് തയ്യാറാണ്. മാത്രമല്ല, പമ്പിംഗ് കോൺട്രാക്ട് സിസ്ററം അവസാനിപ്പിക്കും.

LIBRARY ARCHIVES Kerala Legislative Assembly

പമ്പിംഗ് സബ്സിഡി നൽകുന്ന കാര്യം സിംപ്ലിഫൈ ചെയ്യാം. ഇക്കാര്യം സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. അതിനുവേണ്ടി ഒരു റിപ്പോർട്ട് ചോദിച്ചിരിക്കുകയാണ്. വെറുതെ റിപ്പോർട്ട് ചോദിച്ച് താമസിപ്പിക്കാൻ വേണ്ടിയല്ല. റിപ്പോർട്ട് സെപ്റ്റംബർ 15-ാം തീയതിക്കുമുമ്പ് കിട്ടണമെന്ന് പറഞ്ഞിരിക്കുകയാണ്. റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഒരു മാസത്തിനകം ഇത് പ്രയോഗത്തിൽ വരുത്തുമെന്ന് ഞാൻ സഭയെ അറിയിക്കുകയാണ്.

സർ, കുട്ടനാട് ഡെവലപ്പ്മെൻറ് അതോറിറ്റിയുടെ കാര്യം ബഹുമാനപ്പെട്ട സി. കെ. ചന്ദ്രപ്പൻ മുമ്പ് ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ശ്രീ. കെ. കെ. ബാലകൃഷ്ണനും ശ്രീ. ചാഴികാടനും ഇന്ന് ഈ സഭയിൽത്തന്നെ പറയുകയുണ്ടായി. കുട്ടനാട് പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന 3 ജില്ലകളിലെ 79 വില്ലേജുകൾ കൂട്ടിച്ചേർത്ത് ഒരു ഇൻറഗ്രേറ്റഡ് അപ്രോച്ച് വേണം എന്നുള്ള കാര്യത്തെ സംബന്ധിച്ച് പണ്ട് ശ്രീ. എം. എൻ. ഗോവിന്ദൻനായർ കൃഷി വകുപ്പുമന്ത്രി ആയിരുന്നപ്പോൾ പറഞ്ഞ ആശയം ഞാൻ ഇന്നും ഓർക്കുന്നു. അദ്ദേഹത്തിൻെറ ആ പ്രസ്താവന സ്വീകരിച്ചുകൊണ്ട് കുട്ടനാട് ഡെവലപ്പ്മെൻറ് അതോറിറ്റി ഒരു മാസത്തിനുള്ളിൽ പ്രാവർത്തികമാക്കാൻ ഗവൺമെൻറ് തീരുമാനിച്ചിരിക്കുകയാണ്. അതിൻെറ ഫലമായി കാർഷിക മേഖലയും, മൃഗസംരക്ഷണ മേഖലയും ഡയറി സെക്ടറുമെല്ലാം കൂട്ടിച്ചേർത്തുകൊണ്ടുള്ള കുട്ടനാടിൻെറ വികസനം യാഥാർത്ഥ്യമാക്കും. 2 ഫാർമേഴ്സ് ട്രെയിനിംഗ് സെൻററുകൾ ഉണ്ടാകും. വിജ്ഞാനവ്യാപനം ഇന്ന് അപ്രത്യക്ഷമായി. പത്തുപതിനഞ്ചു കൊല്ലമായി കാർഷിക മേഖലയിൽ നിന്ന് ട്രെയിനിംഗ് ഇല്ലാതായിട്ട്. അതിന് ഈ ഗവൺമെൻറ് പാലക്കാട്ടും കോഴിക്കോട്ടും 2 ട്രെയിനിംഗ് സെൻററുകൾ ആരംഭിക്കും. ഒരു വർഷം പതിനായിരം പേർക്ക് ട്രെയിനിംഗ് നൽകും. മലബാറിലെ ജനങ്ങൾ വളരെ നാളുകളായി ആവശ്യപ്പെട്ടിരുന്ന കാര്യമാണ് ഒരു കാർഷിക കോളേജ് സ്ഥാപിക്കുക എന്നത്. മണ്ണുത്തിയിലും വെള്ളായണിയിലുമാണ് നമുക്ക് ഇപ്പോൾ കാർഷിക കോളേജ് ഉള്ളത്. 75 സീററ് മണ്ണുത്തിയിലും 75 സീററ് വെള്ളായണിയിലും ഉണ്ട്. എന്നാൽ 200 പേർക്കുകൂടി പഠിക്കാൻ സൗകര്യം ഉണ്ടാക്കണം എന്നാണ് കണക്കുകളിൽ നിന്നും കാണുന്നത്. കാസർകോട് ജില്ലയിൽ 30 പേർക്കെങ്കിലും പഠിക്കാൻ സാധിക്കുന്ന, മലബാറിലെ ജനങ്ങളുടെ അഭിലാഷം യാഥാർത്ഥ്യമാക്കിക്കൊണ്ട് ആ കാർഷിക കോളേജ് അവിടെ യാഥാർത്ഥ്യമാകാൻ പോകുന്നു. അഗ്രികൾച്ചറൽ സയൻസ് പഠിക്കുന്നവരെ ഇന്ന് ഡിപ്പാർട്ട്മെൻറിന് വേണം, കമ്പനികൾക്കും, ബാങ്കുകൾക്കും, എഡ്യൂക്കേഷൻ സെക്ടറുകൾക്കും വേണം. ആ ആവശ്യം കണക്കിലെടുത്തുകൊണ്ട് ഈ കാർഷിക കോളേജിൽ അഗ്രികൾച്ചറൽ സയൻസിൻെറ ഫോർ ഇയേഴ്സ് കോഴ്സ് ഈ വർഷം തുടങ്ങും. ഈ ആഗസ്ററ് മാസത്തിലോ സെപ്തംബർ മാസത്തിലോ തുടങ്ങാനാണ് നിശ്ചയിച്ചിരിക്കുന്നത്. ഇവിടെ വെററിനറി കോളേജിൻെറ കാര്യം പറഞ്ഞു. അത് വളരെ വിഷമമുള്ള ഒരു കാര്യമാണെന്ന് ഗവൺമെൻറിന് അറിയാം. ഞാൻ ഇവിടത്തെ ഫയലുകൾ പരിശോധിച്ചപ്പോൾ 120 പേർക്ക് പഠിക്കാൻ സാധിക്കുന്ന മണ്ണുത്തിയിലുള്ള കോളേജ് പോരാ എന്നു മനസ്സിലായി. ഒരു വെററിനറി കോളേജ് കൂടി വേണം, അതിൽ നമുക്ക് 400 പേരെ പഠിപ്പിക്കാൻ സാധിക്കണം. കാരണം വെററിനറി ഡോക്ടർമാരെ കെ. എൽ. ഡി.

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിനും മിൽമയ്ക്കും, ഡിപ്പാർട്ട്മെൻറിനും, യൂണിവേഴ്സിററിക്കും വേണം. മാത്രമല്ല 60 ശതമാനം സങ്കര വർഗ്ഗം പശുക്കളുള്ള ഈ സംസ്ഥാനത്ത് വെററിനറി കോളേജ് വേണം എന്ന് എഴുതിയ ഒരു ഫയൽ ഞാൻ കണ്ടു. ശ്രീ. വക്കം പുരുഷോത്തമനും ശ്രീ. കെ. പി. നൂറുദ്ദീനും അനുകൂലമായി എഴുതിയ ഫയലായിരുന്നു അത്. അത് യാഥാർത്ഥ്യമാക്കാൻ തീരുമാനിച്ചതിൻെറ ഫലമായി ശ്രീ. കെ. രാഘവൻ മാസ്ററർ ഉന്നയിച്ച വെററിനറി കോളേജിൻെറ തുടക്കത്തിലുള്ള പ്രവർത്തനം ഈ വർഷം തന്നെ നടക്കും. അടുത്ത വർഷം ആരംഭിക്കുന്ന രീതിയിൽ വെററിനറി കോളേജ് വയനാട് ജില്ലയിൽ സ്ഥാപിക്കുന്നതാണ്. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിററിയിലെ എക്സിക്യൂട്ടീവ് കമ്മിററി മെമ്പറായ ശ്രീ. ജോണി നെല്ലൂർ പറഞ്ഞു, ഡയറി സയൻസ് ആൻറ് ടെക്നോളജിയിൽ ഒരു പുതിയ കോഴ്സ് വേണം എന്ന്. മണ്ണുത്തിയിൽ 20 പേർക്ക് പഠിക്കാനുള്ള ഒരു ക്ലാസ്സ് മാത്രം ഗവൺമെൻറ് കഴിഞ്ഞവർഷം ആരംഭിച്ചതേയുള്ളു. എന്നാൽ നമുക്ക് ഇതിൻെറ ആവശ്യം വളരെ കൂടുതലായി വന്നിരിക്കുകയാണ്. ഇപ്പോൾ ഡയറി സയൻസ് ആൻറ് ടെക്നോളജിയുടെ ഫോർ ഇയേഴ്സ് കോഴ്സ് പഠിക്കണമെങ്കിൽ തിരുപ്പതിയിലോ ബാഗ്ലൂരോ പോകണം. നമുക്കാണെങ്കിൽ 300 പേരെ ആവശ്യമുള്ള ഒരു സാഹചര്യമാണ്. ഇന്നാണെങ്കിൽ ഡയറി ഡിഗ്രി പാസ്സായിട്ടുള്ളവർ ഡിപ്പാർട്ട്മെൻറിൽ പതിനഞ്ചോ ഇരുപതോ പേർ മാത്രമേയുള്ളു. അതുകൊണ്ട് ഈ സഭയുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ട് ഡയറി സയൻസ് ആൻറ് ടെക്നോളജി കോളേജ് ഇടുക്കി ജില്ലയിൽ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി അടുത്തവർഷം ആരംഭിക്കും. ഇപ്പോൾ 50 വെററിനറി ഹോസ്പിററൽസ് ഉണ്ട്. അതിന് അനുകൂലമായ നിലപാടാണ് എല്ലാ ഭാഗത്തുനിന്നുമുള്ള എം. എൽ. എ.-മാരിൽ നിന്നും ഉണ്ടായിട്ടുള്ളത്. ഇന്നത്തെ പ്രസംഗത്തിൽ ശ്രീമതി ശോഭനാ ജോർജ്ജും ശ്രീ. ജോസഫ് എം. പുതുശ്ശേരിയും എടുത്തുപറഞ്ഞ ഒരുകാര്യമുണ്ട്. ഇപ്പോൾ നമുക്ക് 336 പഞ്ചായത്തുകളിൽ വെററിനറി ഹോസ്പിററൽസ് ഇല്ല. നമ്മുടെ സംസ്ഥാനത്ത് 815 പോളിക്ലിനിക്കുകളും ഡിസ്ട്രിക്ട് സെൻററുകളും ഉണ്ടെങ്കിലും 336 പഞ്ചായത്തുകളിൽ വെററിനറി ഡിസ്പെൻസറികളില്ല. അത് ഒററയടിക്ക് സ്ഥാപിക്കാൻ ഗവൺമെൻറിൻെറ സാമ്പത്തിക ബുദ്ധിമുട്ടുകാരണം പ്രയാസമായിരിക്കും. അതുകൊണ്ട് ഇവിടെ വന്ന അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ ഈ വർഷം 70 പുതിയ വെററിനറി ഡിസ്പെൻസറികൾ ആരംഭിക്കുന്നതാണ്. ഇവിടെ എറണാകുളം ജില്ലയിലെ ഒരു കാര്യം എടുത്തുപറയപ്പെട്ടു. ഒരു പൈനാപ്പിൾ പ്രോസസ്സിംഗ് ഫാക്ടറിയുടെ കാര്യമാണ്. ഹോർട്ടികൾച്ചറൽ പ്രൊഡക്ടിൻെറ കീഴിൽ നടത്തുന്ന, ഇ ഇ.സി.യുടെ സഹായമുള്ള, പ്രൊഡക്ഷനും, പ്രോസസ്സിംഗും, മാർക്കററിംഗും ലക്ഷ്യം വച്ചുകൊണ്ടുള്ള, 6 വർഷംകൊണ്ട് പൂർത്തിയാക്കാൻ സാധിക്കുന്ന, 1998-ൽ കംപ്ലീററ് ചെയ്യാൻ സാധിക്കുന്ന ഈ പൈനാപ്പിൾ പ്രോസസ്സിംഗ് ഫാക്ടറിയുടെ കാര്യം ശ്രീ. ജോണി നെല്ലൂർ ഇവിടെ എടുത്തുപറയുകയുണ്ടായി. ആ ഫാക്ടറിയുടെ നിർമ്മാണം ഈ വരുന്ന മാസം ആരംഭിക്കും. ഇവിടെ ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി പറഞ്ഞു നെൽ സംഭരണകേന്ദ്രങ്ങൾ പാലക്കാട്ടും തൃശ്ശൂരും ആലപ്പുഴയും മാത്രമേ ഉള്ളു എന്ന്. അത് വിപുലമാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഗവൺമെൻറിൻെറ പ്രൈസ് സ്ററബിലൈസേഷൻ ഫണ്ട് പഞ്ചാബിലും മഹാരാഷ്ട്രയിലും ഉള്ളതിനെപ്പററി കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ദിവസം ശ്രീ. സി. കെ. ചന്ദ്രപ്പൻ ഇവിടെ പറയുകയുണ്ടായി. അത് വളരെ ശരിയാണ്. അതിന്റെ പേര് പ്രൈസ് ഫ്ളക്ചുവേഷൻ ഫണ്ട് എന്നാണ്. പഞ്ചാബിലും മഹാരാഷ്ട്രയിലും ഉള്ളതിന്റെ ഏകദേശ മാതൃകയിൽ 200 ലക്ഷം രൂപ വകയിരുത്തിക്കൊണ്ട് നമ്മുടെ പ്രൈസസ് ബോർഡിന് ശക്തി പകരുന്ന പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ടിന്റെ പ്രവർത്തനം ഈ വർഷം ആരംഭിക്കും. മിൽക്ക് പ്രൊഡക്ഷൻ 5 ശതമാനം ആയിരുന്നത് ഈ വർഷമാകുമ്പോൾ $7\frac{1}{2}$ ശതമാനമാകും. മിൽമയുടെ സംഭരണം 6 ശതമാനമായിരുന്നത് 7 ശതമാനമാക്കും. അധികം വരുന്ന പാലിനുവേണ്ടി ആലപ്പുഴയിലെ മിൽക്ക് പൗഡർ പ്ലാന്റിന്റെ പ്രവർത്തനം ഈ വർഷം ആരംഭിക്കും. തൃശ്ശൂരിലുള്ള കാററിൽ ഫീഡ് ഫാക്ടറിയുടെ പ്രവർത്തനം ഈ വർഷം ആരംഭിക്കും. ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. കൃഷ്ണൻകുട്ടി ചില കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം പറഞ്ഞ പരാതികൾ ഞാൻ അന്വേഷിക്കാൻ ഏർപ്പാട് ചെയ്യുന്നുണ്ട്. എന്തിനാണ് ഈ കൃഷി ഭവനുകൾ എന്ന് ശ്രീ. ഇ. പി. ജയരാജനും ഡോ. കെ. സി. ജോസഫും ചോദിച്ചു. അങ്ങനെ അവർ ചോദിക്കാൻ പാടില്ലാത്തതാണ്. 1990–91–ൽ തിരുവനന്തപുരം ജില്ലയുടെ മൂക്കിനു താഴെയുള്ള ഒരു കൃഷിഭവനിൽ ചെന്നുനോക്കി. ഞാൻ രണ്ടു സ്ഥലത്തെ കണക്കെടുത്തു. ആനാട് കൃഷിഭവന് 1990–91–ൽ 1,90,000 രൂപ കൊടുത്തു. 1993–94–ൽ 18,94,000 രൂപ കൊടുത്തു. അരുവിക്കര കൃഷിഭവന് 1991–92–ൽ 1,56,000 രൂപ കൊടുത്തു. 1993–94–ൽ 6,31,000 രൂപ കൊടുത്തു. അതുകൊണ്ട് എന്തിനാണ് കൃഷിഭവൻ എന്ന് ശ്രീ. ഇ. പി. ജയരാജൻ ഇനി ചോദിക്കില്ല. കടയ്ക്കാമൺ വാട്ടർ ഷെഡ് പദ്ധതിയുടെ നടത്തിപ്പിലുള്ള ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. കൂടുതൽ ശക്തമായി അന്വേഷണം നടത്താം. അങ്ങ് പറഞ്ഞ കാര്യം ഞാൻ നിഷേധിക്കുന്നു. ഗ്രൂപ്പ് എന്നു പറഞ്ഞത് കടന്ന കൈ ആയിപ്പോയി. അതിൽ ഒരു ഗ്രൂപ്പുമില്ല. അസിസ്ററൻറ് ഡയറക്ടറുടെ കാര്യം പറഞ്ഞത് ഞാൻ അന്വേഷണം നടത്താൻ തയ്യാറാണ്. ലിസ്ററിൽ നിന്ന് ''താന്നിയം'' എന്ന സ്ഥലപ്പേര് വെട്ടിയിട്ട് ''പുത്തൂര്'' എന്ന് എഴുതിച്ചേർത്തു എന്ന് ശ്രീ. വി. വി. രാഘവൻ പറഞ്ഞു. അദ്ദേഹം എന്നെ വിളിച്ച വാക്ക് ഞാൻ അദ്ദേഹത്തെ വിളിച്ചില്ല. അദ്ദേഹം രാഷ്ട്രീയ രംഗത്ത് ഉയർന്ന മഹത്വങ്ങൾ നേടി വിലസിക്കട്ടെ എന്നു ഞാൻ ആശംസിക്കുന്നു. നെൻമണിക്കര 4–3–ന് റിപ്പോർട്ടു വന്നു. പുത്തൂര് 21–3–നും, വിൽപട്ടം 21–3–നും റിപ്പോർട്ട് വന്നു. ഞാൻ ഇപ്പോൾ അന്വേഷിച്ചതാണ്. അദ്ദേഹത്തിന്റെ കാര്യം പ്രയോറിററി ലിസ്ററിൽ ഉൾപ്പെടുത്തിയതാണ്. ആർക്കെല്ലാം അത് കിട്ടിയിട്ടുണ്ടെന്ന് എല്ലാവർക്കും അറിയാം. അദ്ദേഹത്തിന്റെ റിപ്പോർട്ട് വന്ന് പ്രമേയം പാസ്സാക്കിയപ്പോൾ 24–3 ആയി. എന്താണ് പററിയത് എന്ന് ഞാൻ അന്വേഷിക്കും. മാത്രമല്ല ഒരു വെററിനറി ഡിസ്പെൻസറി ഏററവും വേഗത്തിൽതന്നെ താന്നിയത്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പുതിയ ഉണർവ് നിലനിർത്തണം. സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ വലിയ പങ്ക് നിർവഹിക്കുന്ന ഈ മേഖല കുറേക്കൂടി വളർത്തണം. അതിന്റെ സർവതോമുഖമായ പ്രവർത്തനത്തിന് ആവശ്യമായ എല്ലാകാര്യങ്ങളും ചെയ്യാൻ ഗവൺമെൻറ് തീരുമാനിച്ചിരിക്കുകയാണ്. അതിന് എല്ലാ ഭാഗത്തുനിന്നും ഉണ്ടായ നിർദ്ദേശങ്ങൾക്കും അഭിപ്രായങ്ങൾക്കും ഒരിക്കൽക്കൂടി നന്ദിരേഖപ്പെടുത്തിക്കൊണ്ട്, ഈ ധനാഭ്യർത്ഥന പാസ്സാക്കി തരണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിറുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ആരോഗ്യവകുപ്പിനെ കുറിച്ച് കൂടുതലൊന്നും പരാമർശങ്ങൾ ഉണ്ടായിട്ടില്ലാത്തതുകൊണ്ട് വിശദമായ ഒരു മറുപടിയുടെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കാരണം നമ്മുടെ ഹെൽത്ത് സർവ്വീസിനെയും ആരോഗ്യ വകുപ്പിനെയും സംബന്ധിച്ചിടത്തോളം കാലാകാലങ്ങളിൽ ഉണ്ടാകുന്ന പരാതികൾ പ്രധാനമായും മരുന്നില്ല, ഡോക്ടർമാരില്ല, ആശുപത്രിയിൽ കുടിവെള്ളമില്ല എന്നിങ്ങനെയാണ്. ഈ പരാതികൾ നമുക്ക് പൂർണ്ണമായി പരിഹരിക്കാൻ സാധിച്ചിട്ടില്ല. കാരണം ഡിസ്ട്രിക്ട് ഹോസ്പിററലുകളും താലൂക്ക് ആശുപത്രികളും പബ്ലിക് ഹെൽത്ത് സെൻററുകളും ഉൾപ്പെടെ 6232 സ്ഥാപനങ്ങളാണ് അലോപ്പതിയിൽ മാത്രമായി ഈ സംസ്ഥാനത്തുള്ളത്. ഈ സ്ഥലങ്ങളിലൊക്കെ ലക്ഷക്കണക്കിന് രോഗികളും വരും. അവരെ സംബന്ധിച്ചിടത്തോളം ചിലകാലങ്ങളിൽ പ്രത്യേകതരം രോഗം കൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകളുണ്ട്. ഇതൊക്കെ ആണെങ്കിലും ഇന്നും ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത് സർക്കാർ ആശുപത്രികളെയാണ്. ആളുകൾക്ക് ഭാരിച്ച പണച്ചെലവ് ആയതുകൊണ്ടാണ് അവർ സ്വകാര്യ ആശുപത്രികളിൽ പോകാൻ മടിക്കുന്നത്.

അതുകൊണ്ട് സ്വാഭാവികമായും കഴിവിന്റെ പരമാവധി സർക്കാർ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. ഈയിടെ ആദ്യമായി നിർദ്ദേശം കൊടുത്തത് എല്ലാ ആശുപത്രികളിലും മരുന്ന് കൃത്യമായി ഉണ്ടാകണം, ഒരു കാരണവശാലും ആശുപത്രിയിൽ വരുന്ന രോഗികളെ മരുന്നില്ല എന്നു പറഞ്ഞ് തിരിച്ചയയ്ക്കുവാൻ പാടില്ല എന്നായിരുന്നു. പണം മതിയാകുമോ ഇല്ലയോ എന്നതല്ല പ്രശ്നം. സാധാരണ ആളുകൾ ആശുപത്രിയിൽ വരുമ്പോൾ മരുന്നില്ല എന്നുപറഞ്ഞ് അവരെ തിരിച്ചയയ്ക്കുന്നത് പ്രയാസമാണ്. എന്നാൽ അതേ അവസരത്തിൽ ചില പ്രത്യേകതരം മരുന്നുകൾ, വില കൂടിയ മരുന്നുകൾ വാങ്ങിക്കാൻ ആവശ്യപ്പെടാറുണ്ട്. കാരണം ആശുപത്രിയിൽ വാങ്ങിച്ച് സ്റേറാക്കുചെയ്യുന്ന ചില പ്രത്യേക മരുന്നുകൾ സാധാരണ രോഗങ്ങളെ ചികിൽസിച്ചു മാററുന്നതിനുള്ളതാണ്. സ്പെഷ്യാലിററിയെ സംബന്ധിച്ചിടത്തോളം അതിനുള്ള മരുന്നുകൾ സ്റേറാക്കുണ്ടാവുകയില്ല. അതുകൊണ്ട് ഈ മരുന്ന് കൃത്യമായി കൊടുക്കാൻ സാധിച്ചാൽത്തന്നെ രോഗികൾക്ക് വലിയ ആശ്വാസമുണ്ടാകും. ഇപ്പോഴുള്ള ഒരു ചെറിയ പ്രയാസം, 12 കമ്പനികളിൽനിന്നാണ് മരുന്ന് വാങ്ങിക്കുന്നത്. ഡിപ്പാർട്ടുമെൻറൽ പർച്ചേസ് കമ്മിററി പരിശോധിച്ച് അതിന്റെ ക്വാളിററി നോക്കി അവർ സർട്ടിഫൈ ചെയ്തതനുസരിച്ചാണ് വാങ്ങിക്കുന്നത്. ഈ പന്ത്രണ്ട് കമ്പനികളെത്തന്നെയും ഈ കമ്മിററി അംഗീകരിക്കുന്നു. ഈ കമ്മിററി അംഗീകരിച്ച സ്ഥാപനങ്ങളിൽനിന്നു വാങ്ങിക്കുന്ന മരുന്നുകളുടെ ക്വാളിററിയെക്കുറിച്ച് അവർക്ക് സംശയമില്ല. അതാണ് സ്ഥിതി. പക്ഷേ ഈ അടുത്തകാലത്ത് ആ കാര്യത്തിലും ചില ആക്ഷേപങ്ങളും പരാതികളും ഉണ്ടായിട്ടുണ്ട്. മായം ചേർക്കൽ ഏതാണ്ട് സാധാരണ സംഭവമായി നമ്മുടെ സമൂഹത്തെ ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ അവിടെ മാത്രം ഒഴിവായി എന്നുപറയാൻ സാധ്യമല്ല. എന്നാൽ ചിലപ്പോൾ മരുന്നില്ല എന്നു പറയുന്നതിന്റെ കാരണം ഞാൻ അന്വേഷിച്ചു നോക്കിയപ്പോൾ മാർച്ച് 31-ാം തീയതിവരെയുള്ള മരുന്നാണ് വാങ്ങിക്കുന്നത്. മാർച്ച് 31-ാം തീയതി കഴിഞ്ഞാൽ അതുവരെയുള്ള മരുന്ന് സ്റേറാക്കില്ലാതെവന്നാൽ ഏപ്രിൽ മാസത്തെ മരുന്ന് ബഡ്ജററ് പാസ്സായിക്കഴിഞ്ഞുമാത്രമേ, എമൗണ്ട് അനുവദിച്ചശേഷമേ വാങ്ങിക്കുകയുള്ളൂ. അതുകൊണ്ട് പണം കൊടുക്കാൻ താമസം വരും. പണം കൊടുക്കാൻ താമസം വരുന്നതുകൊണ്ട് മരുന്ന് സപ്ലൈ ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ മരുന്ന് കൊടുക്കാറില്ല. ഏപ്രിൽമാസം നിശ്ചയിക്കുന്നതിനുള്ള കാരണം മാർച്ച് 31-ാം തീയതി കഴിഞ്ഞാൽ മരുന്നിന്റെ വിലയിൽ വ്യത്യാസം വരും. അതുകൊണ്ട് രണ്ടുകൂട്ടരും കരുതലോടുകൂടിയാണ് ചെയ്യുന്നത്. ഏതായാലും ഇപ്പോൾ കൊടുത്തിട്ടുള്ള നിർദ്ദേശമനുസരിച്ച് മാർച്ച് 31-ാം തീയതിവരെയുള്ള മരുന്ന് സ്റ്റോക്കുചെയ്യുന്നതിനുപകരം ഒരു മാസത്തെ അഡീഷണൽ മരുന്നുകൂടി സ്റ്റോക്ക് ചെയ്യുന്നു. അതായത് ഏപ്രിൽമാസം ബഡ്ജറ്റ് പാസ്സായശേഷം മരുന്നുവാങ്ങി സ്റ്റോക്കുചെയ്യുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട് പരിഗണിച്ച് മരുന്നു വാങ്ങിക്കുവാൻ ഏർപ്പാട് ചെയ്തിരിക്കുകയാണ്. ഈ മരുന്ന് വാങ്ങിക്കുന്നതുതന്നെ പുതിയ പുതിയ കമ്പനികളിൽ നിന്നാണ്. പഴയ 12 കമ്പനികളെ മാത്രം ആശ്രയിച്ചുവാങ്ങിക്കുന്നതുകൊണ്ടുണ്ടാകുന്ന കുറവുകളും പോരായ്മകളുമുണ്ട്. അതുകൊണ്ട് എക്സ്പെർട്ട് കമ്മിററിയോടുതന്നെ പുതിയ ഫാക്ടറികൾ ഉണ്ടാകുമ്പോൾ ആ ഫാക്ടറിയുടെ സ്ററാൻഡേർഡ് നോക്കി ആ ഫാക്ടറികളിൽ ഉണ്ടാക്കുന്ന മരുന്നുകളുടെ ക്വാളിററി നോക്കി അത് നിശ്ചയിക്കാൻ പറയും. അത് ഒരു ലിമിററഡ് നമ്പരാകുമ്പോൾ ഒരു മോണോപ്പൊളിയായി തീരണ്ട എന്നതുകൊണ്ടാണ്. എന്നാൽ പൊതുമേഖലാ സംഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അവിടെനിന്നു വാങ്ങിക്കാൻ അവർക്ക് സ്വാതന്ത്ര്യം കൊടുത്തിട്ടുണ്ട്. പക്ഷേ അവിടെനിന്നു മരുന്നു വാങ്ങിക്കുന്നതിനെക്കുറിച്ച് പരാതി ഉണ്ടായി. ഞാൻ അതിന്റെ രേഖകൾ പരിശോധിച്ചു. മുൻകാലങ്ങളിൽ അനുവർത്തിച്ചുവന്ന അതേ നടപടിക്രമം തന്നെ സ്വീകരിച്ചിട്ടുണ്ട്. ഈ കമ്മിററി പരിശോധിച്ച് ശുപാർശ ചെയ്തതനുസരിച്ച് അവിടെ വളരെക്കാലമായി നിലനിന്ന സംവിധാനത്തിന് എതിരായി ഒന്നും ചെയ്തിട്ടില്ല എന്നു മനസ്സിലായി. ആദ്യകാലങ്ങളിൽ ചെയ്തുകൊണ്ടിരുന്നത് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ വിളിക്കുക, അതുതന്നെ വാങ്ങിക്കുക എന്നതായിരുന്നു. എന്നാൽ ഇടക്കാലത്തുവച്ച് ആരോഗ്യ വകുപ്പിൽ ഒരു മാററം വരുത്തി. അതായത് പൊതുമേഖലാ സ്ഥാപനമാണെങ്കിലും മററ് ക്വട്ടേഷനുകളിൽനിന്നും കൂടിയ നിരക്കാണെങ്കിൽ കുറഞ്ഞ നിരക്കിലുള്ള മരുന്നു വാങ്ങിക്കണം എന്നുള്ള തീരുമാനമെടുത്തതുകൊണ്ട് പല ആളുകളും ഈ അവസരം ഉപയോഗിച്ച് ആക്ഷേപം ഉന്നയിച്ചു. അത് പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം സ്വാഭാവികമായും ട്രേഡ് യൂണിയൻ നേതാക്കൻമാരൊക്കെ അതിനുവേണ്ടി നിലകൊള്ളും. പക്ഷേ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെൻറിന് ഒരു വർഷം അനുവദിക്കുന്ന പണത്തിൽനിന്നുവേണം ഇതെല്ലാം ചെയ്യാൻ എന്നതുകൊണ്ട് ഏററവും നല്ല മരുന്ന് ചുരുങ്ങിയ വിലയ്ക്ക് കിട്ടുന്നത് ആരിൽനിന്നാണോ അതു വാങ്ങിയാൽ തരക്കേടില്ല എന്നുള്ള നിലപാടാണ് സ്വീകരിച്ചത്. ഇന്നത്തെ നിലയിൽ അതു മാററണമെന്നു എനിക്ക് തോന്നുന്നില്ല. പക്ഷേ അതു വിദഗ്ദ്ധ കമ്മിററി പരിശോധിച്ചശേഷം മാത്രമായിരിക്കണം എന്നുള്ള നിബന്ധനയുണ്ടായിട്ടുണ്ട്. അതനുസരിച്ച് നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

അതുപോലെ ഡോക്ടർമാരുടെ കാര്യത്തിലാണെങ്കിൽ, നമ്മുടെ ഉൾനാടൻ പ്രദേശങ്ങളിൽ നിയമിച്ചാൽ പോകാത്ത സ്ഥിതിയുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നു വരുന്ന ആളുകളെ നിയമിച്ചാൽ പോലും അവർ വൈമനസ്യം കാണിക്കുന്നു. ഇപ്പോഴുള്ള ഒഴിവുകളുടെ കണക്കെടുത്തു നോക്കിയപ്പോൾ പ്രൈമറി ഹെൽത്ത് സെൻററുകളിൽ മാത്രം 180 ഡോക്ടർമാരുടെ കുറവുണ്ട്. അതിനു കൊടുത്തിട്ടുള്ള നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

Page 110 of 124

പബ്ലിക് സർവ്വീസ് കമ്മീഷനിൽ ആവശ്യപ്പെട്ടിട്ട് അവർ വരുന്നതിന് ഒരു കൊല്ലവും രണ്ടു കൊല്ലവും ഒക്കെ താമസം വരുന്നതിന്റെ അടിസ്ഥാനത്തിൽ—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് താൽക്കാലികമായി അവരെ നിയമിക്കണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നു നിയമിച്ചാലും അവർ പോകാൻ മടിക്കുന്നു. കാരണം അവരുടെ ഭാവിയെ സംബന്ധിച്ചുള്ള സംശയമാണ്. അവർ പ്രൈവറ്റ് പ്രാക്ടീസിനു പോയാൽ എങ്ങനെ എന്നുള്ള പ്രശ്നം വരുന്നു. ഏതായാലും അതു നിർബന്ധമായും നടപ്പിലാക്കാൻ പറഞ്ഞു. അതിനും സാധിക്കുന്നില്ലെങ്കിൽ ഒന്നോ രണ്ടോ കൊല്ലത്തെ, അതായത് പി. എസ്. സി. യിൽ നിന്നും ആറം വരുന്നവരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഡോക്ടർമാരെ എടുത്താലും തരക്കേടില്ല; ഒരു ഡിസ്പെൻസറിയിലും ഡോക്ടർമാരില്ലാത്ത സ്ഥിതിവിശേഷം ഉണ്ടാകരുത് എന്നു പറഞ്ഞു. അതിനുള്ള പുതിയ തീരുമാനമെടുത്ത് നിർദ്ദേശം കൊടുത്തു കഴിഞ്ഞു. പൊതുവായി പറഞ്ഞാൽ, ഈ പരാതിക്ക് അടിസ്ഥാനമില്ല എന്നു പറയാൻ സാധ്യമല്ല. പക്ഷേ ഇതിനെല്ലാം ഒരു പാറേറണ്ടുണ്ട്. ആഹാരം കൊടുക്കുന്ന കാര്യത്തിൽ അതാതു കാലത്ത് ഡോക്ടർമാർ പ്രിസ്ക്രൈബ് ചെയ്യുന്നത് അഡീഷണലായിട്ട് കൊടുക്കും. എങ്കിലും അതിന് ഒരു പാറേറണ്ടുണ്ട്. അതിൽ മിൽക്ക് ഡയററ്, കഞ്ഞി ഡയററ് എന്ന രണ്ടുതരം ഡയററാണുള്ളത്. അതിൽ രണ്ടിലും ഇത്ര പാൽ ഇത്ര കഞ്ഞി എന്നുള്ള റേററുണ്ട്. അതനുസരിച്ചാണ് കൊടുക്കുന്നത്. ഇതൊക്കെ എങ്ങനെ മാററാൻ സാധിക്കും, എങ്ങനെ മെച്ചപ്പെടുത്താൻ സാധിക്കും എന്നതു പരിശോധിക്കണം. പക്ഷെ ഇവിടെ സൂചിപ്പിച്ചതുപോലെ ബഡ്ജററിൽ വിദ്യാഭ്യാസത്തിനുള്ള ചെലവ് കഴിഞ്ഞാൽ ഏററവും കൂടുതൽ ചെലവുവരുന്നത് ആരോഗ്യ വകുപ്പിനുവേണ്ടിയാണ്. എങ്കിൽ പോലും പരാതി കുറെ ഴിവാക്കാം. അതിനിടയിൽ ആശുപത്രിയിൽ ചെറിയ ഒരു നിരക്കുവയ്ക്കാൻ ഗവൺമെന്റ് തീരുമാനിച്ചതിനെ പ്രതിപക്ഷം എതിർത്തത് രാഷ്ട്രീയമായ സമീപനമാണ്. അത് നിർഭാഗ്യമായിപ്പോയി എന്നുപറയാതിരിക്കാൻ നിർവ്വാഹമില്ല. കാരണം മരുന്ന് കടലാസിൽ എഴുതിക്കൊടുത്താൽ എത്ര വിലപിടിപ്പുള്ളതാണെങ്കിലും അതു വാങ്ങിച്ചുകൊണ്ടുവരും. അതുകൊണ്ട് നാമമാത്രമായ സംഖ്യ വച്ചത്, അതിൽനിന്നു പിരിഞ്ഞു കിട്ടുന്ന പണം മുഴുവൻതന്നെ ആ ആശുപത്രിയുമായി ബന്ധപ്പെട്ട ജനകീയ കമ്മിററിയുടെ പണമായി മാററാനും ആ പണം ഗവൺമെന്റിന്റെ ഫണ്ടിലേക്കോ മററു ഫണ്ടിലേക്കോ പോകാതെ ആശുപത്രിയുടെ വികസനത്തിനുവേണ്ടി മാത്രമായി ഉപയോഗിക്കാൻവേണ്ടിയാണ് നടപ്പാക്കിയത്. പക്ഷേ അതിന്റെ പ്രയാസങ്ങളൊക്കെ ചൂണ്ടിക്കാണിച്ചപ്പോൾ, വലിയ പ്രയാസമായി കാണിച്ചത് വരുമാന സർട്ടിഫിക്കററ് കിട്ടാനുള്ള ബുദ്ധിമുട്ടാണ്. ചികിൽസയ്ക്ക് കാശുകൊടുക്കുന്നതിനേക്കാൾ പ്രയാസം കാശുകൊടുക്കേണ്ടാത്തതിന് കാണിക്കേണ്ട സർട്ടിഫിക്കററ് കിട്ടാനുള്ള പ്രയാസമാണ്. അതിനെ കുറിച്ച് പല നിവേദനങ്ങളും കിട്ടി. ആ പ്രയാസം എന്താണെന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ആ പ്രയാസങ്ങൾകൂടി കണക്കിലെടുത്ത് ആളുകൾക്ക് ഈ ബുദ്ധിമുട്ട് ഒഴിവാക്കാൻവേണ്ടി ഇപ്പോൾ തൽക്കാലം തീരുമാനിച്ചിട്ടുള്ളത്, അവർതന്നെ ഒരു അഫിഡവിററ് കൊടുത്താൽ മതി എന്നാണ്. അത് ഞാൻ വളരെ വ്യക്തമായി പറഞ്ഞ പരീക്ഷണമാണ്. പക്ഷേ ഈയിടെ മെഡിക്കൽ കോളേജിൽ വന്ന ഒന്നുരണ്ടു കേസുകൾ എന്റെ ശ്രദ്ധയിൽപ്പെട്ടു. ഇവിടത്തെ ഒരു വലിയ വ്യാപാരി 200 രൂപ വരുമാനമാണ് അഫിഡവിററ് വച്ചത്. ഞാൻ അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഇതിൽ കൊടുക്കുന്ന അഫിഡവിററിനെതിരെയാണ് സ്ഥിതിഗതികളെങ്കിൽ പ്രോസിക്യൂട്ട് ചെയ്യാനുള്ള പ്രൊവിഷനുണ്ട്. ആ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കണമെന്നു ആവശ്യപ്പെട്ടിരിക്കുകയാണ്.

ശ്രീ. ടി. ശിവദാസമേനോൻ: ആശുപത്രിയിലെ ചികിത്സാ ഫീസ് നിശ്ചയിക്കുന്നതിനെതിരായി യുവജനസംഘടനകൾ സമരമൊക്കെ നടത്തി. അവരുമായി സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെൻറും ഒരു ധാരണയിൽ എത്തിയിരുന്നു. അതായത് ഇതിൻെറ വരുമാന സർട്ടിഫിക്കററിനെ സംബന്ധിച്ചും, വരുമാന പരിധിയെ സംബന്ധിച്ചും ഒരു സർവ്വകക്ഷി യോഗം വിളിച്ച് ഒരു കോൺസെൻസസ് ഉണ്ടാക്കാമെന്ന ഒരു ഉറപ്പ് കൊടുത്തിരുന്നു. ആ കാര്യം എന്തായി എന്ന് പറഞ്ഞാൽ തരക്കേടില്ല.

ശ്രീ. കെ. കരുണാകരൻ: ആ കാര്യത്തിൽ നമുക്ക് ഇന്ന് ധാരണയിലെത്താൻ സാധിക്കുമെങ്കിൽ സമരം മുന്നോട്ട് കൊണ്ടുപോകാതെ കഴിക്കാം. അത് അവരുടെ ഒരു നിർദ്ദേശമായിരുന്നു. തീർച്ചയായും ഇനിയും സമയം വൈകിയിട്ടില്ല. അത് വിളിച്ചുകൂട്ടാം. പക്ഷേ അത് ആ എഗ്രിമെൻറിൻെറ ഭാഗമായിട്ടുള്ളത് എന്നുള്ള അർത്ഥത്തിലല്ല. ഇത് വർദ്ധിപ്പിക്കാൻ സാധിക്കുകയില്ല. എങ്കിലും അവർ മൂവായിരം രൂപ സജസ്ററ് ചെയ്തപ്പോൾ ഞാൻ പറഞ്ഞു, അത് മററുള്ളവരുമായിട്ട് ആലോചിച്ചിട്ട് നമുക്ക് ചെയ്യാമെന്ന്. ഏതായാലും അത് ആവശ്യമായി വന്നില്ല. കാരണം ആളുകളുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ വേണ്ടിയാണ് ഈ അഫിഡവിററ് ഏർപ്പെടുത്തിയത്. അതുകൊണ്ട് അത് ദുരുപയോഗപ്പെടുത്തുകയാണെങ്കിൽ ശ്രമിനെതിരായിട്ട് നമുക്ക് നടപടി സ്വീകരിക്കാതെ നിവർത്തിയില്ല. കാരണം ഈ പണത്തിൽ നിന്ന് ഒരു പൈസപോലും ഖജനാവിൽ വരുന്നില്ല. ഇത് ആശുപത്രികളുടെ ഉന്നമനത്തിനു വേണ്ടിയാണ് ഉപയോഗിക്കുന്നത്. ഇവിടെ പലരും സൂചിപ്പിച്ചു എക്യുപ്മെൻറ്സ് ഇല്ല, ഉള്ള എക്യുപ്മെൻറ്സ് റിപ്പയർ ചെയ്യാൻ പണമില്ല എന്നൊക്കെ. മെഡിക്കൽ കോളേജിൻെറ സ്ഥിതി പോലും ഇതാണെങ്കിൽപിന്നെ സാധാരണ ആശുപത്രികളുടെ കാര്യം പറയേണ്ടതില്ല. നമ്മുടെ ജില്ലാആശുപത്രിയിൽ മാത്രമേ ഇത് ഏർപ്പെടുത്തിയിട്ടുള്ളൂ. ഇത് മററ് നിലയിലും വ്യാപിപ്പിക്കുന്നത് എങ്ങനെ എന്നുള്ളതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. സാധാരണ ആളുകൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാൻ പാടില്ല. ഒന്നുകിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾ എന്ന ഒരു സമീപനം സ്വീകരിക്കേണ്ടി വരും. എന്തും എത്ര ആയാലുംശരി അതും പരിശോധിക്കാൻ പറഞ്ഞിരിക്കുകയാണ്. അപ്പോൾ ഈ കാര്യത്തിൽ ആശുപത്രികളുടെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഒഴിവാക്കാൻവേണ്ടി ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

മെഡിക്കൽ കോളേജുകളെ സംബന്ധിച്ചിടത്തോളം ഇവിടെ പല നിർദ്ദേശങ്ങളും വന്നു. ആ നിർദ്ദേശങ്ങളൊക്കെ പരിഗണനാർഹമാണ്. ഇന്നിപ്പോൾ നമ്മുടെ പല മെഡിക്കൽ കോളേജുകളിലും സ്കാനിംഗിനുള്ള സൗകര്യം ഇല്ല. ഇൻറൻസീവ് കെയർ യൂണിററിൽപോലും ആവശ്യമായ സ്ററാഫ് ഇല്ലാത്തതുകൊണ്ട്, നഴ്സുമാർ ഇല്ലാത്തതുകൊണ്ട്, ഡോക്ടർമാർ ഇല്ലാത്തതുകൊണ്ട് പ്രയാസങ്ങൾ അനുഭവപ്പെട്ടിട്ടുണ്ട്. കോഴിക്കോട്–തിരുവനന്തപുരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യുള്ളതിന്റെ കാര്യം ആളുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ വളരെ ബുദ്ധിമുട്ടുള്ള തൃശ്ശൂർ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള മെഡിക്കൽ കോളേജുകളുടെ പ്രതിനിധികളുമായിട്ട് ഗവൺമെന്റ് സംസാരിച്ചിരുന്നു. അവിടെയൊക്കെ പ്രശ്നങ്ങളുണ്ട്.

ഇവിടെ സ്പെഷ്യാലിറ്റിയെക്കുറിച്ച് സംസാരിക്കുകയുണ്ടായി. സ്പെഷ്യാലിറ്റിക്ക് നമ്മൾ കെട്ടിടങ്ങൾ മാത്രം ഉണ്ടാക്കിയാൽ പോരാ. അതിന്റെ എക്വിപ്മെന്റ്സ് നമുക്ക് കിട്ടാനുള്ള സൗകര്യമുണ്ടെങ്കിൽ അത് പ്രവർത്തിപ്പിക്കാൻ സാധിക്കാത്തത് അതിനാവശ്യമായ സ്റ്റാഫിന്റെ കുറവു കൊണ്ടാണ്. നഴ്സുമാർ ഇല്ല, ഡോക്ടർമാർ ഇല്ല. അപ്പോൾ സ്പെഷ്യാലിറ്റി വാർഡുകൾ നമുക്ക് ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്റ്റാഫിനേയും നിയമിക്കണം. ഇത്രയും നമ്മൾ ചെലവ് ചെയ്യുമ്പോൾ ഈ ഒരു സൗകര്യം നമുക്ക് നഷ്ടപ്പെടുത്തിക്കൂടാ. നമുക്ക് അഞ്ച് മെഡിക്കൽ കോളേജുകളുള്ളതിൽ തൃശ്ശൂരിൽ കാർഡിയോളജി വിഭാഗം ഇല്ല. അത് മനസ്സിലാക്കിയത് പ്രധാനമന്ത്രി ഇവിടെ വരുന്ന അവസരത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ അത്യാവശ്യം വേണ്ട ഏർപ്പാട് ചെയ്യാൻ നോക്കിയപ്പോഴാണ് അവിടെ ഈ ഏർപ്പാടില്ലെന്ന് മനസ്സിലായത്. അപ്പോൾ ഇങ്ങനെയുള്ള ന്യൂനതകളൊക്കെ പരിശോധിച്ച്, ഓരോ മെഡിക്കൽ കോളേജിന്റെയും പ്രത്യേകതകൾ നോക്കി പരിഹാരനടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ നല്ല വെള്ളം കിട്ടാത്ത ബുദ്ധിമുട്ടുണ്ട്. മററു ചില ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഇല്ലാത്ത സ്ഥിതി ഉണ്ട്. ചില ആശുപത്രികളിൽ എക്വിപ്മെന്റ്സ് ഉണ്ടായിരിക്കും, പക്ഷേ അത് റിപ്പയർ ചെയ്യാത്ത പ്രശ്നം ഉണ്ട്. ഇതെല്ലാം പരിശോധിച്ച് വിശദമായ നിലയിൽ കൈകാര്യം ചെയ്യാൻ വേണ്ടിയുള്ള സംവിധാനം ഉണ്ടാക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലാണെങ്കിൽ സ്പെഷ്യാലിറ്റി ബ്ലോക്കിന് ആവശ്യമായ ഡോക്ടർമാരേയും നഴ്സുമാരേയും മററ് സ്റ്റാഫിനേയും നിയമിക്കാൻ അവർക്ക് നിർദ്ദേശം കൊടുത്തു കഴിഞ്ഞു. മററ് ചില സ്ഥലങ്ങളിൽ എക്വിപ്മെന്റ്സ് സൗജന്യമായി കിട്ടാൻ വേണ്ടി തയ്യാറായിട്ടുണ്ട്. പക്ഷേ ആ എക്വിപ്മെന്റ്സ് വാങ്ങി ഉപയോഗിക്കാൻ സാധിക്കാത്തത് സ്റ്റാഫ് ഇല്ലാത്തതുകൊണ്ടാണ്. അതിനാവശ്യമായ സ്റ്റാഫിനെ നിയമിച്ചു കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ എക്വിപ്മെന്റ്സ് ഇല്ലാത്ത പ്രശ്നം ഉണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ എം. കെ. മുനീർ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ കാര്യം പറഞ്ഞു. അത് അക്ഷരംപ്രതി ശരിയാണ്. അതുസംബന്ധിച്ച് രണ്ട് കോൺഫറൻസുകൾ നടത്തി. ഈ സ്പെഷ്യാലിറ്റി ഏർപ്പെടുത്തുന്നതോടുകൂടി അതിനാവശ്യമായ എക്വിപ്മെന്റ്സും അതുപോലെ അതിനുള്ള മററ് സ്റ്റാഫിനേയും കൊടുക്കാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. കെട്ടിടങ്ങൾ കെട്ടി മററ് സൗകര്യങ്ങളൊക്കെ ഉണ്ടാക്കി വച്ചിട്ടുള്ളതും എക്വിപ്മെന്റ്സ് ഉള്ള സ്ഥലത്ത് അത് ഉപയോഗിക്കാൻ സാധിക്കാതെ വരുന്ന കാര്യങ്ങളും ഉൾപ്പെടെ പരിശോധിച്ച് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. രണ്ടുമൂന്ന് ആഴ്ചക്കുള്ളിൽതന്നെ ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ കുറേയധികം മാററങ്ങൾ വരുത്താൻ ആഗ്രഹിക്കുന്നുണ്ട്. എന്റെ മുൻഗാമികൾ എല്ലാം വളരെ കാര്യമായി ഈ രംഗത്ത് പ്രവർത്തിച്ചവരാണ്. അവരുടെ പ്രവർത്തനങ്ങളെയൊക്കെ ഞാൻ കൃതജ്ഞതാപൂർവ്വം

സ്മരിക്കുന്നു. അതോടൊപ്പംതന്നെ ഈ കാര്യത്തിൽ ഞാൻ ആദ്യം തന്നെ പറഞ്ഞു, ആരേയും കുററപ്പെടുത്തിയിട്ട് കാര്യമില്ല. അത്ര വിപുലമായ ഒരു മേഖലയാണിത്. എന്നു മാത്രമല്ല, സാധാരണക്കാരന്റെ നിത്യ ജീവിതത്തിൽ അനുഭവപ്പെടുന്ന ഒരു സ്ഥലം കൂടിയാണിത്. എനിക്ക് അത്ഭുതം തോന്നി, ആയുർവേദ ഡിസ്പെൻസറിയിൽ മാത്രം 22 ലക്ഷത്തോളം പേർ ഒരു കൊല്ലത്തിൽ പോകുന്നുണ്ട്. അപ്പോൾ ആയുർവേദമായാലും ശരി, ഹോമിയോപ്പതി ആയാലുംശരി അലോപ്പതി ആയാലും ശരി ഇത്രയധികം ആളുകൾ ബന്ധപ്പെടുന്ന ഒരു വകുപ്പായതു കൊണ്ട് അത് കുറേക്കൂടി ഗൗരവമായിട്ട് നോക്കേണ്ടതായിട്ടുണ്ട്.

പകർച്ചവ്യാധികൾ വരുമ്പോൾ അത് തടയുന്നതിനുള്ള നടപടികളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ഇപ്പോൾ പകർച്ചവ്യാധികൾ വന്നുകഴിഞ്ഞാൽ ഉടനെതന്നെ ഒരു ടീമിനെ അവിടെ അയയ്ക്കും. നേരെമറിച്ച് ഇന്ന് നമ്മുടെ ഹെൽത്ത് ഡിപ്പാർട്ട്മെൻറിന്റെ പ്രവർത്തനം വിജയകരമാകണമെങ്കിൽ അതിൽ ജനങ്ങളെ വളരെയധികം പങ്കാളികളാക്കേണ്ടതും ബോധവാൻമാരാക്കേണ്ടതുമായിട്ടുണ്ട്. സീസൺ വരുമ്പോൾ ആ പ്രോപ്പഗൻഡയുടെ കാര്യത്തിൽ ഏതെല്ലാം വിധത്തിൽ ജനങ്ങളെ വിശ്വസിപ്പിക്കാൻ സാധിക്കുമോ അതെല്ലാം ചെയ്യണം. അതോടൊപ്പം മുൻകരുതലുകൾ എടുക്കേണ്ടി വരും. ഇപ്പോൾ മഴ പെയ്തു. ഗ്യാസ്ട്രോ എൻററിററിസ് വരും. ചിലർ കോളറയാണെന്നു പറയുന്നു. ആ സീസണിൽ ഇങ്ങനെ ഉണ്ടാകുമെന്നു കരുതി കാലേക്കൂട്ടി അതിനുള്ളതായ മരുന്ന്, അതിനുള്ളതായ സംവിധാനം, അതിനുള്ളതായ ടീം ഇവയൊക്കെ ഉണ്ടാക്കി വയ്ക്കണമെന്നുള്ളതാണ് ഹെൽത്ത് ഡിപ്പാർട്ടമെൻറിന്റെ ആഗ്രഹം. അതനുസരിച്ചുള്ള പദ്ധതി തയ്യാറാക്കാൻ ഹെൽത്ത് ഡിപ്പാർട്ടുമെൻറിനോട് പറഞ്ഞിരിക്കുകയാണ്. ഏതെങ്കിലും സംഭവമുണ്ടായി റിപ്പോർട്ട് വന്ന് നാലു ദിവസം കഴിയുമ്പോൾ അന്വേഷിക്കുന്നതിനു പകരം ആ സീസണിൽ ഇങ്ങനെ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്, അത് ഡ്രൈ സീസണിലായാലുംശരി വെററ് സീസണിലായാലുംശരി ഈ സീസണിലൊക്കെ ഉണ്ടാകുന്ന രോഗങ്ങളെ തടയുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. 'രോഗം വന്ന് ചികിൽസിക്കുന്നതിനേക്കാൾ കൂടുതൽ തടയുക' എന്നുള്ള ആ പഴയ വാക്ക് അക്ഷരംപ്രതി ശരിയാണ്. അതിന് നമുക്ക് കാര്യമായ നടപടികൾ സ്വീകരിക്കണം. അതുപോലെ തന്നെ ഭക്ഷണത്തിന്റെ കാര്യത്തിലും, ചികിൽസയുടെ കാര്യം പറയുമ്പോൾ പെട്ടെന്ന് വരുന്ന മാരകമായിട്ടുള്ള ചില രോഗങ്ങളുണ്ട്. ക്യാൻസറിന്റെ കാര്യം എടുക്കാം. ഭാഗ്യവശാൽ ഇപ്പോൾ നമുക്ക് ഒരു നല്ല ഇൻസ്ററിററ്യൂട്ട് തിരുവനന്തപുരത്ത് ഉണ്ടായിട്ടുണ്ട്. ഹാർട്ടിന്റെ കാര്യത്തിൽ ശ്രീചിത്രാ മെഡിക്കൽ സെൻറർ നേരത്തെതന്നെ ഇവിടെ എസ്ററാബ്ലിഷ് ചെയ്തിട്ടുണ്ട്. ഈ അടുത്തകാലത്ത് കണ്ണ് ചികിൽസയ്ക്കു വേണ്ടിയിട്ടുള്ള ഒരു സ്പെഷ്യാലിററി സെൻററിനുള്ള സംവിധാനങ്ങളൊക്കെ ആയിക്കഴിഞ്ഞിട്ടുണ്ട്. ന്യൂറോളജിയെ സംബന്ധിച്ചും പുതിയ സംവിധാനങ്ങൾ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നു. ഇങ്ങനെ ഒരു മൂന്നുനാല് ഡിപ്പാർട്ട്മെൻറുകൾ എടുത്ത് അതിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്യുകയാണ്. ഇപ്പോൾ ഏററവും അടുത്തതായിട്ട് വന്നിട്ടുള്ള ഒരു മാരകമായ രോഗം, ജനങ്ങളെ ഭയപ്പെടുത്തുന്ന രോഗം എയ്ഡ്സാണ്. എയ്ഡ്സിനെ സംബന്ധിച്ചിടത്തോളം ചികിൽസിച്ചു മാററുക എന്നുള്ളത് അത്ര എളുപ്പമായിട്ടുള്ള കാര്യമല്ലെന്ന നിഗമനത്തിലാണ് എത്തിയിട്ടുള്ളതെങ്കിൽപോലും ഇത് വരാതിരിക്കാൻ പ്രിവൻഷനാണ് ഒരേയൊരു മാർഗ്ഗം.. അത് സാധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ക്യാൻസർ പോലെയല്ല. ക്യാൻസർ ഇനീഷ്യൽ സ്റ്റേജിൽ ട്രേസ് ചെയ്യാൻ കഴിഞ്ഞാൽ ഒന്നുരണ്ട് ഇനം ഒഴിച്ചാൽ ബാക്കിയെല്ലാം മാററാമെന്നാണ് ഡോക്ടർമാരുടെ അഭിപ്രായം. അതിനുള്ളതായ പുതിയ ചികിൽസാരീതിയൊക്കെ വന്നതുകൊണ്ട് ആ കാര്യത്തിൽ പ്രശ്നമില്ല. ഇന്നിപ്പോൾ എയ്ഡ്സിൻെറ കാര്യത്തിൽ ഇതു വന്നാൽ ഉടനെ തിരിച്ചറിയാൻ സാധിക്കുകയില്ല. കുറേക്കൂടി അഡ്വാൻസ് ആയിട്ടു മാത്രമേ ഇത് അറിയുകയുള്ളു. അതുകൊണ്ട് എയ്ഡ്സ് വരാതിരിക്കാൻ എന്ത് ചെയ്യണമെന്നുള്ള കാര്യത്തിൽ കുറേക്കൂടി ആളുകളെ എഡ്യൂക്കേററ് ചെയ്യുക എന്നുള്ളത് അത്യാവശ്യമായിട്ട് വന്നിരിക്കുകയാണ്. കേരളത്തെപ്പോലെ വിദ്യാഭ്യാസം കൊണ്ട് മുൻപന്തിയിൽ നിൽക്കുന്ന ഒരു സംസ്ഥാനത്തിന് അത് പ്രയാസമുണ്ടാക്കുന്നു. പക്ഷേ ഇത് ഒരു ഗവൺമെൻേറാ ഒരു ഡിപ്പാർട്ടുമെൻേറാ മാത്രം വിചാരിച്ചാൽ നടക്കുന്ന കാര്യമല്ല. ബഹുജന പങ്കാളിത്തത്തോടുകൂടി അത് എങ്ങനെ നടത്താൻ സാധിക്കുമെന്നുള്ളത് പരിശോധിക്കുന്നതാണ്. ഇതൊക്കെ നമുക്ക് വളരെ കൂട്ടായിട്ട് പരിശോധിക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. കാരണം ഇത് ഡിപ്പാർട്ടുമെൻറിലെ വിദഗ്ദ്ധൻമാരുടെ അഭിപായം മാത്രം കൊണ്ട് നടക്കുന്ന കാര്യങ്ങളല്ല.

സർ, ഡോക്ടർമാർക്കുണ്ടാകുന്ന പ്രയാസങ്ങൾ ഇവിടെ ശ്രീ. മുനീർ തന്നെ സൂചിപ്പിച്ചു. അതിന് പരിഹാരമുണ്ടാക്കണം. ഡോക്ടർമാരെ സംബന്ധിച്ച് അവരുടെ കൂടെക്കൂടെയുള്ള

4 p. m.] ട്രാൻസ്ഫേഴ്സ് ആൻറ് പോസ്ററിംഗ്സ് അവർക്ക് ഒരു പ്രയാസമാണ്. ഈ അടുത്ത ദിവസം തീരുമാനിച്ചിട്ടുള്ളത് സാധാരണഗതിയിൽ 3 കൊല്ലം വരെയുള്ള പിരീഡിനുള്ളിൽ ട്രാൻസ്ഫർ ചെയ്യേണ്ടതില്ല; ഒഴിവ് വരുന്ന സ്ഥലത്ത് പുതിയ ആളുകളെ നിയമിക്കുകയെന്നുള്ളതാണ്. പിന്നെ ഏതെങ്കിലും പ്രത്യേക സാഹചര്യങ്ങളിൽ ഡോക്ടർമാരുടെ വൈദഗ്ദ്ധ്യം വേണമെന്നുള്ളിടത്ത് എന്താണ് വേണ്ടതെന്നു വച്ചാൽ അത് ചെയ്യും. എൻെറ അഭിപ്രായത്തിൽ 3 കൊല്ലമല്ല ജനങ്ങളുമായി പൊരുത്തപ്പെട്ട് നന്നായി ജനങ്ങളുടെ സമ്മതിയുള്ള ഡോക്ടർമാരാണെങ്കിൽ അവരെ തുടരാൻ അനുവദിക്കുന്നതിൽ തെററില്ല.

സർ, മറെറാന്ന് ഇവിടെ സൂചിപ്പിച്ചത് അവരെ പോസ്ററ് ചെയ്താൽ പോകുന്നില്ലെന്നുള്ളതാണ്. ഞാൻ ഡിപ്പാർട്ടുമെൻറുമായിട്ട് ചർച്ചചെയ്തപ്പോൾ ഒരു നിർദ്ദേശം വച്ചിട്ടുള്ളത് ഗ്രാമപ്രദേശങ്ങളിലുള്ള ഡിസ്പെൻസറികളിൽ പോകാൻ വിസമ്മതിക്കുന്ന ആളുകളെ പിന്നെ സർക്കാർ സർവ്വീസിൽ പ്രവേശിപ്പിക്കുകയില്ലെന്നാണ്. ഡോക്ടർമാർ ഗ്രാമപ്രദേശങ്ങളിൽ പോകാൻ വൈമനസ്യം കാണിക്കുന്നതിനുള്ള പ്രധാന കാരണം ചില സ്ഥലങ്ങളിൽ ചെന്നാൽ താമസിക്കുന്നതിനുള്ള സൗകര്യമില്ല എന്നുള്ളതാണ്. ക്വാർട്ടേഴ്സ് ഇല്ലെങ്കിലും അവരോട് ഒരു പരീക്ഷണം എന്നുള്ള നിലയിൽ നോക്കാൻ പറഞ്ഞിട്ടുള്ളത് തീരെ ആളുകൾ പോകാത്ത സ്ഥലങ്ങളിൽ പോകുന്നവർക്ക് തൽക്കാലം ഗവൺമെൻറ് വാടകയ്ക്ക് കെട്ടിടം എടുത്തു കൊടുക്കാനുള്ള നിർദ്ദേശമാണ് കൊടുത്തിട്ടുള്ളത്. എന്നിട്ട് ക്വാർട്ടേഴ്സ് പ്രൊവൈഡ് ചെയ്യുക. നേരത്തേതന്നെ അതിനുള്ള സൗകര്യമുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ രണ്ട് കൊല്ലം സർവ് ചെയ്താൽ അവർക്ക് ആവശ്യമുള്ള സ്ഥലത്ത് കൊടുക്കുകയാണ്. ആ നിലയിലുള്ള ഒരു ഇൻസെൻറീവ് കൊടുക്കുന്നതോടൊപ്പം തന്നെ മറുഭാഗം കർക്കശമാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ സെലക്ട് ചെയ്ത് ഡോക്ടർമാരായി ജോലി കിട്ടാൻ വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ടു വരുന്ന ആളുകളെ ചില സ്ഥലങ്ങളിൽ നിയമിച്ചാൽ അവിടെ പോയില്ലെങ്കിൽ അവരെ ഡിസ്ക്വാളിഫൈ ചെയ്യാം; വേറെ യാതൊരു വഴിയുമില്ല. ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കി തീർക്കാനും ജനങ്ങളുടെ പരാതി പരിഹരിക്കുന്നതിനും ജനപങ്കാളിത്തത്തോടുകൂടി ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി അവരിൽ നിന്നുതന്നെ പണം ഈടാക്കി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ദിവസം ചെന്ന് എവിടെ നോക്കിയാലും ഹ്യൂമൻ വേസ്റ്റാണ്, ഇത് എങ്ങനെ നശിപ്പിക്കാമെന്ന് ചോദിച്ചപ്പോൾ അവർ പറഞ്ഞു, വലിയ കോസ്റ്റ് വരും, അതിനുള്ള പണമില്ല, ഇത് കരിച്ചുകളഞ്ഞാൽ മതിയെന്ന്. അപ്പോഴാണ് അവർ ഒരു നിർദ്ദേശം വച്ചത്. ഇതിന് എന്തെങ്കിലുമൊരു എമൗണ്ട് കളക്ട് ചെയ്യണമെന്ന്. വൈകുന്നേരം അല്ലാതെ വിസിറേഴ്സിന് രോഗിയെ കാണണമെങ്കിൽ കാണാൻവേണ്ടി അതിന് ഒരു രണ്ട് രൂപ ഫീസ് വച്ചു. പിന്നീട് ആർക്കും അതിൽ പരാതിയുണ്ടായില്ല. കാരണം, മലബാർ ഭാഗത്തുനിന്ന് അല്ലെങ്കിൽ എറണാകുളം ഭാഗത്ത് നിന്ന് ഒരു രോഗിയെ കാണാൻ വന്നാൽ വൈകുന്നേരം 6 മണിവരെ കാത്തിരിക്കേണ്ട. ഒരു ഫീസ് കൊടുത്തു കഴിഞ്ഞാൽ രോഗിയെ കണ്ട് അവർക്ക് മടങ്ങിപ്പോകാം. അപ്പോൾ ആ ഒരു ദിവസം ഇവിടെ വന്ന് താമസിക്കുന്നതിന്റെ പണം അവർക്ക് ലാഭപ്പെടുത്താൻ സാധിക്കും. ഒരു ദിവസവും അവർക്ക് കിട്ടും. അങ്ങനെ ആവശ്യമുള്ള പണം കിട്ടി, എക്യൂപ്മെന്റ്സ് വാങ്ങിച്ചു. ഹ്യൂമൻവേസ്റ്റിന്റെ ഒരു പ്രോബ്ലം ഇന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇല്ലാതാക്കാൻ നമുക്ക് സാധിച്ചു. അതുപോലെ ഓരോ ഹോസ്പിറ്റലിന്റെ കാര്യത്തിലും സാധിച്ചു.

സ്കാനിംഗിന്റെ കാര്യമെടുക്കാം. അൽപ്പം സൗകര്യമുള്ള ആളുകൾ സ്വകാര്യ ആശുപത്രിയിൽ സ്കാനിംഗിന് പോകുമ്പോൾ സ്കാനിംഗിന് എന്ത് ചെലവ് വരുമെന്ന് നമുക്കറിയാം. എന്ത കൊണ്ട് അത് മെഡിക്കൽ കോളേജിൽ വാങ്ങിച്ചുകൂട? ഞാൻ പറയുന്നത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകളെ നമ്മൾ പൂർണ്ണമായി ഒഴിവാക്കണം. മററുള്ളവരോട് വാങ്ങിക്കുകയല്ലാതെ നമുക്ക് വേറെ വഴിയില്ല. നേരത്തെ ഒരു പരാതി വന്നു. നമ്മുടെ ലബോറട്ടറി ടെസ്ററിനെക്കുറിച്ച്. ലബോറട്ടറിയിൽ എക്യൂപ്മെന്റ് കേട് വന്നുകഴിഞ്ഞാൽ അത് റിപ്പയർ ചെയ്യാനുള്ള പണം ഇല്ലാത്തതുകൊണ്ട് അവിടെ കിടക്കുന്നു. മുമ്പുള്ള ഒരനുഭവം മെഷീൻ വാങ്ങിച്ചു. അതുകൊണ്ടുവന്ന പെട്ടി പൊളിച്ചില്ല പെട്ടി പൊളിച്ച് എങ്ങനെയാണ് അത് കൈകാര്യം ചെയ്യുന്നതെന്ന് നോക്കാനുള്ള ആളിനെ നിയമിച്ചിട്ടില്ല. അപ്പോൾ ചെറിയ ചെറിയ കാര്യങ്ങളാണ് നമുക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത്. ഇവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് അത്യാവശ്യമായ തസ്തികകളിൽ ആളുകളെ നിയമിക്കുന്നതാണ്. പണമില്ലാത്തതിന്റെ പേരിൽ അത്യാവശ്യമായ തസ്തികകളിൽ നിയമിക്കാത്ത സ്ഥിതി മാററി, ആളുകൾക്ക് വലിയ പരാതി ഇല്ലാത്ത നിലയിൽ ഈ ഡിപ്പാർട്ടുമെന്റിനെ നന്നാക്കിക്കൊണ്ടു പോകുന്നതിന് എല്ലാവരുടേയും സഹകരണം തേടുകയാണ്. നമുക്ക് ഇതിനെ ഒന്ന് നേരെയാക്കണം. കാരണം, മനുഷ്യന്റെ ജീവന്റെ പ്രശ്നമാണ്. അതുകൊണ്ട് ഈ ഡിപ്പാർട്ടുമെന്റിനെ നേരെയാക്കുന്നതിന് എല്ലാവരുടേയും സഹകരണങ്ങളും നിർദ്ദേശങ്ങളും ഉണ്ടാകണം. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകൾ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Page 116 of 124

ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ശ്രീ. സി. പി. ബാലൻ വൈദ്യർ, ശ്രീ. ടി. ശിവദാസ മേനോൻ, ശ്രീ. പിണറായി വിജയൻ, ശ്രീ. എസ്. ശർമ്മ, ശ്രീ. എം. വിജയകുമാർ, ശ്രീ. എം. നാരായണൻ (കുഴൽമന്ദം), ശ്രീ. പി. എസ്. ശ്രീനിവാസൻ, ശ്രീ. വി. വി. രാഘവൻ, ശ്രീ. എൻ. രാജൻ, ശ്രീ. കെ. പ്രകാശ് ബാബു, ശ്രീ. ഇ. രാജേന്ദ്രൻ, ശ്രീ. സി. കെ. ചന്ദ്രപ്പൻ, ശ്രീ. പി. രാജു, ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ, പ്രൊഫ. മീനാക്ഷി തമ്പാൻ, ശ്രീ. കെ. ഇ. ഇസ്മയിൽ, ശ്രീ. സി. പി. നാരായണൻ, ശ്രീ. കെ. പി. മമ്മു മാസ്റ്റർ, ശ്രീ. ടി. ചാത്തു, ശ്രീ. പി. ടി. കുഞ്ഞുമുഹമ്മദ്, ശ്രീ. പാച്ചേനി കുഞ്ഞിരാമൻ, ശ്രീമതി എൻ. കെ. രാധ, ശ്രീ. വി. സി. കബീർ, ശ്രീ. വി. കെ. ബാബു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

ധനാഭ്യർത്ഥന നമ്പർ XIX—കുടുംബക്ഷേമം

ശ്രീമതി എൻ. കെ. രാധ, ശ്രീ. കെ. ഇ. ഇസ്മയിൽ, ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ, പ്രൊഫ. മീനാക്ഷി തമ്പാൻ, ശ്രീ. പി. രാജു, ശ്രീ. സി. കെ. ചന്ദ്രപ്പൻ, ശ്രീ. ഇ. രാജേന്ദ്രൻ, ശ്രീ. കെ. പ്രകാശ് ബാബു, ശ്രീ. എൻ. രാജൻ, ശ്രീ. പി. എസ്. ശ്രീനിവാസൻ, ശ്രീ. ടി. ശിവദാസ മേനോൻ, ശ്രീ. വി. ജെ. തങ്കപ്പൻ, ശ്രീ. എം. വിജയകുമാർ, ശ്രീ. ടി. കെ. ഹംസ, ശ്രീ. ടി. ചാത്തു, ശ്രീ. പിണറായി വിജയൻ, ശ്രീ. കെ. പി. മമ്മു മാസ്റ്റർ, ശ്രീ. വി. സി. കബീർ, ശ്രീ. വി. കെ. ബാബു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ† യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 1994-95 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അനുവദിക്കണമെന്ന പ്രമേയം സഭ ശബ്ദ വോട്ടോടെ അംഗീകരിച്ചു.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, ഞാൻ പോയ്ക്കോട്ടെ ആവശ്യപ്പെടുന്നു.

---

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

Page 117 of 124

വോട്ടെടുപ്പ് നടന്നു. സഭ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—64

1. ശ്രീ. കെ. പി. എ. മജീദ്
2. ,, എ. വി. അബ്ദുറഹിമാൻ ഹാജി
3. ,, സി. ടി. അഹമ്മദാലി
4. ശ്രീമതി അൽഫോൺസാ ജോൺ
5. ശ്രീ. കെ. ബാബു
6. ,, കെ. കെ. ബാലകൃഷ്ണൻ
7. ,, ആർ. ബാലകൃഷ്ണപിള്ള
8. ,, പി. ബാലൻ
9. ,, പി. കെ. കെ. ബാവ
10. ,, ടി. വി. ചന്ദ്രമോഹൻ
11. ,, എം. സി. ചെറിയാൻ
12. ,, ഡേവിഡ് പിൻഹീറോ
13. ,, ഡൊമിനിക് പ്രസന്റേഷൻ
14. ,, പി. പി. ജോർജ്
15. ,, ജോർജ് ഈഡൻ
16. ,, ജോർജ് ജെ. മാത്യു
17. ,, ജോർജ് മസ്ക്രീൻ
18. ,, എം. എം. ഹസ്സൻ
19. ,, ഇസ്ഹാക്ക് കുരിക്കൾ
20. ,, ടി. എം. ജേക്കബ്
21. ,, ജോണി നെല്ലൂർ
22. ,, ജോസഫ് എം. പുതുശ്ശേരി
23. ,, പി. ജെ. ജോയി
24. ,, കെ. കെ. നായർ
25. ,, കെ. കരുണാകരൻ
26. ,, ജി. കാർത്തികേയൻ
27. ,, പുനലൂർ മധു
28. ,, മാമ്മൻ മത്തായി
29. ,, മാത്യു സ്റ്റീഫൻ
30. ,, ആര്യാടൻ മുഹമ്മദ്
31. ,, കല്ലടി മുഹമ്മദ്
32. ,, കെ. മുഹമ്മദാലി
33. ,, ഇ. ടി. മുഹമ്മദ് ബഷീർ
34. ,, എം. കെ. മുനീർ
35. ,, എം. മുരളി
36. ,, ടി. എച്ച്. മുസ്തഫ
37. ,, കെ. നാരായണക്കുറുപ്പ്
38. ,, കെ. എസ്. നാരായണൻ നമ്പൂതിരി
39. ,, ഉമ്മൻ ചാണ്ടി
40. ശ്രീമതി എം. ടി. പത്മ
41. ശ്രീ. സി. വി. പത്മരാജൻ
42. ,, തച്ചടി പ്രഭാകരൻ
43. ,, വി. ജെ. പൗലോസ്

LIBRARY ARCHIVES Kerala Legislative Assembly

44. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
45. ,, എം. വി. രാഘവൻ
46. ,, കെ. രാഘവൻ മാസ്റ്ററർ
47. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്ററർ
48. ,, എൻ. രാമകൃഷ്ണൻ
49. ,, തേറമ്പിൽരാമകൃഷ്ണൻ
50. ,, തമ്പാനൂർരവി
51. ,, എം. ആർ. രഘുചന്ദ്രബാൽ
52. ശ്രീമതി കെ. സി. റോസക്കുട്ടി
53. ,, റോസമ്മ ചാക്കോ
54. ശ്രീ. ശരത്ചന്ദ്രപ്രസാദ്
55. ,, കടവൂർ ശിവദാസൻ
56. ശ്രീമതി ശോഭനാ ജോർജ്
57. ശ്രീ. പന്തളം സുധാകരൻ
58. ,, എം. പി. തോമി
59. ,, സി. എഫ്. തോമസ്
60. ,, കെ. കെ. തോമസ്
61. ,, പി. ടി. തോമസ്
62. ,, തോമസ് ചാഴിക്കാടൻ
63. ,, ബി. വിജയകുമാർ
64. ,, എം. ജെ. സഖറിയ

പ്രതികൂലിക്കുന്നവർ —40

1. ശ്രീ. ബേബി ജോൺ
2. ,, വി. കെ. ബാബു
3. ,, സി. പി. ബാലൻ വൈദ്യർ
4. ,, സി. കെ. ചന്ദ്രപ്പൻ
5. ,, കെ. ചന്ദ്രശേഖരൻ
6. ,, ടി. ചാത്തു
7. ,, ടി. കെ. ഹംസ
8. ,, കെ. ഇ. ഇസ്മയിൽ
9. ,, ഇ. പി. ജയരാജൻ
10. ,, വി. സി. കബീർ
11. ,, എ. കണാരൻ
12. ,, കൃഷ്ണൻ കണിയാംപറമ്പിൽ
13. ,, കെ. കൃഷ്ണൻകുട്ടി
14. ,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
15. ,, പാച്ചേനി കുഞ്ഞിരാമൻ
16. ,, ലോനപ്പൻനമ്പാടൻ
17. ,, കെ. പി. മമ്മു മാസ്റ്ററർ
18. പ്രൊഫ. മീനാക്ഷി തമ്പാൻ
19. ശ്രീ. ടി. നാണുമാസ്റ്ററർ
20. ,, സി. പി. നാരായണൻ
21. ,, എം. നാരായണൻ (ഹോസ്ദുർഗ്)
22. ,, എം. നാരായണൻ (കുഴൽമന്ദം)
23. ,, എ. പത്മകുമാർ
24. ,, കെ. പ്രകാശ് ബാബു

LIBRARY ARCHIVES Kerala Legislative Assembly

25. ശ്രീമതി എൻ. കെ. രാധ
26. ശ്രീ. വർക്കല രാധാകൃഷ്ണൻ
27. ,, ബി. രാഘവൻ
28. ,, പി. രാഘവൻ
29. ,, വി. വി. രാഘവൻ
30. ,, എൻ. രാജൻ
31. ,, ഇ. രാജേന്ദ്രൻ
32. ,, പി. രാജു
33. ,, ഇ. ശങ്കരൻ
34. ,, എസ്. ശർമ്മ
35. ,, സത്യൻ മൊകേരി
36. ,, എ. സി. ഷൺമുഖദാസ്
37. ,, ടി. ശിവദാസമേനോൻ
38. ,, വി. ജെ. തങ്കപ്പൻ
39. ,, പിണറായി വിജയൻ
40. ,, പി. ടി. കുഞ്ഞിമുഹമ്മദ്

അനുകൂലിക്കുന്നവർ	..	64
പ്രതികൂലിക്കുന്നവർ	..	40
നിഷ്പക്ഷത പാലിക്കുന്നവർ	..	ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചു. ഗ്രാൻറ് അനുവദിച്ചു.

ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

ശ്രീ. എം. വിജയകുമാർ, ശ്രീ. പിണറായി വിജയൻ, ശ്രീ. ടി. ശിവദാസ മേനോൻ, ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, ശ്രീ. പി. എസ്. ശ്രീനിവാസൻ, ശ്രീ. വി. വി. രാഘവൻ, ശ്രീ. കെ. ഇ. ഇസ്മയിൽ, ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ ശ്രീ. സി. കെ. ചന്ദ്രപ്പൻ, പ്രൊഫ. മീനാക്ഷി തമ്പാൻ, ശ്രീ. പി. രാജു, ശ്രീ. കെ. പ്രകാശ് ബാബു, ശ്രീ. എൻ. രാജൻ, ശ്രീ. ഇ. രാജേന്ദ്രൻ ശ്രീ. കെ. കൃഷ്ണൻകുട്ടി, ശ്രീ. സി. പി. നാരായണൻ, ശ്രീ. പാച്ചേനി കുഞ്ഞിരാമൻ, ശ്രീ. കെ. പി. മമ്മുമാസ്റ്റർ, ശ്രീമതി എൻ. കെ. രാധ, ശ്രീ. ഇ. ശങ്കരൻ, ശ്രീ. ടി. ചാത്തു, ശ്രീ. എസ്. ശർമ്മ, ശ്രീ. പി. ടി. കുഞ്ഞുമുഹമ്മദ്, ശ്രീ. വി. കെ. ബാബു, ശ്രീ. വി. സി. കബീർ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

ധനാഭ്യർത്ഥന നമ്പർ XXXI—മൃഗസംരക്ഷണം

ശ്രീ. സി. പി. നാരായണൻ, ശ്രീ. എം. വിജയകുമാർ, ശ്രീ. എസ്. ശർമ്മ, ശ്രീ. ടി. ചാത്തു, ശ്രീ. സി. പി. ബാലൻ വൈദ്യർ, ശ്രീ. ടി. ശിവദാസമേനോൻ, ശ്രീ. ഇ. കെ. ഇമ്പിച്ചി ബാവ, ശ്രീ. പിണറായി വിജയൻ, ശ്രീ. പി. എസ്. ശ്രീനിവാസൻ, ശ്രീ. വി. വി. രാഘവൻ, ശ്രീ. കെ. ഇ. ഇസ്മയിൽ, ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ, ശ്രീ. സി. കെ. ചന്ദ്രപ്പൻ, പ്രൊഫ. മീനാക്ഷി തമ്പാൻ, ശ്രീ. പി. രാജു,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പ്രകാശ് ബാബു, ശ്രീ. എൻ. രാജൻ, ശ്രീ. ഇ. രാജേന്ദ്രൻ, ശ്രീ. വി. കെ. ബാബു, ശ്രീ. വി. സി. കബീർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ. XXXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

ധനാഭ്യർത്ഥന നമ്പർ XXXII—ക്ഷീരവ്യവസായം

ശ്രീ. ടി. ശിവദാസമേനോൻ, ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. എം. വിജയകുമാർ, ശ്രീ. പാച്ചേനി കുഞ്ഞിരാമൻ, ശ്രീ. വി. ജെ. തങ്കപ്പൻ, ശ്രീ. കെ. പി. മമ്മു മാസ്റ്റർ, ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, ശ്രീ. പിണറായി വിജയൻ, ശ്രീ. സി. പി. ബാലൻ വൈദ്യർ, ശ്രീ. പി. എസ്. ശ്രീനിവാസൻ, ശ്രീ. വി. വി. രാഘവൻ, ശ്രീ. കെ. ഇ. ഇസ്മയിൽ, ശ്രീ. സി. കെ. ചന്ദ്രപ്പൻ, ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ, പ്രൊഫ. മീനാക്ഷി തമ്പാൻ, ശ്രീ. കെ. പ്രകാശ് ബാബു, ശ്രീ. ഇ. രാജേന്ദ്രൻ, ശ്രീ. എൻ. രാജൻ, ശ്രീ. പി. രാജു, ശ്രീ. വി. സി. കബീർ, ശ്രീ. വി. കെ. ബാബു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ നമ്പർ ധനാഭ്യർത്ഥനയുടെയും ക്ഷീരവ്യവസായം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യ വിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 1-ാം കോളത്തിൽ † യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 1994-95 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സഭ ശബ്ദ വോട്ടോടെ അംഗീകരിച്ചു.

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, ഞാൻ പോകേണ്ട ആവശ്യപ്പെടുന്നു.

വോട്ടെടുപ്പു നടന്നു. സഭ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—64

1. ശ്രീ. കെ. പി. എ. മജീദ്
2. ,, എ. വി. അബ്ദുറഹിമാൻ ഹാജി
3. ,, സി. ടി. അഹമ്മദാലി
4. ശ്രീമതി അൽഫോൺസാ ജോൺ
5. ശ്രീ. കെ. ബാബു
6. ,, കെ. കെ. ബാലകൃഷ്ണൻ
7. ,, ആർ. ബാലകൃഷ്ണപിള്ള
8. ,, പി. ബാലൻ
9. ,, പി. കെ. കെ. ബാവ
10. ,, ടി. വി. ചന്ദ്രമോഹൻ

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

11. ശ്രീ. എം. സി. ചെറിയാൻ
12. ,, ഡേവിഡ് പിൻഹീറോ
13. ,, ഡൊമിനിക് പ്രസന്റേഷൻ
14. ,, പി. പി. ജോർജ്
15. ,, ജോർജ് ഈഡൻ
16. ,, ജോർജ് ജെ. മാത്യു
17. ,, ജോർജ് മസ്ക്രീൻ
18. ,, എം. എം. ഹസ്സൻ
19. ,, ഇസ്ഹാക്ക് കുരിക്കൾ
20. ,, ടി. എം. ജേക്കബ്
21. ,, ജോണി നെല്ലൂർ
22. ,, ജോസഫ് എം. പുതുശ്ശേരി
23. ,, പി.ജെ. ജോയി
24. ,, കെ. കെ. നായർ
25. ,, കെ. കരുണാകരൻ
26, ,, ജി. കാർത്തികേയൻ
27. ,, പുനലൂർ മധു
28. ,, മാമ്മൻ മത്തായി
29. ,, മാത്യു സ്റ്റീഫൻ
30. ,, ആര്യാടൻ മുഹമ്മദ്
31. ,, കല്ലടി മുഹമ്മദ്
32. ,, കെ. മുഹമ്മദാലി
33. ,, ഇ. ടി. മുഹമ്മദ് ബഷീർ
34. ,, എം. കെ. മുനീർ
35. ,, എം. മുരളി
36. ,, ടി. എച്ച്. മുസ്തഫ
37. ,, കെ. നാരായണക്കുറുപ്പ്
38. ,, കെ. എസ്. നാരായണൻ നമ്പൂതിരി
39. ,, ഉമ്മൻ ചാണ്ടി
40. ശ്രീമതി എം. ടി. പത്മ
41. ശ്രീ. സി. വി. പത്മരാജൻ
42. ,, തച്ചടി പ്രഭാകരൻ
43. ,, വി. ജെ. പൗലോസ്
44. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
45. ,, എം. വി. രാഘവൻ
46. ,, കെ. രാഘവൻ മാസ്റ്റർ
47. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
48. ,, എൻ. രാമകൃഷ്ണൻ
49. ,, തേറമ്പിൽ രാമകൃഷ്ണൻ
50. ,, തമ്പാനൂർ രവി
51. ,, എം. ആർ. രഘുചന്ദ്രബാൽ
52. ശ്രീമതി കെ. സി. റോസക്കുട്ടി
53. ,, റോസമ്മ ചാക്കോ
54. ശ്രീ. ശരത്ചന്ദ്രപ്രസാദ്
55. ,, കടവൂർ ശിവദാസൻ
56. ശ്രീമതി ശോഭനാ ജോർജ്
57. ശ്രീ. പന്തളം സുധാകരൻ
58. ,, എം. പി. താമി

LIBRARY ARCHIVES Kerala Legislative Assembly

59. ശ്രീ. സി. എഫ്. തോമസ്
60. ,, കെ. കെ. തോമസ്.
61. ,, പി. ടി. തോമസ്
62. ,, തോമസ് ചാഴിക്കാടൻ
63. ,, ബി. വിജയകുമാർ
64. ,, എം. ജെ. സഖറിയ

പ്രതികൂലിക്കുന്നവർ—40

1. ശ്രീ. ബേബിജോൺ
2. ,, വി. കെ. ബാബു
3. ,, സി. പി. ബാലൻ വൈദ്യർ
4. ,, സി. കെ. ചന്ദ്രപ്പൻ
5. ,, കെ. ചന്ദ്രശേഖരൻ
6. ,, ടി. ചാത്തു
7. ,, ടി. കെ. ഹംസ
8. ,, കെ. ഇ. ഇസ്മയിൽ
9. ,, ഇ. പി. ജയരാജൻ
10. ,, വി. സി. കബീർ
11. ,, എ. കണാരൻ
12. ,, കൃഷ്ണൻ കണിയാംപറമ്പിൽ
13. ,, കെ. കൃഷ്ണൻകുട്ടി
14. ,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
15. ,, പാച്ചേനി കുഞ്ഞിരാമൻ
16. ,, ലോനപ്പൻ നമ്പാടൻ
17. ,, കെ. പി. മമ്മു മാസ്റ്ററർ
18. പ്രൊഫ. മീനാക്ഷി തമ്പാൻ
19. ശ്രീ. ടി. നാണുമാസ്റ്ററർ
20. ,, സി. പി. നാരായണൻ
21. ,, എം. നാരായണൻ (ഹോസ്ദുർഗ്)
22. ,, എം. നാരായണൻ (കുഴൽമന്ദം)
23. ,, എ. പത്മകുമാർ
24. ,, കെ. പ്രകാശ് ബാബു
25. ശ്രീമതി എൻ. കെ. രാധ
26. ശ്രീ. വർക്കല രാധാകൃഷ്ണൻ
27. ,, ബി. രാഘവൻ
28. ,, പി. രാഘവൻ
29. ,, വി. വി. രാഘവൻ
30. ,, എൻ. രാജൻ
31. ,, ഇ. രാജേന്ദ്രൻ
32. ,, പി. രാജു
33. ,, ഇ. ശങ്കരൻ
34. ,, എസ്. ശർമ്മ
35. ,, സത്യൻ മൊകേരി
36. ,, എ. സി. ഷൺമുഖദാസ്
37. ,, ടി. ശിവദാസമേനോൻ
38. ,, വി. ജെ. തങ്കപ്പൻ
39. ,, പിണറായി വിജയൻ
40. ,, പി. ടി. കുഞ്ഞി മുഹമ്മദ്

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ	..	64
പ്രതികൂലിക്കുന്നവർ	..	40
നിഷ്പക്ഷത പാലിക്കുന്നവർ	..	ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചു. ഗ്രാൻറ് അനുവദിച്ചു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1994 ജൂലായ് മാസം 5-ാം തീയതി രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.10-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

സഭയുടെ വോട്ടിനുവേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ ലിസ്റ്റ്

(1994 ജൂലായ് 4-ാം തീയതിയിലെ കാര്യവിവരപട്ടിക കാണുക)

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 1994-95				
		28-3-1994-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	ആകെ രൂപ
(1)	(2)	(3)	(4)	(5)	(6)	(7)
XVIII	വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും	1,07,28,53,400	3,20,59,000	2,14,57,06,600	6,41,18,000	2,20,98,24,600
XIX	കുടുംബക്ഷേമം	18,04,00,000	3,56,33,300	36,08,00,000	7,12,66,700	43,20,66,700
XXIX	കൃഷി	95,55,82,300	9,62,64,700	1,91,11,64,700	19,25,29,300	2,10,36,94,000
XXXI	മൃഗസംരക്ഷണം	15,61,54,700	22,66,600	31,23,09,300	45,33,400	31,68,42,700
XXXII	ക്ഷീരവ്യവസായം	3,55,42,000	35,00,000	7,10,84,000	70,00,000	7,80,84,000

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
1994 ജൂൺ 29.

ജെ. എം. ജെയിംസ്,
സെക്രട്ടറി.